രാമാനുജചരിതം

കുന്നത്തു ജനാർദ്ദനമേനോൻ

ി. പ്രസിദ്ധീകരണശാല,
എറണാകുളം.

രാമാനുജചരിതം

കുന്നത്ത ജനാർദ്ദനമേനോൻ

വി. വി. പ്രസിദ്ധീകരണശാല,
തിരുവനന്തപുരം.

രാമാനുജചരിതം

പ്രഥമഖണ്ഡം—പാരമ്പര്യം

തിരുനൽവേലിജില്ലയിൽ താമ്രവൎണ്ണിനദിയുടെ തീരത്തു 'തിരുനഗരി' എന്നൊരു ഗ്രാമമുണ്ടു്. ഇവിടെ പുരാതനമായ ഒരു വിഷ്ണുക്ഷേത്രം സ്ഥിതിചെയ്യുന്നു. ഈ ഗ്രാമവാസികൾ പരമ്പരയാ വൈഷ്ണവന്മാരാണു്. ഇവരിൽ ഏററവും ശ്രേഷ്ഠനായ വിഷ്ണുഭക്തനായിരുന്നു വിശ്രുതിനാഥൻ എന്നു പേരായ ശൂദ്രൻ. അദ്ദേഹത്തിന്റെ വൃത്തിഗുണത്താൽ സ്വകുടുംബത്തിനു് യശസ്സും ശ്രേയസ്സും വർദ്ധിച്ചു.

വിശ്രുതിനാഥകുടുംബത്തിൽ പൊല്ലൂരിയാർ എന്നൊരാൾക്കു കാരി എന്നൊരു മകനുണ്ടായി. ശീലഗുണംകൊണ്ടും ആചാരശുദ്ധികൊണ്ടും ബാല്യത്തിൽത്തന്നെ കാരിക്കു് ആ നാട്ടുകാരുടെ അഭിനന്ദനത്തിന്നു പാത്രമാകുവാൻ കഴിഞ്ഞു.

യഥാകാലം പൊല്ലൂരിയാർ തന്റെ പുത്രനായ കാരിക്കു് വിവാഹം നടത്തുവാൻ ആലോചന തുടങ്ങി. കുലശീലഗുണങ്ങളാൽ അനുരൂപയായ കന്യകയെ അദ്ദേഹം പലെടത്തും അന്വേഷിച്ചു. ഒടുക്കം അദ്ദേഹത്തിന്നു് മലയാളത്തിൽനിന്നാണു് ഉത്തമവധുവിനെ കിട്ടിയതു്.

മലയാളത്തിൽ തിരുവൺപരിചാരം എന്ന നാട്ടിൽ കമലാദിത്യപക്ഷൻ എന്നൊരാളുടെ മകളായ ഉടയനങ്ങ,

അഥവാ, നാഥനായകി എന്ന കന്യകയെ ശുഭമുഹൂൎത്തത്തിൽ വിധിപോലെ കാരിയാർ പരിഗ്രഹിച്ചു.

അനന്തരം കാരിയാർ നാഥനായകിയോടുകൂടി തിരുക്കുരുകൂരിൽ ചെന്നു് പരസ്പരം ദൃഢാനുരാഗത്തോടേ സുഭഗമായ ദാമ്പത്യത്തെ യഥാസുഖം നിൎവ്വഹിച്ചുപോന്നു. അവർ ഗാർഹസ്ഥ്യത്തിൽ പ്രവേശിച്ചിട്ടു് കാലം കുറെ ചെന്നിട്ടും പുത്രലാഭത്തിന്നു് ഭാഗ്യമുണ്ടായില്ല. കുലവൎദ്ധനനായി ഒരു പുത്രനെയെങ്കിലും ദൈവം തങ്ങൾക്കു തരുന്നില്ലല്ലോ എന്നു് അവർ പരിതപിക്കുമാറായി. സൎവ്വസുഖങ്ങളും സമൃദ്ധമായുണ്ടായിരുന്നിട്ടും അതൊക്കെയും അപുത്രത്വം ഒന്നുമാത്രംകൊണ്ടു് ഇരുണ്ടുപോയെന്നാണു് അവൎക്കു് അനുഭവമായതു്. അവർ നിരന്തരം വ്രതോപവാസങ്ങളോടേ ഈശ്വരനെ ഭജിച്ചുതുടങ്ങി. പുത്രനില്ലാതെ മരിച്ചാൽ തനിക്കു പതിക്കേണ്ടിവരാവുന്ന ആ പുന്നരകത്തിന്റെ ദാരുണതയെയോൎത്തു് കാരിയാർ ഈശ്വരനെ വിളിച്ചു് മനസ്സുരിഞ്ഞുകൊണ്ടു് കരഞ്ഞുതുടങ്ങി.

ഒരിക്കൽ, കാരിയാർ നാഥനായകിയോടുകൂടി മലയാളത്തിൽ ശ്വശുരഗൃഹത്തിൽ ചെന്നു് ഏതാനംനാൾ പാൎത്തു് സ്വന്തംനാടായ തിരുനഗരിയിലേയ്ക്കു മടങ്ങുകയായിരുന്നു. മാൎഗ്ഗമദ്ധ്യേ, തിരുക്കുറുങ്കുടി എന്ന ഗ്രാമത്തിൽ അവർ തങ്ങി. അവിടെ വലിയൊരു വിഷ്ണുക്ഷേത്രമുണ്ടു്. കുറുംഗേശൻ എന്ന പേരോടെയാണു് വിഷ്ണുഭഗവാൻ അവിടെ എഴുന്നള്ളിയിരിക്കുന്നതു്. കാരിയും നാഥനായകിയും ബാഹ്യാഭ്യന്തരശുചിയോടെ കുറുംഗേശസന്നിധിയിൽ ചെന്നു പുത്രാൎത്ഥം ഏകാഗ്രഭക്തിയോടെ പ്രാൎത്ഥിച്ചുനിന്നു. [illegible]

യത്തിൽനിന്നു ദീനാലാപം പുറപ്പെട്ടപ്പോൾ ഈശ്വരന്നു് കനിയാതിരിക്കുവാൻ കഴിഞ്ഞില്ല.

ആ ക്ഷേത്രത്തിലെ ശാന്തിക്കാരൻ ഉടനെ വെളിച്ചപ്പാടുതുള്ളിക്കൊണ്ടു് ആ ദമ്പതികളുടെ അടുക്കൽചെന്നു— "എടോ, കാരി, എടോ നാഥനായകി, നിങ്ങളുടെ പ്രാർത്ഥന നിറവേറി; ഞാൻതന്നെ നിങ്ങളുടെ പുത്രനായി ജനിക്കും" എന്നു കല്പിച്ചു. ഇതുകേട്ടു് അത്ഭുതംകൊണ്ടും ആനന്ദംകൊണ്ടും ആ ദമ്പതികൾ വിവശരായി. കുരംഗേശനിൽ മാലമാലയായി സ്തുതിവാക്കുകൾ ചാർത്തിക്കൊണ്ടാണു് അവർ പിന്നെ സ്വന്തം ഗ്രാമത്തിലേക്കു തിരിച്ചതു്.

കുരംഗേശനിയോഗംപോലെ നാഥനായകി അചിരേണ ഗർഭിണിയായി. കലിയുഗം ആരംഭിച്ചു നാല്പത്തിമൂന്നാംനാളിൽ വൈശാഖപൌർണ്ണമിയിൽ വിശാഖനക്ഷത്രത്തിൽ ആ സാധ്വി ഒരു പുത്രനെ പ്രസവിച്ചു. ആ കുടുംബം ആകമാനം ആഹ്ലാദകല്ലോലാകുലമായി.

എന്നാൽ, കുട്ടിയുടെ അസാധാരണപ്രകൃതി കണ്ടപ്പോൾ മാതാപിതാക്കന്മാർ വിഷാദിക്കേണ്ടിവന്നു. കരയുന്നില്ല; ചിരിക്കുന്നില്ല; പാൽ കുടിക്കുന്നില്ല; ശബ്ദിക്കുന്നതുപോലുമില്ല—അങ്ങിനെയാണു് ആ കുട്ടി. എങ്കിലും, അരോഗദൃഢഗാത്രനാണുതാനും. ആഹാരമൊന്നും കുട്ടിക്കു വേണ്ട. മററു കുട്ടികളുടേതുപോലെയുള്ള യാതൊരു ചേഷ്ടയും അവനില്ല. മാതാപിതാക്കന്മാർ ഈ അവസ്ഥകണ്ടു് എങ്ങിനെ ദുഃഖിക്കാതെയിരിക്കും. തങ്ങൾക്കു് ഈശ്വരൻ തന്ന പുത്രനല്ലയോ എന്നു മാത്രമാണു് അവർക്കു് ഒരേ സമാധാനം. ഈശ്വരകല്പം ആരു കണ്ടു? ഈ അസാധാരണസൃഷ്ടിയിൽ എന്തോ രഹസ്യമുണ്ടു്. അതുകൊണ്ടു് തങ്ങളെ ഒന്നാകെ ദുഃഖിക്കാതെ ഈ

ശങ്കരനെ നോക്കി സ്തുതിച്ചേക്കാമെന്ന് ആ ദമ്പതികൾ ഉറച്ചു.

പിറന്ന പന്ത്രണ്ടാംനാളിൽ കാരിയും നാഥനായകിയും ആ കുട്ടിയെ എടുത്തു ബന്ധുമിത്രാദികളോടുകൂടി ആദിനാഥക്ഷേത്രത്തിൽ ചെന്നു വിധിപോലെയുള്ള ചടങ്ങുകളോടുകൂടി കുട്ടിക്ക് മാറൻ എന്നു നാമകരണംചെയ്തു. ചടകോപൻ എന്നും ആ കുട്ടിക്കു പേരുണ്ടായി. കുട്ടിയുടെ പ്രകൃതി മററു കുട്ടികളുടേതിൽനിന്നു മാറിയിരുന്നതുകൊണ്ടാണത്രേ മാറൻ എന്നു പേർ കൊടുത്തതു്.

ഷഡയെന്നോ ഷഡമെന്നോ പേരായ ഒരു സൂക്ഷ്മനാഡിയാണത്രേ ജീവാത്മാവിൻെറ ത്രികാലജ്ഞാനത്തെ മറച്ചുകൊണ്ടിരിക്കുന്നതു്. ഈ നാഡിയെ തുറക്കുവാൻ കഴിഞ്ഞവൻ സർവ്വജ്ഞനാണ്. ആ നാഡിയോട് മാറൻ എതിർത്തുവന്നതിനാൽ ഷഡകോപൻ എന്ന നാമത്തിന് ആളായി. ഷഡകോപൻ ലോപിച്ച് ശഠകോപനും ചടകോപനുമായിയെന്നു പറയുന്നു. ചടകോപനു പിന്നീടു നമ്മാഴ്വാൻ എന്നും, വകുളാഭരണൻ, പരാങ്കുശൻ എന്നും അഭിധാനങ്ങളുണ്ടായിട്ടുണ്ട്.

പ്രാണവികാരമുണ്ടെങ്കിലും, നിശ്ചേഷ്ടനും നിശ്ശബ്ദനുമായ ആ കുട്ടിക്കു ജീവിതത്തിൽ യാതൊന്നും ആവശ്യമില്ലാതെയാണിരുന്നതു്. അച്ഛനും അമ്മയ്ക്കും ആ മകനു വേണ്ടി ഒന്നും ചെയ്യുവാനുണ്ടായില്ല. അവർ ആ കുട്ടിയെ അവിടെയുള്ള ഒരു പുളിമരത്തിൻകീഴിൽ തൊട്ടിൽ കെട്ടി അതിൽ കിടത്തി. കുട്ടിയുടെ രോദനം കേൾക്കുവാനോ, വല്ല ചേഷ്ടയും കാണുവാനോ വളരെ നാൾ കാത്തിരുന്നിട്ടും കഴിഞ്ഞില്ല.

മാറൻ ജനിച്ചിട്ടു പതിനാറുവർഷമായി. പിറന്ന മട്ടിൽതന്നെ അപ്പോഴും ആയാൾ നിശ്ചേഷ്ടനും നിശ്ശ

ബ്ധനമായിട്ടാണു കുത്തിരിക്കുന്നതു്. മാതാപിതാക്കന്മാർക്കു് ഇതിലധികം ക്ഷമിക്കുവാൻ എങ്ങിനെ കഴിയും? അപുത്രതാപത്തെക്കാൾ ഈ അവസ്ഥയാണു് അവർക്കു് അധികം ശോകാവഹമായതു്. എങ്കിലും, ഭക്താഗ്രഗണ്യരായ അവർക്കു് ഈശ്വരനിലുള്ള വിശ്വാസം ഉറച്ചുതന്നെ നിന്നു. ഇതിൽ എന്തോ രഹസ്യമുണ്ടു് എന്നുതന്നെ അവർക്കു് അപ്പൊഴും തോന്നിക്കൊണ്ടിരുന്നു. ശുകനേപ്പോലെ ജന്മനാ ബ്രഹ്മജ്ഞനായി ആത്മധ്യാനത്തിൽ മഗ്നൻ അമർന്നിരിക്കയാണോ? സുസൂക്ഷ്മമായ അദ്ധ്യാത്മലോകത്തിലെ ആ ബ്രഹ്മാനന്ദത്തിൽനിന്നു് ലോകത്തിലേക്കിറങ്ങുവാൻ അദ്ദേഹത്തിനു മനസ്സുണ്ടാവുന്നില്ലായിരിക്കാം, അഥവാ, മാനുഷഭാഷയും മാനുഷാചാരങ്ങൾക്കും അദ്ദേഹത്തിന്റെ ഹൃദയത്തെ പ്രകാശിപ്പിക്കുവാൻ ശക്തിയില്ലായിരിക്കാം. അതുമല്ലെങ്കിൽ, തനിക്കു ലോകത്തിനു കൊടുക്കുവാനുള്ളതു് ശരിക്കു വഹിക്കുവാൻ തക്ക ആളെ അദ്ദേഹം കാത്തുകൊണ്ടിരിക്കയായിരിക്കാം. ഇങ്ങിനെയോരോന്നു സംശയിക്കുവാനല്ലാതെ എന്തു രഹസ്യമാണു തങ്ങളുടെ പുത്രനിൽ കുടികൊള്ളുന്നതെന്നു് ആ മാതാപിതാക്കന്മാർക്കു നിർണ്ണയിക്കുവാൻ കഴിഞ്ഞില്ല.

ശഠകോപൻ ജനിക്കുന്നതിനു കുറേ വർഷങ്ങൾക്കു മുമ്പേ, തിരുക്കോവളൂർ ഗ്രാമത്തിൽ നാരായണനെന്ന ചോഴിയബ്രാഹ്മണന്റെ പുത്രനായി യശസ്വിയായ മധുരകവിയാഴ്‌വാർ ജാതനായി. ബാല്യംമുതല്ക്കേ പരമഭക്തനായിട്ടാണു് അദ്ദേഹം വളർന്നതു്. ലൌകികസുഖഭോഗങ്ങളിൽ ആസക്തിയില്ലാതെ, പുണ്യക്ഷേത്രങ്ങളിലെല്ലാം ചെന്നു ഭജിക്കുവാൻ നിശ്ചയിച്ചു് അദ്ദേഹം ദേശാടനത്തിനു പുറപ്പെട്ടു. അന്നു് അദ്ദേഹത്തിനു പതിനാറു വയസ്സു മാത്രമേ പ്രായമായിരുന്നുള്ളുപോൽ. വളരെക്കാ

ലം പല നാടുകളിലും സഞ്ചരിച്ചു് അദ്ദേഹം അയോദ്ധ്യയിൽ എത്തി. അവിടെവെച്ചു്, ഒരു രാത്രി യദൃച്ഛയാ അദ്ദേഹം തെക്കനിന്നു് അപൂർവ്വമായ തേജോവിശേഷം കണ്ടു. അടുത്ത നാട്ടിലെങ്ങാനും തീയെരിയുകയാണോ എന്നു് അദ്ദേഹത്തിന്നു തോന്നി. അടുത്തനാൾ രാത്രിയും ആ പ്രകാശം അതേ സ്ഥലത്തു കാണാനുണ്ടപ്പോൾ അദ്ദേഹത്തിന്നു് അതു് അത്ഭുതമായി. സൂക്ഷിച്ചുനോക്കിയതിൽ, മുമ്പില്ലാത്ത എന്തോ ദിവ്യജ്യോതിസ്സാണു് അതെന്നു മനസ്സിലായി. അതു് അധികം അകലെയായിരിക്കയില്ലെന്നാണു തോന്നിയതു്. മൂന്നാംനാളും ആ തേജസ്സു് അതേ സ്ഥാനത്തു കണ്ടപ്പോൾ മധുരകവിക്കു് അടങ്ങിയിരിക്കുവാൻ കഴിഞ്ഞില്ല. അദ്ദേഹം അതിനെ അഭിമുഖീകരിച്ചു് തെക്കോട്ടു നടന്നു ചെല്ലുംതോറും, ആ പ്രകാശത്തിലേക്കു് ആദ്യം തോന്നിയ ദൂരം പിന്നെയുമുണ്ടെന്നാണു കണ്ടതു്. എന്നാൽ, ആശാവാനായി മുന്നോട്ടുതന്നെ നടന്നു.

പകൽ മുഴുവൻ അദ്ദേഹം ഉറങ്ങും. രാത്രിയായാൽ ആ തേജസ്സിനെ അഭിമുഖീകരിച്ചു നടക്കുകയായി. പുണ്യക്ഷേത്രങ്ങൾ പലതും കടന്നു. പിന്നെയും ആ ജ്യോതിസ്സു് അകലെത്തന്നെ നില്ക്കുന്നു. ശ്രീരംഗത്തുനിന്നായിരിക്കാം ഈ പ്രകാശത്തിന്റെ പുറപ്പാടെന്നു വിചാരിച്ചു അദ്ദേഹം അങ്ങോളം ചെന്നു. അപ്പോഴും അതിനെ പിടികിട്ടിയില്ല. വീണ്ടും തെക്കോട്ടേയ്ക്കു നടക്കേണ്ടിവന്നു.

അങ്ങിനെ നടന്നു നടന്നു മധുര കവിയാഴ്വാർ കുരുക്കൂർ എന്ന തിരുനഗരിയിലെത്തി. വിശേഷിച്ചൊന്നും ആ ഗ്രാമത്തിൽ ഉണ്ടാകുവാനില്ലെന്നുവെച്ചു് അദ്ദേഹം പിന്നെയും മുന്നോട്ടു നടന്നു. അടുത്തനാൾ രാത്രി അദ്ദേഹം തെക്കോട്ടു നോക്കിയപ്പോൾ അവിടെ ആ പ്രകാശ

ത്തെ കാണ്മാനില്ലാ. സംഭ്രമത്തോടെ ചുററുപാടും തിരിഞ്ഞുനോക്കിയപ്പോൾ ആ പ്രകാശത്തെ ഉത്തരദിക്കിൽ അദ്ദേഹം കണ്ടു വിസ്മിതനായി. ഉടനെ അദ്ദേഹം പിൻതിരിഞ്ഞു നടന്നു തിരുനഗരിയിലേയ്ക്കുതന്നെ മടങ്ങി. അവിടെ ഒരു പുളിമരത്തിൻെറ കീഴിൽനിന്നാണ് ആ ജ്യോതിസ്സിൻെറ ഉദയം എന്ന് അദ്ദേഹം അറിഞ്ഞു.

മധുരകവി ആ പുളിമുട്ടിൽ ചെന്നു നോക്കിയപ്പോൾ അവിടെയൊരു ബാലൻ പത്മാസനസ്ഥനായി, കേവലസമാധിയിൽ ലയിച്ചു നിശ്ചേഷ്ടം വർത്തിക്കുന്നതു കണ്ടു. ആ ബാലൻെറശിരസ്സിൽക്കൂടിയാണ് ആ സൂക്ഷ്മപ്രകാശം ഉജ്ജ്വലിക്കുന്നതു്. അദ്ദേഹത്തിൻെറ നാലുപാടും തേജോപ്രവാഹമുണ്ടു്.

അത്യന്തം അത്ഭുതത്തോടെ ഭക്തോത്തമനായ മധുരകവിയാഴ്‌വാർ ആ തേജോമൂർത്തിയെ നോക്കിക്കൊണ്ടു നിന്നു. ഇതു് ഏതൊരു ദിവ്യമൂർത്തിയായിരിക്കാം? ഇത്രയും മഹത്വം മനുഷ്യരിൽ ആവാമെന്നോ? ഇത്രയും ജ്ഞാനവും ഇത്രയും കാരുണ്യവും വർദ്ധിച്ചുപൊങ്ങുന്ന ഈ മനുഷ്യൻ ആരാണ്? ഇദ്ദേഹത്തിൻെറ ശിരസ്സിൽനിന്ന് ജ്ഞാനതേജസ്സും, ഹൃദയത്തിൽനിന്നു കാരുണ്യകാന്തിയും സമൃദ്ധമായി പ്രവഹിക്കുന്നുവല്ലോ! ഇദ്ദേഹം ആരാണെന്നറിയുകയാണ് ഇനി വേണ്ടതു്. നിശ്ചേഷ്ടനായി വെറും ശിലാബിംബംപോലെ സ്ഥിതിചെയ്യുന്ന ഇദ്ദേഹത്തെ എങ്ങിനെയാണ് ഉണർത്തുക?

ആ ഗ്രാമവാസികളോടു ചോദിച്ചതിൽ, മധുരകവിയാഴ്‌വാർ വർത്തമാനമെല്ലാം അറിഞ്ഞു. മൂകനോ, ബധിരനോ, ഇന്ദ്രിയശൂന്യനോ ആയ ഒരു നിർവ്വികാരസൃഷ്ടിയല്ലാ താൻ കാണുന്ന ഈ തേജോമൂർത്തി എന്ന് അദ്ദേഹത്തിനു ധരിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. ചടകോപനെ

ഈ ധ്യാനനിദ്രയിൽനിന്ന് ഉണരുവാൻ കഴിഞ്ഞാൽ താൻ അനുഗൃഹീതനായിയെന്ന് അദ്ദേഹം നിശ്ചയിച്ചു. അതിലേയ്ക്കു് ഉടനെ തുനിയുകയും ചെയ്തു.

ഒരു വലിയ കൽപ്പാറ ഏററവും കഷ്ടപ്പെട്ടു പൊക്കിയെടുത്തു ശഠകോപൻെറ മുമ്പിൽ കൊണ്ടുവന്ന് ഊക്കോടെ താഴെ ഇട്ടു. അപ്പോഴുണ്ടായ പേരൊലിയോടു കൂടി ശഠകോപൻ ഭാഗ്യത്താൽ കണ്ണുതുറന്നു! അപ്പോഴുണ്ടായ അത്ഭുതാവേഗത്താൽ മധുരകവിയാഴ്‌വാർ സ്തംഭിച്ചുനിന്നുപോയ്! പിറന്നതുമുതല്ക്കു യാതൊരു ചേഷ്ടയും കൂടാതെയിരുന്ന ശഠകോപൻ ഇപ്പോഴിതാ ലോകത്തെ സുപ്രസന്നനായി നോക്കുന്നു.

തൻെറ ഉപദേശത്തെ ധരിക്കുവാൻ താൻ ഇതുവരെ കാത്തുകൊണ്ടിരുന്ന ശിഷ്യൻ ഇപ്പോൾ തൻെറ മുമ്പിൽ എത്തിയിരിക്കുന്നുവെന്ന് അദ്ദേഹം അറിഞ്ഞിട്ടായിരിക്കുമോ കണ്ണു തുറന്നതു്! തൻെറ തേജസ്സുകൊണ്ടു് അയോദ്ധ്യയിൽനിന്ന് അദ്ദേഹം മധുരകവിയെ വിളിച്ചു കൂട്ടിക്കൊണ്ടു വരികയല്ലേ ചെയ്തതു്! യദൃച്ഛയാ താൻ കണ്ട തേജസ്സും, അതിനെ ബഹുദൂരേനിന്നു താൻ അന്വേഷിച്ചുപോന്നതും, ശഠകോപൻെറ അത്ഭുതജന്മവും, തന്നെ കാണുന്നതുവരേയ്ക്കും അദ്ദേഹം നിശ്ചേഷ്ടനായി വർത്തിച്ചതുമെല്ലാം ഓർത്തപ്പോൾ തൻെറ പേരിൽ സർവ്വേശ്വരൻ കാരുണ്യപൂർവ്വം പ്രസാദിച്ചിരിക്കുന്നുവെന്നു മധുരകവിക്കു തോന്നി. താൻ ജ്ഞാനപാരാവാരത്തിൻെറ മുമ്പിലാണു നില്ക്കുന്നതെന്നും, തൻെറ സർവ്വസംശയങ്ങളും ഇവിടെ നിവൃത്തിയാകുമെന്നും അദ്ദേഹത്തിനു വിശ്വാസമുണ്ടായി. ഉടനെ ആ അനുഗൃഹീതൻ ശഠകോപനെ സാഷ്ടാംഗം നമസ്കരിച്ചു് ഇങ്ങിനെ ചോദിച്ചു:—

"സ്വാമിൻ, ജഡത്തിൽ സംഭവിക്കുന്ന അണുവിന്ന് എന്താണ് ആഹാരം? എന്താണ് ആധാരം?"

"അതിന്ന് അതുതന്നെയാണ് ആഹാരം; അതിന്ന് അതുതന്നെയാണ് ആധാരം" എന്ന് ചടകോപൻ മൊഴിയരുളി.

അതോടുകൂടി മധുരകവിയുടെ സൂക്ഷ്മചക്ഷുസ്സ് തുറന്നു. അദ്ദേഹം ആത്മാവിനെ അറിഞ്ഞു. ചടകോപനെ വീണ്ടുംവീണ്ടും നമസ്കരിച്ചു. ആനന്ദബാഷ്പം ധാരധാരയായൊഴുകി. ആടുകയും പാടുകയും ചെയ്തുകൊണ്ട് അദ്ദേഹം അലൌകികമായി ആഹ്ലാദിച്ചു. കിട്ടേണ്ടതു കിട്ടി; കാണേണ്ടതുകണ്ടു; ഇനി എന്തുവേണം മധുരകവിക്കു ജന്മസാഫല്യത്തിന്ന്! "സ്വാമിൻ, ഗുരോ, ഞാൻ അങ്ങയുടെയാണ്; എനിക്ക് അങ്ങു മാത്രമേയുള്ളു" എന്നു നിവേദനത്തോടെ അദ്ദേഹം തന്നെയെടുത്തു ചടകോപപാദങ്ങളിൽ സമർപ്പിച്ചു. ചടകോപൻ മധുരകവിയെ സദയം അഭയംനൽകി അനുഗ്രഹിക്കയുംചെയ്തു.

ഈ അവസരത്തിൽ ആകാശത്തിൽ ഗരുഡൻ വട്ടമിട്ടുപറക്കുന്നതുകണ്ടു. സാക്ഷാൽ വിഷ്ണുഭഗവാൻ ലക്ഷ്മീസമേതനായി എഴുന്നരുളിയിരിക്കുന്നതു് ചടകോപൻ ഭക്തിവൈവശ്യത്തോടെ ദർശിച്ചു. തന്റെ നേത്രങ്ങളിൽനിന്നു പ്രേമബാഷ്പം പൊഴിയവേ അദ്ദേഹത്തിന്നു വിഷ്ണുവിൽനിന്ന് ബ്രഹ്മജ്ഞാനോപദേശം സിദ്ധമായി. അങ്ങിനെ ആ ശൂദ്രജാതൻ ബ്രഹ്മർഷിയായി ബ്രാഹ്മണശിഷ്യനോടുകൂടി ലോകരംഗത്തിൽ പ്രവേശിച്ചു.

ലോകത്തിലേക്ക് നോക്കിയപ്പോഴോ ചടകോപന്റെ മനസ്സിന്നു തീവ്രമായ വ്യാകുലതയാണുണ്ടായതു്. "ലോകമെഴുവനും ശോകമോഹങ്ങളാൽ കഷ്ടപ്പെട്ടുകൊണ്ടിരിക്കവേ, ഞാൻ മാത്രം ആനന്ദിച്ചുകൊണ്ടു വർത്തിക്കയാണെ

ങ്കിൽ എന്റെ ജീവിതം നിരർത്ഥകമല്ലയോ" എന്ന് അദ്ദേഹത്തിന്നു തോന്നി. ജീവകാരുണ്യം അദ്ദേഹത്തിൽ നിറഞ്ഞു. തനിക്കുള്ള ആനന്ദം അന്യർക്കും പങ്കിട്ടുകൊടുക്കേണ്ടതു തന്റെ കടമയാണെന്ന് നിശ്ചയിച്ചു. ഉടനെ ആ ഉദ്യമത്തിലേക്ക് ഇറങ്ങുകയുംചെയ്തു.

ഉൽകൃഷ്ടജീവിതത്തെക്കുറിച്ചു പാമരന്മാർക്കുപോലും അറിഞ്ഞുനടക്കുവാൻ ഉപകരിക്കുന്നതിലേക്കു തിരുവിരുത്തം, തിരുവാശിരിയം, പെരിയ തിരുവന്താതി, തിരുവായ്മൊഴി എന്നിങ്ങിനെ നാലുഗ്രന്ഥങ്ങൾ ചടകോപൻ ഉണ്ടാക്കി. തിരുവിരുത്തം, തിരുവാശിരിയം, പെരിയതിരുവന്താതി എന്നീ ഗ്രന്ഥങ്ങൾ, ഋഗ്വേദ്, ജൂഗോപം, യജുർവേദം അഥർവ്വണവേദം എന്നിവയിലെ ഉൾക്കരുത്തുകളെ വെടിപ്പായി അടക്കിക്കൊണ്ട് നിർമ്മിച്ചവയാണ്. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽവെച്ച് ഏററവും പ്രസിദ്ധികൂടിനില്ക്കുന്നതു് തിരുവായ്മൊഴിയാണ്. സാക്ഷാൽ പ്രപഞ്ചതത്വങ്ങളുടെ പ്രകാശനമാണ് ഇതിലുള്ളതു്. സാമവേദസംഗ്രഹം സുഗമമായരീതിയിൽ ഇതിൽ കാണാം. തിരുവിരുത്തത്തിൽ ആകെ നൂറു പാട്ടുകളുണ്ട്. ഏഴു പാട്ടുകൾമാത്രമേ തിരുവാശിരിയത്തിൽ ഉള്ളു. പെരിയതിരുവന്താതിയിൽ എൺപത്തേഴു പാട്ടുകൾ അടങ്ങിയിരിക്കുന്നു. തിരുവായ്മൊഴിയാവട്ടെ പത്ത് അദ്ധ്യായങ്ങളായി 1102 പാട്ടുകളോടുകൂടിയതാണ്. വേദങ്ങൾ നാലും ഈ നാലുകൃതികളിൽ സുവ്യക്തമായി പ്രതിബിംബിക്കുന്നു. വെറും കൃത്രിമസൃഷ്ടിയല്ലാ അവ. പ്രത്യക്ഷാനുഭവത്തിൽനിന്നുള്ള സ്വതന്ത്രസന്താനങ്ങളാണ്. മുക്കുവത്തിയുടെ മകനായ ബാദരായണൻ ഉത്തരഭാരതത്തിന്നെന്നപോലെ, മലയാളച്ചിയുടെ മകനായ ചടകോപൻ ദക്ഷിണഭാരതത്തിന്നും വേദവ്യാസനായി.

സർവ്വജനത്തെയും ധാർമ്മികമായി ആണ്ടുവരുന്നവനാകകൊണ്ടു് അദ്ദേഹം "ആൾവാർ" എന്നു് കീർത്തിതനായി. ജീവിതത്തിൽ ആദിമുതൽ അന്തംവരേക്കും ഈശ്വരസാക്ഷാൽക്കാരത്താൽ അദ്ദേഹം ആനന്ദിച്ചുകൊണ്ടാണിരുന്നതു്. നൈഷ്ഠികബ്രഹ്മചര്യത്തിൽനിന്നു് ഒരിക്കലും അദ്ദേഹം ഇളകീട്ടില്ല. ഇരുന്നിടത്തിരുന്നുതന്നെ ഭാരതവർഷത്തിലെ സർവ്വക്ഷേത്രങ്ങളേയും അദ്ദേഹം മനസാ ദർശിക്കുവാൻ ശക്തനാണു്.

വൈഷ്ണവസിദ്ധന്മാരെയാണു് ആഴ്‌വാർ എന്ന പേരിൽ വിളിക്കുന്നതു്. പൂതത്താഴ്‌വാർ, പൊയ്‌കൈയാഴ്‌വാർ, പേയാഴ്‌വാർ, പെരിയാഴ്‌വാർ, തിരുമഴിശൈയാഴ്‌വാർ, കുലശേഖരാഴ്‌വാർ, തിരുപ്പാണാഴ്‌വാർ, തൊണ്ടരടിപ്പൊടിയാഴ്‌വാർ, തിരുമങ്കൈയാഴ്‌വാർ, മധുരകവിയാഴ്‌വാർ എന്നിങ്ങിനെ പല ആഴ്‌വാന്മാരും ഉണ്ടായിട്ടുണ്ടു്. ഈ ആഴ്‌വാർ സമുദായത്തിലെ ആത്മാവായിട്ടാണു ശഠകോപനെ പൂജിക്കുന്നതു്. അദ്ദേഹത്തെ ജനങ്ങൾ നമ്മാഴ്‌വാർ എന്നു വിളിക്കുന്നു.

മനുഷ്യൎക്കു് താനും, തനിക്കു ദൈവവും പൂജിതനായിക്കൊണ്ടു ശഠകോപൻ മുപ്പത്തഞ്ചുവർഷംവരെ ജീവിതം ധരിച്ചു. ആ ചുരുങ്ങിയ കാലംകൊണ്ടു തനിക്കു ശാശ്വതമായ യശസ്സിന്നും, ജനങ്ങൾക്കു ശാശ്വതമായ ശ്രേയസ്സിന്നും ഉപയുക്തമായതെല്ലാം ജ്ഞാനബലത്താൽ സമ്പാദിച്ചു.

ശഠകോപന്റെ പ്രഥമശിഷ്യനായ മധുരകവിയാഴ്‌വാർ പിന്നെയും അമ്പതുവർഷംവരെ ലോകത്തിൽ പ്രവർത്തിക്കുകയുണ്ടായി. ഗുരുവിന്റെ ആ പ്രബന്ധങ്ങളെ അദ്ദേഹം നാട്ടുതോറും പാടിക്കൊണ്ടുനടന്നു. ശഠകോപകൃതികൾക്കു മഹാജനതയിൽ ആദ്യം പ്രസിദ്ധിയുണ്ടാക്കി

യതു് അദ്ദേഹമാണു്. മധുരയിലെ വിദ്വത്സമിതിയായ 'തമിഴ്ച്ചങ്ക'ത്തെക്കൊണ്ടു തന്റെ ഗുരുവിന്റെ കൃതികളെ അദ്ദേഹം മാനിപ്പിച്ചു. ഗുരുവിനെക്കുറിച്ചു കീത്തനംചെയ്തുകൊണ്ടു് അദ്ദേഹം പതിനൊന്നു പാട്ടുകഠം ഉണ്ടാക്കീട്ടുണ്ടു്. തിരുനഗരിയിൽ ശഠകോപവിഗ്രഹത്തെ പ്രതിഷ്ഠിച്ചു് അവിടെ ഉത്സവഘോഷങ്ങഠം കോലാഹലത്തോടെ നടത്തിത്തുടങ്ങിയതും മധുരകവിയാണു്.

ബ്രഹ്മജ്ഞാനംകൊണ്ടാണു് ലോകോപകാരത്തിന്നും ആത്മവിമോചനത്തിന്നും ശഠകോപൻ ആളായതു്. മധുരകവിയാവട്ടെ, ഗുരുഭക്തികൊണ്ടു തനിക്കുയരുന്നതിന്നും, ജനങ്ങളെ ഉയത്തുന്നതിന്നും സാധിച്ചു. ആഴ്വാർമൂത്തിയുടെ പാദമായിട്ടാണു മധുരകവിയെ വൈഷ്ണവന്മാർ കൊണ്ടാടുന്നതു്. ഭക്തിയാൽ സിദ്ധനായിത്തീന്ന അദ്ദേഹം മഹാജനശ്രേയസ്സിന്നായി വിശിഷ്ടകമ്മങ്ങഠം പലതും ആചരിച്ചു്, യശസ്സിനെ ഉറപ്പിച്ചു പരമപദത്തെ പ്രാപിച്ചു.

മധുരകവിയാഴ്വാർ ദിവംഗതനായതിൽപ്പിന്നെ നമ്മാഴ്വാരായ ശഠകോപന്റെ ആ ഉൽകൃഷ്ടധമ്മാനുശാസനങ്ങളെ ജനങ്ങഠംക്കിടയിൽ പ്രചരിപ്പിക്കുന്നതിന്നു വളരെക്കാലത്തേക്കു് ആരുമുണ്ടായില്ല. അതുകൊണ്ടു് ആ ഗ്രന്ഥങ്ങഠം മിക്കവാറും മറഞ്ഞുപോയി. അങ്ങിങ്ങായി ഒന്നുരണ്ടു പാട്ടുകഠം ചിലക്കു് ചിലേടത്തു മാത്രം തോന്നുമെന്നുള്ള കാലമായി.

അക്കാലത്തു് ചോഴരാജധാനിയായ വീരനാരായണപുരത്തിൽ ഈശ്വരഭട്ടൻ എന്ന പേരായി ഒരു വിശിഷ്ട ബ്രാഹ്മണൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രന്നു് നാദമുനിയെന്നും പൌത്രന്നു ഈശ്വരമുനിയെന്നുമാണു പേരു്. ഇവർ മൂവരും ശാസ്ത്രജ്ഞന്മാരും ധമ്മവ്രതന്മാ

ത്തുമാണെന്നു ജനസമ്മതി നേടിയവരാണു്. ഇവരിൽ നാഥമുനിയാണു ഭക്തിയോഗത്താൽ സിദ്ധനായതു്.

ഒരുനാൾ ഇവർ മൂവരും ക്ഷേത്രത്തിൽ സ്വാമിദർശനത്തിനു ചെന്നു. അവിടെ അവർ ഈശ്വരനെ ഭക്തിപൂർവ്വം ധ്യാനിച്ചുകൊണ്ടുനില്ക്കുമ്പോൾ, ഭാരതഭൂമിയിലെ പുണ്യക്ഷേത്രങ്ങളെയെല്ലാം ദർശിക്കേണമെന്നു് അവർക്കു മൂവർക്കും ഒരേ കാലത്തു തോന്നി. മൂവർക്കും ഒരേ കാര്യം ഒരേ കാലത്തു് ഈശ്വരസന്നിധിയിൽവെച്ചു തോന്നുകയാൽ അതിനെ ദൈവനിയോഗമായി ശിരസാവഹിച്ചു് അവർ അടുത്ത അവസരത്തിൽത്തന്നെ തീർത്ഥയാത്രയ്ക്കു് പുറപ്പെട്ടു.

അവർ പുണ്യക്ഷേത്രങ്ങളെ ദർശിച്ചുകൊണ്ടു ഗോവർദ്ധനത്തിൽ എത്തി. ആ പുരാതനക്ഷേത്രം അവരുടെ മനസ്സിനു് അധികം ആനന്ദം വളർത്തുകയാൽ, ഇനിയുള്ള കാലം മുഴുവൻ അവിടെത്തന്നെ പാർക്കണമെന്നു് ആ ഭക്തന്മാർക്കു തോന്നി. ഗൃഹഗ്രാമവ്യവഹാരങ്ങളിലും, ധനധാന്യവ്യാപാരങ്ങളിലും അവർക്കു് ആസക്തിയില്ലെന്നായി. സർവ്വദാ ഈശ്വരനെ ഭജിച്ചുകൊണ്ടിരിക്കുന്നതിൽ അവർ സർവ്വസുഖങ്ങളും കണ്ടു.

വീരനാരായണപുരത്തിൽ രാജഗോപാലമൂർത്തിയെയാണു് ആരാധിച്ചുപോരുന്നതു്. ആ ദേവൻ ഈശ്വരഭട്ടനും നാഥമുനിക്കും ഈശ്വരമുനിക്കും സ്വപ്നത്തിൽ പ്രത്യക്ഷമായി. സ്വന്തം ഗ്രാമത്തിൽ ഉടനെ മടങ്ങിയെത്തണമെന്നു് ദേവൻ ആജ്ഞാപിച്ചതായി അവർക്കു തോന്നി. അവർ ഉണർന്നു ഉടനേ ഈ നിയോഗത്തെ സ്മരിച്ചുകൊണ്ടു സ്വഗ്രാമത്തിലേക്കു തിരിച്ചുചെല്ലുവാൻ സന്നദ്ധരായി.

പിന്നേയും പല പുണ്യക്ഷേത്രങ്ങളേയും ദർശിച്ചു ഭക്തിയാൽ നിർമ്മലചിത്തരായി അവർ വീരനാരായണപുരത്തിൽ മടങ്ങിയെത്തി. ആ സുവ്രതന്മാരെ നാട്ടുകാരേവരും യഥാർത്ഥം മാനിച്ചു. അവർ പരിശുദ്ധമായ താപസവൃത്തിയെ അവലംബിച്ചുകാണുകയാൽ, അവരുടെ ഊണിന്നും ഉടുപ്പിന്നും വേണ്ടുന്ന ധനം നാട്ടുകാർതന്നെ സംപ്രീതിയോടെ ദാനംചെയ്തു. അവർ ഈശ്വരാരാധനയിൽത്തന്നെ ഏകാഗ്രമായ നിഷ്ഠയോടെ പ്രവർത്തിച്ചുപോന്നു. അവരുടെ പാവനവിചാരങ്ങളാലും പവിത്രാചാരങ്ങളാലും അവിടത്തെ അന്തരീക്ഷം നിർമ്മലമാകുകകൊണ്ട് ആ നാട്ടുകാരുടെ ജീവിതം സുഭഗമായ്ത്തീർന്നു.

വിദ്വാനും യോഗിവര്യനുമായ നാഥമുനിക്ക പല ശിഷ്യന്മാരുമുണ്ടായി. അകലെയുള്ള നാടുകളിൽനിന്ന് അദ്ദേഹത്തെ ശുശ്രൂഷിച്ചു സംപ്രീതനാക്കി ഉപദേശംവാങ്ങുവാൻ പലരും വന്നുതുടങ്ങി. ഇക്കൂട്ടത്തിൽ പടിഞ്ഞാറൻ നാടുകളിൽനിന്നു വന്നിരുന്ന ചിലർ ഒരുനാൾ രാജഗോപാലമൂർത്തിയുടെ സന്നിധിയിൽവെച്ച് ചടകോപന്റെ തിരുവായ്മൊഴിയിലെ ഒരു പാട്ടു ഭക്തിപൂർവ്വം ചൊല്ലുകയുണ്ടായി. അതു നാഥമുനി കേട്ടു. ആ പാട്ടിൽ ഉൾച്ചേർന്നിരിക്കുന്ന അർത്ഥം അദ്ദേഹത്തിന്റെ മനസ്സിന്ന് അമൃതമായ്ത്തീർന്നു. നമ്മാഴ്‌വാരുടെ തിരുവായ്മൊഴിയായ ആ തിരുവായിരപ്രബന്ധത്തിലെ ഒരേ പാട്ടിന്നുതന്നെ തന്റെ മനസ്സിനെ ഇത്രയും ആനന്ദിപ്പിക്കുവാൻ പ്രഭാവമുണ്ടെങ്കിൽ ആ ഗ്രന്ഥം മുഴുവൻ പഠിക്കുകയാണെങ്കിൽ തന്റെ നില എത്ര ഉയരുമെന്ന് അദ്ദേഹത്തിന്നു വിചാരമുണ്ടായി. ആ പാട്ടു ചൊല്ലിയവരോട് അതിന്നപ്പുറം അറിയാമോ എന്നു ചോദിച്ചതിൽ 'ഇല്ല' എന്നാണു മറുപടി. [illegible]

കിട്ടുവാനുണ്ടോ എന്ന് അദ്ദേഹം പിന്നീട് അന്വേഷിച്ചു. അത് എവിടെ ഉണ്ടെന്ന് ആൎക്കും അറിഞ്ഞുകൂടാ. എങ്ങാനും ചിലൎക്ക് ഏതാനും പാട്ടുകൾ ചൊല്ലുവാൻ അറിയാമെന്നുമാത്രം.

അതിൽപ്പിന്നെ നാഥമുനിയുടെ വിചാരംമുഴുവൻ ആ തിരുവായ്മൊഴിയിലായി. ആ ഉൽകൃഷ്ടഗ്രന്ഥത്തെ എങ്ങിനെയെങ്കിലും വീണ്ടെടുക്കുവാൻ കഴിഞ്ഞാൽ തന്റെ ജന്മം സഫലമായിയെന്ന് അദ്ദേഹം കരുതി. ചടകോപന്റെ ഗ്രാമം തിരുനഗരിയാണല്ലോ. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളോ, അവയിൽ കുറെയെങ്കിലും നിത്യപാരായണത്താൽ മനഃപാഠമാക്കിയ ആളുകളോ തിരുനഗരിയിൽ ഉണ്ടായിരിക്കും എന്നുവെച്ചു നാഥമുനി അങ്ങോട്ടു പുറപ്പെട്ടു.

മധുരകവിയാഴ്വാരുടെ ശിഷ്യപരമ്പരയിൽ ഉൾപ്പെട്ട പരാങ്കുശദാസനെ തിരുനഗരിയിൽവെച്ചു നാഥമുനി കണ്ടു. പരാങ്കുശന്നു തിരുവായ്മൊഴിയിലെ ഒരു പാട്ടു മാത്രമേ തോന്നുകയുള്ളു. ആ പാട്ടു പന്തീരായിരം ഉരു ചടകോപസന്നിധിയിൽനിന്നുകൊണ്ടു ഭക്തിപൂൎവ്വം പാടിയാൽ ഈശ്വരൻ പ്രസാദിക്കുമെന്ന് അദ്ദേഹത്തിന്നു ഗുരുവിൽനിന്ന് ഉപദേശമുണ്ടായിട്ടുണ്ടത്രെ.

"എങ്ങിനെയാണ് ആ തിരുവായിരപ്രബന്ധത്തിൽ ഒന്നുരണ്ടു പാട്ടുകളൊഴികെ മറ്റൊക്കെയും മറന്നുപോയത്?" എന്നു നാഥമുനി ചോദിച്ചു.

അപ്പോൾ പരാങ്കുശദാസൻ പറകയാണ്:—"ആ പ്രബന്ധസമുച്ചയം സൎവ്വവേദശാസ്ത്രങ്ങളിലേയും സാരാംശത്തെയെല്ലാം അടക്കീട്ടുള്ളതാണ്. എല്ലാത്തരം ജനങ്ങൾക്കും താന്താങ്ങളുടെ ചിത്തവൃത്തിക്ക് അനുരൂപമായി മോക്ഷമാൎഗ്ഗത്തെ തുറന്നു കാണിച്ചുകൊടുക്കുവാൻ

ആ പ്രബന്ധങ്ങൾക്കു ശക്തിയുണ്ട്. അവയെ ഭക്തിപൂർവ്വം പാരായണംചെയ്യുന്ന ഏതൊരാൾക്കും ഭഗവൽപാദങ്ങളെ സാനന്ദം പ്രാപിക്കാം. അതുകൊണ്ടു സർവ്വജനങ്ങളും അതിലേക്കു തിരിഞ്ഞുതുടങ്ങി. ഇങ്ങിനെയായാൽ, ലോകശ്രേയസ്സിന്ന് ആധാരമായുള്ള ഗാർഹസ്ഥ്യത്തിന്ന് അപായമുണ്ടാകുമല്ലോ എന്നു ചിലർക്കു പേടിതുടങ്ങി. ലൌകികജീവിതത്തിന്നു വിരോധമാണ് ആ ഗ്രന്ഥത്തിലെ വിചാരഗതിയെന്നും, അതിനെ പാരായണംചെയ്തുകൊണ്ടിരുന്നാൽ കുലനാശം ഭവിക്കുമെന്നും പറഞ്ഞുപരത്തിക്കൊണ്ട് പഴിമറിക്കുവാൻ തുടങ്ങി. ആ ഗ്രന്ഥം ഏതേതു വീടുകളിൽ പകർത്തിവെച്ചിട്ടുണ്ടോ ആ വീടുകൾക്കും നാശമുണ്ടാകുമെന്നു പ്രസ്താവം പരന്നു. ഇതൊക്കെ കേട്ടു ജനങ്ങൾ സംഭ്രമിച്ച് ആ ഗ്രന്ഥങ്ങളെയെല്ലാം വാരിയെടുത്തു താമ്രവർണ്ണിയിലേക്ക് എറിഞ്ഞുകളഞ്ഞു. ഒരൊററഗ്രന്ഥംപോലും എവിടെയും അവശേഷിച്ചില്ല. ഗ്രന്ഥങ്ങളെയെല്ലാം പുഴയിലേക്കെറിഞ്ഞപ്പോൾ അതിൽനിന്ന് ഒരേ ഏടുമാത്രം കരയിലേക്കടിഞ്ഞു. അതിനെന്തോ ദിവ്യത്വമുണ്ടെന്നു കരുതി അതിനെ മാത്രം ജനങ്ങൾ സൂക്ഷിച്ചു. ആ പാട്ടു ശ്രീശാർങ്ഗപാണിനാഥനു സമർപ്പിച്ചിരിക്കുന്നു.

താൻ നേടിവന്ന കാര്യം ഇതു ദുസ്സാദ്ധ്യമാണെന്നറിഞ്ഞിട്ടും ദൃഢവ്രതനായ നാഥമുനി ഒട്ടും നിരാശനായില്ല. തിരുവായ്മൊഴിയെ മുഴുവൻ നേടിയാലല്ലാതെ താൻ അടങ്ങുകയില്ലെന്ന് അദ്ദേഹം നിശ്ചയിച്ചു. അതിലേക്കു പരാങ്കുശദാസന്റെ സാഹായ്യത്തോടുകൂടി മഹോദ്യമം തുടങ്ങി.

സദുദ്ദേശത്തോടെ നാഥമുനി ഏതാനും വർഷം തപിച്ചപ്പോൾ ചടകോപൻ പ്രസാദിച്ചു. അദ്ദേഹത്തിന്റെ

ആ തിരുവായ്മൊഴി മുഴുവൻ നാഥമുനി നേടി. വീണ്ടും കുറച്ചുകാലംകൂടിയും തിരുനഗരിയിൽത്തന്നെ, ആദിനാഥമൂർത്തിയേയും ശഠകോപനേയും ഭജിച്ചുകൊണ്ടും, തന്റെ ഗുരുഭൂതനായ പരാങ്കുശദാസനെ സേവിച്ചുകൊണ്ടും അദ്ദേഹം പാർത്തു.

അതിനുശേഷം ഗുരുവിൽനിന്നു അനുജ്ഞവാങ്ങി. തന്റെ ഗ്രാമമായ വീരനാരായണപുരത്തേക്കു് നാഥമുനികൾ മടങ്ങി. മാർഗ്ഗമദ്ധ്യേ പല നാടുകളിലും തങ്ങി, താൻ ഭഗീരഥപ്രയത്നത്താൽ നേടിയ ആ തിരുവായ്മൊഴിയിലെ പാട്ടുകൾ പാടിക്കൊണ്ടു് അദ്ദേഹം ജനങ്ങളെ ഭക്തിയിലേക്കു തിരിച്ചു. വീണ്ടും ശഠകോപകൃതികൾക്കു് നാടെങ്ങും പ്രസിദ്ധി വളർന്നു.

മറഞ്ഞുകിടന്നിരുന്ന ദിവ്യനിധിയെ കണ്ടെടുത്തുകൊണ്ടുവരികയാൽ നാഥമുനിയെ വീരനാരായണപുരവാസികൾ സവിശേഷം സൽക്കരിച്ചു പൂജിച്ചു. അദ്ദേഹം ആ തിരുവായിരപ്രബന്ധത്തെ രാജഗോപാലമൂർത്തിയുടെ സന്നിധിയിൽവെച്ചു് നിത്യപാരായണം ചെയ്തുപോന്നു. അതിനു പുറമേ, ആ പാട്ടുകളെ ദേവരാഗത്തിൽ പാടുവാൻ തന്റെ ജ്ഞാതികളായ ഭദ്രാക്ഷനേയും രാമമിശ്രനേയും അദ്ദേഹം അഭ്യസിപ്പിച്ചു് അവരെ ശ്രീരംഗത്തേക്കയച്ചു. അവിടെ അവർ ആ പാട്ടുകൾ നിത്യം പാടിത്തുടങ്ങി.

നാഥമുനി അനന്തരം കുംഭകോണത്തു ചെന്നു് അവിടെ ഒരു ക്ഷേത്രം നിർമ്മിച്ചു് അതിൽ ശഠകോപവിഗ്രഹത്തെ പ്രതിഷ്ഠിച്ചു. അവിടെ തിരുവായ്മൊഴിയെ ആണ്ടിലൊരിക്കൽ ആദ്യന്തം പാരായണം ചെയ്യുന്നതിനുവേ

ങ്ങി പ്രത്യേകമൊരു മഹോത്സവകാലം അദ്ദേഹം ഏൎപ്പെടുത്തിയിരിക്കുന്നു.

സംഗീതത്തിൽ മഹാവിദഗ്ദ്ധനാണ് നാഥമുനി. അതിൽ അദ്ദേഹത്തെ ജയിക്കുവാൻ ആരുമുണ്ടായിരുന്നില്ല. സംഗീതത്തിൽ ദേവഗീതമെന്നും, ലോകഗീതമെന്നും രണ്ടുതരമുണ്ടത്രേ. അതിൽ ദേവഗീതം അതിസൂക്ഷ്മമാകയാൽ സാധാരണന്മാൎക്കു ദുൎഗ്രഹമാണ്. എന്നാൽ, ആ ദേവഗീതത്തിനു കരിമ്പാറയെപ്പോലും ഉരുക്കുവാൻ കഴിയുമെന്ന് അദ്ദേഹം ഒരു രാജസദസ്സിൽവെച്ച് കാണിച്ചുകൊടുക്കുകയുണ്ടായി. തിരുവായിരപ്രബന്ധത്തെ ദേവഗീതത്തിലാണ് അദ്ദേഹം ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്രകാരം പാടുവാൻതക്കവണ്ണം ശിഷ്യരെ അഭ്യസിപ്പിച്ചു. നാദബ്രഹ്മജ്ഞനായ അദ്ദേഹത്തിനു വല്ല ലോഹത്തിൽനിന്നും ശബ്ദം പുറപ്പെട്ടാൽ, ആ ശബ്ദത്തെക്കൊണ്ടു ലോഹത്തിന്റെ കട്ടി എത്രയാണെന്ന് ശരിയായി നിൎണ്ണയിക്കുവാൻ ശക്തിയുണ്ട്. ഭിന്നഭിന്നാകൃതിയിലുള്ള മുന്നൂററിനാല്പതു ലോഹപാത്രങ്ങളെ ഒരേകാലത്ത് ശബ്ദിപ്പിച്ചതിൽ, അത്രയും പാത്രങ്ങളിൽ ഒന്നോന്നിന്റേയും കനം ഇത്രയിത്രയെന്ന് അദ്ദേഹം ശരിക്കു പറഞ്ഞു. ഈ പരീക്ഷ നടത്തിയ രാജാവ് ഒടുക്കം അദ്ദേഹത്തിന്റെ ശിഷ്യനായി.

നാഥമുനിക്കു സ്വന്തം പുത്രനായ ഈശ്വരഭട്ടനു പുറമേ മുഖ്യശിഷ്യന്മാരായ പുണ്ഡരീകാക്ഷനും കുരുകാധിപനും കൃഷ്ണലക്ഷ്മീനാഥനും വാത്സല്യഭാജനങ്ങളായുണ്ട്. കുരുകാധിപൻ തിരുക്കുരുകൂർ നാട്ടുകാരനാണ്. ഉയ്യക്കൊണ്ടാർ എന്നു പുണ്ഡരീകാക്ഷനും, കുരുകൈക്കാവലപ്പൻ എന്നു കുരുകാധിപനും, തിരുക്കണ്ണമങ്കൈയാണ്ടാർ എന്നു കൃഷ്ണലക്ഷ്മീനാഥനും പേരുണ്ട്.

നാഥമുനി ഒരുനാൾ മകനെ വിളിച്ചു് "നിനക്കു കീൎത്തിമാനായ പുത്രനുണ്ടാകും. ആ കുട്ടിക്കു് യമുനയെന്നു പേർ കൊടുക്കണം. ഞാൻ എന്റെ ശിഷ്യന്മാൎക്കു നൽകുന്നതൊക്കെയും ആ കുട്ടിക്കു കിട്ടും—" എന്നു് അനുഗ്രഹിച്ചു.

പുണ്ഡരീകാക്ഷനു യോഗശാസ്ത്രം ഉപദേശിച്ചുകൊടുക്കുവാൻ നാഥമുനി ഒരുങ്ങിയപ്പോൾ ആ ശിഷ്യനു് അതു് ഇഷ്ടമായില്ല. "സ്വാമിൻ, ഗൃഹദ്വാരത്തിൽ ശവം കിടക്കുമ്പോൾ ആരെങ്കിലും കല്യാണത്തെപ്പററി ആലോചിക്കുമോ? എന്റെ നാട്ടുകാർ അജ്ഞതയാൽ കഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ഞാൻ എന്റെ ആത്മസുഖംമാത്രംനോക്കി യോഗാഭ്യാസംകൊണ്ടു കാലംകഴിക്കുന്നതു് സൽകൎമ്മമാണെന്നു് എനിക്കു തോന്നുന്നില്ല. ഞാൻ എന്റെ നാട്ടിന്നു വളരെയെല്ലാം കടപ്പെട്ടിട്ടുണ്ടു്. അതൊക്കെയും തീൎക്കുന്നതിന്നാണു് എന്റെ നോട്ടം"—എന്നിങ്ങനെ വിനീതനായി അദ്ദേഹം അറിയിച്ചു.

"എന്നാൽ തിരുവായ്മൊഴിയെ വ്യാഖ്യാനിച്ചു ജനങ്ങളിൽ ധൎമ്മബോധം വളൎത്തിയാലും" എന്നു് ആ ശിഷ്യനു നാഥമുനി അനുഗ്രഹം നൽകി.

ന്യായതത്വം, യോഗരഹസ്യം, പുരുഷനിൎണ്ണയം എന്നീ മൂന്നു ഗ്രന്ഥങ്ങൾ നാഥമുനി നിൎമ്മിച്ചിട്ടുണ്ടു്. ആ ഗ്രന്ഥങ്ങളെക്കൊണ്ടും, സമ്പൂൎണ്ണമായ ഭക്തികൊണ്ടും അദ്ദേഹം സമുജ്ജ്വലമായ യശസ്സു നേടി ബഹുകാലം വാണു. ഭക്തികൊണ്ടു് ഉന്മത്തനായി തന്നെത്താൻ മറന്നുകൊണ്ടാണു് അന്ത്യകാലത്തു് അദ്ദേഹം വൎത്തിച്ചതു്. കൃഷ്ണനെയും, ഗോപികളെയും, രാമലക്ഷ്മണന്മാരെയും, സീതയെയും നേരെ കണ്ടുകൊണ്ടു് ആ ഭക്തൻ ആനന്ദിച്ചു. അവരെ അനുഗമിക്കുന്ന ഭാവത്തിൽ അദ്ദേഹം ഉത്സാഹത്തോടെ

ൊട്ടന്നതും നാട്ടുകാൎക്ക കാണാറെന്നായി. ലോകത്തെ നിശ്ശേഷം മറന്നു വിഷ്ണുലീലയിൽ മാത്രമായി അദ്ദേഹത്തിന്റെ മനസ്സു വിഹരിച്ചുതുടങ്ങി. ആ അവസ്ഥയിൽത്തന്നെ ശ്രീ നാഥമുനികൾ ആനന്ദാശ്രുധാരയോടെ ശ്രീരാമപാദങ്ങളിലേക്കു തന്റെ ജീവനെ വിട്ടുകയുംചെയ്തു.

നാഥമുനിയുടെ ശിഷ്യനായ കുരുകാധിപൻ യോഗശാസ്ത്രം അഭ്യസിച്ചു സമാധിയിൽ ലയിച്ചുകൊണ്ടാണു ജീവിതത്തെ ധന്യമാക്കിയതു്. മറെറാരു ശിഷ്യനായ കൃഷ്ണലക്ഷ്മീനാഥൻ ഭക്തിപാരാവാരത്തിൽ വെറും ഭ്രാന്തനെപ്പോലെ മുങ്ങിപ്പൊങ്ങിക്കൊണ്ടു് ഈശ്വരമഹത്വം സൎവ്വജനത്തിന്നും പ്രത്യക്ഷമാക്കി. ലോകത്തെ മറന്നുകൊണ്ടു ഭക്തിയാൽ അദ്ദേഹം മത്തോന്മത്തനായി. സൎവ്വജീവികളിലും അദ്ദേഹത്തിന്നു സമത്വമുണ്ടായി. സൎവ്വകൎമ്മങ്ങളിലും ഈശ്വരലീലയൊന്നുമാത്രമേ കണ്ടുള്ളു. ഈശ്വരസന്നിധിയിൽ ശിശുവെന്ന ഭാവത്തിൽ അദ്ദേഹം ഉല്ലാസത്തോടെ കളിച്ചുകൊണ്ടിരുന്നു. അതു കാണുവാൻ— ആ പരമഭക്തനെ കാണുവാൻ ജനങ്ങൾ കൂട്ടംകൂട്ടമായി അവിടെ വന്നുതുടങ്ങി. ഒരുനാൾ അവൎക്കിടയിലുണ്ടായ ആനന്ദചേഷ്ടകളോടുകൂടിത്തന്നെ കൃഷ്ണലക്ഷ്മീനാഥൻ അന്തൎദ്ധാനംചെയ്തു.

നാഥമുനിയുടെ ശിഷ്യന്മാരിൽ മറെറാരാളായ പുണ്ഡരീകാക്ഷൻ അന്യാദൃശമായ ഗുരുഭക്തികൊണ്ടാണു് യശസ്വിയായതു്. തനിക്കുള്ള സൎവ്വസ്വത്തേയും അദ്ദേഹം ഗുരുവിന്നു സമൎപ്പിച്ചു. തന്റെ ശരീരത്തെ ഗുരുവിന്റെ ചവിട്ടുപടിയായി അദ്ദേഹം ഇട്ടുകൊടുത്തു. ഗുരുവിലാണു് അദ്ദേഹം ഈശ്വരനെ കണ്ടതു്.

നാഥമുനിയുടെ തിരോധാനത്തിന്നു ശേഷം ഗുരുപാരമ്പൎയ്യത്തെ നിലനിൎത്തിയതു് പുണ്ഡരീകാക്ഷനാണു്. ശ്രീ

രംഗത്തുനിന്നു വടക്കു തിരുവെള്ളറൈ (ശ്വേതഗിരി) എന്ന ഗ്രാമമാണ് അദ്ദേഹത്തിന്റെ ജന്മദേശം. ആ പണ്ഡിതവൎയ്യന്നു ധാരാളം ശിഷ്യസമ്പത്തുണ്ടായി. ആ ശിഷ്യന്മാരിൽ ശ്രേഷ്ഠനായി ഉയൎന്നതു് രാമമിശ്രനാണ്. ആ ഗുരുഭക്തൻ പുണ്ഡരീകാക്ഷനെ അവസാനംവരെയ്ക്കും അരികെവാണു ശുശ്രൂഷിച്ചു. പുണ്ഡരീകാക്ഷൻ നാഥമുനിയെയെന്നപോലെയാണ് രാമമിശ്രൻ പുണ്ഡരീകാക്ഷനെ ആരാധിച്ചതു്. രാമമിശ്രൻ മണക്കാൽ എന്ന ഗ്രാമത്തിൽ ജനിച്ചവനാകയാൽ അദ്ദേഹത്തിനു മണക്കാൽനമ്പി എന്നൊരു പേരുണ്ട്. പുണ്ഡരീകാക്ഷന്റെ ഭാൎയ്യയായ ആണ്ടാളമ്മാൾ മരിച്ചുപോയപ്പോൾ കുടുംബകാൎയ്യങ്ങളെല്ലാം ഗുരുവിന്റെ സംപ്രീതിപോലെ നടത്തിപ്പോന്നതു രാമമിശ്രനാണ്. ഗുരുവിന്റെ മക്കളെ വളൎത്തിപ്പോരേണ്ട ഭാരവും അദ്ദേഹംതന്നെയാണു വഹിച്ചതു്. ഗുരുപുത്രിമാർ കുളിച്ചുവരുമ്പോൾ അവരുടെകാലിന്മേൽ ചെളിപററാതെ ചവിട്ടിച്ചെല്ലുന്നതിന്നു ചേറായ്ക്കിടക്കുന്നിടത്തു തന്റെ ശരീരത്തെ വെച്ചുകൊടുക്കുകയും രാമമിശ്രൻ ചെയ്തിട്ടുണ്ട്.

പുണ്ഡരീകാക്ഷൻ നൂററിയഞ്ചു വയസ്സുവരെ ജീവിച്ചിരുന്നു. ശ്രീരംഗനാഥസന്നിധിയിൽവെച്ചാണ് അദ്ദേഹം പരലോകംപ്രാപിച്ചതു്. മരിക്കുംമുമ്പുതന്നെ തന്റെ സ്ഥാനത്തേയ്ക്കു പ്രിയശിഷ്യനായ രാമമിശ്രനെ അഭിഷേകംചെയ്തിരുന്നു. ഗുരുനിയോഗംപോലെ രാമമിശ്രൻ ധാൎമ്മികകാൎയ്യങ്ങളിൽ സാമൎത്ഥ്യത്തോടെ പ്രവൎത്തിച്ചു്, ശിഷ്യസമ്പത്തു വൎദ്ധിപ്പിച്ചു് യശസ്വിയായി വാണു.

ഇതിന്നിടയിൽ നാഥമുനിയുടെ പുത്രനായ ഈശ്വരഭട്ടന്നു് ഒരു പുത്രനുണ്ടായി. ആ ശുഭവൎത്തമാനം കേട്ടു ഉടനെ രാമമിശ്രൻ വീരനാരായണപുരത്തേയ്ക്കു ചെന്നു. ദിവ്യ

തേജസ്സോടെ ആ കുട്ടിയുടെ മുഖം, സമുജ്ജ്വലിക്കുന്നതുകണ്ടു്, രാമമിശ്രൻ ഈശ്വരമഹത്വത്തെ വാഴ്ത്തി. സാമുദ്രികാശാസ്ത്രപ്രകാരമുള്ള ഉത്തമലക്ഷണങ്ങളൊക്കെയും ആ കുട്ടിയിൽ തികഞ്ഞിട്ടുണ്ടു്. അവന്റെ മന്ദസ്മിതത്തിൽനിന്നു കവിഞ്ഞൊഴുകുന്ന ദിവ്യാനന്ദം ചുറ്റുപാടും ഒഴുകി അരികെ വരുന്നവരെയെല്ലാം അതിൽ ആമഗ്നരാക്കി. ഇങ്ങിനെയുള്ള മകന്റെ മാതാപിതാക്കന്മാരാകുവാൻ ഭാഗ്യമുണ്ടായവർ പരമധന്യന്മാർ തന്നെയെന്നു രാമമിശ്രൻ പുകഴ്ത്തി. അദ്ദേഹം ആ കുട്ടിക്കു ഗുരുനിയോഗം പോലെ യമുനാചാര്യൻ എന്നു നാമകരണംചെയ്തു.

യമുനാചാര്യൻ വീട്ടിലും നാട്ടിലുമുള്ള എല്ലാവർക്കും ആഹ്ലാദം വളർത്തിക്കൊണ്ടു് അനന്യസൌഭാഗ്യത്തോടെ വളർന്നു. ആ ബാലന്റെ രൂപത്തിലും ബുദ്ധിയിലും അസാമാന്യഗുണങ്ങൾകണ്ടു് ആ നാട്ടുകാർക്കു് അതുതന്നെ നിത്യസംഭാഷണവിഷയമായി. കുട്ടിക്കുള്ള ധാരണാശക്തി അത്യത്ഭുതമാണു്. ഏതൊരു കാര്യവും ഒരിക്കൽ കേട്ടാൽ പിന്നെ അവൻ അതു് ഒരിക്കലും മറക്കുകയില്ല. അതുകൊണ്ടു് എത്ര ദുർഗ്രഹമായ വിഷയമായിരുന്നാലും അവന്നതു രണ്ടാമതൊരിക്കൽ പറഞ്ഞുകേൾക്കേണ്ട ആവശ്യമുണ്ടായില്ല. ബാല്യത്തിൽതന്നെ അവൻ വിദ്യകളിലെല്ലാം നിപുണനായി. ഓരോ വിദ്യയിലും അവൻ അതിവേഗം പഠിച്ചു കേറിക്കൊണ്ടു് തത്വശാസ്ത്രാഭ്യാസത്തിൽ പ്രവേശിച്ചു. മഹാഭാഷ്യഭട്ടൻ എന്ന പണ്ഡിതോത്തമനാണു് യമുനാചാര്യന്റെ ഗുരു. അദ്ദേഹത്തിൽനിന്നു് ന്യായം, വൈശേഷികം, സാംഖ്യം, വേദാന്തം എന്നിവ അഭ്യസിച്ചുവരുമ്പോൾ യമുനാചാര്യന്നു പന്ത്രണ്ടുവയസ്സു മാത്രമേ പ്രായമായിരുന്നുള്ളു.

രാജസദസ്സിലെ പണ്ഡിതശ്രേഷ്ഠനു സംസ്ഥാനവിദ്വാൻ എന്നു പേരുണ്ടു്. അക്കാലത്തു് അവിടത്തെ രാജാവിന്റെ സംസ്ഥാനവിദ്വാനായിരുന്നതു് വിദ്വജ്ജനകോലാഹലൻ എന്നു പേരെടുത്ത ആക്കിയാഴ്‌വാനാണു്. സർവ്വശാസ്ത്രങ്ങളിലും സമ്പൂർണ്ണ പാണ്ഡിത്യമുള്ള ആളാണദ്ദേഹം. അദ്ദേഹത്തിന്റെ പേർകേട്ടാൽത്തന്നെ മററു വിദ്വാന്മാർ പേടിച്ചു വിറയ്ക്കും. അദ്ദേഹത്തിന്റെ പ്രസാദംകൊണ്ടുവേണം ആ രാജ്യത്തിലെ വിദ്വാന്മാർക്കൊക്കെയും ജീവിക്കുവാൻ. തന്റെ ഈ മേന്മയിൽ ആക്കിയാഴ്‌വാൻ ഗർവ്വിഷ്ഠനായി. എല്ലാവരേയും ആയാൾ ധിക്കരിച്ചുവിട്ടു. എന്നുതന്നെയല്ലാ, മററുള്ള വിദ്വാന്മാർക്കു് ആ നാട്ടിൽ ജീവിക്കവേണമെങ്കിൽ തനിക്കു കപ്പംതരേണമെന്നു് ആ അധികാരമത്തൻ വിധിക്കയുംചെയ്തു. കപ്പം തരാത്തവരെ പലവഴിക്കും ഉപദ്രവിക്കുവാൻ ആയാൾക്കു് ശക്തിയുണ്ടായി. ആക്കിയാഴ്‌വാന്റെ പ്രിയംപോലെ പ്രവർത്തിക്കാതിരുന്നാൽ, മാനംകെട്ടു് നാട്ടിലെങ്ങും നിലകിട്ടാതെ ഉഴലേണ്ടിവരുമെന്നു വിദ്വാന്മാർക്കു് ഭയമായി. അതുകൊണ്ടു് അവരെല്ലാവരും, സംസ്ഥാനവിദ്വാന്റെ നിശ്ചയംപോലെ ആണ്ടുതോറും കപ്പംകൊടുക്കുവാൻ വഴിപ്പെട്ടു. അക്കൂട്ടത്തിൽ യമുനാചാര്യന്റെ ഉപാദ്ധ്യായനായ മഹാഭാഷ്യഭട്ടനും ഉൾപ്പെട്ടിട്ടുണ്ടു്.

വിദ്വാന്മാർ അധികവും ദരിദ്രരായിരിക്കുമല്ലോ. അപ്രകാരം നമ്മുടെ മഹാഭാഷ്യഭട്ടനും ദാരിദ്ര്യപീഡിതനായിട്ടാണു് കഴിയുന്നതു്. ഉണ്ണുവാനും ഉടുക്കുവാനും വേണ്ടുന്നതിലേക്കുതന്നെ അദ്ദേഹത്തിനു വളരെ ക്ലേശിക്കേണ്ടിവരുന്നു. അതുകൊണ്ടു് അദ്ദേഹം ആക്കിയാഴ്‌വാനു ചെലുത്തേണ്ടുന്ന നാലഞ്ചുവർഷത്തെ കപ്പം ബാക്കിയിലാ

യി. അതിനെക്കുറിച്ചു ചോദ്യംചെയ്യാൻ സംസ്ഥാനവിദ്വാന്റെ ആൾക്കാർ അവിടെ വന്നു.

“മദ്ധ്യാമയ്ക്കു” കപ്പംമുഴുവനും അടച്ചുതീൎന്നുവോ, ഇല്ലയോ? ഇനി ഒരുനിമിഷത്തേക്കുപോലും ക്ഷമിക്കയില്ല. ഒരു പൈപോലും ബാക്കിനിൎത്തുകയുമില്ല. ഇന്ന കുടിശ്ശികയെല്ലാം തീൎക്കാതിരുന്നാൽ, താങ്കളെ പെരുവഴിയിൽവെച്ച് അവമാനിച്ചുവിടും. ദണ്ഡാധികാരവും ഞങ്ങളുടെ യജമാനന്നുണ്ടെന്ന് അറിയാമല്ലോ. ഏറെക്കവിഞ്ഞാൽ താങ്കളുടെ ജീവന്നുപോലും അപായമുണ്ടായേക്കാം. യജമാനനെ അനാദരിച്ചതുകൊണ്ട് മറ്റുചിലൎക്കുണ്ടായ അനുഭവങ്ങൾ താങ്കൾ അറിയാത്തതല്ലല്ലോ. താങ്കൾക്കു മാനത്തോടെ ജീവിക്കേണമെന്നുണ്ടെങ്കിൽ ഈ ക്ഷണംതന്നെ കുടിശ്ശിക മുഴുവൻ തീൎക്കണം.” എന്നിങ്ങിനെ ഘോരവാക്കോടുകൂടിയാണ് അവരുടെ വരവ്.

മഹാഭാഷ്യഭട്ടൻ ഭയസംത്രസ്തനായി. എന്താണ് പറയേണ്ടതെന്ന് അദ്ദേഹത്തിന്നൊന്നും തോന്നിയില്ല. തന്റെ കൈയിൽ ഒരുകാശുപോലും ഇല്ലെന്നുള്ള വാസ്തവം ആർ അറിയാനാണ്! ശോകഭാരത്താൽ അദ്ദേഹത്തിന്നു നിലയില്ലാതെയായി. ആ പാവം അകത്തുകടന്ന് അങ്ങൊരു മൂലയിൽ പുതച്ചുമൂടിക്കിടന്നു. “കുടിശ്ശികതീൎന്നുവോ, ദണ്ഡവിധിയേല്ക്കുന്നുവോ” എന്ന ഒരേ ചോദ്യത്തോടെ ആക്കിയാഴ്‌വാന്റെ ആൾക്കാർ ഉമ്മറത്തുനില്ക്കുന്നു.

പുറത്തെങ്ങാനും പോയിരുന്ന യമുനാചാൎയ്യൻ അപ്പോഴാണ് അവിടെ വന്നത്. ഗുരു എവിടെയെന്ന് ആയാൾ അന്വേഷിച്ചു. എന്തോ ആധിയാലോ വ്യാധിയാലോ അകത്തുചെന്ന് പുതച്ചുമൂടിക്കിടക്കുകയാണെന്ന് സതീൎത്ഥ്യന്മാർ പറഞ്ഞു. യമുനാചാൎയ്യൻ ഇതുകേട്ട് സസം

ഭ്രമം അകത്തോട്ടോടി. "അങ്ങേക്കെന്തുപററി" എന്നു സങ്കടത്തോടെ ഗുരുവിൻെറ അടുത്തുചെന്നു് ആയാൾ ചോദിച്ചു. ആക്കിയാഴ്‌വാനു് താൻ കപ്പംകൊടുക്കുമാറായതും, അതു് തൻെറ ദാരിദ്ര്യത്താൽ കടിശ്ശികയായതും, അതുമുഴുവൻ ഇന്നുതന്നെ തീർത്തുകിട്ടേണമെന്നും, കിട്ടിയില്ലെങ്കിൽ ക്രൂരമായി ഹിംസിക്കുമെന്നും പറഞ്ഞു് ആൾക്കാർ വന്നിരിക്കുന്നതുമെല്ലാം മഹാഭാഷ്യഭട്ടൻ തൻെറ പ്രിയശിഷ്യനോടു് പറഞ്ഞു.

യമുനാചാര്യൻ ക്രുദ്ധനായി. ആക്കിയാഴ്‌വാൻെറ ആൾക്കാർ നില്ക്കുന്നിടത്തേക്കു് ആയാൾ ഒരേ ചാട്ടത്തിനു ചെന്നു്, "നിങ്ങൾ ആരു്? ഇവിടെ എന്തിനു വന്നു?" എന്നു പാരുഷ്യത്തോടെ ചോദിച്ചു.

ആൾക്കാർ—"ഞങ്ങളുടെ യജമാനൻ ആരെന്നറിയാമോ? വിദ്വാന്മാർക്കെല്ലാം അദ്ദേഹം ഇന്ദ്രനാണു്. അറിവുള്ളവരെന്നു ഗർവിക്കുന്നവരെ അറിവില്ലാതാക്കിത്തള്ളുന്ന പണ്ഡിതശ്രേഷ്ഠനാണു്. സർവ്വജനങ്ങളും ഭയത്തോടെ പൂജിച്ചുവരുന്ന സംസ്ഥാനവിദ്വാനായ ആക്കിയാഴ്‌വാനെ നീ കേട്ടിട്ടില്ലയോ? അദ്ദേഹത്തിൻെറ കാരുണ്യംകൊണ്ടാണു് ഈ ഭാഷ്യഭട്ടൻ ഇവിടെ ജീവിച്ചുപോരുന്നതു്. ഇദ്ദേഹം ഞങ്ങളുടെ യജമാനനു കൊടുക്കുവാനുള്ള കപ്പം കടിശ്ശികയാക്കിയിരിക്കുന്നതിനാൽ അതു തരുന്നുവോ ഇല്ലയോ എന്നു ചോദിക്കുവാനാണു ഞങ്ങൾ വന്നിരിക്കുന്നതു്."

യമുനാചാര്യൻ—"വിദ്വാന്മാർക്കെല്ലാം ഇന്ദ്രനോ നിങ്ങളുടെ യജമാനൻ? അദ്ദേഹത്തിൻെറ പേരു് ആക്കിയാഴ്‌വാനെന്നോ? ആക്കിയാഴ്‌വാനെ ജയിക്കുന്നതിനു മഹാഭാഷ്യഭട്ടൻെറ ശിഷ്യനായി ഒരാൾ ഇവിടെ ഉണ്ടു്. ആ ആക്കിയാഴ്‌വാൻ ഇനിയിത്ര തുള്ളേണ്ടാ.

നിങ്ങൾ ചെന്നു നിങ്ങളുടെ യജമാനനെ ഇതു് ഉടനെ അറിയിച്ചേക്കുക.”

ഇങ്ങിനെ, ആക്കിയാഴ്‌വാന്റെ ആ ആൾക്കാരെ യമുനാചാൎയ്യൻ അമർഷത്തോടെ ആട്ടിയയച്ചു. അവർ ചെന്നു യജമാനനെ അറിയിച്ചതു് ഇതാണു്:—

“സ്വാമി, ഞങ്ങൾ ചെന്നു ഭാഷ്യാചാൎയ്യനോടു കപ്പം ചോദിച്ചു. അദ്ദേഹം ഒന്നും പറയാതെ അകത്തേക്കു പോയി. കുറച്ചുനേരം കഴിഞ്ഞിട്ടു്, തന്റെ ഒരു ശിഷ്യനെക്കൊണ്ടു്, ‘കപ്പം തരികയില്ല’ എന്നു ഞങ്ങളോടു പറയിച്ചു. ആ ശിഷ്യനു പത്തോ പന്ത്രണ്ടോ വയസ്സേ ആയിട്ടുള്ളു. മഹാധിക്കാരി. അവൻ അങ്ങയെ എന്തൊക്കെയോ പറഞ്ഞു കലശലായി ആക്ഷേപിച്ചു.

ഇതുകേട്ടു് ഉൽക്കടകോപത്താൽ ആക്കിയാഴ്‌വാന്റെ മുഖം ഉജ്ജ്വലിച്ചു. “അങ്ങിനെയോ! ഇരിക്കട്ടെ” എന്നു് അമൎഷത്തോടെ ഗർജ്ജിച്ചു് അദ്ദേഹം ഉടനെ രാജാവിനെ ചെന്നു കണ്ടു്, ഭാഷ്യഭട്ടനെ തന്നോടു വാദിക്കേണ്ടതിലേക്കു തന്റെ മുമ്പിലേക്കു വരുത്തുവാൻ ഉത്തരവുകൊടുക്കേണമെന്നു് അപേക്ഷിക്കയും, അപ്രകാരം രാജാവു് അപ്പോൾത്തന്നെ പ്രവൎത്തിക്കയും ചെയ്തു.

ആക്കിയാഴ്‌വാന്റെ ആൾക്കാരെ യമുനാചാൎയ്യൻ ആക്ഷേപിച്ചയച്ചതു് മററു ശിഷ്യന്മാരിൽനിന്നു് മഹാഭാഷ്യഭട്ടൻ അറിഞ്ഞു. പുതച്ചുമൂടിക്കിടന്നിരുന്ന അദ്ദേഹം ഉദ്വേഗത്താൽ പിടഞ്ഞെഴുന്നേററു. തന്റെ ശിരസ്സിൽ ഇടിവീണതുപോലെ അദ്ദേഹത്തിനു തോന്നി. “എന്റെ ഗൃഹത്തിനു ശനിയെന്നപോലെ നീ എവിടെനിന്നു വന്നു” എന്നു ശകാരിച്ചുകൊണ്ടു് അദ്ദേഹം യമുനാചാൎയ്യനെ നേരിട്ടു. കുറെയെന്നല്ലാ അപ്പോഴുണ്ടായ പരുഷവാക്കുകൾ. ഒട്ടും ക്ഷോഭംകൂടാതെ അതെല്ലാം

കേട്ടതിൽപ്പിന്നെ, യമുനാചാൎയ്യൻ സാന്ത്വനപൂൎവ്വം ഇങ്ങിനെ അറിയിച്ചു:—

“സ്വാമിൻ! അങ്ങെയ്ക്കു യാതൊരു വിപത്തും ഇതിൽനിന്നു വരുവാനില്ലാ. അങ്ങു ഭയപ്പെടരുതു്. ആക്കിയാഴ്‌വാൻ വാദത്തിന്നു വിളിക്കയാണെങ്കിൽ അങ്ങെയുടെ ശിഷ്യനായ ഈ ഞാൻ ചെന്നു് അയാളെ ജയിച്ചു വന്നുകൊള്ളാം; ഇതു് നിശ്ചയമാണു്.”

മഹാഭാഷ്യഭട്ടൻ ഇതു കേട്ടിട്ടു വിശ്വസിച്ചില്ലാ. ഇതിനെ വെറും ബാലചാപല്യമായിട്ടേ അദ്ദേഹം കരുതിയുള്ളു. അപ്പോഴെയ്ക്കും രാജകിങ്കരന്മാർ വന്നെത്തികഴിഞ്ഞു. ആക്കിയാഴ്‌വാനോടു വാദിക്കുവാനായി ഭാഷ്യഭട്ടനെ കൂട്ടിക്കൊണ്ടു ചെല്ലുവാനാണു് അവരുടെ വരവു്. ഭാഷ്യഭട്ടൻ ഭയശോകങ്ങളാൽ വെറും ഭ്രാന്തനായി. തന്റെ മാനവും തന്റെ ജീവിതവും ഇതാ നശിച്ചുവെന്നു് ആ പാവം നിലവിളിച്ചു. തന്നെ ഈ ദുൎഗ്ഗതിയിലേക്കു തള്ളിയ ആ ശിഷ്യനെ കഠിനമായി ശകാരിച്ചുതുടങ്ങി. അപ്പോൾ യമുനാചാൎയ്യൻ ധീരനും വിനീതനുമായി ഗുരുവിന്റെ അടുത്തുചെന്നു് ആവോളം സാന്ത്വനംചെയ്തതിൽപ്പിന്നെ, രാജകിങ്കരന്മാർ നില്ക്കുന്നിടത്തു ചെന്നു. “ആക്കിയാഴ്‌വാനു് ഞങ്ങളോടു വാദിക്കേണമെന്നു് ആഗ്രഹമുണ്ടെങ്കിൽ ഇങ്ങോട്ടു വരട്ടേ. ഞങ്ങൾ അങ്ങോട്ടു പോന്നിട്ടുവേണം അദ്ദേഹത്തിന്റെ ആഗ്രഹം നിവൃത്തിയാകുവാൻ എന്നാണെങ്കിൽ ഞങ്ങളെ കൂട്ടിക്കൊണ്ടു ചെല്ലുന്നതു് വിദ്വാന്മാർ അൎഹിക്കുന്ന സൽകൃതിയോടുകൂടിയായിരിക്കണം. ശാസ്ത്രവാദത്തിന്നായി വിദ്വാനെ ക്ഷണിക്കുന്നതു നിൎബ്ബന്ധമായിട്ടായാൽ അതു രാജാവിന്നു തന്നെ അപകീൎത്തിയാണു്”.

ഇങ്ങിനെ ആ ബാലൻ പറഞ്ഞപ്പോൾ, ആ രാജകിംകരന്മാർ തിരിച്ചുചെന്നു രാജാവിനെ അറിയിച്ചു. ഉചിതമായ വാക്കുതന്നെയാണ് ആ ഭാഷ്യഭട്ടശിഷ്യൻ പറഞ്ഞതെന്നു രാജാവിന്നു ബോദ്ധ്യമായി. എങ്കിലും ഇത്രയും ധൈര്യം മററാരിലും കണ്ടിട്ടില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്ന് അത്ഭുതവുമുണ്ടായി. ഉടനെ, പല്ലക്കോടും കടത്തഴ ചാമരങ്ങളോടുംകൂടി വിദ്വാനെ എതിരേററുകൊണ്ടു വരുന്നതിന്നു രാജാവ് ഏൎപ്പാടുചെയ്തു.

യമുനാചാൎയ്യൻ പല്ലക്കിൽ സഗൌരവം സ്ഥിതിചെയ്തു. ആഡംബരപൂൎണ്ണമായി വാദ്യഘോഷത്തോടെയാണ് ആ യാത്ര. സതീൎത്ഥ്യരായ ബാലന്മാർ യമുനാചാൎയ്യനെ ചൂഴന്നുനിന്നു ജയജയാരവം മുഴക്കി. ആകപ്പാടെ നോക്കിയതിൽ ഇതൊരു നേരമ്പോക്കാണെന്നു മററുള്ളവൎക്കു തോന്നിയെങ്കിലും, അവർ യമുനാചാൎയ്യന്റെ മുഖത്തുനോക്കിയപ്പോൾ ശങ്കയോടെ ഒതുങ്ങിപ്പോയ്! ഇതെന്തൊരത്ഭുതമെന്നു നാട്ടുമുഴുവൻ മിഴിച്ചുനോക്കി.

പരിവാരസമേതം ആഘോഷത്തോടെ യമുനാചാൎയ്യൻ രാജധാനിയിൽ പ്രവേശിച്ചു. രാജാവും രാജ്ഞിയും സൌധത്തിൽ സ്ഥിതിചെയ്തുകൊണ്ട് അതുനോക്കി.

രാജാവ്—"ഈ കുട്ടികൾ നമ്മുടെ വിദ്വജ്ജനകോലാഹലനോടു വാദിക്കുവാൻ വരികയാണത്രേ. ഇവൎക്കു ഭ്രാന്തുണ്ടോ?"

രാജ്ഞി—"അങ്ങു അങ്ങിനെ വിചാരിക്കരുത്. ഏതു പുററിൽനിന്നു് ഏതു പാമ്പു് പുറപ്പെടുമെന്നു് ആരറിഞ്ഞു?"

രാജാവ്—"എന്തു വിഡ്ഢിത്തമാണു പറയുന്നതു്! ഈ കുട്ടികളുടെ വായിൽനിന്നു മുലപ്പാൽമണം മാറീട്ടില്ല. വാക്കുകൾ വ്യക്തമായി ഉച്ചരിക്കുവാൻപോലും

ഇവർ ശക്തരായിട്ടില്ലാ. ഇവരോ നമ്മുടെ വിദ്വജ്ജനകോലാഹലനെ ജയിക്കുന്നതു്? അതു നിശ്ചയമായും ഇല്ലാ. ഇവർ ജയിക്കുമെന്നാണു വാദമെങ്കിൽ, എന്താണു പന്തയമെന്നു കേൾക്കട്ടെ."

രാജ്ഞി—"ഞാൻ ഈ കുട്ടിയുടെ മുഖം സൂക്ഷിച്ചുനോക്കി. ഭ്രാന്തോ കളിയോ അല്ലാ അതിൽ ഞാൻ കാണുന്നതു്. ജ്ഞാനപൂൎത്തിയാലുള്ള ഗാംഭീൎയ്യം നല്ലവണ്ണം ശോഭിക്കുന്നു. ധീരതയോടും നിശ്ചയബുദ്ധിയോടുംകൂടിയാണു കുട്ടിയുടെ വരവു്. ഇവൻ തീൎച്ചയായും ജയിക്കുമെന്നു ഞാൻ ഉറപ്പിച്ചു പറയുന്നു. അങ്ങയുടെ വിദ്വാൻ തോല്ക്കുകയെന്നതും നിശ്ചയം. എന്റെ വാക്കുപോലെ ഈ കുട്ടി ജയിക്കാതെപോകയാണെങ്കിൽ, ഞാൻ അങ്ങയുടെ ദാസിക്കു് അടിമപ്പെട്ടു് അവളുടെ വേലക്കാരിയായിരുന്നുകൊള്ളാം."

രാജാവു്—"വിദ്വജ്ജനകോലാഹലനോടു വാദിച്ചു് ഈ കുട്ടി ജയം നേടിയാൽ എന്റെ രാജ്യത്തിലെ അൎദ്ധാംശം ഇവന്നു കൊടുത്തു ഇവനെ ഞാൻ അഭിഷേകം ചെയ്തുകൊള്ളാം."

ഇങ്ങിനെ രാജാവും രാജ്ഞിയും തമ്മിൽ പന്തയം നടന്നു കഴിഞ്ഞപ്പോഴേക്കും യമുനാചാൎയ്യൻ രാജസദസ്സിൽ പ്രവേശിച്ചുകഴിഞ്ഞു. രാജാവും രാജ്ഞിയും അവൎക്കുള്ള സ്ഥാനത്തിൽ എഴുന്നള്ളി. വിദ്വജ്ജനകോലാഹലൻ അവിടെ പ്രതാപത്തോടേ സ്ഥിതിചെയ്യുന്നു. സജ്ജനപൂജിതനായ വിദ്വാനെയെന്നപോലെ രാജാവു യമുനാചാൎയ്യനേയും, ആചാരോപചാരക്രിയകളിൽ വൃദ്ധവിദഗ്ദ്ധനെപ്പോലെ യമുനാചാൎയ്യൻ രാജാവിനെയും യഥാക്രമം അഭിവാദ്യംചെയ്തു.

യമുനാചാൎയ്യൻ ആസനസ്ഥനായ ഉടനെ ആക്കിയാഴ്‌വാൻ എഴുന്നേററു വാദത്തിന്നു വിളിച്ചു. അപ്പോൾ യമുനാചാൎയ്യൻ രാജസമക്ഷം ഉണൎത്തിച്ചതാവിതു്:—

"മഹാരാജാവേ, വിദ്വജ്ജനകോലാഹലനോടു വാദിക്കുവാൻ ഞാൻ സന്നദ്ധൻ തന്നെയാണു്. എന്നാൽ, ഞങ്ങൾ തമ്മിൽ വാദിക്കുന്നതു് അടുത്തിരുന്നു കേട്ടു നിൎമ്മത്സരമായി വിധികല്പിക്കുന്നതിന്നു വേറെ വിദ്വാന്മാർ ഇവിടെ ഉണ്ടായിരിക്കണം. ഈ രാജ്യത്തു് പലവിദ്വാന്മാരുമുണ്ടല്ലോ. അവരെയെല്ലാം ക്ഷണിച്ചുവരുത്തി അവരുടെ മുമ്പിൽവെച്ചാണു ഞങ്ങളെ പരീക്ഷിച്ചുനോക്കേണ്ടതു്."

ശരിയാണിതു പറഞ്ഞതെന്നു രാജാവുൾപ്പടെ എല്ലാവൎക്കും തോന്നി. ആ നാട്ടിലെ എല്ലാ വിദ്വാനും തനിക്കധീനനാകയാൽ അവരുടെ മുമ്പിൽവെച്ചു വാദിക്കുന്നതിൽ വിദ്വജ്ജനകോലാഹലന്നു് അപജയശങ്കയ്ക്കു് അവകാശമില്ലല്ലോ.

രാജാവിന്റെ സന്ദേശവാഹകന്മാർ ആ രാജ്യത്തിലെ വിദ്വാന്മാരെയെല്ലാം ക്ഷണിക്കുന്നതിന്നു പാഞ്ഞു. രാജനിയോഗത്തെ അനുവൎത്തിച്ചുകൊണ്ടു് ആ വിദ്വാന്മാരെല്ലാവരും വന്നെത്തി. വാദം കേട്ടു രസിക്കുന്നതിന്നു് പൌരപ്രമാണികളും ആ രാജസദസ്സിൽ നിറഞ്ഞു.

അനന്തരം ആക്കിയാഴ്‌വാനും യമുനാചാൎയ്യനും തമ്മിൽ വിദ്വജ്ജനസമക്ഷം രാജാവിന്റെ അനുമതിയോടെ വാദം ആരംഭിച്ചു.

ആക്കിയാഴ്‌വാൻ—"താൻ ഒരു കൊച്ചുബാലനാണു്. തന്നോടു വലിയ കാൎയ്യങ്ങളെക്കുറിച്ചു ദീൎഘമായി വാദിക്കുവാൻ എനിക്കു പ്രിയം തോന്നുന്നില്ല. അതുകൊണ്ടു നമ്മുടെ വാദം ഏതെങ്കിലുമൊരു മൂന്നുചോ

ഭ്യാകൊണ്ടു കലാശിക്കണം. തനിക്കു നിശ്ചയമുള്ള ഏതോ മൂന്നു കാൎയ്യങ്ങൾ താൻ പറയൂ. അതു് ഓരോന്നും അങ്ങിനെയല്ലെന്നു ഞാൻ എതിൎത്തു സിദ്ധാന്തിക്കാം.”

യമുനാചാൎയ്യൻ—“വളരെ സന്തോഷം! ഞാൻ കൊച്ചു ബാലനാണെന്നു് അങ്ങേക്കു ദയയുണ്ടായതിന്നു നന്ദി! അങ്ങയുടെ അഭിമതംപോലെ ഞാൻ എനിക്കറിവുള്ള മൂന്നു സംഗതികൾ പറയാം: അവ ഓരോന്നും അങ്ങിനെയല്ലെന്നു വാദിച്ചു് അങ്ങു് ജയിക്കയാണെങ്കിൽ ഞാൻ അങ്ങയുടെ അടിമയാകാം. ഞാൻ വാദത്തിലേക്കു പറയുന്ന ഒന്നാമത്തെ കാൎയ്യം, അങ്ങയുടെ അമ്മയ്ക്കു സന്താനം ഉണ്ടു് എന്നാണു്. ഇല്ലാ എന്നു് അങ്ങു് സിദ്ധാന്തിക്കുന്നതു കാണട്ടെ. രണ്ടാമത്തെ കാൎയ്യമായി, നമ്മുടെ മഹാരാജാവു് ധൎമ്മാത്മാവാണു് എന്നു ഞാൻ പറയുന്നു. അല്ലാ എന്നു് അങ്ങു് വാദംകൊണ്ടു സാധിക്കണം. നമ്മുടെ രാജ്ഞി പതിവ്രതയാണെന്നാണു ഞാൻ പറയുന്ന മൂന്നാമത്തെ കാൎയ്യം. അല്ലാ എന്നു് അങ്ങു് വാദിച്ചു ജയിക്കുമോ, നോക്കട്ടെ.”

ഇതിൽ ഒന്നാമത്തെ ചോദ്യംകൊണ്ടുതന്നെ ആക്കിയാഴ്വാന്റെ ഉള്ളു കലങ്ങി. രണ്ടാമത്തേതു പുറപ്പെട്ടപ്പോൾ നാഡികളെല്ലാം തളൎന്നു. മൂന്നാമത്തേതും കേട്ടതോടുകൂടി വിദ്വജ്ജനകോലാഹലന്റെ നില ‘പെപ്പെപ്പേ’ യെന്നായി. ഒരു വാക്കുപോലും പുറപ്പെടുവിക്കുവാനില്ലാതെ ആയാൾ ഇളിഭ്യനായി. തന്റെ അമ്മയ്ക്കു താൻ മകനായുള്ളപ്പോൾ അമ്മയെ വന്ധ്യയെന്നു പറയുന്നതെങ്ങിനെ? തനിക്കു വേണ്ടുന്നതെല്ലാം ഉദാരമായി നൽകി, അവസ്ഥയും അന്തസ്സും വളൎത്തി ഇങ്ങിനെ രക്ഷിച്ചുപോ

തന്നെ രാജാവിനെ ദുരാത്മാവെന്നു താൻ നിന്ദിക്കുന്നതെങ്ങിനെ? ഗുണവതിയായ രാജ്ഞിയെ കപടയെന്നു താൻ എങ്ങിനെ ആക്ഷേപിക്കും. ആകിയാഴ്‌വാൻ നിസ്തബ്ധനായി.

കുട്ടിയുടെ ബുദ്ധിസാമർത്ഥ്യവും, ആയാളുടെ ചോദ്യങ്ങളാൽ ആകിയാഴ്‌വാൻ മനസ്സാമറിഞ്ഞുകിടക്കുന്നതും കണ്ടു രാജ്ഞിക്കു വലുതായ സന്തോഷമുണ്ടായി. ആകിയാഴ്‌വാൻ മിണ്ടാത്തതുകണ്ടു് ആ സദസ്സു് പതുക്കെയൊന്നു ചലിച്ചുതുടങ്ങി. ഉടനെ ആ വിദ്വജ്ജനകോലാഹലൻ എഴുന്നേററു്, അതേവരെ താൻ നേടിയ വിജയമുദ്രകളെയെല്ലാം യമുനാചാര്യന്റെ മുമ്പിൽവെച്ചു "ഞാൻ തോററു" എന്നു് ഉറക്കെ പറഞ്ഞു് അധോമുഖനായി നിന്നു.

രാജാവിന്നു് ആകപ്പാടെ സംഭ്രമമാണുണ്ടായതു്. ഇതു് ഇത്ര ലഘുവായി, വിട്ടുകൂടാ എന്നു് അദ്ദേഹത്തിന്നു തോന്നി. ആകിയാഴ്‌വാന്റെ ഗർവ്വത്തിന്നു യമുനാചാര്യന്റെ ചോദ്യങ്ങൾ ഒത്തവതന്നെ. ചോദ്യംചെയ്യുന്നതിലുള്ള ഈ സാമർത്ഥ്യം യമുനാചാര്യന്നു വാദത്തിലുമുണ്ടോ എന്നു് ഇപ്പോഴും വെളിപ്പെട്ടിട്ടില്ല. ആർക്കുമേതും ഉത്തരമില്ലാത്തതാണു ചോദ്യമെങ്കിൽ അങ്ങിനെയുള്ള ചോദ്യം സാധുവല്ലെന്നുമുണ്ടു്. അതുകൊണ്ടു യമുനാചാര്യനെ താൻ ഒന്നു പരീക്ഷിച്ചുനോക്കാമെന്നു രാജാവു നിശ്ചയിച്ചു.

രാജാവു്—"സ്വാമിൻ, അങ്ങു് പറഞ്ഞ കാര്യങ്ങളെ ഒന്നിനെയെങ്കിലും സംസ്ഥാനവിദ്വാന്നു് എതിർക്കുവാൻ കഴിഞ്ഞില്ലെന്നുള്ളതു സത്യംതന്നെ. എന്നാൽ, അങ്ങേക്കു് അതു കഴിയുമോ."

യമുനാചാൎയ്യൻ—"മഹാരാജാവേ, കേട്ടുകൊണ്ടാലും! അങ്ങയുടെ അമ്മക്ക് ഒരു പുത്രൻ ഉണ്ട്" എന്ന് ഞാൻ പറഞ്ഞകാൎയ്യത്തെ ഞാൻതന്നെ എതിൎക്കുന്നു. 'ഏകപുത്രൻ സന്താനമാകയില്ലാ; ഏകവൃക്ഷം ഉദ്യാനമാകയുമില്ലാ'—എന്ന് ആപ്തവാക്യങ്ങളുണ്ടല്ലോ. ഏകപുത്രയായ ഇദ്ദേഹത്തിന്റെ അമ്മ ആ ആപ്തവാക്കിൻപടിനോക്കിയാൽ വന്ധ്യയാണ്. ഇനി, 'രാജാവു ധൎമ്മാത്മാവാണ്' എന്നുപറഞ്ഞതിനെ ഞാൻ നിഷേധിക്കുന്നു. നാട്ടുകാർ ചെയ്യുന്ന പാപങ്ങളൊക്കെയും രാജാവിൽ ചെന്നുചേരുന്നുവെന്ന് നീതിവാക്കുണ്ട്. അതിൻപ്രകാരം രാജാവു പാപാത്മാവാണ്. മൂന്നാമതു, 'പതിവ്രതയാണ്' രാജ്ഞി'യെന്നതിനെ ഞാൻ ഖണ്ഡിക്കുന്നു. ലോകത്തിൽ ഏതൊരു സ്ത്രീയേയും വരൻ വിവാഹം കഴിച്ചുകൊടുക്കുംമുമ്പേ, ചന്ദ്രനേയും ഗന്ധൎവ്വന്മാരേയും അഗ്നിയേയുംകൊണ്ട് പരിഗ്രഹിപ്പിക്കാറുണ്ടെന്ന അങ്ങേയ്ക്കു അറിയാമല്ലോ. 'അവളെ ആദ്യം സോമൻ ഗ്രഹിച്ചു. പിന്നെ ഗന്ധൎവ്വന്മാർ അവളെ അറിഞ്ഞു. ഒടുവിൽ അവളെ അഗ്നിയും അറിഞ്ഞു. സോമൻ അവളെ ഗന്ധൎവ്വന്മാൎക്കു നൽകി. ഗന്ധൎവ്വന്മാർ അവളെ അഗ്നിക്കു കൊടുത്തു. അഗ്നിയിൽ അവളെ ഞാൻ സ്വീകരിക്കുന്നു' എന്ന ശ്രുതിവാക്യം വിവാഹത്തിൽ വരൻ ഉച്ചരിക്കാറില്ലയോ? അതു നോക്കിയാൽ ഏതൊരു സ്ത്രീയും, ചന്ദ്രനും, ഗന്ധൎവ്വനും അഗ്നിക്കും ഭാൎയ്യയായതിൽപ്പിന്നെയാണ് മനുഷ്യന്റെ ഭാൎയ്യയാകുന്നതെന്നു കാണാം. അങ്ങിനെ തന്നെയാണ് രാജ്ഞിക്കും ഭവിച്ചിരിക്കുന്നതു്; അതുകൊണ്ട് പതിവ്രതയല്ലാ."

സർവ്വർക്കും ആശ്ചര്യവും അഭിനന്ദനവും തോന്നത്തക്കവണ്ണം യമുനാചാര്യൻ ഇങ്ങിനെ പറഞ്ഞപ്പോൾ, ആക്കിയാഴ്‌വാന്റെ ഗർവ്വം നിർമ്മൂലമായിത്തീൎന്നു. തലകുനിച്ചു് മുഖം വാടി അയാൾ ഇരുന്നു.

അനന്തരം, യമുനാചാര്യൻ വിദ്വജ്ജനകോലാഹലനോടു പറഞ്ഞു:—

"അങ്ങു് ഇപ്പോൾ പരാജിതനായി. അങ്ങേക്കു എന്റെ അടിമയാവേണ്ടി വന്നിരിക്കുന്നു. എന്റെ ഇഷ്ടംപോലെ എനിക്കു അങ്ങയെക്കൊണ്ടു് പ്രവർത്തിക്കാമെന്നായി. എന്നാൽ, അങ്ങു് വയോവൃദ്ധനാകയാലും, ഇവിടത്തെ സംസ്ഥാനവിദ്വാനാകയാലും ഞാൻ അങ്ങേക്കു് മാപ്പുതരുന്നു. ഇനിയുള്ള അങ്ങയുടെ ആയുഷ്കാലം ഇതുവരെയെന്നപോലെ ഗർവ്വംകൊണ്ടു് മലിനമാക്കരുതു്. ആധ്യാത്മികവിഷയത്തിൽ പ്രവർത്തിച്ചുകൊണ്ടു ഭഗവൽപാദങ്ങളെ പ്രാപിക്കുവാനാണു് അങ്ങു് ഇനിമേൽ മനസ്സുവെയ്ക്കേണ്ടതു്."

ഗംഭീരമായ ഈ ഉചിതവാക്കു കേട്ടപ്പോഴാണു് ബാലനായ യമുനാചാര്യനിലേക്കു സദസ്സിൽനിന്നു് അധികം അഭിനന്ദനം പ്രവഹിച്ചതു്. ജനങ്ങൾക്കുണ്ടായ സന്തോഷം വാക്കുകളെക്കൊണ്ടും ചേഷ്ടകളെക്കൊണ്ടും ഒതുങ്ങാതെ, യമുനാചാര്യനെ സാലംകൃതമായ രഥത്തിന്മേൽ ഇരുത്തിക്കൊണ്ടു് അവർ വീഥിതോറും കോലാഹലത്തോടെ എഴുന്നള്ളത്തു നടത്തി.

മഹാരാജ്ഞിയാവട്ടെ ആമോദപാരവശ്യത്തോടെ ഓടിവന്നു് യമുനചാര്യനെ വാത്സല്യപൂർവ്വം ആശ്ലേഷിച്ചു് ആനന്ദബാഷ്പത്താൽ അഭിഷേകം ചെയ്തു. അതുമുതൽ യമുനാചാര്യൻ ആളവന്താൻ [ആളവാൻ (പാലിക്കുവാൻ) വന്നവൻ] എന്നു വിശ്രുതനായി.

പന്തയംപോലെ രാജാവു സസന്തോഷം പ്രവൎത്തിച്ചു. തന്റെ രാജ്യത്തിൽ അൎദ്ധാംശത്തിന്ന് അദ്ദേഹം യമുനാചാൎയ്യനെ അധികാരിയാക്കി മാനിച്ചു.

അപ്രകാരം കിട്ടിയ നാട്ടിൽ യമുനാചാൎയ്യൻ രാജാവായി വാണുവരുന്ന കാലത്തു ഒരുനാൾ അദ്ദേഹത്തെ കാണ്മാൻ രാമമിശ്രൻ വന്നു. തന്റെ ഗുരുവിന്റെ പൌത്രൻ എങ്ങിനെയെല്ലാമാണ് ഈ നിലയിൽ എത്തിയതെന്ന് വഴിക്കുവഴിയായിത്തന്നെ രാമമിശ്രൻ ഗ്രഹിച്ചിട്ടുണ്ട്. വൃദ്ധനും ദരിദ്രനുമായ ഒരാൾ രാജധാനിയിലേക്കു വരുന്നതു കണ്ടപ്പോൾ ആളുകൾ തടഞ്ഞു. താൻ ആരെന്നു താൻ തന്നെ വിളിച്ചുപറയുന്നതു ആ ഭക്തന്ന് ഇഷ്ടമുണ്ടായില്ല. അതുകൊണ്ട് വെറും വിനോദാൎത്ഥം ഉപായം പ്രയോഗിച്ച് യമുനാചാൎയ്യന്റെ മുമ്പിലേക്കു ചെല്ലുവാൻ ശ്രമിക്കാമെന്നു അദ്ദേഹം നിശ്ചയിച്ചു. അന്വേഷിച്ചതിൽ യമുനാചാൎയ്യന്നു ഭക്ഷണത്തിൽ ഒരുതരം ചീര ഏററവും പ്രിയംകൂടിയതാണെന്നു മനസ്സിലായി. അതു വേറേ നാടുകളിലൊന്നും ദുൎല്ലഭമായിട്ടേയുള്ളു. രാമമിശ്രൻ ദിവസേന അതു നേടിക്കൊണ്ടുവന്ന് അടുക്കളക്കാരനു കൊടുക്കും. വെറുതേ കിട്ടുന്നതാകകൊണ്ടും, രാജാവിന്നു സന്തോഷമുള്ളതാകകൊണ്ടും മടപ്പള്ളി വിചാരിപ്പുകാരൻ അതു സന്തോഷത്തോടെ വാങ്ങി, രാജാവിന്ന് പാകംചെയ്തു വിളമ്പുവാൻ വെപ്പുകാരെ ഏല്പിക്കും. രാജാവിന്നു തനിക്കിഷ്ടമുള്ള ചീരക്കറി ഇടവിടാതെ കിട്ടിവന്നു. ഇങ്ങനെ ആറുമാസം രാമമിശ്രൻ ക്ഷമയോടെ ചെയ്തുവന്നപ്പോൾ. പിന്നെ പെട്ടെന്നു അദ്ദേഹം അതു നിൎത്തി. ആ ചീരക്കറി കാണാതെ രാജാവിൽനിന്ന് അന്വേഷണം പുറപ്പെട്ടു. ആറുമാസത്തോളം പതിവായി വിളമ്പിവന്ന ആ ചീരക്കറി ഇപ്പോൾ മൂന്നുനാലു ദിവസമായി ഇല്ലാതാക

വാൻ എന്താണ് കാരണം എന്ന ചോദ്യത്തിന്ന് മടപ്പള്ളി വിചാരിപ്പുകാരൻ ഉത്തരം പറയേണ്ടിവന്നു. ഏതോ ഒരു വൃദ്ധബ്രാഹ്മണൻ ആ ചീര ഇവിടെ ദിവസേന കൊണ്ടുവന്നു തരാറുണ്ടായിരുന്നു. ആയാൾ ആരെന്നും, ആരുടെ ആജ്ഞയാലാണ് അങ്ങനെ ചെയ്യുന്നതെന്നും ഞങ്ങൾ ചോദിക്കയുണ്ടായില്ല. ആയാളെ ഈ നാട്ടിലെങ്ങും ഇതിനുമുമ്പു കണ്ടിട്ടില്ല. ഇപ്പോൾ നാലഞ്ചു ദിവസമായി ഇവിടെ വരാറുമില്ല" എന്നിത്രയുമാണ് വിചാരിപ്പുകാരന്റെ റിപ്പോർട്ട്.

ഇതിൽ എന്തോ രഹസ്യമുണ്ടെന്ന് രാജാവ് കരുതി. ഇനി ആ ബ്രാഹ്മണനെ ഇവിടെയെങ്ങാനും കണ്ടാൽ തന്റെ മുമ്പിൽ ഹാജരാക്കേണമെന്ന് കല്പിച്ചു.

നാലുനാൾ ഇടവിട്ടുനിന്ന് ഇവിടെ ഇത്രയും ബഹളമുണ്ടാക്കിയതിൽപ്പിന്നെ രാമമിശ്രൻ ആ ചീരയോടുകൂടി വീണ്ടും മടപ്പള്ളിയിൽച്ചെന്നു. വിചാരിപ്പുകാരൻ അദ്ദേഹത്തെ രാജസന്നിധിയിൽ ഹാജരാക്കുകയുംചെയ്തു. തന്റെ പിതാമഹന്റെ പ്രിയശിഷ്യനും ഭക്തിയോഗത്താൽ സിദ്ധനുമായ രാമമിശ്രനെ യമുനാചാര്യൻ കണ്ട് ആനന്ദവിവശനായി. അദ്ദേഹം സാഷ്ടാംഗം നമസ്കരിച്ചു.

രാമമിശ്രൻ ആരെന്നറിയാതെ, ദർശനമാത്രത്താലാണ് ഈ ചേഷ്ടയെല്ലാം യമുനാചാര്യനിൽ സംഭവിച്ചത്. ആ വൃദ്ധബ്രാഹ്മണന്റെ സാന്നിദ്ധ്യംകൊണ്ട് തന്റെ ജീവിതത്തിന്ന് പരമാഹ്ലാദകമായ എന്തോ പുതിയൊരു മാറ്റം സംഭവിക്കുന്നുവെന്ന് അദ്ദേഹത്തിന്നു തോന്നി. തനിക്ക് പുരോഗതിയ്ക്ക് വഴികാണിച്ചുതരുവാനുള്ള ഗുരുവാണു തന്റെ മുമ്പിൽ വന്നിരിക്കുന്നതെന്നും യമുനാചാര്യന്നു തനിയെ വിശ്വാസമുണ്ടായി. പിന്നെയാണ് ആരെന്നും എന്തെന്നും സാമവാക്കായി ചോദ്യമുണ്ടായത്.

രാമമിത്രൻ ആരെന്നറിഞ്ഞപ്പോൾ വേണ്ടുന്നിടത്തു വേണ്ടുംപോലെതന്നെയാണു ദൈവഗത്യാ തന്റെ മനസ്സ് ചെന്നിരിക്കുന്നതെന്നു യമുനാചാര്യന്നു വിശ്വാസമുണ്ടായി.

യമുനാചാര്യൻ—“സ്വാമിൻ, എന്നെ കാണുവാൻ ഇത്രയും മാസങ്ങളോളം അങ്ങേക്കു് കാത്തുനില്ക്കേണ്ടിവന്നതിൽ എനിക്കുള്ള അപരാധത്തെ അങ്ങു് കാരുണ്യത്തോടെ ക്ഷമിച്ചാലും. ഞാൻ ചെയ്യേണ്ടതു് എന്താണെന്നു് ആജ്ഞാപിച്ചാൽ, അതു് എന്തായാലും ഞാൻ നടത്തിക്കൊള്ളാം. എനിക്കുള്ളതൊക്കെയും അങ്ങയുടേതാണു്. എന്റെ ഈ ഭൂമിയേയും, എനിക്കുള്ള അധികാരത്തെയും, എന്റെ ശരീരത്തെത്തന്നേയും ഞാൻ അങ്ങേക്കായി സമർപ്പിക്കുന്നു.“

രാമമിത്രൻ—“ഇതൊന്നും എനിക്കു വേണ്ടാ. അങ്ങയുടെ പിതാമഹൻ യഥാകാലം അങ്ങേക്കു തരുന്നതിന്നായി അമൂല്യമായ നിധി എന്നെ ഏല്പിച്ചിട്ടുണ്ടു്. അതു് എവിടെയാണുള്ളതെന്നു ഞാൻ അറിയും. അതിനെ അങ്ങു് ഏറ്റുവാങ്ങുന്നതുവരേക്കും അങ്ങയുടെ മുമ്പിൽ ഇടയ്ക്കിടെ വരുന്നതിന്നു് എനിക്കു് അനുജ്ഞ തരികമാത്രം ചെയ്താൽ മതി.”

“ആ നിധി എങ്ങിനെയുള്ളതാണു്?”

“രാജാവിന്റെയോ ചക്രവർത്തിയുടെയോ രാജസന്നിധിയിൽ ഉള്ളതുപോലെയല്ലാ ആ നിധി. അതു് ഒരിക്കലും ക്ഷയിക്കയില്ലാ. അഗ്നി അതിനെ ദഹിപ്പിക്കയില്ലാ. നീരിന്നു് അതിനെ നനയ്ക്കുവാൻ കഴികയില്ലാ. പ്രകൃതിയിലെ ഏതൊരു സംഹാരശക്തിയാലും അതു നശിക്കയില്ലാ.”

"ഞാൻ ആ നിധിയെ കാണുന്നതെങ്ങിനേ?'

"ഭൂമിയിൽ മറഞ്ഞുകിടക്കുന്ന നിധികളെ അഞ്ജനപ്രയോഗംകൊണ്ടു കാണാം. എന്നാൽ, ഞാൻ പറയുന്ന നിധി അങ്ങിനെയാക്കും കാണാവുന്നതല്ലാ."

"എനിക്കതു് എങ്ങിനെ കിട്ടും?''

"ഭൂമിയിലെ നിധിയെ പ്രാപിക്കുവാൻ മൃഗങ്ങളെയോ മനുഷ്യരെയോ ബലികൊടുത്താൽ മതിയത്രേ. ഈ നിധിക്കു് അങ്ങിനെയൊന്നുമല്ലാ വേണ്ടതു്. സുസൂക്ഷ്മപ്രഭാവത്തോടുകൂടിയ ഒരു് ഇലയുണ്ടു്. അതിനെ ആ നിധിയിന്മേൽ വെച്ചാൽ മതി. അതു് അങ്ങയുടേതാകും."

"അതു് എവിടെയാണുള്ളതു്?"

"രണ്ടു നദികൾക്കിടയിലുള്ള ഒരിടത്താണു് ആ നിധി. ഒന്നിന്നപ്പുറം ഒന്നൊന്നായി ഏററവും ഉറപ്പോടേ നിർമ്മിച്ചിട്ടുള്ള ഏഴു മതിൽക്കെട്ടുകൾക്കുള്ളിൽ അതിനെ സൂക്ഷിച്ചുവെച്ചിരിക്കുന്നു. സുരക്ഷിതമായ ഒരു യന്ത്രത്തിന്മേലെയാണതു്. അതിനെ ചുററിക്കൊണ്ടു് ഒരു ഘോരസർപ്പം കിടക്കുന്നുണ്ടു്. പന്ത്രണ്ടുവർഷം കൂടുമ്പോഴൊരിക്കൽ ദക്ഷിണസാഗരത്തിൽനിന്നു് ഒരു രാക്ഷസൻ ആ നിധി സുരക്ഷിതമായിരിക്കുന്നുണ്ടോ എന്നു നോക്കുവാൻ വരും."

"ഞാൻ അങ്ങയുടെ ദാസനാണു്. ആ നിധി എനിക്കു കാണിച്ചുതരണം."

"ആകട്ടെ; വഴിയേ ഞാൻ അതു് അങ്ങേക്കു കാണിച്ചുതരാം."

ഈ സംവാദം കഴിഞ്ഞതിൽപ്പിന്നെ രാമമിശ്രൻ ആളവന്താരുടെ മുമ്പിൽ ദിവസംതോറും ചെല്ലുക പതിവായി. അപ്പോഴെല്ലാം ഭഗവൽഗീതാപാരായണം അവിടെ നടന്നു. ഗീതയിലെ ആന്തരാർത്ഥം രാമമിശ്രൻ ആളവന്താരെ ഗ്രഹിപ്പിച്ചുതുടങ്ങി. ഗീതയിൽ ഉപദേശിച്ചിരിക്കുന്ന തത്വങ്ങളെയെല്ലാം പ്രത്യക്ഷജീവിത

ത്തിൽ അനുഷ്ഠിച്ചുനോക്കേണമെന്നു യമുനാചാൎയ്യൻ നിശ്ചയിച്ചു.

ഒരുനാൾ അദ്ദേഹം രാമമിശ്രനെ നോക്കി:—"സ്വാമിൻ; ഭഗവൽപാദാരവിന്ദങ്ങളിൽ ഞാൻ ശരണംപ്രാപിച്ചാൽ തന്തിരുവടികൾ എന്നെ അംഗീകരിക്കുമോ" എന്നു ചോദിച്ചു. "എന്തുകൊണ്ട് അംഗീകരിക്കയില്ലാ. ഭഗവാൻ ഏതൊരു ഭക്തനേയും അനുഗ്രഹിക്കും" എന്നു രാമമിശ്രൻ സംശയം തീൎത്തുകൊടുത്തു.

ആളവന്താരുടെ മനസ്സിന്നു വേണ്ടുന്നത്ര പരിപാകമുണ്ടായിയെന്നു കണ്ടപ്പോൾ രാമമിശ്രൻ അദ്ദേഹത്തിന്നു പ്രപത്തിയെക്കുറിച്ചുള്ള രഹസ്യം ഏകാന്തത്തിൽ ഉപദേശിച്ചു. പിന്നീടു വളരെ ശീഘ്രത്തിൽ ആളവന്താൎക്കു സംസാരവൈരാഗ്യമുണ്ടായി. ലോകത്തിലെ നശ്വരങ്ങളായ സുഖദുഃഖാനുഭവങ്ങളിൽനിന്നെല്ലാം അകന്ന് അദ്ദേഹത്തിന്റെ മനസ്സ് ഭഗവൽഭക്തിയിൽ ലയിച്ചു. ഭോഗത്തിൽനിന്നു ത്യാഗത്തിലേക്കു യമുനാചാൎയ്യൻ തിരിഞ്ഞിരിക്കുന്നുവെന്നു രാമമിശ്രൻ കണ്ടു.

"വത്സാ, തന്റെ പിതാമഹൻ തനിക്കായി എന്നെ ഏല്പിച്ചിട്ടുള്ള ആ നിധിയെ താൻ കൈക്കൊള്ളേണ്ടകാലമായി. താൻ എന്നോടുകൂടി വരുന്നതായാൽ ആ നിധിയെ ഞാൻ തനിക്കു കാണിച്ചുതരാം" എന്നു വിളിച്ചു.

നിധി കാണുവാൻ ചെല്ലുമ്പോൾ രാജകീയമായ ആഡംബരങ്ങളോ പരിവാരങ്ങളോ അരുതെന്നും, ഏകനായിട്ടാണു പുറപ്പെടേണ്ടതെന്നും രാമമിശ്രൻ പറയുകയാൽ യമുനാചാൎയ്യൻ അതു സമ്മതിച്ചു.

അവരിരുവരുംകൂടി രാജധാനിയിൽനിന്നിറങ്ങി. രാമമിശ്രനെ എങ്ങോട്ടെന്നറിയാതെ യമുനാചാൎയ്യൻ അനുഗമിച്ചു. അവർ ശ്രീരംഗത്തിലെത്തി. പിന്നെ ക്ഷേത്ര

ത്തിൽ പ്രവേശിച്ചു. നേരെ ശ്രീമൂലസ്ഥാനത്തേക്കു കടന്നു. അവിടെ നിന്നുകൊണ്ടു രാമമിശ്രൻ ശ്രീരംഗനാഥവിഗ്രഹത്തെ യമുനാചാര്യനു ചൂണ്ടിക്കാണിച്ചുകൊടുത്തു.

"എന്റെ ഓമനമകനേ, ഇതാണു തന്റെ പിതാമഹൻ തനിക്കെന്നുകരുതി വെച്ചുപോയിട്ടുള്ള ആ അമൂല്യവും അക്ഷയവുമായ നിധി. ഇതിനെത്തന്നെയാണു തനിക്കു കാണിച്ചുതരുന്നതിലേയ്ക്കു തന്റെ പിതാമഹൻ എന്നെ ഏല്പിക്കുകയുണ്ടായതു്."

യമുനാചാര്യൻ ആ പുണ്യവിഗ്രഹത്തെ ആനന്ദപാരവശ്യത്തോടെ പേർത്തും പേർത്തും നോക്കി. സർവ്വസുഖങ്ങളും സർവ്വശ്രേയസ്സും ആ വിഗ്രഹത്തിൽനിന്നു സമൃദ്ധമായി പ്രവഹിച്ചുവരുന്നതായി അദ്ദേഹം കണ്ടു. കാണേണ്ടതു കണ്ടുവെന്നും, കിട്ടേണ്ടതു കിട്ടിയെന്നും ചരിതാർത്ഥനായി. കണ്ടാലും കണ്ടാലും മതിയാകുന്നില്ലെന്നായി. അവിടെനിന്നു മാറുവാൻ കഴിവില്ലെന്നുമായി.

അദ്ദേഹം വിചാരിക്കയാണു്:—"ഞാൻ സംസാരത്തിൽ ഭ്രമിച്ചു് സുഖദുഃഖചക്രത്തിൽ അകപ്പെട്ടു ചുററിത്തിരിയുകയായിരുന്നു. അധോമുഖമായി അതിവേഗം ഞാൻ വീണുകൊണ്ടിരുന്നു. ഈ പുണ്യാത്മാവു മഹാപാപിയായ എന്നെ അന്വേഷിച്ചുവന്നു് എനിക്കുവേണ്ടി ആറു മാസംവരെ കാത്തുനിന്നു്, എല്ലാവർക്കും വിസ്മയമുണ്ടാകുമാറുള്ള ഉപായത്താൽ എന്നെ അടുത്തു നിസ്സീമമായ ക്ഷമയോടും അധികമായ ഉൽക്കണ്ഠയോടുംകൂടി എന്നോടൊരുമിച്ചുതന്നെ രാവും പകലും പാർത്തു് എന്റെ മനസ്സിനു പരിപാകമുണ്ടാകുന്നതുവരെയ്ക്കും തത്വോപദേശംചെയ്തുപോന്നിരിക്കുന്നു. എന്റെ പൂർവ്വികന്മാർ നേടിയ ധനം എന്നെ ഏല്പിക്കാമെന്നു് ഇദ്ദേഹം പറഞ്ഞപ്പോഴും അതു് ഏതോ ഭൗതികനിധിയാണെന്നു

മോഹത്താൽ ഞാൻ കരുതി. ആ അനർഘധനം സാക്ഷാൽ പരമാത്മാവാണെന്നു് ഇപ്പോഴാണു് ഞാൻ അറിഞ്ഞതു്. ഇതു് എല്ലാനിധിയിലുംവെച്ചു ശ്രേഷ്ഠം തന്നെയെന്നതിൽ ആൎക്കെങ്കിലുമുണ്ടോ തൎക്കം? എനിക്കായി ഒരു നിധി എന്റെ പിതാമഹൻ കരുതിവെച്ചിട്ടുണ്ടെന്നു ആദ്യം കേട്ടപ്പോൾ അതു പൊന്നോ, വെള്ളിയോ, രത്നങ്ങളോ എന്നു ഞാൻ സംശയിച്ചുപോയി! അതു് ഏതൊരു സംഹാരശക്തിക്കും ബാധിക്കുവാൻ കഴിവുള്ളതല്ലെന്നു് ഇദ്ദേഹം പറഞ്ഞു. അതു് മറഞ്ഞുകിടക്കുന്നതു് എവിടെയാണെന്നു കാണുവാൻ വല്ല അഞ്ജനവുമുണ്ടോ എന്നു ഞാൻ ചോദിച്ചു. അഞ്ജനം യാതൊന്നും ഇല്ലാതിരുന്നാൽ മാത്രമേ ഈ നിധിയെ പ്രത്യക്ഷമാക്കുവാൻ കഴികയുള്ളുവെന്നു് ഇദ്ദേഹം പറഞ്ഞു. ലൌകികമാലിന്യങ്ങളെല്ലാം നീങ്ങിയാൽമാത്രമേ ഈ നിധി ആൎക്കും ദൃഷ്ടിഗോചരമാകയുള്ളുവല്ലോ. നിധിയെ എടുക്കുവാൻ ഭൂഗർഭബലിയോ മറ്റോ വേണ്ടിവരുമോ എന്നു് എനിക്കു സംശയമുണ്ടായി. അപ്പോൾ, സൂക്ഷ്മപ്രഭാവത്തോടുകൂടിയ ഒരു ഇലയെപ്പറ്റിയാണു് ഇദ്ദേഹം പറയുന്നതു്. തുളസിയായിരിക്കാം ആ ഇല. രണ്ടു നദികൾക്കിടയിലാണത്രെ ആ നിധി. ഉത്തരകാവേരിക്കും ദക്ഷിണകാവേരിക്കും മദ്ധ്യേയുള്ള ശ്രീരംഗമാണതെന്നു് ഇപ്പോൾ മനസ്സിലായി. ഈ ക്ഷേത്രത്തിനു് ഏഴു പ്രാകാരങ്ങളുണ്ടല്ലോ. പ്രണവമാണു ഇദ്ദേഹം പറഞ്ഞ ആ യന്ത്രം. ആ ഘോരസർപ്പം ജ്ഞാനങ്ങൾക്കെല്ലാം അധിഷ്ഠാനമായ ആദിശേഷമൂർത്തിയാണു്. പന്തീരാണ്ടുകൂടുമ്പോൾ ഇവിടെ വരുന്ന ആ രാക്ഷസൻ ഭക്തശിരോമണിയായ വിഭീഷണൻ തന്നെ. ഇങ്ങിനെയുള്ള ഈ നിധിയെ എന്റെ പിതാമഹനായ നാഥമുനികൾ എന്നെ ഏല്പിക്കുവാൻ കരുതിവെ

ച്ചിരിക്കയാണത്രെ. ഞാൻ ഇവിടെത്തന്നെ വസിച്ച് ഭഗവാനെ സൎവ്വദാ ആരാധിക്കേണമെന്നതാണ പിതാമഹന്റെ നിയോഗം. ഹാ, എത്ര മഹത്തരമായ ജീവകാൎയ്യം! സംസാരപ്രവാഹത്തിൽ ഒരിക്കലും ശാന്തികാണാതെ മുങ്ങിയും പൊങ്ങിയും കുഴങ്ങിക്കൊണ്ടിരുന്ന എന്നെ എന്റെ ഗുരു അന്വേഷിച്ചുവന്ന് നിത്യജീവിതവും സത്യജ്ഞാനവും നൽകി അനുഗ്രഹിച്ചുവല്ലൊ. സദാനന്ദപൂൎണ്ണമായ ഈ അവസ്ഥയിൽ ഭാൎയ്യയും മക്കളും മാനവും കീൎത്തിയും വിത്തവും കോയ്മയുമെല്ലാം എത്ര തുച്ഛം! ലോകത്തിലെ യാതൊരുശക്തിയും ഇനി എന്നെ പ്രലോഭിപ്പിക്കുന്നതല്ലാ. ഈശ്വരഭക്തിക്കുമാത്രമല്ലാതെ വേറെയൊന്നിന്നും ഇനി എന്റെ മനസ്സിൽ ഇടമില്ലാ."

ഇങ്ങിനെ നിശ്ചയിച്ച യമുനാചാൎയ്യൻ ശ്രീരംഗത്തുതന്നെ ഏകാഗ്രമായ ഭക്തിയോടെ ഭഗവാനെ ആരാധിച്ചുകൊണ്ടു പാൎത്തു. അദ്ദേഹത്തിന്റെ യശസ്സ് നാലുപാടും പരന്നു. ആ ഭക്താഗ്രഗണ്യനായ ത്യാഗിവൎയ്യനെ പൂജിക്കുവാൻ നാനാദേശങ്ങളിൽനിന്നും സാധുവൃത്തന്മാർ വന്നുതുടങ്ങി. സംസാരത്തിൽ നിത്യസുഖം കാണാതെ ഉഴന്നുകൊണ്ടിരിക്കുന്ന വിദ്വാന്മാർ പലരും അഭയാൎത്ഥികളായി യമുനാചാൎയ്യനെ പ്രാപിച്ചു. അദ്ദേഹത്തിന്നു് അൎദ്ധരാജ്യം കൊടുക്കുകയുണ്ടായ രംഗചോഴനെന്ന രാജാവും രംഗനായകിയെന്ന രാജ്ഞിയും അദ്ദേഹത്തെ കാണുവാൻ വന്നു. രംഗചോഴൻ യമുനാചാൎയ്യന്റെ ശിഷ്യനായി നാഥമുനിദാസൻ എന്ന നാമം ധരിച്ചു. ആക്കിയാഴ്‌വാനും ഒടുക്കം ആളവന്താരുടെ ശിഷ്യനായി. തന്റെ രാജ്യത്തെ മുഴുവൻ അദ്ദേഹം (യമുനാചാൎയ്യൻ) രംഗനാഥസന്നിധിയിൽ സമൎപ്പിച്ചു. പിൽക്കാലത്തു് ആ രാജ്യം ക്രമികണ്ഠചോഴന്റെ രാജ്യത്തോടു ചേൎന്നുവത്രെ.

ആളവന്താർക്കുണ്ടായിരുന്ന രണ്ടു പുത്രന്മാരും അദ്ദേഹത്തോടൊരുമിച്ചു് ശ്രീരംഗത്തുതന്നെ പാർത്തു. അദ്ദേഹത്തിന്നുണ്ടായ ശിഷ്യന്മാരിൽ പ്രമാണികൾ മഹാപൂർണ്ണൻ, ഗോഷ്ഠിപൂർണ്ണൻ, ശൈലപൂർണ്ണൻ, മാരനേരിനമ്പിയാർ, കാഞ്ചിപൂർണ്ണൻ, ദൈവവാരിയാണ്ടാൻ, മാലാധരൻ എന്നിവരാണു്.

ഈ ശിഷ്യന്മാരിലാരുംതന്നെ തന്റെ കാലത്തിന്നു ശേഷം തന്റെ സ്ഥാനത്തെ വേണ്ടുംപോലെ സംരക്ഷിക്കുവാൻ സമർത്ഥരല്ലെന്നു് യമുനാചാര്യർ കണ്ടു. അതുകൊണ്ടു്, തന്റെ വാർദ്ധക്യകാലത്തു്, തന്റെ നേട്ടങ്ങളെ ഏറ്റുവാങ്ങുന്നതിലേക്കു ഉത്തമശിഷ്യനെ കാത്തുകൊണ്ടു് അദ്ദേഹം വാണു.

ദ്വിതീയഖണ്ഡം—ബാല്യം

ആളവന്താരായ യമുനാചാര്യന്റെ ശിഷ്യന്മാരിൽ ഒരാളായ ശൈലപൂർണ്ണന്നു് രണ്ടു സഹോദരികൾ ഉണ്ടു്. ഇവരിൽ മൂത്തവളായ കാന്തിമതിയെ പെരുമ്പൂത്തൂർ ആസൂരി കേശവസോമയാജിയും, ഇളയവളായ ദയന്തിമതിയെ വല്ലാളമംഗലം കമലനയനഭട്ടനും പരിഗ്രഹിച്ചു.

യജുർവ്വേദത്തെ സംബന്ധിച്ചു് കേശവീയം എന്ന പേരിൽ പല ഗ്രന്ഥങ്ങളും കേശവസോമയാജി ഉണ്ടാക്കീട്ടുണ്ടു്.

വിവാഹംനടന്നു പല വർഷങ്ങൾ കഴിഞ്ഞിട്ടും അദ്ദേഹത്തിന്നു പുത്രവാനാകുവാൻ ഭാഗ്യമുണ്ടായില്ലാ. തന്മൂലം അദ്ദേഹത്തിന്റെ ജീവിതം ശോകമയമായി. എങ്കിലും, ദൈവത്തെ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടു്

വിശിഷ്ടവിചാരകൎമ്മങ്ങളോടെ ആ പുണ്യാത്മാവു വൎത്തിച്ചു. അതൊരു സോമഗ്രഹണകാലത്തു സമുദ്രസ്നാനംകഴിഞ്ഞു തിരുവല്ലിക്കേണിയിലെ പാൎത്ഥസാരഥി ക്ഷേത്രത്തിൽ ചെന്നപ്പോൾ, പുത്രാൎത്ഥം അവിടെ കുറേനാൾ ഭജിക്കേണമെന്നു് സോമയാജിക്കുതോന്നി. അപ്രകാരം അദ്ദേഹം വ്രതനിയമങ്ങളോടെ പാൎത്ഥസാരഥിയെ ആരാധിച്ചുകൊണ്ടു തപശ്ചൎയ്യയിൽ ഏൎപ്പെട്ടു. തൽഫലമായി ദൈവംപ്രസാദിച്ചു കാന്തിമതി ഗൎഭിണിയായി.

ചെന്നപട്ടണത്തിൽ നിന്നു് ഇരുപത്തിരണ്ടുനാഴിക പടിഞ്ഞാറായുള്ള പെരുമ്പൂതൂർ എന്ന ഗ്രാമത്തിലാണു് കേശവസോമയാജിടെ ഭവനം. അദ്ദേഹത്തിനു കാന്തിമതിയിൽ 1017-ാം ക്രിസ്ത്വബ്ദത്തിൽ തേജോമയനായ ഒരു പുത്രൻ ജനിച്ചു.

തനിക്കു് ദൌഹിത്രൻ ഉണ്ടായിയെന്നു് ശൈലപൂൎണ്ണൻ അറിഞ്ഞുടനെ പെരുമ്പൂതൂരിൽ വന്നു. ഉത്തമലക്ഷണങ്ങളൊക്കെയും ആ ശിശുവിൽ തികഞ്ഞിരിക്കുന്നതുകണ്ടു് മാനുഷികവും ദൈവികവുമായ എല്ലാ ജ്ഞാനങ്ങളുടേയും ആകരമാകുമെന്നു് അദ്ദേഹം കരുതി. ലക്ഷ്മണൻ എന്നാണു് ആ കുട്ടിക്കു് നാമകരണംചെയ്തതെങ്കിലും അവനെ രാമാനുജൻ എന്നു വിളിച്ചുവന്നു.

സൎവ്വൎക്കും ആഹ്ലാദവൎദ്ധനനായി രാമാനുജൻ വളൎന്നു. സാമാന്യമായ വിദ്യാഭ്യാസമെല്ലാം ബാല്യത്തിൽത്തന്നെ കഴിഞ്ഞു. പതിനഞ്ചു വയസ്സായപ്പോഴേക്കും വേദാധ്യയനത്തിലും കുശലിയായി. മകനു പതിനാറു വയസ്സായപ്പോൾ അവനെക്കൊണ്ടു് അച്ഛൻ തങ്കമ്മാൾ, അഥവാ, രക്ഷകാംബാൾ എന്ന ഒരു കന്യകയെ വിവാഹം ചെയ്യിച്ചു.

അതു കഴിഞ്ഞ് അധികനാൾ കേശവസോമയാജി ജീവിച്ചിരുന്നില്ല. കുലവർദ്ധനനായ പുത്രൻ ഗാർഹസ്ഥ്യത്തിൽ പ്രവേശിച്ചതു കണ്ടിട്ടുണ്ടായ സംതൃപ്തിയോടെ അദ്ദേഹം മരിച്ചു.

അക്കാലത്തു കാഞ്ചീപുരത്തിന്നരികെ തിരുപ്പുറ്റുക്കുഴി എന്ന ഗ്രാമത്തിൽ യാദവപ്രകാശൻ എന്നൊരു സന്ന്യാസി വാണിരുന്നു. അദ്വൈതസിദ്ധാന്തപ്രകാരം വേദശാസ്ത്രങ്ങളിലെല്ലാം മഹാപാണ്ഡിത്യംനേടിയ വിശ്രുതനാണദ്ദേഹം. അദ്വൈതിയാണ് അദ്ദേഹമെങ്കിലും ശങ്കരപ്രസ്ഥാനത്തിൽനിന്ന് അദ്ദേഹത്തിന്റെ മതം അല്പം ഭിന്നിച്ചിട്ടാണത്രേ. അതുകൊണ്ട് ശങ്കരാനുയായികൾ യാദവപ്രകാശനെ ആദരിച്ചിരുന്നില്ല. എങ്കിലും, അദ്ദേഹം മഹാ വിദ്വാനായിരുന്നതിനാൽ നാനാദേശങ്ങളിൽനിന്നും ജിജ്ഞാസുക്കളായ പല ശിഷ്യന്മാരും അദ്ദേഹത്തെ സേവിച്ചുപോന്നു. രാമാനുജനും ഉപരിപാഠത്തിന്നായി ഈ യാദവപ്രകാശനെ ആശ്രയിച്ചു. ഭാര്യയെ കിട്ടിയെന്നുവെച്ച് വിദ്യയെ അദ്ദേഹം വിട്ടില്ല. വിദ്യയിൽ അങ്ങേഅറ്റം കേറിച്ചെന്ന്, അറിയേണ്ടതു അറിഞ്ഞുകഴിഞ്ഞിട്ടേ നില്ക്കുകയുള്ളുവെന്ന ഉറപ്പോടെയാണ് രാമാനുജന്റെ പുറപ്പാട്.

രാമാനുജന്റെ അനുജനായി, ദ്യുതിമതിയിൽ കമലനയനഭട്ടന്ന് ഒരു പുത്രനുണ്ടായി. ഈ ശുഭവർത്തമാനം കേട്ട് ശൈലപൂർണ്ണൻ അവിടെ ചെന്നു. തന്റെ മൂത്തമകളായ കാന്തിമതിയുടെ പുത്രനെപ്പോലെ ഈ ദ്യുതിമതിയുടെ പുത്രനും ശുഭലക്ഷണപൂർണ്ണനാണെന്നുകണ്ട് അദ്ദേഹം സന്തോഷിച്ചു. ആ കുട്ടിക്ക ഗോവിന്ദൻ എന്നു നാമകരണം ചെയ്തു.

അതിബുദ്ധിശാലിയും സൽഗുണസമ്പന്നനുമായി ഗോവിന്ദൻ വളൎന്നു. ബാല്യത്തിൽത്തന്നെ വിദ്യകളെല്ലാം അന്യാദൃശമായ സാമൎത്ഥ്യത്തോടെ അഭ്യസിച്ചു. വേദങ്ങളിലും ശാസ്ത്രങ്ങളിലുമെല്ലാം പരിചിതനുമായി. അപ്പോഴാണ് രാമാനുജൻ വേദാന്തത്തിൽ വിദഗ്ദ്ധനാകുന്നതിന്നു യാദവപ്രകാശനെ ആശ്രയിച്ചിരിക്കുന്നുവെന്നു ഗോവിന്ദൻ കേട്ടതു്. ഉടനെ അദ്ദേഹവും ഉപരിവിദ്യാഭ്യാസത്തിന്നു അങ്ങോട്ടു ചെന്നു. അങ്ങിനെ രാമാനുജനും ഗോവിന്ദനും യാദവപ്രകാശന്റെ ശിഷ്യന്മാരായി ഒരുമിച്ചു വസിച്ചു.

അദ്വൈതസിദ്ധാന്തത്തിൽ രാമാനുജൻ നിപുണനായി. എന്നാൽ, അതിലെ ചില വിചാരങ്ങൾ അദ്ദേഹത്തിന്നു രുചിച്ചില്ല. ഭാവിയിൽ നവ്യപ്രസ്ഥാനകാരനാകുവാൻ വളരുന്ന അദ്ദേഹത്തിൽ അതിന്റെ ലാഞ്ഛനകൾ ബാല്യത്തിൽത്തന്നെ കണ്ടുവന്നു. വേദാന്തസംബന്ധമായ പൂൎവ്വമതങ്ങളോടും, അതിന്നു ഗുരുനാഥൻ ചെയ്യുന്ന വ്യാഖ്യാനത്തോടും രാമാനുജൻ ഇടയ്ക്കിടെ എതിൎത്തുതുടങ്ങി. എന്തോ അസാമാന്യശക്തി രാമാനുജനുണ്ടെന്നു സൂക്ഷ്മദൃക്കുകൾക്കു അപ്പോൾത്തന്നെ കാണാമായിരുന്നു. അതു വെളിപ്പെടുന്നതിന്നു ഉടനെ സന്ദൎഭമുണ്ടായി.

ആ നാട്ടിലെ രാജാവിന്റെ മകൾ സൌന്ദൎയ്യംകൊണ്ടും സൌശീല്യംകൊണ്ടും യശസ്വിനിയായി വാണുവരുമ്പോൾ എന്തോ കൎമ്മദോഷത്താൽ അവളെ ബ്രഹ്മരക്ഷസ്സ് ബാധിച്ചു. അതോടുകൂടി അവൾ തന്നെത്താൻ മറന്നു പൈശാചികചേഷ്ടകൾ കാണിച്ചുതുടങ്ങി. ഇതുകണ്ട് ശോകാക്രാന്തനായ രാജാവു മകളിൽനിന്നു ബാധ ഒഴിക്കുവാൻ പല മട്ടിലും പ്രയത്നിച്ചുനോക്കി; അതൊക്കെയും നിഷ്ഫലമായതേയുള്ളു. ഒടുക്കം, യാദവപ്രകാ

ശൻറ മഹത്വത്തെക്കുറിച്ചു് രാജാവു കേട്ടു് അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവരുവാൻ ദൂതനെ അയച്ചു.

"ഒരു പിശാചിനെ ഓടിക്കുന്നതിന്നു ഞാൻ അങ്ങോളം വരേണമെന്നില്ലാ. എൻറ വാക്കായി ആ പിശാചിനോടു രാജപുത്രിയിൽനിന്നു് ഒഴിഞ്ഞുപോകുവാൻ നിങ്ങൾ ചെന്നു പറഞ്ഞാൽ മതി" എന്നാണു് യാദവപ്രകാശനിൽനിന്നു് അരുളപ്പാടുണ്ടായതു്.

അപ്രകാരം പ്രവൎത്തിച്ചുനോക്കിയതിൽ, രാജപുത്രിയെ ബാധിച്ചിരിക്കുന്ന ആ ബ്രഹ്മരക്ഷസ്സു് ഉറക്കെ ചിരിക്കയാണു ചെയ്തതു്. "അവൻ എന്നോടു് ആജ്ഞാപിക്കുവാൻ ആരു്? അവനു ജീവിതം വേണമെങ്കിൽ അവൻ ഈ രാജ്യത്തുനിന്നു് ഓടി മറഞ്ഞുകൊള്ളട്ടെ" എന്നു് ആ പിശാചു് ഗൎജ്ജിച്ചു.

ഇതു രാജദൂതനിൽനിന്നു യാദവപ്രകാശൻ അറിഞ്ഞു. അപ്പോഴുണ്ടായ ക്രോധത്തോടുകൂടി അദ്ദേഹം ശിഷ്യജനസമേതം രാജധാനിയിൽ ചെന്നു. ഉഗ്രവീൎയ്യമുള്ള മന്ത്രംകൊണ്ടു് ആ ബ്രഹ്മരക്ഷസ്സിനെ പ്രഹരിക്കുവാൻ അദ്ദേഹം ആരംഭിച്ചപ്പോൾ അതു രൌദ്രത്തോടെ ഇങ്ങോട്ടെതിൎത്തുനിന്നു.

"നീ എന്നിലേക്കു വിടുന്ന മന്ത്രം ഏതാണെന്നു് എനിക്കറിയാം. ഈ മന്ത്രംകൊണ്ടു് എന്നെ ജയിക്കുവാൻ നീ ആശിക്കേണ്ടാ. കേവലം ഗൎവ്വിഷ്ഠനായ മൂഢനാണു് നീ. നിന്നെ നിൻറ പൂൎവ്വജന്മത്തിൽത്തന്നെ ഞാൻ അറിയും.. നീ പൂൎവ്വജന്മത്തിൽ ഒരു കീരിയായിരുന്നു. മധുരാന്തകമെന്ന തടാകത്തിൻറ തീരത്തിലാണു നീ വളൎന്നിരുന്നതു്. കാഞ്ചീപുരത്തുനിന്നു തിരുപ്പതിക്കു തീൎത്ഥയാത്ര പുറപ്പെട്ടിരുന്ന ചില വൈഷ്ണവന്മാർ ഒരുനാൾ ആ തടാകതീരത്തിൽ വിശ്രമിക്കയുണ്ടായി. അവർ അവിടെ

വെച്ചു ഭുജിച്ചതിന്റെ ഉച്ഛിഷ്ടം നിനക്കു കിട്ടി. അതിന്റെ ഫലമായിട്ടാണ് ഈ ജന്മത്തിൽ നീ ഇങ്ങിനെ വിദ്വാനായി ജനിച്ചത്. ഞാനാവട്ടെ, പൂർവ്വജന്മത്തിൽ ഉൽകൃഷ്ടബ്രാഹ്മണനായിരുന്നു. അന്നു ഞാൻ അനുഷ്ഠിക്കയുണ്ടായ യാഗത്തിൽ അശ്രദ്ധകൊണ്ടു ചില കർമ്മങ്ങൾ പിഴയ്ക്കുകയാൽ ഇങ്ങിനെ പാപാത്മാവായി അധഃപതിക്കേണ്ടിവന്നതാണ്. നീ ഇപ്പോൾ ബ്രാഹ്മണനും ഞാൻ ഇപ്പോൾ രക്ഷസ്സുമാണെങ്കിലും, ജന്മാന്തരവാസനയിൽ ഞാൻ നിന്നേക്കാൾ ശ്രേഷ്ഠനാകയാൽ നിനക്ക് എന്നെ ജയിക്കുവാൻ ശക്തിയില്ല." എന്നിങ്ങിനെ ആ ബ്രഹ്മരക്ഷസ്സു പറയുന്നത് എല്ലാവരും അത്ഭുതഭയവികാരങ്ങളോടെ കേട്ടു. അപജയത്താലുണ്ടായ ലജ്ജയാൽ യാദവപ്രകാശൻ തലതാഴ്ത്തി. എങ്കിലും അദ്ദേഹം പിന്മാറാതെ, "നിന്നെ ജയിക്കുവാൻ ഈ ഭൂമിയിൽ ആരെങ്കിലും ഉണ്ടോ" എന്ന് ആ ബ്രഹ്മരക്ഷസ്സിനോടു ചോദിച്ചു.

യാദവപ്രകാശന്റെ പിന്നിൽ വിനീതനും ദർശനീയനുമായി നില്ക്കുന്ന രാമാനുജന്റെ അടുക്കലേക്ക് ആ രാജകുമാരി പതുക്കെ നീങ്ങിച്ചെന്നു പാദങ്ങളിൽ നമസ്കരിച്ചതിൽപ്പിന്നെ, "ഇ മഹാപുരുഷൻ ആജ്ഞാപിക്കുന്നതായാൽ ഞാൻ ഒഴിഞ്ഞുകൊള്ളാം" എന്നു പറഞ്ഞു.

ഇതുകേട്ടു യാദവപ്രകാശൻ ആ ബ്രഹ്മരക്ഷസ്സിനെ ഒഴിക്കുന്നതിന്നു രാമാനുജനോടു കല്പിച്ചു. അപ്രകാരം രാമാനുജൻ, രാജകുമാരിയിൽ പ്രവർത്തിക്കുന്ന ആ ബ്രഹ്മരക്ഷസ്സിനെ സങ്കല്പദൃഷ്ട്യാ നോക്കിക്കൊണ്ട്, "നീ ഈ രാജപുത്രിയെ ദ്രോഹിക്കരുത്. ഒഴിഞ്ഞുപോയേക്കുക; നിനക്കു സൽഗതിയുണ്ടാകട്ടെ" എന്ന് ഉത്തരവുകൊടുത്തു.

"അങ്ങയുടെ പാദം എന്റെ ശിരസ്സിൽ അണെച്ചാലും! അങ്ങിനെ ചെയ്യുന്നതായാലേ എനിക്കു പാപമോചനമുണ്ടാകയുള്ളു." എന്നു ആ ബ്രഹ്മരക്ഷസ്സു പ്രാൎത്ഥിക്കയാൽ രാമാനുജൻ അങ്ങിനെ ചെയ്തതിൽപ്പിന്നെ, "നീ ഒഴിഞ്ഞുപോയിയെന്നു് എന്തു ലക്ഷണം കണ്ടിട്ടാണു് ഞങ്ങൾ നിശ്ചയിക്കേണ്ടതു്" എന്നു ചോദിച്ചു.

"അതാ, കാണുന്ന അത്തിമരത്തിലാണു ഞാൻ പാൎക്കുന്നതു്. ഞാൻ ഒഴിഞ്ഞാൽ ആ മരം അടിയോടെ പുഴങ്ങി വീഴും."

ബ്രഹ്മരക്ഷസ്സ് ഇതു പറഞ്ഞുകഴിഞ്ഞ ഉടനെ രാജകുമാരി മയങ്ങിവീണു സുഖനിദ്രയെ പ്രാപിക്കയും ആ അത്തിമരം പുഴങ്ങി വീഴുകയും ചെയ്തു. രാമാനുജൻ വിജയിയായി.

നിദ്രകഴിഞ്ഞു് രാജകുമാരി ഉണൎന്നു. ഇടയ്ക്കു നടന്നതൊന്നും അവൾക്കു് അറിഞ്ഞുകൂടാ. തന്റെ ചുററും ആളുകൾ കൂടിയിരിക്കുന്നതുകണ്ടു് അവൾ സംഭ്രമിച്ചു. തനിക്കു ബ്രഹ്മരക്ഷോബാധയുണ്ടായതും അതിനെ രാമാനുജൻ നീക്കിയതും അവൾ അച്ഛനിൽനിന്നു് അറിഞ്ഞു. അഭയപ്രാൎത്ഥനയോടെ രാമാനുജനെ നമസ്കരിച്ചു് ആശിസ്സേററതിൽപ്പിന്നെയാണു് അവൾ അന്തഃപുരത്തിലേക്കു മാറിയതു്. രാജാവിൽനിന്നു തനിക്കുകിട്ടിയ സമ്മാനങ്ങളെല്ലാം രാമാനുജൻ ഗുരുവിന്നുകൊടുത്തു.

വയോധികനായ യമുനാചാൎയ്യൻ തന്റെ സ്ഥാനത്തെ ഏററുവാങ്ങുന്നതിന്നു് ഉത്തമശിഷ്യനെ കാണാതെ പരിതപിച്ചുകൊണ്ടിരിക്കയാണു്. തന്റെ പിൽക്കാലത്തു വൈഷ്ണവാചാൎയ്യനാകുവാൻ യോഗ്യനായ ഒരു മഹാപുരുഷൻ എവിടെയോ അവതരിച്ചിട്ടുണ്ടെന്നു യദൃച്ഛയാ അ

ദ്ദേഹത്തിന്നു തോന്നലുണ്ടായി. അതിനെപ്പററി അന്വേഷിക്കുവാൻ അദ്ദേഹം നാനാദേശങ്ങളിലേക്കും ശിഷ്യന്മാരെ നിയോഗിച്ചു.

രാജപുത്രിയിൽനിന്നു ബ്രഹ്മരക്ഷസ്സിനെ ഒഴിക്കുകയാൽ രാമാനുജൻ ആ നാട്ടിലെങ്ങും കീർത്തിമാനായി. ദിവ്യപ്രഭാവത്തോടുകൂടിയ ഒരു ബാലൻ കാഞ്ചീപുരത്തു യാദവപ്രകാശന്റെ ശിഷ്യനായി വർത്തിച്ചുപോരുന്നുവെന്നു ചില വൈഷ്ണവന്മാർ കേട്ട് ആ വർത്തമാനം ശ്രീരംഗത്തു ചെന്നു യമുനാചാര്യനെ അറിയിച്ചു. "ആ ശ്രേഷ്ഠപുരുഷൻതന്നെയാണ് എന്നെ പിന്തുടരേണ്ടുന്ന ആചാര്യൻ" എന്ന് അദ്ദേഹം തൽക്ഷണം നിശ്ചയിച്ച്, കാഞ്ചീപുരത്തേക്കു പുറപ്പെട്ടു.

യമുനാചാര്യന്റെ ശിഷ്യനായ തിരുക്കച്ചിനമ്പിയാർ, അഥവാ, കാഞ്ചിപൂർണ്ണൻ കാഞ്ചീപുരത്താണു വസിക്കുന്നതു്. അദ്ദേഹം തന്റെ ഗുരുവിനെ എതിരേററു സൽക്കരിച്ചു. ആ ത്യാഗിശ്രേഷ്ഠനായ മഹാഭക്തനെ പൂജിക്കുന്നതിലേക്കു പലരും അവിടെക്കൂടി.

അനന്തരം, കാഞ്ചീപുരനാഥനായ വരദരാജപ്പെരുമാളെ ആരാധിക്കുന്നതിനായി യമുനാചാര്യനും അനുചരന്മാരും ക്ഷേത്രത്തിൽ പ്രവേശിച്ചു. അവിടത്തെ ഓരോ പ്രാകാരത്തിലും പ്രദക്ഷിണംചെയ്തുകൊണ്ടു ചെല്ലുമ്പോൾ, യാദവപ്രകാശനും ശിഷ്യന്മാരുംകൂടി അവിടെ വരുന്നതു കണ്ട്, അവർ ആരെന്നു തിരുക്കച്ചിനമ്പിയാരിൽനിന്നു യമുനാചാര്യൻ അറിഞ്ഞു്, അക്കൂട്ടത്തിൽ രാമാനുജനും ഉണ്ടോ എന്നു ചോദിച്ചു. സുന്ദരരൂപനും ആജാനബാഹുവുമായ ആ ബാലനെ നമ്പിയാർ ചൂണ്ടിക്കാണിച്ചുകൊടുത്തു.

യമുനാചാൎയ്യൻ രാമാനുജനെ വളരെ നേരം ഉററുനോക്കി. ആനന്ദകാന്തി അദ്ദേഹത്തിൻെറ മുഖത്തു സമുജ്ജ്വലിച്ചു. തൻെറ ജ്ഞാനത്തെ മുഴുവൻ സൂക്ഷ്മാന്തരീക്ഷത്തിൽക്കൂടി രാമാനുജനിലേക്കു പകരുന്നതുപോലെ അദ്ദേഹം നിൎന്നിമേഷം നോക്കിനിന്നു. പിന്നെ ഈശ്വരസ്തുതിയായി ഇങ്ങിനെ ഉച്ചരിച്ചു.

“പ്രകാശപൂൎണ്ണനും സത്യസ്വരൂപനുമായ ദേവാ, അങ്ങയല്ലാതെ എനിക്കു വേറെ ഗതിയില്ല. അങ്ങ് അമേയനാണ്. നിഗ്രൂഢവൎത്തിയായ അങ്ങയെ ആരും അറിയുന്നില്ല. അങ്ങയുടെ പരാക്രമത്തിന്ന് അളവില്ല. അങ്ങയോട് എനിക്ക് ഒരേ പ്രാൎത്ഥന മാത്രമേയുള്ളു. എൻെറ പിൽക്കാലത്തു രാമാനുജൻ ആചാൎയ്യസ്ഥാനത്തിൽ പ്രവേശിച്ച് അങ്ങയെ ആരാധിച്ചു മഹായശസ്വിയാകുവാൻ തക്കവണ്ണം അങ്ങ് അനുഗ്രഹിച്ചാലും! രാമാനുജനാൽ വൈഷ്ണവമതം ലോകമെങ്ങും വ്യാപിക്കുന്നതിന്ന് അങ്ങേയ്ക്കു കനിവുണ്ടാവട്ടെ.”

ഈ പ്രാൎത്ഥനയെ തുടൎന്ന് അദ്ദേഹം ഒരു കാവ്യമുണ്ടാക്കി. സ്തോത്രരത്നമെന്നാണ് അതിൻെറ പേര്. വരദരാജകീൎത്തനമാണ് അതിലെ വിഷയം. രാമാനുജനെ വൈഷ്ണവാചാൎയ്യനായി ഉയൎത്തുന്നതിലേക്ക് അതിലും പ്രാൎത്ഥനയുണ്ട്.

ഇത്രയും കഴിഞ്ഞു യമുനാചാൎയ്യൻ ക്ഷേത്രത്തിൽനിന്നു മടങ്ങി, തിരുക്കച്ചിനമ്പിയോടു യാത്രപറഞ്ഞ് ശ്രീരംഗത്തിലേക്കുതന്നെ പോന്നു. രാമാനുജനെ ഒന്നു കാണുക മാത്രമല്ലാതെ, ആ ബാലനോട് അടുക്കുകയോ സംസാരിക്കയോ യമുനാചാൎയ്യൻ ചെയ്തില്ല. മറെറാരാളുടെ ശിഷ്യനെ താൻ വലിയേ ചെന്ന് ആദരിക്കുന്നതു മൎയ്യാദയല്ലെന്ന് അദ്ദേഹത്തിന്നു തോന്നിയിരിക്കാം.

യാദവപ്രകാശന്നു ശ്രുതിവാക്യങ്ങളെല്ലാം ഹൃദിസ്ഥമാണെങ്കിലും, സാമാന്യമായി അവയുടെയെല്ലാം അൎത്ഥം അദ്ദേഹം ധരിച്ചിട്ടുണ്ടെങ്കിലും അവയെ അനുഭവത്തിലാക്കുവാൻ കെല്പുണ്ടായിട്ടില്ല. രാമാനുജൻ ബാലനാണെങ്കിലും, പഠിക്കുന്നതോരോന്നും സ്വജീവിതത്തിൽ പ്രയോഗിച്ചു് ഫലം കണ്ടുകൊണ്ടാണു വളരുന്നതു്. അതുകൊണ്ടു്, ശിഷ്യനും ഗുരുവും തമ്മിൽ ഇടയ്ക്കിടെ കൂട്ടിമുട്ടേണ്ടിവന്നു. "സത്യം ജ്ഞാനമനന്തം ബ്രഹ്മ"മെന്നു കേട്ടാൽ ബ്രഹ്മത്തിന്നു നിൎവ്വചനമായി സത്യമെന്നോ, ജ്ഞാനമെന്നോ, അനന്തമെന്നോ, ഏതെങ്കിലുമൊന്നുമാത്രം പ്രയോഗിച്ചാൽ പോരെയോ എന്നു സംശയിക്കത്തക്ക അവസ്ഥയിലാണു യാദവപ്രകാശൻ. അപ്പോൾ ആ സംശയം രാമാനുജൻ തീൎത്തുകൊടുക്കുവാൻ മുതിരും. ഗുരു എന്തോ പറഞ്ഞുകൊള്ളട്ടെ എന്നു് ആ തേജസ്വി അടങ്ങുകയില്ല. "സ്വാമിൻ, അങ്ങു വിചാരിക്കുന്നതിനെക്കാളധികം വിപുലമായ അൎത്ഥം ആ വാക്യത്തിന്നുണ്ടെന്നാണു തോന്നുന്നതു്"—എന്നു് ആരംഭിച്ചു സ്വന്തം മതംപോലെ അദ്ദേഹം അതിനെ വ്യാഖ്യാനിച്ചുതുടങ്ങും. അതു യാദവപ്രകാശന്നു ഗൎവ്വസ്പൎശിയായിത്തീരും. രോഷത്താൽ അദ്ദേഹം ശിഷ്യനിൽ ദുൎന്നയത്തെ കാണുകയും ചെയ്യും. ഇങ്ങിനെ രണ്ടുമൂന്നു കുറി സംഭവിച്ചപ്പോൾ യാദവപ്രകാശന്റെ മനസ്സു കഠിനമായി. രാമാനുജൻ പറയുന്നതു് അങ്ങിനെയല്ലെന്നു വാദിക്കുവാൻ അദ്ദേഹത്തിന്നു ശക്തിയില്ല. അതു ശരിയാണെന്നു് അടങ്ങുവാൻ ഗൎവ്വും സമ്മതിക്കുന്നില്ല. തന്റെ ശിഷ്യനു തന്നോടു് ഇങ്ങിനെ ഏററമാകാമോ എന്നു ഗുരുവിന്റെ മനസ്സു് അസൂയാകലുഷിതമായി. തനിക്കു് അടങ്ങാത്ത ഈ ശിഷ്യൻ തനിക്കു് അധഃകൃതി വരുത്തുമെന്നു് ആ മൂൎഖൻ പേടിച്ചു. നി

ലയില്ലാതെ അദ്ദേഹം പരുഷവാക്കുകൾകൊണ്ടു രാമാനുജനെ എറിഞ്ഞുതുടങ്ങി. ഒടുക്കം, ആ ദിവ്യപ്രതിഭാസമ്പന്നനായ ബാലനെ അന്യനെന്നപോലെ നിന്ദിച്ചുകൊണ്ടു യാദവപ്രകാശൻ ബഹിഷ്കരിക്കുകയും ചെയ്തു.

ഇതിലൊന്നിലും രാമാനുജന്നു മനഃക്ഷോഭമുണ്ടായില്ലാ. താൻ അപരാധം ചെയ്തിട്ടുണ്ടോ എന്ന ശങ്കപോലും അദ്ദേഹത്തിന്നുണ്ടായതുമില്ലാ. ഗുരുവിന്റെ ആ കോപത്തെയും പ്രസാദമായിട്ടേ ഗണിച്ചുള്ളു. തന്റെ ജീവിതത്തെ പ്രകാശിപ്പിക്കുന്നതിലേക്കുള്ള സാധാരണമായ ചില മർദ്ദനങ്ങളായിട്ടാണ് അദ്ദേഹത്തിന്ന് അതെല്ലാം അനുഭവപ്പെട്ടതു്.

എന്നാൽ, യാദവപ്രകാശന്റെ മനസ്സു തന്നെത്താൻ കടിയുടങ്ങി. രാമാനുജൻ ഈ മട്ടിൽ വളരുന്നതായാൽ തന്റെ അവസ്ഥ വളരെ താണുപോയേക്കുമെന്നും, തന്റെ പ്രാമാണ്യത്തിന്നു രക്ഷവേണമെങ്കിൽ ആയാളെ നശിപ്പിക്കേണമെന്നും അദ്ദേഹം വിചാരിച്ചു. അതിലേക്കു ചില ശിഷ്യന്മാരെ വശീകരിക്കുവാൻ കിട്ടി. പൂർവ്വികമായ അദ്വൈതസിദ്ധാന്തത്തിന്ന് എതിരായിട്ടാണു രാമാനുജന്റെ പുറപ്പാടെന്നും, ഗുരുവിനെ ധിക്കരിച്ചുകൊണ്ടു് ആയാൾ താന്തോന്നിയായി നടക്കുന്നുവെന്നും, പൂർവ്വവിധികളെ അവലംബിച്ചു വ്യവഹരിക്കുന്നതിൽ താൻ സ്വതന്ത്രനാണെന്ന് ആയാൾ ഭാവിക്കുന്നുവെന്നുംമററും യാദവപ്രകാശൻ ആക്ഷേപിച്ചുപറഞ്ഞപ്പോൾ, രാമാനുജന്റെ ജീവിതം നാട്ടിലെ സമാധാനത്തിന്നു ദോഷമാണെന്ന് ആ ശിഷ്യന്മാർക്ക് അഭിപ്രായമുണ്ടായി. രാമാനുജനെ ചതിച്ചുകൊല്ലുവാൻ അവർ ഒരുങ്ങി. എന്നാൽ, ആ ചതി ആരും അറിയരുതല്ലോ. അതിലേക്കു നല്ലൊരുപായവും അവർ കണ്ടുപിടിച്ചു. ഗുരുവും ശിഷ്യന്മാരും കൂടി കാശിയാത്ര പുറപ്പെടേണമെന്നും അക്കൂട്ടത്തിൽ രാ

രാമാനുജനേയും ചേൎക്കണമെന്നും, ഗംഗയിൽ സ്നാനം ചെയ്യുന്ന അവസരത്തിൽ ആയാളെ മുക്കിക്കൊല്ലേണമെന്നും, ഗംഗാപ്രവാഹത്തിൽ ആയാൾ യദൃച്ഛയാ മുങ്ങിമരിച്ചതാണെന്നു പരസ്യമാക്കാമെന്നും അവർ ആലോചിച്ചുറയ്ക്കയും ചെയ്തു.

പെട്ടെന്നുണ്ടായ കോപംകൊണ്ടു് ഗുരുവിൽനിന്നു കടുത്തവാക്കുകൾ പുറപ്പെട്ടതാണെന്നും; അങ്ങിനെ സംഭവിച്ചതിൽ ഗുരുവിന്നിപ്പോൾ കലശലായ വിഷാദമുണ്ടായിരിക്കുന്നുവെന്നും ധരിപ്പിച്ചു്, ഗുരുനിയോഗംപോലെ രാമാനുജനെ ചില ശിഷ്യന്മാർ ചെന്നു തിരിച്ചുവിളിച്ചു. അതിലും രാമാനുജന്നു ശങ്കയൊന്നുമുണ്ടായില്ല. അദ്ദേഹം നിഷ്കപടമായ ഹൃദയത്തോടെ ഗുരുസന്നിധിയിൽ ചെന്നു നമസ്കരിച്ചു വീണ്ടും അവിടെ അധ്യയനം തുടങ്ങി. ആ ഗുരുശിഷ്യബന്ധത്തിൽ അസുഖമായി യാതൊന്നും വെളിപ്പെടാതെ കുറേനാൾ കഴിഞ്ഞു. ഗുരുവും മററു ശിഷ്യന്മാരും രാമാനുജനോടു് പൂർവ്വാധികമായ ഉപചാരം കാണിച്ചുതുടങ്ങി. രാമാനുജൻ പെട്ടെന്നു പരിഭവിക്കുന്ന കൂട്ടത്തിലാണെന്നുവെച്ചാണു ആയാളെ അധികമായി ആദരിക്കുന്നതെന്നു് അവർ ഭാവിച്ചു.

ഇനി, ആ കാശിയാത്രയ്ക്കു് പുറപ്പെടാമെന്നായി. ഒരുനാൾ യാദവപ്രകാശൻ ശിഷ്യരെ വിളിച്ചു ഇങ്ങിനെ പറഞ്ഞു:—

“ഞാൻ വയോവൃദ്ധനായി. എന്റെ അന്ത്യകാലം സമീപിച്ചുകഴിഞ്ഞു. മരിക്കുംമുമ്പേ ഗംഗാസ്നാനം ചെയ്യേണമെന്നു് എനിക്കു വളരെ നാളായുള്ള ആഗ്രഹമാണു്. അതു സാധിക്കുവാൻ നിങ്ങളെല്ലാവരും എന്നെ സഹായിക്കുമോ?”

ശിഷ്യരെല്ലാവരും ഗുരുവിനെ അനുവൎത്തിക്കുവാൻ സന്നദ്ധരായി. രാമാനുജനും അദ്ദേഹത്തിന്റെ ചെറിയമ്മയുടെ മകനായ ഗോവിന്ദനും അക്കൂട്ടത്തിൽ സന്തോഷത്തോടെ ഉൾപ്പെട്ടു.

ആ തീൎത്ഥയാത്രാസംഘം കാഞ്ചീപുരത്തുനിന്നു പുറപ്പെട്ടു ഓരോ നാടുകൾ കടന്നു വിന്ധ്യപൎവ്വതപ്രദേശത്തെത്തി. ഗുരുവിന്റേയും മററു ശിഷ്യന്മാരുടേയും മനസ്സിൽ ക്രൂരവിചാരം നിറഞ്ഞിരുന്നതിനാൽ അതിന്റെ ചില പൊരികൾ ഇടയ്ക്കിടെ യദൃച്ഛയാ വെളിപ്പെടുമാറായി. അതിൽ ഗോവിന്ദന് കുറച്ചുകുറച്ചായി സംശയം കൂടി. ഒളിവിൽനിന്നുകൊണ്ട് അദ്ദേഹം ഉള്ളു കാണുവാൻ ശ്രമിച്ചതിൽ നിരാശനാവേണ്ടിവന്നില്ലാ. രാമാനുജനോടു മററുള്ളവൎക്കു വിദ്വേഷമുണ്ടെന്നു മനസ്സിലായി. താനും രാമാനുജശത്രുവാണെന്നു ഭാവിച്ചുനിന്നുകൊണ്ട് മററുള്ളവരുടെ ഗൂഢോദ്ദേശം കണ്ടുപിടിക്കയും ചെയ്തു.

ഗുരുവും മററു ശിഷ്യന്മാരും ഗൂഢമായി ഉദ്ദേശിച്ചിരിക്കുന്ന ആ ഘോരകൎമ്മത്തെപ്പററി രാമാനുജനെ അറിയിക്കേണമെന്നു ഗോവിന്ദൻ നിശ്ചയിച്ചു. ഏതു രൂപത്തിൽ ഏതു വഴിക്കാണ് ചതിയുടെ വരവ് എന്നു മനസ്സിലാക്കിവെച്ചാൽ രക്ഷയ്ക്കുള്ള ഉപായം കരുതി നിൽക്കാമല്ലോ. അരുണോദയത്തിനുമുമ്പു ഉണൎന്നെഴുന്നേററു രാമാനുജൻ സ്നാനാദികൎമ്മങ്ങൾക്കായി ചെല്ലുക പതിവാണ്. ആ അവസരം നോക്കി ഒരുനാൾ അദ്ദേഹത്തിന്റെ പിന്നാലെ ഗോവിന്ദനും ചെന്നു. അപ്പോൾ വേറെയാരും ഇല്ലാതിരുന്നതുകൊണ്ട്, അവർ തമ്മിൽ ആ ഗൂഢകാൎയ്യത്തെപ്പററി സംസാരിക്കുവാൻ തരമായി. കൊലയെന്നു കേട്ടപ്പോൾ രാമാനുജൻ വിറച്ചു. അതിലധികം പേടിച്ചുകൊണ്ടാണു ഗോവിന്ദന്റെ നില. ഇരുവരും കൊച്ചുബാല

ന്മാർ. പരിചയമില്ലാത്ത അന്യദേശം. കൂട്ടുകാർ ശത്രുക്കൾ. അവർ എങ്ങനെ പേടിക്കാതെയിരിക്കും. ഇരുവരും ഒരുമിച്ച് സംഘത്തിൽനിന്ന് മാറിയാൽ മററുള്ളവർ അന്വേഷിച്ചുവന്നു കണ്ടുപിടിച്ച് അധികം ആപത്തായിത്തീരും. താൻ ഏകനായി ഒളിച്ചോടിപ്പോയിക്കൊള്ളാമെന്നു രാമാനുജൻ തുനിഞ്ഞു. മററുള്ളവരെ വേറെ വഴിക്കു തിരിച്ച് രാമാനുജനിൽനിന്നു തെററിച്ചുകൊള്ളാമെന്ന് ഗോവിന്ദൻ കൈയേററു.

അപ്രകാരം ഗോവിന്ദൻ ഗുരുസന്നിധിയിലേക്കു പതുക്കെ നടക്കുകയും, രാമാനുജൻ കാട്ടിനുള്ളിലേക്കു ഒരേ ഊക്കിൽ ഓടുകയും ചെയ്തു. രാത്രികാലം. വൃക്ഷനിബിഡമായ ദുർഗ്ഗമനം. വഴിയറിയാത്ത പാന്ഥൻ. വളരെയെല്ലാം കഷ്ടപ്പെട്ട് രാമാനുജൻ ഓടിയോടിച്ചെന്നു കടങ്ങിയതു ഘോരമായ വനാന്തരത്തിലാണ്. വെളിയിലേയ്ക്കു കടക്കേണ്ടതു ഏതു വഴിക്കെന്നു നിശ്ചയമില്ലാ. ചുററിച്ചുററി നടന്നുനടന്ന് അദ്ദേഹം തളർന്നു. കൈകാലുകൾ കല്ലുകളും മുള്ളുകളുമേററ് മുറിഞ്ഞു. വിശപ്പും ദാഹവും ദുസ്സഹമായി. താൻ എവിടെയാണെന്നോ, ഏതു വഴിക്കാണ് ചെല്ലേണ്ടതെന്നോ നിശ്ചയമില്ലാ. ഇവിടെ സ്വപ്രയത്നംകൊണ്ട് കാര്യമൊന്നുമില്ലെന്നു നിശ്ചയമായി. അദ്ദേഹത്തിന്റെ മനസ്സ് ദീനതയോടെ ഈശ്വരനിലേയ്ക്കു തിരിഞ്ഞു.

"എന്നെ ഉണ്ടാക്കിയതും എന്നെ ഇങ്ങനെ വളർത്തുന്നതും ഈശ്വരനല്ലയോ? ഞാൻ സംശയിക്കയും പേടിക്കയും ചെയ്യുന്നതെന്തിന്? ഈശ്വരസങ്കല്പം എങ്ങിനെയോ അങ്ങിനെ നടക്കും. ഞാൻ ഈ കാട്ടിൽ കിടന്ന് ചാവേണമെന്നാണു ഈശ്വരമതമെങ്കിൽ അങ്ങനെ നടക്കട്ടെ. എന്റെ ജീവിതത്തെ ഇനിയും ദീർഘിപ്പിക്കേണ

മെന്നു ഈശ്വരന്നു് തോന്നുന്നുണ്ടെങ്കിൽ അതു നടക്കും. ഞാൻ ഈശ്വരന്റേതാണു്. ഈശ്വരന്നു് തോന്നുന്നതൊക്കെ എന്നെക്കൊണ്ടു് ചെയ്യിക്കുന്നു. ഞാനെന്തിന്നു് വെറുതെ പരിശ്രമിക്കുന്നു!"

ഇങ്ങിനെ വിചാരിച്ചു് രാമാനുജൻ അങ്ങൊരു വൃക്ഷമൂലത്തിൽ ചെന്നു കിടന്നു. അടിയേററ ശിശു അച്ഛന്റെ വക്ഷസ്സിലേക്കു കരഞ്ഞുകൊണ്ടു് വീഴുംപോലെയാണു് രാമാനുജൻ അപ്പോൾ സങ്കല്പിച്ചതു്: അതോടുകൂടി ആ ഭക്തൻ മൂർച്ഛിതനായി.

കുറച്ചുകഴിഞ്ഞു രാമാനുജൻ ഉണർന്നു. തന്നെ ദയാപൂർവ്വം കനിഞ്ഞു നോക്കിക്കൊണ്ടു് ഒരു വേടനും വേടത്തിയും നില്ക്കുന്നതുകണ്ടു. അവരുടെ രൂപഭംഗിയാലും സ്നേഹഭാവത്താലും രാമാനുജന്നു് മനസ്സുഖമുണ്ടായി. അദ്ദേഹം പതുക്കെ എഴുന്നേററു, "നിങ്ങൾ ആരാണു്" എന്നു ചോദിച്ചു. "ഞങ്ങൾ സിദ്ധാശ്രമത്തിൽ നിന്നുപുറപ്പെട്ടു് കാഞ്ചീപുരത്തേക്കു ചെല്ലുന്നവരാണു്" എന്നു കേട്ടപ്പോൾ രാമാനുജന്റെ മനസ്സിൽ അത്ഭുതവും ആമോദവും തിരതല്ലിയാർത്തു. ഞാനും അങ്ങോട്ടുതന്നെയാണു്. എന്നെ നിങ്ങൾ കൂട്ടിക്കൊണ്ടുപോകുമോ? എന്നെ ഈ കാട്ടിൽ നിന്നു വെളിയിലെങ്ങാനും കൊണ്ടുപോയി വിട്ടാൽ മതി."

അങ്ങിനെയാവട്ടെ എന്നു സമ്മതിച്ചു് ആ വേടനും വേടത്തിയും രാമാനുജനോടുകൂടി നടന്നു. കുറച്ചുദൂരം ചെന്നപ്പോഴേക്കും ഏതോ പാതയിൽ എത്തി. അതിൽക്കൂടി ഒരേ നടയായി അവർ സഞ്ചരിച്ചു. നാടോ വീടോ അവിടെയെങ്ങും കണ്ടില്ല. സൂര്യൻ അസ്തമിച്ചു. രാത്രിയായതിനാൽ യാത്ര നിർത്തി. വേടനും വേടത്തിയും അവിടെയൊരു വൃക്ഷമൂലത്തിലേക്കു തിരിഞ്ഞു. അവരോടൊപ്പം രാമാനുജനുമുണ്ടു്.

അന്നു മുഴുവനും ആ മൂവൎക്കും ജലപാനംപോലുമുണ്ടായിട്ടില്ല. വിശ്വസിക്കാവുന്ന കൂട്ടുകാരെ കിട്ടിയതുകൊണ്ടു് വിശപ്പും ക്ഷീണവും രാമാനുജൻ മറന്നിരിക്കയാണു്. സ്വദേശത്തെത്തുന്നതു് എപ്പോഴാം എന്നുമാത്രമേ അദ്ദേഹത്തിന്നു് വിചാരമുള്ളു. പാതിരാവായപ്പോഴും, തനിക്കു ദാഹിക്കുന്നുവല്ലോ എന്നു വേടത്തിയിൽനിന്നു് ആൎത്തസ്വരം പുറപ്പെട്ടു. "ക്ഷമിക്കൂ, നേരം പുലരട്ടെ. അരികെ എങ്ങാനും തീൎത്ഥപൂൎണ്ണമായ കിണറുണ്ടായേക്കാം" എന്നു വേടൻ ആശ്വസിപ്പിക്കുന്നു. അതു കേട്ടപ്പോഴും രാമാനുജൻ ഏററവും വിഷാദിച്ചു. തന്നെ മരണത്തിൽനിന്നു രക്ഷിച്ച ഈ പരോപകാരികൾക്കു്, ദാഹശമനാൎത്ഥം കുറച്ചു വെള്ളം കൊണ്ടുവന്നു കൊടുക്കുവാൻപോലും താൻ ശക്തനല്ലാതായല്ലോ എന്നുണ്ടായ പരിതാപത്താൽ അദ്ദേഹത്തിന്നു് വളരെനേരത്തേക്കു ഉറക്കമുണ്ടായില്ല. പിന്നെ, തന്നെത്താനറിയാതെ അദ്ദേഹം മയങ്ങിപ്പോയ്!

ഉണൎന്നപ്പോഴും, സൂൎയ്യൻ ഉദിച്ചു പൊങ്ങിയിരിക്കുന്നു. അകാലത്തിൽ ഉറങ്ങുകയാലും, പൂൎവ്വാഹ്നകൎമ്മങ്ങൾക്കു വൈകുകയാലും രാമാനുജൻ വിഷണ്ണനായിട്ടാണു് എഴുന്നേററതു്. പിന്നെയാണു ആ വേടനും വേടത്തിയും എവിടെയെന്നു് അന്വേഷിച്ചതു്. അവരെ അവിടെയെങ്ങും കാണ്മാനില്ല. ഉറക്കെ വിളിച്ചുനോക്കി; അതിന്റെ പ്രതിധ്വനിയല്ലാതെ, വേറെ ശബ്ദമില്ല. താൻ നടന്നുപോന്ന ആ പാതയിലേക്കു് ഏതിലെയാണു കടക്കേണ്ടതെന്നു് അറിഞ്ഞുകൂടാ. വേടനോടും വേടത്തിയോടുംകൂടി ആ പാതയും തിരോഭവിച്ചിരിക്കുന്നു. ചുററുപാടും സൂക്ഷിച്ചുനോക്കിയപ്പോഴും ഒരു കാലടിപ്പാത രാമാനുജൻ അവിടെ കണ്ടു. ആ വഴിക്കു് അതിവേഗത്തിൽ നടന്നുതുടങ്ങി.

അല്പദൂരമേ നടക്കേണ്ടിവന്നുള്ളു. തോട്ടങ്ങളും ഗ്രാമങ്ങളും രാമാനുജൻ കണ്ടു. ആ പ്രദേശം തനിക്കു് സുപരിചിതമാണല്ലോ എന്നു് അദ്ദേഹത്തിനു തോന്നി. ഇത്ര വേഗം ഇങ്ങിനെയൊരിടത്തു താൻ എങ്ങിനെ എത്തി എന്നു് അത്ഭുതമുണ്ടായി. അവിടെ ഒരു കിണറിൽനിന്നു് വെള്ളം കോരുവാനായി ആളുകൾ വന്നുകൂടിയിരിക്കുന്നതുകണ്ടു്, "ഇതു് ഏതാണ്ടു് നാടു്" എന്നു രാമാനുജൻ അവരോടു ചെന്നുചോദിച്ചു. വിന്ധ്യപർവ്വതപ്രദേശത്തുനിന്നു ഒരേപകൽകൊണ്ടു് ഈ തമിഴ്നാട്ടിൽ എങ്ങിനെയെത്തിയെന്നു് അത്ഭുതപരവശനായിത്തീർന്നിരിക്കുന്ന അദ്ദേഹം ആ നാടു് കാഞ്ചീപുരംതന്നെയാണു് എന്നു കേട്ടപ്പോൾ ക്ഷണനേരത്തേക്കു് സ്തംഭിച്ചുനിന്നുപോയി! അതാ, വരദരാജക്ഷേത്രത്തിലെ ആ ഉന്നതവിമാനം!

രാമാനുജന്റെ വിചാരം പൂർവ്വസംഭവങ്ങളിലേക്കു തിരിഞ്ഞു. ആ സുന്ദരരൂപികളായ വേടനും വേടത്തിയും! അവരുടെ സമ്പർക്കത്താലുണ്ടായ ശാന്തിയും ആനന്ദവും! വിന്ധ്യപർവ്വതത്തിൽനിന്നു ഒരേപകൽകൊണ്ടു് കാഞ്ചീപുരാഗമനം! രാത്രികാലത്തു് വേടത്തിക്കുണ്ടായ ആ പിപാസ! നേരംപുലർന്നാൽ അമൃതതുല്യമായ ജലം കിട്ടുമെന്നു വേടന്റെ സാന്ത്വനം!—എന്താണു് ഇതിന്റെയെല്ലാം രഹസ്യം."

രാമാനുജൻ സ്വഗൃഹത്തിൽ വന്നെത്തി. നടന്നതെല്ലാം മകനിൽനിന്നു് അമ്മ കേട്ടു. "തിരുക്കച്ചിനമ്പിയാരോടു ചെന്നു പറയൂ. മേലിൽ വേണ്ടുന്നതു് അദ്ദേഹം ഉപദേശിക്കും" എന്നു മകനെ അമ്മ അങ്ങോട്ടയച്ചു.

രാമാനുജനിൽനിന്നു വർത്തമാനമെല്ലാം കേട്ടു തിരുക്കച്ചിനമ്പിയാർ വിധിച്ചതു് ഇങ്ങിനെയാണു്:—"ദിവ

സംതോറും വരദരാജപ്പെരുമാന്ന് അഭിഷേകാർത്ഥം കിണററിൽനിന്ന് ഓരോ കുടം വെള്ളം നീ കൊണ്ടുപോയി കൊടുക്കണം."

അപ്രകാരം രാമാനുജൻ ചെയ്തുതുടങ്ങി. അന്നുമുതൽ ആ കിണറിന്ന വിശുദ്ധിയും വിഖ്യാതിയുംകൂടി.

കാട്ടിനുള്ളിൽ താൻ തനിയേ അകപ്പെട്ടു കഷ്ടപ്പെടുമാറായി എന്നു മാത്രമല്ലാതെ ഗുരുവിന്റെ ആ ഗൂഢവും ഘോരവുമായ ഉദ്ദേശത്തെപ്പററി രാമാനുജൻ ആരോടും പറഞ്ഞില്ല. അഥവാ, ആ ബാലൻ അങ്ങിനെയൊരു പഴി യാദവപ്രകാശനിൽ മററു ശിഷ്യന്മാരെയെല്ലാം ഉറപ്പെടുത്തികൊണ്ട് ആരോപിച്ചാൽ അത് അധികമാരും വിശ്വസിച്ചില്ലെന്നുവരും. അതുമല്ലെങ്കിൽ, ഭക്താഗ്രഗണ്യനായ രാമാനുജൻ പാപപ്രവൃത്തി വല്ലതും കേട്ടുവെന്നായാൽ, അതൊന്നും മനസ്സിൽ വെക്കയില്ലായിരിക്കാം.

ഗംഗാസ്നാനം കഴിഞ്ഞു യാദവപ്രകാശനും ശിഷ്യന്മാരും തിരിച്ചെത്തി. കാട്ടിനുള്ളിൽ തനിയേ ചെല്ലുകയാൽ വല്ല മൃഗവും പിടിച്ചുതിന്നിരിക്കാമെന്നാണു രാമാനുജനെപ്പററി അവർ വിചാരിച്ചതു്. ആ വിചാരത്തെ അവരിൽ ഉറപ്പിച്ചുകൊണ്ടു ഗോവിന്ദനിൽനിന്നു വാക്കുകളുമുണ്ടായി. എന്നാൽ, സ്വദേശത്തെത്തിയ ഉടനെ അവിടെ രാമാനുജനെ കണ്ടപ്പോഴും അവർ അത്ഭുതപ്പെട്ടു. അവർ വന്നു ചോദിച്ചപ്പോഴും, താൻ വനാന്തരത്തിൽ അകപ്പെട്ടതിൽപ്പിന്നെയുണ്ടായ അത്ഭുതസംഭവങ്ങളെയെല്ലാം രാമാനുജൻ ധരിപ്പിച്ചു. "ഗംഗയിൽ സ്നാനം ചെയ്യുവാനും പുണ്യക്ഷേത്രങ്ങളെ ദർശിക്കുവാനും യോഗമുണ്ടായ ഞങ്ങളെക്കാളും നീയാണ് അനുഗൃഹീതൻ. പാർവ്വതീപരമേശ്വരന്മാരെ നിനക്ക് കാണുവാനും അടുക്കുവാനും, തൊടുവാനും മാത്രമല്ലാ, ഒരുമിച്ചുനടക്കുവാനും

ഒരുമിച്ചുകിടക്കുവാനും ഭാഗ്യമുണ്ടായല്ലോ" എന്നു് അവരിൽനിന്നു് അഭിനന്ദവാക്കുകൾ പൊഴിഞ്ഞു. അവരെയോ ഗുരുവിനെയോ കുറിച്ചു രാമാനുജന്നു വിദ്വേഷമേയില്ലാ. അവർ വിളിച്ചപ്പോൾ അദ്ദേഹം ഗുരുസന്നിധിയിലേക്കു മുൻപോലെതന്നെ ചെന്നു.

വൈഷ്ണവനായിരുന്ന ഗോവിന്ദൻ തീർത്ഥയാത്രകഴിഞ്ഞു് മടങ്ങിയപ്പോഴെക്കും ശൈവനായി മാറി. അദ്ദേഹത്തെ ഇങ്ങിനെ തിരിച്ചതു യാദവപ്രകാശനാണെന്നു വൈഷ്ണവന്മാർ ആക്ഷേപിക്കുന്നു. ഗംഗാസ്നാനകാലത്തു ഗോവിന്ദന്റെ കൈയിൽ യദൃച്ഛയാ ഒരു ശിവലിംഗം തടഞ്ഞുവത്രേ. അതു് അദ്ദേഹം കൈക്കലാക്കി. അതോടുകൂടി ശിവഭജനത്തിലേക്കു മനസ്സു തിരിഞ്ഞുവെന്നും പക്ഷാന്തരമുണ്ടു്. ആ ശിവലിംഗത്തെ ഗോവിന്ദൻ സ്വന്തം ഗ്രാമത്തിൽ പ്രതിഷ്ഠിച്ചു. അനന്തരം ചീകാളത്തിയിൽ ചെന്നു് അവിടത്തെ ക്ഷേത്രത്തിൽ മഹാദേവനെ അർച്ചിച്ചുകൊണ്ടു് അദ്ദേഹം വാണു.

രാമാനുജൻ യാദവപ്രകാശനെ പ്രാപിച്ചു വീണ്ടും അദ്ധ്യയനം തുടങ്ങിയെങ്കിലും അതു് അധികനാൾ തുടരുകയുണ്ടായില്ലാ. തന്റെ അഭിപ്രായത്തിനു വിരോധമായി രാമാനുജൻ വല്ലതും പറഞ്ഞാൽ അതു താൻ ചെവിക്കൊള്ളുന്നതല്ലെന്നു മനസ്സിനെ ഉറപ്പിച്ചുകൊണ്ടാണു യാദവപ്രകാശൻ പഠിപ്പിച്ചുതുടങ്ങിയതു്. ഓരോന്നിന്റേയും ബാഹ്യരൂപത്തെക്കുറിച്ചു പറയുന്നിടത്തു രാമാനുജന്നു വിവാദമില്ലാ. ഉൾപ്പൊരുളിനെപ്പററി അദ്ധ്യാപകൻ വിചാരം ചെയ്യുന്നതു കേട്ടാൽ, അതു് അങ്ങിനെയല്ലെന്നു തനിക്കു തോന്നുന്നതു രാമാനുജൻ ഉടൻ പറയും. വാസ്തവത്തിൽ, ബ്രഹ്മത്തെക്കുറിച്ചു് എന്തോ ചില പുതിയ സങ്കല്പങ്ങൾ രാമാനുജന്റെ മനസ്സിൽ അവ്യക്തമായി ഉറച്ചു

കിടപ്പുണ്ട്. അതു കാണുവാൻ യാദവപ്രകാശനു സൂക്ഷ്മദൃഷ്ടിയില്ലാ. പഴമയിൽനിന്നു വ്യത്യസ്തമായിട്ടാണു രാമാനുജന്റെ വിചാരഗതിയെന്ന് ആക്ഷേപമായി നോക്കുവാൻ മാത്രമേ ആ അദ്ധ്യാപകനു കഴിഞ്ഞുള്ളു. അതുകൊണ്ട് അവർ തമ്മിൽ പിന്നെയും പിണങ്ങേണ്ടിവന്നു. "ഇനിയൊരിക്കലും ധിക്കാരിയായ നിന്നെ ഞാൻ അടുപ്പിക്കയില്ല" എന്നു കോപിച്ചുകൊണ്ടു യാദവപ്രകാശൻ രാമാനുജനെ പുറത്തുതള്ളി.

അപ്പോഴും രാമാനുജനു ചാഞ്ചല്യമുണ്ടായില്ലാ. തന്റെ ഹൃദയത്തിൽനിന്ന് ആദ്ധ്യാത്മികമായി തനിക്കു കിട്ടുന്ന പൊരുൾ അദ്ധ്യാപകനു വിരസമായിട്ടാണു തീരുന്നതെങ്കിൽ അതിനു താൻ എന്തുചെയ്യട്ടേ എന്നാണു രാമാനുജന്റെ ഭാവം.

ഗുരുകുലത്തിൽനിന്നു താൻ ബഹിഷ്കൃതനായിയെന്നു രാമാനുജൻ അമ്മയോടു പറഞ്ഞു. "മകനേ, വേദാന്തശാസ്ത്രത്തെ സംബന്ധിച്ചു നിനക്കു യാദവപ്രകാശനിൽനിന്നു യാതൊന്നും പഠിക്കുവാനില്ലെന്നാണ് എനിക്കു തോന്നുന്നത്. നിന്റെ ഇനിയത്തെ ജീവിതം എങ്ങിനെയാണു വേണ്ടതെന്നു തിരുക്കച്ചിനമ്പിയാരോടു ചെന്നു ചോദിച്ചാൽ അറിയാം" എന്നു മകനെ അമ്മ അവിടേക്കയച്ചു.

വരദരാജക്ഷേത്രത്തിലേക്കു രാമാനുജൻ കിണററിൽനിന്നു വെള്ളം കോരിക്കൊണ്ടുവന്നതു രണ്ടാമതു ഗുരുകുലത്തിൽ പ്രവേശിച്ചതോടുകൂടി നിന്നിരിക്കയാണ്. ആ ജോലി വീണ്ടും തുടരുകയെന്നു തിരുക്കച്ചിനമ്പിയാർ ഉപദേശിച്ചു. രാമാനുജൻ അങ്ങിനെതന്നെ പ്രവർത്തിച്ചുപോരുകയും ചെയ്തു.

തന്റെ അടുക്കൽ രാമാനുജൻ എന്നാണു വരുന്നതെന്നു യമുനാചാൎയ്യൻ കാത്തുകാത്തുകൊണ്ടിരിക്കയാണു്. ആ ബാലൻ യാദവപ്രകാശനിൽനിന്നു വിദ്യകളെല്ലാം അഭ്യസിച്ചുകഴിയുന്നതെപ്പോഴ് എന്നു് അദ്ദേഹം അന്വേഷിക്കുന്നുണ്ടു്. വാർദ്ധക്യംകൊണ്ടു് ആയുഷ്കാലം കുറുകിക്കുറുകി ഇനി അതു് അധികമില്ലെന്നായപ്പോഴ് അദ്ദേഹത്തിന്റെ മനസ്സു പൎയ്യാകുലമായ്ത്തീൎന്നു. തന്റെ സ്ഥാനം രാമാനുജനെ ഏല്പിക്കുംമുമ്പേ തനിക്കു മരിക്കേണ്ടിവരുമോ എന്നു സംശയിച്ചു് അദ്ദേഹം പരിതപിച്ചു. വൈഷ്ണവകുലത്തിന്റെ രക്ഷയും കീൎത്തിയും ദൈവം അനുഗ്രഹിക്കയില്ലയോ? അനേകലക്ഷം വൈഷ്ണവന്മാരെ അനാഥരാക്കുമോ? താൻ ഇതുവരെ പ്രാൎത്ഥിച്ചുപോന്നതു നിഷ്ഫലമാകുമോ?—എന്നിങ്ങിനെയുള്ള വിചാരത്തോടെ തപിച്ചുകൊണ്ടാണു യമുനാചാൎയ്യൻ നാൾ കഴിച്ചതു് വളരെ കാലം കാത്തുകാത്തിരുന്നു്, തന്റെ സ്ഥാനത്തിന്നർഹനായ ഉത്തമപുരുഷനെ അദ്ദേഹം കണ്ടിരിക്കുന്നു. തന്റെ അടുക്കൽ സ്ഥാനം കൈയേല്പ്പാൻ ആയാൾ വന്നെത്തേണമെന്നതാണു് അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പ്രാൎത്ഥന.

ഇതിന്നിടയ്ക്കു യമുനാചാൎയ്യൻ രോഗപീഡിതനായി. ശരീരത്തിൽ ഒരു വലിയ കുരുവുണ്ടായി, അതു പഴുത്തു പുണ്ണായി. ഇതു കൎമ്മവ്യാധിയാണെന്നും, ഇതിനെ ശമിപ്പിക്കുവാൻ വൈദ്യന്മാരെക്കൊണ്ടു കഴികയില്ലെന്നും അറിഞ്ഞു് അദ്ദേഹം പീഡയെല്ലാം ക്ഷമയോടെ സഹിച്ചുപോന്നു. പ്രിയശിഷ്യനായ മാരനേരിനമ്പി ആ വ്യാധിയെ തന്നിലേക്കു മാറ്റുന്നതിന്നു പലേ പ്രാവശ്യവും പ്രാൎത്ഥിക്കയുണ്ടായി. അപ്പോഴൊന്നും യമുനാചാൎയ്യൻ അനുസമ്മതിച്ചില്ല. ഉറങ്ങുവാനും സംസാരിക്കുവാനും കഴി

വില്ലാതെയാണ് അദ്ദേഹത്തിൻെറ കിടപ്പ്. താൻ ഈ രോഗത്താൽത്തന്നെ മരിക്കയാണെങ്കിൽ, അതിനുമ്പു ശിഷ്യന്മാരോട് ചിലതു പറയേണ്ടിയിരിക്കുന്നുവെന്ന് അദ്ദേഹത്തിന്നു തോന്നി. അപ്പോൾ മാരനേരിനമ്പിയെ അരികേ വിളിച്ച് ഇങ്ങിനെ പറഞ്ഞു:—

"മകനേ, ഞാൻ ഈ വ്യാധിയെ വളരെ നാളായി ക്ഷമയോടേ സഹിച്ചുവരുന്നു. ഇതു നിന്നിലേക്കു മാററണമെന്നു നീ കൂടക്കൂടെ പ്രാർത്ഥിക്കാറുണ്ടല്ലോ. അപ്രകാരം ചെയ്യുവാൻ ഇപ്പോൾ കാലമായി. കുറച്ചുനേരത്തേക്കു മാത്രം നീ ഇതു ഏററുകൊണ്ടാൽ മതി. അല്പം ചില കാര്യങ്ങൾ ഇവിടെ എനിക്കു നടത്തുവാനുണ്ട്. അതു കഴിഞ്ഞിട്ട്, നിന്നിൽനിന്ന് ഈ വ്യാധിയെ ഞാൻ തിരിച്ചു വാങ്ങിക്കൊള്ളാം. നീ എത്രകാലത്തും എൻെറ വത്സലനാണ്. ഇപ്പോൾ എനിക്കു നിന്നിലുള്ള വാത്സല്യം പതിന്മടങ്ങു വർദ്ധിച്ചിരിക്കുന്നു. മഹാപൂർണ്ണൻ നിന്നെ യാതൊരു കഷ്ടത്തിലും ഉൾപ്പെടുത്താതെ സംരക്ഷിക്കും."

ഇപ്രകാരം, പ്രസാദമെന്നപോലെ ഗുരുവിൽനിന്ന് ആ വ്യാധിയെ മാരനേരിനമ്പി ഭക്തിപൂർവ്വം വാങ്ങി.

രോഗഗ്രസ്തനായ ഗുരുവിനെ കണ്ടപ്പോൾ അദ്ദേഹത്തെ മരണകാലം സമീപിച്ചിരിക്കുന്നുവെന്നു വിചാരിച്ചു ശിഷ്യന്മാരായ ഗോഷ്ഠിപൂർണ്ണനും മഹാപൂർണ്ണനും ദുസ്സഹമായ ശോകത്തോടെ ഉഴന്നുതുടങ്ങി. തങ്ങളുടെ മനസ്സാന്തിക്കു വല്ല ഉപദേശവും കിട്ടുമോ എന്നു നോക്കിക്കൊണ്ട് അവർ എപ്പോഴും ഗുരുസന്നിധിയിൽത്തന്നെ നിന്നു. അതുകണ്ടിട്ടാണു അവരോട് ചിലതു പറയുവാൻവേണ്ടി തൻെറ രോഗത്തെ യമുനാചാര്യൻ മാരനേരിനമ്പിയിലേക്കു തൽക്കാലം മാററിവെച്ചതു്. പിന്നെ അദ്ദേഹം ശിഷ്യന്മാരോടു പറഞ്ഞതാവിതു്:—

"നിങ്ങൾ ഈശ്വരനെ നിത്യം ഉപാസിച്ചുകൊണ്ടിരുന്നാൽ, അതിൽനിന്നു് നിങ്ങൾക്കു പൂർണ്ണശാന്തിയുണ്ടാകും. സർവ്വദാ ഈശ്വരനെ ആരാധിക്കുവിൻ. എന്റെ പിൽക്കാലത്തു ആചാര്യസ്ഥാനത്തിൽ ആരുമില്ലാതിരുന്നാൽത്തന്നെയും, ക്ഷേത്രത്തിൽ എഴുന്നള്ളിയിരിക്കുന്ന തന്തിരുവടികളെ ഉത്തമഭക്തിയോടെ നിങ്ങൾക്കെപ്പോഴും പൂജിക്കാമല്ലോ. എന്റെ പുത്രനായ വരരംഗനെ ഞാൻ എന്റെ സ്ഥാനത്തേക്കു അഭിഷേകം ചെയ്യേണമെന്നു നിങ്ങൾ പറയുന്നുവല്ലോ. ആയാളെ ആശ്രയിക്കുവാനാണു നിങ്ങൾക്കിഷ്ടമെങ്കിൽ അതിന്നു് ഞാൻ വിരോധിയല്ലാ. എന്നാൽ, വൈഷ്ണവലോകത്തിന്റെ നായകത്വത്തിന്നു് വേറൊരാൾ അവതരിച്ചിരിക്കുന്നതുകൊണ്ടു് ഞാൻ അതിൽ മത്സരത്തിന്നു വഴിയുണ്ടാക്കുന്നതു പാപമാണു്. ആചാര്യനില്ലാത്തവരായാലും, നേരെ ചെന്നു ദൈവത്തെ അർച്ചിക്കാമല്ലോ. അങ്ങിനെയുള്ളവരിൽ ദൈവം കാരുണ്യപൂർവ്വം പ്രസാദിക്കും. ഇതിലേക്കു നിങ്ങൾ മാതൃകയാക്കേണ്ടതു തിരുപ്പാണാഴ്‌വാരെയാണു്. വീണാഗാനങ്ങളാൽ ഈശ്വരനിൽ സംപ്രീതി ചേർത്തുകൊണ്ടു് അദ്ദേഹം ചിരഞ്ജീവിയായി സാനന്ദം വാഴുന്നു. ആ ഭക്തനെ നിങ്ങൾ അനുകരിക്കുവിൻ. തിരുച്ചിനാപ്പള്ളിക്കടുത്തുള്ള ഉറയൂരിലാണു തിരുപ്പാണാഴ്‌വാർ ജനിച്ചതു്. നെൽവയലിൽനിന്നു് അവിടത്തെ പാണന്മാർക്കു കിട്ടിയ കുട്ടിയാണിദ്ദേഹം. പശുവിൻപാൽ ഊട്ടിക്കൊണ്ടാണു ആ കുട്ടിയെ അവർ വളർത്തിയതു്. ജന്മനാ ഭക്തനായ ആ ബാലനു വീണയിൽ ഈശ്വരനാമസങ്കീർത്തനം ചെയ്യുന്നതു് എപ്പോഴുമുള്ള കർമ്മമായി. താൻ താണജാതിക്കാരനാണെന്നുവെച്ചു് അദ്ദേഹം ക്ഷേത്രത്തിന്റെ സമീപമെങ്ങും

ചെല്ലാതെ, കാവിരിനദിയുടെ തെക്കെക്കരയിൽത്തന്നെ സ്ഥിതിചെയ്തു. ആ ഭക്തൻ ഇങ്ങിനെ അകലെ നില്ക്കുന്നതു കണ്ടപ്പോൾ ജഗന്മാതാവിന്നു അനുകമ്പയുണ്ടായി. "എന്റെ മകനായ ആ പാണൻ എന്താണിത്ര ദൂരെയായി നില്ക്കുന്നതു്. നമ്മുടെ അടുക്കലേക്കു അവൻ വരുന്നില്ലല്ലോ" എന്നു ശ്രീദേവി സംശയിച്ചപ്പോൾ, "അവന്നുള്ള വണക്കവും ഒതുക്കവും കൊണ്ടുതന്നെയാണു് അവൻ ഇങ്ങിനെ അകന്നുനില്ക്കുന്നതു" എന്നു ശ്രീരംഗനാഥൻ പറഞ്ഞു. ആ സന്ദർഭത്തിൽ, തന്റെ അരികെനിന്നു ആരാധിക്കുന്ന ലോകസാരംഗമുനിയെ നോക്കി, "ആ പാണനെ എന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുവരിക" യെന്നു ദേവൻ ആജ്ഞാപിക്കയും ചെയ്തു.

ഉടനെ സാരംഗമുനി അന്വേഷിച്ചുചെന്നു തിരുപ്പാണാഴ്‌വാരെ കണ്ടു് ക്ഷേത്രത്തിലേക്കു വിളിച്ചു. താൻ പഞ്ചമനാകയാൽ ക്ഷേത്രത്തെ തീണ്ടുന്നതു അപരാധമാണെന്നു് അദ്ദേഹം മറുന്നതു കണ്ടപ്പോൾ, ദൈവനിയോഗത്തെ സ്മരിച്ചു സാരംഗമുനി ആ ഭക്തനെ എടുത്തു ചുമലിലേററിക്കൊണ്ടു നേരേ ക്ഷേത്രത്തിൽ പ്രവേശിച്ചു. അപ്പോൾ ശ്രീരംഗനാഥനും തിരുപ്പാണാഴ്‌വാരും തമ്മിലുണ്ടായ സംവാദം ഇതാണു്:—

"ഒടുക്കം നീ വരികതന്നെ ചെയ്തുവോ? എത്രയോ കുറി ഞാൻ നിന്നെ വിളിച്ചതു നീ അറിഞ്ഞില്ലയോ?"

"അടിയൻ അതു അറിഞ്ഞിട്ടുണ്ടു്. എന്നാൽ, നിന്തിരുവടികൾക്കു എന്റെ പേരിൽ കാരുണ്യമുണ്ടെന്നുവെച്ചുതാൻ, അവിടത്തെ സമ്മതിയോടുകൂടി ഏർപ്പെടുത്തീട്ടുള്ള ആചാരവിധികളെ ഞാൻ ലംഘിക്കാമോ?"

"നിന്നെപ്പോലെയുള്ളവർക്കു ആ ലൌകികാചാരങ്ങളൊന്നും ബാധകമല്ല. നീ എന്നോടൊന്നിച്ചു എപ്പോ

ഴം വൎത്തിക്കേണ്ടുന്നവനാണ്. ഇവിടെത്തന്നെ നീ ഇരിക്കണം."

തിരുപ്പാണാഴ്വാർ അപ്രകാരം ചെയ്തു. അദ്ദേഹം ഒടുക്കം ഈശ്വരനിൽത്തന്നെ ലയിക്കുകയും ചെയ്തു. അദ്ദേഹമുണ്ടാക്കിയ പത്തു പാട്ടുകൾ ഇപ്പൊഴും ഭക്തന്മാർ ചൊല്ലിവരുന്നു. അദ്ദേഹത്തെ അനുകരിച്ച് ഭക്തിയാൽ പരമപദം പ്രാപിക്കുവാൻ നിങ്ങൾ ശ്രമിക്കണം.

ശ്രീവെങ്കടേശന്റെ സംപ്രീതിക്കു സവിശേഷം പാത്രമായ കുരുമ്പറുത്തനമ്പിയെപ്പററി നിങ്ങൾ കേട്ടിട്ടില്ലയോ? നമ്പിക്കു ഭീമൻ എന്നു മററൊരു പേരുണ്ട്. അദ്ദേഹം ജാതിയിൽ കുശവനാണ്. തിരുപ്പതിയിൽനിന്ന് അല്പം അകലെയുള്ള ഒരു നാട്ടിലാണു പാൎത്തിരുന്നത്. അദ്ദേഹവും പത്നിയും വെങ്കടേശനെ ഏകാഗ്രമായ ഭക്തിയോടെ ആരാധിച്ചുപോന്നു. അവർ ദരിദ്രരായിരുന്നതിനാൽ കളിമണ്ണുകൊണ്ട് വിഗ്രഹമുണ്ടാക്കി, അതിനെ കളിമണ്ണാലുണ്ടാക്കിയ താമരപ്പൂവാൽ അൎച്ചിച്ചുവരികയാണു ചെയ്തതു്. അക്കാലത്തു താൻ വെങ്കടേശന്റെ പ്രിയഭക്തനാണെന്നു അഭിമാനിച്ചുകൊണ്ട് അവിടെ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം തങ്കംകൊണ്ട് താമരപ്പൂവുണ്ടാക്കിയാണു ദേവനെ ദിവസേന പൂജിച്ചുവന്നതു്. ഒരുനാൾ ദേവാലയത്തിൽ ചെന്നു നോക്കിയപ്പോൾ, താൻ അൎച്ചിച്ചിരുന്ന തങ്കപ്പൂവുകളെല്ലാം താഴെ തള്ളിക്കളഞ്ഞു അവിടെ കളിമൺപൂവു അൎപ്പിച്ചിരിക്കുന്നതു അദ്ദേഹം കണ്ടു വിസ്മയിച്ചു. പിറെറന്നാളും അങ്ങിനെ തന്നെ. ഇങ്ങിനെ കുറേനാൾ കണ്ടപ്പോൾ രാജാവിനു ദേഷ്യമുണ്ടായി. തന്നെ ആരോ അവമാനിക്കയാണെന്നു അദ്ദേഹം കരുതി. ആളെ കണ്ടുപിടിക്കുവാൻ ക്ഷേത്രത്തിൽ കാവലാളികളെ നിൎത്തി. അവർ രാവും പക

ലും ക്ഷേത്രത്തെ ചുററിവളഞ്ഞു ജാഗ്രതയായി നോക്കിനിന്നിട്ടും കളിമൺപൂവോടുകൂടി ആരും അകത്തേക്കു കടക്കുന്നതു കാണുകയുണ്ടായില്ല. എന്നാൽ, രാജാവിന്റെ തങ്കപ്പൂവിന്റെ സ്ഥാനത്തു കളിമൺപൂവു കിടക്കുന്നതു ദിവസേന കാണുകയും ചെയ്യും. ഒടുക്കം അതു വലിയൊരത്ഭുതമായി. കളിമൺപൂവുകൊണ്ടു വിഗ്രഹത്തിന്റെ മുമ്പിൽചെന്നു ആരും അർച്ചിക്കുന്നില്ലെന്നു നിശ്ചയമായി. പിന്നെ എങ്ങിനെ അതു അവിടെ എത്തുന്നു? പരമഭക്തനായ ആരുടെയെങ്കിലും ദിവ്യപ്രഭാവംകൊണ്ടായിരിക്കുമോ ഇങ്ങിനെ സംഭവിക്കുന്നതു്? ഈ സംശയത്താൽ രാജാവു നാട്ടിലെങ്ങും അന്വേഷണം നടത്തി. അപ്പോഴാണു്, അകലെയൊരിടത്തു് ഒരു കുശവനും കെട്ടിയവളും കൂടി കളിമൺവിഗ്രഹമുണ്ടാക്കി അതിന്മേൽ കളിമൺപൂവുകൊണ്ടു് അർച്ചിക്കുന്നതു കണ്ടതു്. ആ പൂവുസൂക്ഷ്മഗതിയായി സാക്ഷാൽ വെങ്കടേശ്വരവിഗ്രഹത്തിൽത്തന്നെ ചെന്നുവീഴുകയും, അപ്പോൾ രാജാവിന്റെ തങ്കപ്പൂവിന്നു താഴെ കിടക്കേണ്ടിവരികയും ചെയ്യുകയാണെന്നു വെളിപ്പെട്ടു. തന്നെക്കാൾ ആ കുശവനെയാണു് വെങ്കടേശനു വാത്സല്യമെന്നു രാജാവിനു മനസ്സിലായി. തൽക്ഷണം രാജാവു ആ ഭക്താഗ്രഗണ്യനായ കുരുമ്പറുത്തനമ്പിയെ ശരണംപ്രാപിച്ചു. അന്നുമുതൽ നമ്പിയുടെ ശിഷ്യനായിട്ടാണു രാജാവു വർത്തിച്ചതു്. നിങ്ങളും ആ കുരുമ്പറുത്ത നമ്പിയെ അനുകരിച്ചു് പരിപൂർണ്ണഭക്തിയോടെ ഈശ്വരനെ ആരാധിക്കുവിൻ.

വരദരാജപ്പെരുമാളെ പ്രിയവത്സലനാക്കിത്തീർന്നിരിക്കുന്ന കാഞ്ചിപൂർണ്ണനെ നോക്കുവിൻ. അദ്ദേഹത്തിന്റെ ഭക്തിക്കു് അതിരും അളവുമില്ല. ആ തിരുക്കച്ചിനമ്പിയാർ വരദരാജനോടു് അഭിമുഖമായി സംഭാഷണം ചെ

ളും. വരദരാജൻ നമ്പിയാരുടെ ശിഷ്യനെപ്പോലെ വിളയാടാറുണ്ടു്. ആ കാലത്തിൽ നമ്പിയാർക്കു് എങ്ങാനും സഞ്ചരിക്കേണ്ടിവന്നാൽ തുണയായി വരദരാജനാണു പിന്നാലെ ചെല്ലുന്നതു്. തന്റെ ഭൃത്യനെപ്പോലെ ദൈവം പ്രവർത്തിക്കുന്നതു കണ്ടപ്പോൾ നമ്പിയാർക്കു് അതു സങ്കടമായി. "ഇങ്ങിനെയാണെങ്കിൽ, ഞാൻ എന്നെത്തന്നെ മറന്നു ദൈവത്തോടു് എനിക്കുള്ള കടപ്പാടുകൾ ഞാൻ നിർവ്വഹിക്കാതാകുമല്ലോ," എന്നു് അദ്ദേഹം വിചാരിച്ചു. "വരദരാജപ്പെരുമാൾ നിലവിട്ടിറങ്ങിനിന്നു് എന്നെ ഗർവ്വിഷ്ഠനാക്കുന്നു; ഇനി ഇവിടെ നില്ക്കുന്നതു് എനിക്കു ദോഷമായേക്കാം. അതുകൊണ്ടു ഞാൻ തിരുപ്പതിയിൽ ചെന്നു മേലിൽ വെങ്കടേശനെ ഭജിക്കാം" എന്നു നിശ്ചയിച്ചു് അദ്ദേഹം പുറപ്പെട്ടു. അപ്പോഴേക്കും നമ്പിയാർക്കു വെങ്കടേശൻ പ്രത്യക്ഷമായി. "തിരുപ്പതിയിലെന്നപോലെ കാഞ്ചീപുരത്തും ഞാൻ തന്നെയാണു വാഴുന്നതു്. നീ ഇവിടെയാണല്ലോ അധികകാലമായി ഭജിച്ചുവരുന്നതു്. ഇനി നീ ഇവിടെ നിന്നു മാറേണ്ടാ. ഇവിടത്തെ ക്ഷേത്രത്തിൽത്തന്നെ നീ ചെന്നു് എനിക്കു ചാമരം വീശുക. ഇവിടെ ഞാൻ അഗ്നിയിൽനിന്നാണു് ആവിർഭവിച്ചിരിക്കുന്നതു്. ചൂടു സഹിക്കുന്നില്ലാ"—എന്നിത്രയും പറഞ്ഞു ദേവൻ അന്തർദ്ധാനം ചെയ്തു. തന്റെ ഉദ്ദേശം സഫലമായില്ലല്ലോ എന്നവിഷാദത്തോടെ തിരുക്കച്ചിനമ്പിയാർ വരദരാജസന്നിധിയിലേക്കുതന്നെ മടങ്ങിവന്നു. വഴിക്കുവെച്ചു വരദരാജൻ എതിരേ ചെന്നു "നീ എന്നെ വിട്ടു് ഓടിപ്പോകുവാനോ നോക്കിയതു്?" എന്നു ചോദിച്ചു. "നിന്തിരുവടികൾക്കു് എന്നിലുള്ള വാത്സല്യം അതിർകവിഞ്ഞു വളർന്നു് എന്റെ ഭൃത്യനെപ്പോലെ, പ്രവർത്തിക്കുന്നതിനാൽ എനിക്കു ദുസ്സഹമായി ലജ്ജതോ

നന്നവല്ലോ" എന്നു തിരുക്കച്ചിനമ്പിയാർ ഉണൎത്തിച്ചു. "ആ ലജ്ജയേയും നീ ഉടനെ ജയിക്കും" എന്ന് അനുഗ്രഹിച്ചു ദേവൻ മറഞ്ഞു. പിന്നീടു നമ്പിയാർ വരദരാജസന്നിധിയിൽനിന്ന് അകന്നിട്ടില്ല. ജഗന്മാതാവോടുകൂടി വരദരാജപ്പെരുമാൾ ക്ഷേത്രപ്രാകാരങ്ങളിൽ സോല്ലാസം ചരിക്കുന്നതു് തിരുക്കച്ചിനമ്പിയാർ കാണാറുണ്ടു്. നിങ്ങൾ അദ്ദേഹത്തെയാണു ഭക്തിക്കു മാതൃകയാക്കേണ്ടതു്. അദ്ദേഹത്തെ കാണാതിരുന്നാൽ വരദരാജനു സുഖമില്ല. അതുപോലെ തിരുപ്പാണാഴ്വാർ അരികെ ഇല്ലെങ്കിൽ ശ്രീരംഗനാഥനു് ഊണും ഉറക്കവുമില്ല. ഇനിയിതാ ഈ വരരംഗനായകനേ നോക്കുവിൻ. ആ തിരുപ്പാണാഴ്വാരുടെ വല്ല ഗുണവും ഈ രംഗനായകനുണ്ടോ?"

ഇത്രയും പറയുമ്പോഴേക്കും യമുനാചാര്യന്നു ക്ഷീണം വർദ്ധിച്ചു. അദ്ദേഹം തന്റെ മകനായ വരരംഗനായകനെ അരികെ വിളിച്ചു. "മകനേ, നിനക്കു നിത്യജീവിതത്തെ സംബന്ധിച്ചുള്ള വിശ്വാസം മുഴുവനും ഏതൊരു പരമതത്വത്തിൽ ഉറച്ചിരിക്കുന്നുവോ, ആ പരമതത്വത്തിലേക്കു് എന്നെ ഞാൻ സമൎപ്പിച്ചിരിക്കുന്നു," എന്നു് അദ്ദേഹം പറഞ്ഞപ്പോൾ, "അങ്ങു വൈകുണ്ഠത്തെ പ്രാപിച്ചു ഭക്തന്മാരോടുചേൎന്നു പരമാനന്ദത്തിൽ ലയിക്കുവാൻ നിശ്ചയിച്ചു് അതിലേക്കു പുറപ്പെടുകയാണോ." എന്നു ചോദിച്ചുകൊണ്ടു രംഗനായകൻ തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി.

"മകനേ, നീ എന്തിനാണു കരയുന്നതു്. ഒരാളുടെ ഭാഗ്യത്തെ കണ്ടു നിനക്കു് അസൂയയുണ്ടായിയെന്നു നിന്നെ അന്യർ ആക്ഷേപിക്കാതിരിക്കട്ടെ. നിങ്ങളെല്ലാവരും എന്റെ വാക്കു കേൾക്കുവിൻ. മനുഷ്യൻ ഈശ്വരനെ ശരണംപ്രാപിച്ചതിൽപ്പിന്നെ, ഭാവികാലത്തെ നോ

ക്കി ദുഃഖിക്കയാണെങ്കിൽ അതു് അപരാധമാണു്. ഏതു
കാരണംകൊണ്ടായാലും തന്റെ ശരീരത്തെ സംബന്ധിച്ചു
അവനു വിചാരമുണ്ടാകരുതു്. തന്റെ ശരീരം ഈശ്വര
നു് അർപ്പിച്ചുകഴിഞ്ഞിരിക്കയാൽ അതിന്മേൽ അവനു
യാതൊരുകാര്യവുമില്ലാ. ഈശ്വരനു് അർപ്പിച്ചതു തന്റെ
താണെന്നു് അവൻ കരുതിയാൽ അതു പാപമാണു്. അ
വന്റെ ആ ഈശ്വരാർപ്പണം വെറും കപടതയാകും. അ
വൻ തന്റെ ഭാവികാര്യങ്ങളിൽ ഈശ്വരനെ വിശ്വസി
ക്കുന്നില്ലാ. നാസ്തികനേക്കാൾ ഉയർന്നവനല്ലാ അവൻ.
ഈശ്വരഭക്തൻ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ, കാ
യംകൊണ്ടോ തന്റെ ഭാവിയെ സംബന്ധിച്ചു് പരവശ
നാവരുതു്. പരമകാരുണ്യമൂർത്തിയാണു് ദൈവം. തനി
ക്കുള്ള സർവ്വസ്വത്തെയും ഈശ്വരനിൽ സമർപ്പിക്കയാ
ണു മനുഷ്യൻ ചെയ്യേണ്ടതു്. എന്നാൽ അവൻ സനാ
ഥനായി. നിങ്ങൾ ഈ എന്നെയല്ലാ ദൈവത്തെയാണു്
ആശ്രയിക്കേണ്ടതു്. ആ അറിവു് നിങ്ങളിൽ ചേർക്കുവാ
നുള്ള ഉപകരണംമാത്രമാണു് ഞാൻ. ആ ജോലികഴി
ഞ്ഞാൽ ഞാൻ മറയും. പിന്നെയോ എന്നു നിങ്ങൾ
പേടിക്കരുതു്. പിന്നിലും മുന്നിലും നിങ്ങൾക്കു് ദൈവ
മുണ്ടു്. ആ ദൈവത്തെയല്ലാതെ, എന്റെ ഈ ശരീര
ത്തെയാണു് നിങ്ങൾ വിശ്വസിക്കുന്നതെങ്കിൽ നിങ്ങൾ
എനിക്കു് അപകാരംചെയ്തതായിട്ടാണു വരിക. നിങ്ങളു
ടെ മനസ്സു് എന്നിൽനിന്നു മാററി ദൈവത്തിലേക്കു തി
രിക്കുവിൻ. അവിടെ നിങ്ങൾക്കു മനസ്സുറപ്പിക്കുവാൻ ക
ഴിഞ്ഞാൽ ഏതുകാലത്തും രക്ഷതന്നെ. ശ്രീ ചടകോ
പൻ പറഞ്ഞതു് ഓർക്കുന്നില്ലയോ? "ഈശ്വരോപാസ
നയിൽ തന്നെത്താൻ സമർപ്പിതനായവനാണു് എന്റെ
ദൈവം. ആ ഭക്തന്മാരെയാണു് എന്റെ ഹൃദയത്തിൽ

പ്രതിഷ്ഠിച്ചിരിക്കുന്നതു്." ഈശ്വരനും ഈശ്വരഭക്തന്മാരും തുല്യാരാധ്യരാണു്.

ഈശ്വരനെ നിങ്ങൾ പൂജിക്കുമ്പോഴെല്ലാം അദ്ദേഹത്തിന്റെ ഭക്തന്മാരേയും സ്മരിച്ചുകൊള്ളണം. ഭക്തജനസ്മരണയാൽ നിങ്ങളുടെ മനസ്സ് നിൎമ്മലമാകും. അന്യന്മാരുടെ മനസ്സിൽനിന്നു മാലിന്യത്തെ നീക്കുവാൻ നിങ്ങൾ എപ്പോഴെങ്കിലും പരിശ്രമിക്കയെങ്കിൽ, അതിന്റെ ഫലമായി ലഭിക്കുന്ന ലൌകികഭോഗങ്ങളാൽ നിങ്ങളുടെ മനസ്സ് മലിനമാകാതിരിപ്പാൻ സൂക്ഷിച്ചുകൊള്ളേണ്ടതാണു്. നിങ്ങളുടെ മനസ്സിൽ ഈശ്വരന്നും ഈശ്വരഭക്തന്മാൎക്കും മാത്രമേ ഇടമുണ്ടായിരിക്കാവൂ. വേറേയാതൊരു വിചാരത്തേയും ഒരുനിമിഷത്തേക്കുപോലും നിങ്ങളുടെ മനസ്സിൽ കടത്തരുതു്. ആദ്ധ്യാത്മികപദ്ധതിയിൽ പലപല പടികളിലായി നില്ക്കുന്നവരുടേയും മററുള്ളവരുടേയും കൂട്ടത്തിൽ നിങ്ങൾക്കു വർത്തിക്കേണ്ടിവരുമ്പോൾ, മനസ്സിനെ ലൌകികസുഖഭോഗങ്ങളിൽ മുക്കി മലിനമാക്കി, അനശ്വരമായ അന്തരാത്മാവിനെ ആവരണംചെയ്തിരിക്കുന്ന ഈ ജഡശരീരത്തിൽ അഭിമാനിച്ചുകൊണ്ടു്, നിങ്ങളോടുകൂടിയുള്ള തപസ്വികളെ നിങ്ങൾ അവഗണിക്കയാണെങ്കിൽ, നിങ്ങൾ അസംഖ്യം ശിഷ്യന്മാരോടുകൂടിയ ആചാൎയ്യന്മാരായിരുന്നാൽത്തന്നേയും നിങ്ങളെക്കൊണ്ടു് ആൎക്കുമൊരു നന്മയും ഉണ്ടാകുവാനില്ലെന്നാണു് ഓൎത്തുകൊള്ളേണ്ടതു്."

യമുനാചാൎയ്യൻ ഇത്രയെല്ലാം പറഞ്ഞിട്ടും, ഗോഷ്ഠിപൂൎണ്ണനും മഹാപൂൎണ്ണനും ഗുരുവിന്റെ വിയോഗത്തെയോൎത്തു ശോകം താങ്ങുവാൻ കഴിഞ്ഞില്ല. ഗുരുവിനോടുകൂടി തങ്ങളും മരിച്ചേക്കാമെന്നാണു് അവരുടെ നില. അങ്ങിനെ ചെയ്യുന്നതു പാപമാണെന്നു യമുനാചാൎയ്യൻ

അവരോടു വീണ്ടും വീണ്ടും പറയുകയും, അവരെ ആശ്വസിപ്പിക്കുവാൻ വരരംഗനായകനെ ഏല്പിക്കുകയും ചെയ്തു.

“നമ്മുടെ ഗുരുദേവൻ നമ്മളിൽനിന്നു വിട്ടുപോകുകയാണെങ്കിൽ, നിങ്ങൾ മൂഢതയാൽ ഘോരകർമ്മത്തിൽ ഇറങ്ങിയെങ്കിൽ നിങ്ങളെ ഭക്തന്മാരുടെ സംഘത്തിൽനിന്നു എന്നെന്നേക്കുമായി ബഹിഷ്കരിക്കും” എന്നു് അവരോടു വരരംഗൻ ശാസിച്ചുപറഞ്ഞു. അതോടുകൂടി അവർ അടങ്ങി. അപ്പോൾ യമുനാചാര്യർ സമാധാനമായി. “ഈ വരരംഗന്റെ രൂപം നിങ്ങളുടെ മനസ്സിൽ വേരുറച്ചുനില്ക്കട്ടെ. നിങ്ങൾ വരരംഗനെ അഭയം പ്രാപിക്കുവിൻ. എന്നാൽ നിങ്ങൾ പുരോഗതി കാണും,” എന്നുണ്ടായ ഗുരുനിയോഗത്തെ ഗോഷ്ഠിപൂർണ്ണനും മഹാപൂർണ്ണനും ശിരസാവഹിച്ചു.

ഈ അവസരത്തിലാണു രാമാനുജൻ യാദവപ്രകാശനിൽനിന്നു വേർപെട്ടതു്. ഇതു തന്റെ ചില അനുയായികളിൽനിന്നു യമുനാചാര്യർ അറിഞ്ഞു. ദൈവകാരുണ്യത്താൽ വൈഷ്ണവമതം സനാഥമാകുവാൻപോകുന്നുവെന്നു് അദ്ദേഹം കൃതാർത്ഥതയിലേക്കു ചാഞ്ഞു. രാമാനുജൻ സ്വതന്ത്രനായതിനാൽ ഇനി അദ്ദേഹത്തെ വിളിക്കാമെന്നായി. താൻ ഉണ്ടാക്കിയ സ്തോത്രരത്നം എന്ന ഗ്രന്ഥത്തോടുകൂടി മഹാപൂർണ്ണനെ യമുനാചാര്യർ രാമാനുജനെ ക്ഷണിക്കുവാൻ അയച്ചു.

ഇത്രയും കഴിഞ്ഞിട്ടു് മാരനേരിനമ്പിയിൽനിന്നു തന്റെ രോഗത്തെ യമുനാചാര്യർ തിരിച്ചുവാങ്ങി. അങ്ങിനെ അദ്ദേഹം വീണ്ടും വ്യാധിപീഡിതനായി. “പരമാത്മാവിനെ പ്രാപിച്ചു് ഈ ജനനമരണശോകത്തിൽനിന്നു മുക്തനായി നിത്യാനന്ദം ഭുജിക്കുന്നതിനു് ഇനി എത്ര നാൾ കഴിയുവാനുണ്ടു്” എന്നു് അദ്ദേഹം എണ്ണിത്തുട

ങ്ങി. രാമാനുജനെ കണ്ടു തന്റെ ഭാരത്തെ അദ്ദേഹത്തെ ഏല്പിക്കേണമെന്ന ആ ഒരേ ആശ മാത്രമേ അദ്ദേഹത്തിന്റെ മനസ്സിൽ അവശേഷിച്ചിരുന്നുള്ളു. അതു ഫലിക്കാതെ മരിക്കേണ്ടിവന്നേക്കുമോ എന്നു നാൾ ചെല്ലുന്തോറും അദ്ദേഹത്തിന്നു ശങ്കാകുലനാവേണ്ടിവന്നു.

ഒരുനാൾ യമുനാചാര്യർ ശിഷ്യന്മാരെ വിളിച്ചു പുതിയ ചില ഉപദേശങ്ങൾ കൊടുത്തു. താൻ രാമാനുജനെ കാണുംമുമ്പേ മരിക്കയാണെങ്കിൽ ആ പുരുഷശ്രേഷ്ഠനെ തന്റെ വാക്കായി അറിയിക്കേണ്ടതെല്ലാം അവരെ പറഞ്ഞേല്പിച്ചു. "ഇനിയത്തെ ആചാര്യൻ രാമാനുജനാണെന്നുള്ളതു നിശ്ചയംതന്നെ. നിങ്ങളെല്ലാവരും അദ്ദേഹത്തെ അനുവർത്തിച്ച് അദ്ദേഹം നിർവ്വഹിക്കുവാൻപോകുന്ന മഹാകർമ്മത്തിന്ന് അദ്ദേഹത്തെ പരിപൂർണ്ണനാക്കണം" എന്നും യമുനാചാര്യർ നിയോഗിച്ചു.

പിന്നെ ഒന്നുരണ്ടുനാൾ കഴിഞ്ഞപ്പോൾ, യമുനാചാര്യർ കുറച്ചൊരു വിശേഷരീതിയിൽ ക്ഷേത്രദർശനത്തിന്നു ചെന്നു. അന്ന്, പ്രകൃതിയാകമാനം സുന്ദരമായി വിളങ്ങിയിരുന്നു. ആളുവന്താരുടെ മുഖത്തു രോഗപീഡയൊന്നും കണ്ടില്ല. പ്രൗഢഗംഭീരവും ശാന്തസുന്ദരവുമായി ആ മുഖം ശോഭിക്കുന്നു. അദ്ദേഹം നടയ്ക്കൽച്ചെന്നു രംഗനാഥമൂർത്തിയെ ആപാദചൂഡം പേർത്തും പേർത്തും നോക്കി. ആ കാരുണ്യമൂർത്തിയിലേക്ക് അന്തരാത്മനാ അദ്ദേഹം ലയിച്ചു. ആനന്ദബാഷ്പത്താൽ ആ ഭക്തോത്തമന്റെ മുഖം നിറഞ്ഞു. പിന്നെ അദ്ദേഹം അവിടെ പ്രതിഷ്ഠിതരായ ഭക്തന്മാരിലേക്കു തിരിഞ്ഞു. 'വൈകുണ്ഠം പോലും ഞങ്ങൾക്കു വേണ്ടായെന്നുവെച്ചു ശ്രീരംഗനാഥന്റെ തിരുവടികൾക്കരികേ സാനന്ദം സ്ഥിതിചെയ്യുന്ന

ആ മഹാത്മാക്കളെ അദ്ദേഹം തന്റെ ഉൾപ്പൂവുകൊണ്ട് അൎച്ചിച്ചു. അനന്തരം മഠത്തിലേക്കു മടങ്ങി.

എല്ലാ ശിഷ്യന്മാൎക്കും അന്ന് അവിടെയാണു ഭോജനം. ഗുരുവും സൎവ്വജാതിശിഷ്യന്മാരും ഒരേ പന്തിയിലിരുന്ന് ഊണുകഴിച്ചു. പിന്നെ ആ നാട്ടിലെ ജനങ്ങളെയൊക്കെയും വിളിച്ചുവരുത്തി. താൻ ആൎക്കെങ്കിലും വല്ല അപരാധവും ചെയ്തിട്ടുണ്ടോ എന്ന് അദ്ദേഹം അവരോടു വണക്കത്തോടെ ചോദിച്ചു. "ശ്രീരംഗനാഥസ്വാമി ഞങ്ങൾക്കു വല്ല അപരാധവും ചെയ്തിട്ടുണ്ടെങ്കിൽ അങ്ങയും അതു ചെയ്തിട്ടുണ്ടാകും" എന്നാണു ജനശ്രേഷ്ഠന്മാർ സ്തുതിപൂൎവ്വകം മറുപടികൊടുത്തതു്. "എന്റെ ശിഷ്യന്മാരെ ഞാൻ നിങ്ങളെ ഏല്പിച്ചിരിക്കുന്നു" എന്ന് അദ്ദേഹം പറഞ്ഞപ്പോൾ "ഉത്തരവു്" എന്നുള്ള അനുസരണം മാത്രമേ മഹാജനങ്ങളിൽ ഉണ്ടായുള്ളു.

അനന്തരം ആളവന്താരായ യമുനാചാൎയ്യൻ പത്മാസനത്തിൽ പ്രവേശിച്ചു്, തന്റെ ഗുരുവായ രാമമിശ്രന്റെ പുണ്യവിഗ്രഹത്തെ ഏകാഗ്രചിത്തനായി ആരാധിച്ചു്, സമാധിയിൽ ലയിച്ചു. അദ്ദേഹത്തിന്റെ ജീവൻ സ്ഥൂലശരീരത്തെ വിട്ടു്, സുഷുമ്നാനാഡിവഴിക്കു ബ്രഹ്മരന്ധ്രത്തിൽ കടന്നു അവിടെനിന്ന് വൈകുണ്ഠത്തിലേയ്ക്കുയൎന്നു.

മരിക്കുംമുമ്പേ രാമാനുജനെ കാണേണമെന്നു അദ്ദേഹത്തിനുണ്ടായിരുന്ന ആശ, ദൈവഗത്യാ, നിറവേറിയില്ലാ. മഹാപൂൎണ്ണൻ ചെന്നു രാമാനുജനെ കണ്ടു് മടങ്ങിവരുമ്പോഴേക്കും യമുനാചാൎയ്യൻ മരിച്ചു. മരിക്കുന്നതിന്ന് അല്പംമുമ്പു അദ്ദേഹത്തിന്റെ മുഖം അശ്രുകലുഷിതമായിരുന്നതു ശിഷ്യന്മാർ കണ്ടിട്ടുണ്ടു്. മഹാപൂൎണ്ണനെ അയച്ചിട്ടു എട്ടുനാൾവരെ അദ്ദേഹം കാത്തിരുന്നു. അതിലധികം കാലത്തേക്കു തന്റെ ആ ചീഞ്ഞ ശരീരത്തെ നില

നിത്തുവാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ലാ. എല്ലാം ഈശ്വരങ്കൽ സമപ്പിച്ച്, സവ്വകാമങ്ങളേയുംവെടിഞ്ഞു് പൂണ്ണശാന്തനായി യമുനാചാര്യൻ പരമപദത്തെ പ്രാപിക്കയും ചെയ്തു.

തൃതീയഖണ്ഡം—അദ്ധ്യായം

ആളവന്താർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ പുത്രന്മാരും ശിഷ്യന്മാരും ബന്ധുമിത്രങ്ങളുമെല്ലാം ശോകാത്തരായി വിലപിച്ചു. താൻ ഐഹികവാസം വെടിയുകയായിയെന്നു അദ്ദേഹം പലനാൾ മുമ്പേ മുന്നറിയിപ്പു കൊടുത്തിട്ടും, അദ്ദേഹം മൃത്യുവക്ത്രത്തിലേക്കു തിരിഞ്ഞുകഴിഞ്ഞുവെന്നു് എല്ലാവരും അരികേ കണ്ടുകൊണ്ടിരുന്നിട്ടും, മരണംസംഭവിച്ചപ്പോൾ അവിചാരിതവും അപരിഹാര്യവുമായ ഘോരനാശത്തിൽ പെട്ടെന്നു അകപ്പെട്ടതുപോലെ അവർ വാവിട്ടു കരയുമാറായി. കുറച്ചു കഴിഞ്ഞപ്പോൾ, ഇളയമകനായ വരരംഗനായകൻ മററുള്ളവരെ സമാശ്വസിപ്പിക്കുവാൻ ആളായി. ജ്യേഷ്ഠപുത്രനായ പിള്ളെക്കരെത്തുനമ്പി അച്ഛന്റെ ശേഷക്രിയകൾക്കായി മുന്നിട്ടു. മക്കളും ശിഷ്യന്മാരുംകൂടി ആചാര്യന്റെ മൃതശരീരത്തെ സമാധിയിൽവെക്കുവാൻ കാവിരിതീരത്തേക്കു എടുത്തുകൊണ്ടുപോയി.

രാമാനുജനെ അന്വേഷിച്ചുചെന്ന മഹാപൂർണ്ണനാവട്ടെ, കാഞ്ചീപുരത്തിൽ എത്തിയ ഉടനേ തിരുക്കച്ചിനമ്പിയാരെ ചെന്നുകണ്ടു് ആഗമനകാര്യം അറിയിച്ചു. രാമാനുജൻ ഭാവിയിൽ മഹാപുരുഷനായി വിജയിയാകുമെന്നു

നമ്പിയാർ മനസ്സിലാക്കീട്ടുണ്ട്. അതുകൊണ്ട്, ആ ബാലനിൽ ആളവന്താർക്കു ഇത്രയും പ്രീതിയുണ്ടായതിൽ അത്ഭുതം തോന്നിയില്ലാ. എന്നാൽ, ആളവന്താരെപ്പററി അധികമൊന്നും അറിഞ്ഞിട്ടില്ലാത്ത രാമാനുജൻ അദ്ദേഹത്തെ ചെന്നുകാണുവാൻ ഇഷ്ടപ്പെടുമോ എന്ന കാര്യത്തിൽ നമ്പിയാർക്കു അല്പം സംശയമുണ്ടായി. ഉപായം കൊണ്ടുവേണം ആ ധീരബാലനെ വശത്താക്കുവാൻ എന്നു നിശ്ചയിച്ച് അദ്ദേഹം മഹാപൂർണ്ണനോടുകൂടി വരദരാജക്ഷേത്രത്തിലേക്കു പോയി. ദേവസന്നിധിയെ പ്രാപിച്ചപ്പോൾ, ഗുരുനിയോഗത്തെ സ്മരിച്ചുകൊണ്ട്, അദ്ദേഹം രചിച്ചിട്ടുള്ള ആ സ്തോത്രരത്നത്തിലെ പാട്ടുകളെയെല്ലാം മഹാപൂർണ്ണൻ അവിടെവെച്ച് പാടുകയും, ഗുരുവിന്റെ പ്രാർത്ഥനയെ ദേവസമക്ഷം നിവേദിക്കയും ചെയ്തു. ആ പാട്ടുകൾ കേട്ടപ്പോൾ, അതിനെക്കൊണ്ടുതന്നെ വിദ്വാനും ഭക്തനുമായ രാമാനുജനെ വശീകരിക്കാമെന്നു നമ്പിയാർ കണ്ട് മഹാപൂർണ്ണനോടു ഇങ്ങിനെ പറഞ്ഞു:—

"രാമാനുജൻ കിണററിൽനിന്നു വെള്ളം കോരി ഇവിടെ അഭിഷേകാർത്ഥം ദിവസംതോറും കൊണ്ടുവരാറുണ്ട്. ഇന്നിതാ അതിനു സമയമായി. ആയാൾ വെള്ളമെടുത്ത് ഇങ്ങോട്ടു കൊണ്ടുപോരുമ്പോൾ മാർഗ്ഗമദ്ധ്യേ ചെന്നുനിന്നു നിങ്ങൾ ഈ പാട്ടുകൾ ചൊല്ലണം. അപ്പോൾ ആയാളുടെ മനസ്സു നിങ്ങളിലേക്കു തിരിയാതിരിക്കയില്ലാ."

അപ്രകാരം ചെയ്തുകൊള്ളാമെന്നേററു മഹാപൂർണ്ണൻ വഴിയിലൊരിടത്തു തനിയേ ചെന്നുനിന്നു. രാമാനുജൻ കിണററിൽനിന്നു വെള്ളമെടുത്തു വരദരാജഭക്തിയിൽ ഏകാഗ്രചിത്തനായി ക്ഷേത്രത്തിലേക്കു ചെല്ലുന്നതുകണ്ട് ആ സ്തോത്രരത്നത്തിലെ പാട്ടുകളെ വഴിക്കുവഴിയായി സ്പ

സ്വരത്തിൽ പാടിത്തുടങ്ങി. ആ മധുരഗാനത്തിൽ ലയിച്ചുകൊണ്ടു രാമാനുജൻ അവിടെത്തന്നെ നിന്നപോയ് മഹാപൂർണ്ണൻ സ്തോത്രരത്നത്തിലെ പത്തു പാട്ടുകളും പാടിക്കഴിഞ്ഞു്—

"സ്രഷ്ടികർത്താവായ ബ്രഹ്മാവും, സംഹാരകർത്താവായ ശിവനും അങ്ങയുടെ ഈ അനന്തവും മഹനീയവുമായ ബ്രഹ്മാണ്ഡസാഗരത്തിലെ ഓരോ തുള്ളിമാത്രമാണ്. അങ്ങയുടെ സർവ്വശക്തിത്വം നൈസർഗ്ഗികവും കാലദേശാവധികളാൽ അപരിച്ഛേദ്യവുമാണെന്ന സത്യം ആരാലും അനിഷേധ്യമാണ്"—

—എന്നിങ്ങിനെയുള്ള പതിനൊന്നാമത്തെ പാട്ടും പാടി നിർത്തി. അത്രയും കേട്ടുകൊണ്ടുനിന്ന രാമാനുജൻ പാട്ടുകഴിഞ്ഞ ഉടനെ മഹാപൂർണ്ണന്റെ അടുക്കൽ ചെന്ന് "ഈ സ്തോത്രം ആരാണുണ്ടാക്കിയതു്?" എന്നു ചോദിച്ചു.

മഹാപൂർണ്ണൻ:—"ശ്രീരംഗത്തിൽ യശസ്വിയായി വാഴുന്ന ആ മഹാത്മാവായ യമുനാചാര്യൻ ഇതിന്റെ കർത്താവാണ്."

രാമാനുജൻ—"ആ മഹാത്മാവിനെ എനിക്കു കാണേണമെന്നുണ്ട്. അതിന്നു് എന്താണു വേണ്ടതു്?"

മഹാപൂർണ്ണൻ—"ആക്കം അദ്ദേഹത്തെ സുകരമായി ചെന്നു കാണാം. നിങ്ങൾ എന്നോടൊന്നിച്ചു വരികയാണെങ്കിൽ ഞാൻ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോകാം."

രാമാനുജൻ—"ഞാൻ വരദരാജപ്പെരുമാന്ന് അഭിഷേകത്തിന്നായി തീർത്ഥമെടുത്തുകൊണ്ടു പോകയാണ്. ഇതു് അവിടെ ഏല്പിച്ചിട്ടു ഞാൻ മടങ്ങിവരുന്നതുവരേക്കും നിങ്ങൾ എനിക്കുവേണ്ടി ഇവിടെ കാത്തുനില്ക്കുമോ?"

അങ്ങിനെയാവാമെന്നു മഹാപൂൎണ്ണൻ സമ്മതിച്ചു. രാമാനുജൻ ഉടനേ ക്ഷേത്രത്തിൽ ചെന്നു് അഭിഷേകതീൎത്ഥം അവിടേ ഏല്പിച്ചു് വരദരാജസ്വാമിയെ നമസ്കാരങ്ങളാലും സ്തോത്രങ്ങളാലും ആരാധിച്ചു്, ശ്രീരംഗയാത്രയ്ക്കു് അനുജ്ഞയ്ക്കായി പ്രാൎത്ഥിച്ചതിൽപ്പിന്നെ അവിടേനിന്നിറങ്ങി നേരേ കാഞ്ചിപൂൎണ്ണനെ കാണുവാൻ ചെന്നു. അവിടെവെച്ചു യമുനാചാൎയ്യന്റെ ആ സ്തോത്രങ്ങൾ കാഞ്ചിപൂൎണ്ണനും പാടുന്നതു രാമാനുജൻ ഭക്തിലഹരിയോടേ ശ്രവിച്ചു. ആ സ്തോത്രരത്നത്തിന്റെ കൎത്താവായ യമുനാചാൎയ്യനെ തനിക്കൊന്നു കണ്ടാൽ കൊള്ളാമെന്നുണ്ടെന്നും, അതിലേക്കു് അനുമതിക്കായിട്ടാണു താൻ ഇപ്പോൾ പോന്നിരിക്കുന്നതെന്നും, ആ കുമാരൻ വണക്കത്തോടേ കാഞ്ചിപൂൎണ്ണനോടു പറഞ്ഞു. അതു കേട്ടപ്പോഴുണ്ടായ സംപ്രീതിയോടേ—

“ഭക്തിയുടെ മൂൎത്തമായ രാമാനുജാ, നീ ശ്രീരംഗത്തിൽ ചെന്നു് എന്റെ ഗുരുദേവന്റെ സന്നിധിയെ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവെന്നു പറഞ്ഞതുകേട്ടു് എനിക്കുണ്ടായിവളരുന്ന സന്തോഷത്തിന്നു് അളവില്ല. യമുനാചാൎയ്യൻ എന്റെ ഗുരുവാണു്. വൈജ്ഞാനികജീവിതത്തിൽ അദ്ദേഹമാണു് എന്റെ പിതാവു്. നിന്നെ കൂട്ടിക്കൊണ്ടുപോകുവാൻ വന്നിരിക്കുന്ന മഹാപൂൎണ്ണനും അദ്ദേഹംതന്നെയാണു ഗുരു. ആ മഹാത്മാവിനെ നീ ഭജിക്കേണ്ടതുതന്നെയാണു്. നീ സസുഖം പോയിവരിക. നിനക്കു സൎവ്വമംഗലങ്ങളും ഉണ്ടാവട്ടേ”—

എന്നു തിരുക്കച്ചിനമ്പിയാർ വാത്സല്യത്തോടേ ആശീൎവ്വദിച്ചു രാമാനുജനെ അയച്ചു.

മഹാപൂൎണ്ണൻ കാഞ്ചിപൂൎണ്ണന്റെ അനുമതിയോടേ രാമാനുജനെ കൂട്ടിക്കൊണ്ടുപോകുവാൻ തയ്യാറായി നില്ക്കു

യായിരുന്നു. രാമാനുജൻ യാത്രയ്ക്കൊരുങ്ങി അവിടെ യഥാകാലം വന്നെത്തി. അവരിരുവരുംചേർന്നു ശ്രീരംഗത്തേക്കു പുറപ്പെടുകയും ചെയ്തു.

പല പുണ്യക്ഷേത്രങ്ങളേയും ദർശിച്ചുകൊണ്ടു് അവർ സമാധാനത്തോടേ സഞ്ചരിച്ചു. ശ്രീരംഗത്തെ സമീപിച്ചപ്പോൾ അവിടെനിന്നു ദീനസ്വരത്തിൽ ഗോവിന്ദനാമജപം കൂട്ടത്തോടെ പുറപ്പെടുന്നതുകേട്ടു് അവൎക്കു് ഉൽകണ്ഠയുണ്ടായി. പിന്നെ പെരുതായ ആൾക്കൂട്ടം എതിരേ വരുന്നതു കണ്ടു. എല്ലാവരുടേയും മുഖം വിവൎണ്ണമായിട്ടാണിരിക്കുന്നതു്. ഇത്ര കഠിനമായ ശോകം എന്താണിവിടെ ഉണ്ടായതെന്നു് അവർ വ്യാകുലചിത്തരായി.

ആ ആൾക്കൂട്ടത്തിൽനിന്നു് ഒരാളെ വിളിച്ചു മഹാപൂൎണ്ണൻ കാൎയ്യമെന്താണെന്നു ചോദിച്ചു. ആയാൾക്കു മഹാപൂൎണ്ണൻ പരിചിതനായിരുന്നതുകൊണ്ടു് ഈ ചോദ്യം അത്ഭുതമാണുണ്ടാക്കിയതു്.

"സ്വാമീ, അങ്ങു് ഒന്നും അറിയാത്തതുപോലെ ചോദിക്കുന്നതെന്താണു്? അങ്ങു് എവിടെയായിരുന്നു? ആചാൎയ്യസ്വാമികൾ വൈകുണ്ഠംപ്രാപിച്ചതു് അങ്ങു് അറിഞ്ഞില്ലയോ? അദ്ദേഹത്തിന്റെ ജഡശരീരത്തെ സംസ്കരിക്കുവാനാണല്ലോ ഞങ്ങൾ ചെല്ലുന്നതു്."

ഈ ഘോരവാൎത്ത കേട്ടപ്പോൾ മഹാപൂൎണ്ണൻ മാത്രമല്ലാ രാമാനുജനും ശോകാവേഗത്താൽ സ്തബ്ധരായി. കുറച്ചുനിമിഷത്തേക്കു് അവർ ഇടിയേററതുപോലെ നിശ്ചേഷ്ടം നിന്നുപോയി. പിന്നീടു് ആൎത്തരായി വിലപിച്ചു തുടങ്ങി. ഉദ്ദേശിച്ചുപോന്നകാൎയ്യം അസാദ്ധ്യമാകയാലാണു രാമാനുജനു് ദുഃഖം.

"ഞാൻ എങ്ങോട്ടുചെന്നാലും എന്റെ ദുൎവ്വിധി എന്നെ നിഴലെന്നപോലെ പിന്തുടരുന്നുവല്ലോ. എന്റെ

പ്രഥമഗുരുവിന്ന് എന്റെ ഭാഗ്യദോഷത്താൽ എന്നിൽ പ്രീതിയില്ലാതായി. അദ്ദേഹത്തെ ഞാൻ വെറുപ്പിക്കയും അദ്ദേഹത്തിന്റെ സന്നിധിയിൽ ഞാൻ കൊള്ളരുതാത്തവനാകയും ചെയ്തു. എന്നെ കൊന്നുകളയുന്നതിന്ന് ഉദ്യമിക്കുവാൻ തക്കവണ്ണം ഞാൻ അദ്ദേഹത്തിന്റെ മനസ്സിൽ ദ്വേഷം വളർത്തി. അറിഞ്ഞുകൊണ്ടു യാതൊരാൾക്കും ഞാൻ അപരാധം ചെയ്യുന്നവനല്ലാ. എന്റെ ദുർവ്വിധിയാലാണ് ഗുരുവിന്നു ഞാൻ ശത്രുവായത്. അന്നത്തെ ആ ആപത്തിൽനിന്ന് അത്യത്ഭുതമായ ദൈവയോഗത്താൽ ഞാൻ രക്ഷപ്പെട്ടപ്പോൾ, ദൈവം എന്നിൽ പ്രസാദിച്ചുതുടങ്ങിയിരിക്കുന്നുവെന്നു ഞാൻ ആശ്വസിച്ചു. പിന്നെ ഞാൻ സൽഗുരുവിനെ അന്വേഷിച്ചുകൊണ്ടിരിക്കുമ്പോഴാണു യമുനാചാര്യർ എന്തോ ദിവ്യശക്തിയാൽ എന്നെ ആകർഷിച്ചത്. ജ്ഞാനപ്രകാശം അദ്ദേഹത്തിൽനിന്നു നേടാമെന്ന് ആശിച്ച് ഞാൻ പുറപ്പെട്ടു. ഇതാ, പിന്നെയും ദുർവ്വിധിയുടെ പ്രഹാരം എനിക്ക് ഏല്ക്കേണ്ടിവന്നുവല്ലോ. അദ്ദേഹത്തെ ഒന്നു കാണുന്നതിന്നുപോലും എനിക്കു ഭാഗ്യമുണ്ടായില്ലല്ലോ. അയ്യോ, എനിക്കു പുരോഗതിയില്ലെന്നോ ദൈവസങ്കല്പം. അഥവാ, ഗുരുവിനെ സേവിച്ചു സൽഗതികാണുവാൻ ദൈവം എന്നെ വിടുകയില്ലെന്നോ? എന്നാൽ, ഗുരുവിനെ അന്വേഷിക്കുന്നതിൽനിന്നു ഇനി ഞാൻ വിരമിച്ചേക്കാം. ദൈവേച്ഛപോലെ നടക്കട്ടെ."

മഹാപൂർണ്ണൻ—"നിങ്ങൾ ഒട്ടും നിരാശനാവരുത്. നിങ്ങൾക്കും എന്റെ ഗുരുവിന്നും തമ്മിൽ സംയോഗം ഭവിക്കാതെയായതിന്നു ദൈവികമായി എന്തോ ഹേതുവുണ്ട്. ദൈവത്തിന്റെ ദൃഷ്ടി നിങ്ങളിൽ ഗുരുവിലും ഉണ്ടെന്ന്, ഇതുവരെയുണ്ടായ സംഭവങ്ങളെ

കൊണ്ടു ഞാൻ ഉദ്ഘോഷിക്കുന്നു. കരുണാനിധിയാണു ഈശ്വരൻ. ആർക്കൊരു ദോഷവും അദ്ദേഹത്തിൽനിന്നു് ഉണ്ടാകയില്ല. അദ്ദേഹം ചെയ്യുന്നതൊക്കെയും നമ്മുടെ നന്മയ്ക്കാണെന്നു കരുതുന്നവനാണു ഞാൻ. 'അക്ഷമനാവാതെ കാത്തുകൊണ്ടിരിക്കുന്നവനു വേണ്ടുന്നതെല്ലാം യഥാകാലം കിട്ടിക്കൊള്ളും' എന്ന വിശ്വാസം എന്നിൽ സുദൃഢമായുണ്ടു്. അതുകൊണ്ടു്, ഈ അനുഭവങ്ങളെല്ലാം ദൈവത്തിന്റെ പ്രസാദമാണെന്നു ഭക്തിപൂർവ്വം കൈക്കൊണ്ടു നാം അവ്യാകുലരായിരിക്കയാണു വേണ്ടതു്. ശരീരബന്ധത്തിൽ അകപ്പെട്ടുനിന്നിരുന്ന നമ്മുടെ ഗുരുദേവൻ ഇപ്പോൾ വിമുക്തനായി ഈശ്വരസന്നിധിയിൽ സാനന്ദം വർത്തിക്കയാകകൊണ്ടു് ഇപ്പോഴാണു നമ്മെ ഫലോന്മുഖമായി അനുഗ്രഹിക്കുന്നതിന്നു് ശക്തനായ്ത്തീർന്നിരിക്കുന്നതു്. അദ്ദേഹത്തിന്റെ ജഡശരീരം നിഷ്ക്രിയമായിയെന്നുവെച്ചു നാം ദുഃഖിക്കേണ്ടുന്നവരല്ല. നിത്യലോകത്തിൽ നമ്മെയെല്ലാം നോക്കിക്കൊണ്ടു് അദ്ദേഹം വാഴുന്നുണ്ടു്. വരൂ. ആ പുണ്യാത്മാവിനെ വഹിച്ചുകൊണ്ടിരുന്ന ആ ശരീരത്തെ അവസാനമായി നാം ചെന്നു കണ്ടേക്കാം."

ഇങ്ങിനെ ആശ്വസിപ്പിച്ചു മഹാപൂർണ്ണൻ രാമാനുജനെ വിളിച്ചു് സമാധിസ്ഥാനത്തേക്കു നടന്നു.

ആളവന്താരുടെ മറ്റു ശിഷ്യന്മാർ മഹാപൂർണ്ണനെ കണ്ടപ്പോൾ സന്തോഷവും സന്താപവും ഇടകലർന്നുകൊണ്ടു് അവർക്കുണ്ടായി. തങ്ങളെ ആശ്വസിപ്പിക്കുവാൻ സമർത്ഥനായ ആ പ്രിയസഖാവിന്റെ പ്രത്യാഗമനത്തിൽ അവർ സന്തോഷിച്ചു. ഗുരുവിന്റെ ദേഹവിയോഗവാർത്ത, ആ ഗുരുഭക്തനെ അറിയിക്കുവാൻ തങ്ങൾക്കി

ങ്ങിനെ ഉദ്യോഗമുണ്ടായല്ലോ എന്നു് അവൎക്കു സങ്കടവുമുണ്ടായി.

പരസ്പരം വൎത്തമാനങ്ങളെല്ലാം പകൎന്നുകഴിഞ്ഞതിൽപ്പിന്നെ രാമാനുജനെക്കുറിച്ചു പ്രസ്താവമായി. ആരാണിദ്ദേഹം എന്നു് ആ ആൾക്കൂട്ടത്തിൽനിന്നു പലരും രാമാനുജനെ ഉദ്ദേശിച്ചു് മഹാപൂൎണ്ണനോടു ചോദിച്ചു.

"നമ്മുടെ ഗുരുദേവൻ ആരെ കാണേണമെന്നുവെച്ചു് രാവും പകലും തപിച്ചുകൊണ്ടിരുന്നുവോ ആ അനുഗൃഹീതനാണിദ്ദേഹം. ആരെ കൂട്ടിക്കൊണ്ടുവരുവാൻ എന്നെ ഗുരുദേവൻ അയച്ചുവോ ആ വത്സലനാണിദ്ദേഹം. ഇദ്ദേഹംതന്നെയാണു നമ്മുടെ ഗുരുദേവന്റെ ആത്മാവിന്നു് ആശകൾക്കെല്ലാം കേന്ദ്രമായ രാമാനുജൻ."

ഇത്രയുംകേട്ടപ്പോൾ സൎവ്വരുടേയും നോട്ടം രാമാനുജനിലായി. അവരിൽനിന്നു പല പല ഭാഷണങ്ങൾ കൂട്ടത്തോടെ ഉയൎന്നുതുടങ്ങി. അതിലൊന്നിലും ശ്രദ്ധചെലുത്താതെ രാമാനുജൻ ആളവന്താരുടെ ശവത്തിലേക്കു് ഉററുനോക്കിക്കൊണ്ടുനിന്നു. "ഒടുക്കം ഈ മഹാത്മാവിന്റെ നിശ്ചേതനശരീരത്തെയെങ്കിലും എനിക്കു കാണുവാൻ യോഗമുണ്ടായല്ലോ." എന്നു് അദ്ദേഹം അടങ്ങുവാൻനോക്കി. അപ്പോൾ, യമുനാചാൎയ്യന്റെ കൈവിരലുകളിൽ മൂന്നെണ്ണം മടങ്ങിയിരിക്കുന്നതുകണ്ടു് വിസ്മയിച്ചു്, ഇതു എങ്ങിനെ സംഭവിച്ചു എന്നു് അരികെനില്ക്കുന്നവരോടു ചോദിച്ചു.

ഇതിനുമുമ്പു് ആരും ഇതു കണ്ടിട്ടില്ല. മരിക്കുംമുമ്പു് ഗുരുദേവന്റെ വിരലുകളൊന്നും മടങ്ങിയിരുന്നില്ലെന്നു് ശിഷ്യന്മാൎക്കറിയാം. എപ്പോഴാണു്, എങ്ങിനെയാണു് ഈ മൂന്നുവിരലുകൾ ഇങ്ങിനെ മടങ്ങിയതു് എന്നു് ആൎ

യാതെ അവരും മററെല്ലാവരും പരസ്പരം നോക്കിത്തുടങ്ങി.

"എന്തെങ്കിലും ആഗ്രഹം അദ്ദേഹത്തിന്നു നിറവേറാതെ വന്നിട്ടുണ്ടോ? അദ്ദേഹത്തിന്റെ മനസ്സിൽ സഫലമാവാതെ കിടന്ന വല്ല ആശയെക്കുറിച്ചും നിങ്ങൾക്കു സംശയിക്കുവാനെങ്കിലും ഇടയായിട്ടുണ്ടോ?" എന്നു രാമാനുജൻ ചോദിച്ചു.

"ഉണ്ടു്; മഹത്തായ ഒരുദ്ദേശം തനിക്കു് നിറവേററുവാൻ കഴിഞ്ഞില്ലല്ലോ എന്നു് അദ്ദേഹം അന്ത്യകാലത്തു് ഇടക്കിടെ വിഷാദിക്കുന്നതു് ഞങ്ങൾ കണ്ടിട്ടുണ്ടു്. വ്യാസനേയും പരാശരനേയും അദ്ദേഹം എപ്പോഴും സ്മരിക്കാറുണ്ടായിരുന്നു. ശഠകോപനിൽ അദ്ദേഹത്തിന്നുള്ള ഭക്തി അളവില്ലാത്തതാണു്. ശഠകോപന്റെ വിശിഷ്ടാദ്വൈതസിദ്ധാന്തംപോലെ വ്യാസന്റെ ബ്രഹ്മസൂത്രത്തിന്നു് പുതിയൊരു ഭാഷ്യം ചമയ്ക്കണമെന്നു് അദ്ദേഹം ആശിച്ചിരുന്നു. വയോധികതയാൽ തനിക്കു് അതിന്നു് ശക്തിയില്ലായ്കയാലും, ആ കർമ്മം ശരിയായി നിർവ്വഹിക്കുവാൻ തക്ക ആളെ തനിക്കു കിട്ടായ്കയാലും അദ്ദേഹത്തിന്റെ മനസ്സിന്നു നിരന്തരമായ പീഡയുണ്ടായിരുന്നുവെന്നു് ഞങ്ങൾ അറിയും" എന്നു് ശിഷ്യന്മാർ പറഞ്ഞു.

ആ അഭിലാഷം എത്ര ദുഷ്കരമായിരുന്നാലും, താൻ സാധിച്ചുകൊടുക്കേണ്ടതാണെന്നു രാമാനുജന്നു് ഉടൻ തോന്നി. ഇതുകൊണ്ടുതന്നെയായിരിക്കാം തനിക്കുവേണ്ടി അദ്ദേഹം കാത്തുകൊണ്ടിരുന്നതെന്നും, താൻ ഇതു് അറിയുവാൻ വേണ്ടിയല്ലായിരിക്കാം അദ്ദേഹത്തിന്റെ കൈവിരലുകൾ ഇങ്ങിനെ മടങ്ങിയിരിക്കുന്നതെന്നും രാമാനുജൻ ഊഹിച്ചു. ഇത്രയും വാത്സല്യം ആ മഹാത്മാവിന്നു തന്റെപേരിൽ ഉണ്ടെന്നാണെങ്കിൽ, ആ മഹാക

ത്ഥം നിർവ്വിഘ്നം നിർവ്വഹിക്കുവാൻ താൻ ശക്തനാകുമെന്ന് അദ്ദേഹം വിശ്വസിക്കയുംചെയ്തു. എന്നിട്ട് അവിടെക്കൂടിയിരുന്ന ജനങ്ങളെല്ലാവരും കേൾക്കെ ധീരാത്മാവായ രാമാനുജൻ ഉൽഘോഷിച്ചതാവിതു്—

എന്റെ ആയുഷ്കാലം യഥാമതി ദീർഘമാണെങ്കിൽ ഈശ്വരന്ന് എന്റെപേരിൽ കാരുണ്യമുണ്ടെങ്കിൽ, ഉൽകൃഷ്ടകർമ്മങ്ങൾ നടത്തുന്നതിന്നു ദൈവനിയോഗം എനിക്കുണ്ടെങ്കിൽ, എന്റെ ഉദ്ദേശം നിറവേറുന്നതിന്ന് ദൈവം അനുഗ്രഹിക്കുമെങ്കിൽ; ഞാൻ ഗുരുദേവന്റെ അഭിലാഷത്തെ യഥാശക്തി നിറവേറുന്നതാണെന്ന് നിങ്ങളുടെ മുമ്പിൽവെച്ച് ഞാൻ പ്രതിജ്ഞചെയ്തുകൊള്ളുന്നു. ഈ സമാരംഭത്തിന്ന് ഗുരുദേവന്റെ അനുജ്ഞ എനിക്കുണ്ടെങ്കിൽ അതിന്റെ സൂചകമായി അദ്ദേഹത്തിന്റെ ഈ കൈവിരലുകൾ നിവരട്ടെ!

അത്ഭുതം, അത്ഭുതം! മടങ്ങിയിരുന്ന ആ മൂന്നു വിരലുകളും അതാ, തനിയെ നിവർന്നു. എന്നുതന്നെയല്ലാ, ആ ശവത്തിന്റെ മുഖത്തു പെട്ടെന്നൊരു ദിവ്യതേജോവിലാസവുമുണ്ടായി. ഇതൊക്കെയും വിസ്മയോൽഫുല്ലനേത്രരായി ജനങ്ങൾ നോക്കിനിന്നു.

ആളവന്താരുടെ ആ മൂന്നു വിരലുകൾ മടങ്ങുകയും നിവരുകയും ചെയ്തതിനെ സംബന്ധിച്ച് വേറെയൊരു ഐതിഹ്യം കാണുന്നുണ്ട്.

രാമാനുജൻ യമുനാചാര്യന്റെ മൃതശരീരത്തെ നോക്കി ഖേദിക്കുന്നതിന്നിടയ്ക്കു, “എനിക്കു ഇദ്ദേഹത്തെ മരിക്കുംമുമ്പേ ദർശിക്കുന്നതിന്നു ഈശ്വരൻ അനുകൂലിച്ചിരുന്നുവെങ്കിൽ, ഞാൻ വൈകുണ്ഠത്തിലേയ്ക്കു വിഷ്ണുഭഗവാന്റെ പാദാരവിന്ദം വരെക്കും ഇവിടെനിന്ന് ഒരു നിരത്തുവഴി ഉണ്ടാക്കിയേനേ” എന്നും, “ആ പാതയിൽക്കൂടി

സൎവ്വജനത്തിന്നും സുകരമായി നിത്യാനന്ദത്തിലേക്കു സഞ്ചരിക്കുവാൻ ഞാൻ സാധിപ്പിക്കും" എന്നും പറയുകയുണ്ടായി. ഉടനേ യമുനാചാൎയ്യന്റെ മൂന്നു കൈവിരലുകൾ മടങ്ങി. അതു കണ്ടപ്പോൾ തന്റെ വാക്കു ഗുരുദേവൻ ആദരിച്ചിരിക്കുന്നുവെന്നു രാമാനുജന്നു മനസ്സിലായി.

"ഇന്നുമുതൽ ഞാൻ വൈഷ്ണവമതത്തെ അവലംബിച്ച് അതിന്റെ ഉൽകൎഷത്തിന്നായി പ്രവൎത്തിക്കുന്നതാണ്. എന്റെ ആയുഷ്കാലത്തെയും, എനിക്കുള്ള സൎവ്വശക്തിയേയും, എന്റേ ജീവിതത്തെത്തന്നേയും മനുഷ്യവൎഗ്ഗത്തിന്റെ ശ്രേയസ്സിന്നായി സമൎപ്പിച്ചുകൊള്ളുന്നു. മനുഷ്യരെ സൽപഥത്തിൽ നയിച്ച്, തിരുവായിരപ്രബന്ധത്തിലെ സൂക്ഷ്മാൎത്ഥങ്ങളെയെല്ലാം അവരെ ഗ്രഹിപ്പിച്ച്, ആ പ്രബന്ധത്തെ അവരെക്കൊണ്ട് പൂജിപ്പിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്തുകൊള്ളുന്നു"—ഇങ്ങിനെ രാമാനുജൻ തുടൎന്നപ്പോൾ ആ മടങ്ങിയ വിരലുകളിൽ ഒന്നുമാത്രം നിവൎന്നു.

"ഞാൻ വ്യാസസൂത്രത്തിന്നു പുതിയൊരു ഭാഷ്യമുണ്ടാക്കി വേദശാസ്ത്രപുരാണങ്ങളിലെ ഉൾക്കരുത്തു മുഴുവൻ അതിൽ അടക്കി മോക്ഷമാൎഗ്ഗത്തെ സൎവ്വജനത്തിന്നും സുഗമമാക്കുന്നതാണ്" എന്നു രാമാനുജൻ രണ്ടാമതായി പ്രതിജ്ഞ ചെയ്തപ്പോൾ രണ്ടാമത്തെ വിരലും നിവൎന്നു.

"ഞാൻ അതിവിശിഷ്ടനായ ഒരു വൈഷ്ണവനെ അന്വേഷിച്ചു കണ്ടുപിടിച്ച്, പരമാത്മാവിന്റെ മഹാത്മ്യത്തെയും, പരമാത്മാവിന്നും ജീവാത്മാവിന്നും തമ്മിലുള്ള സംബന്ധത്തേയും, മോക്ഷമാൎഗ്ഗത്തേയും കുറിച്ചു തന്റെ വിഷ്ണുപുരാണത്തിൽ ആൎക്കും അനിഷേധ്യമായ രീതിയിൽ സിദ്ധാന്തിച്ചിട്ടുള്ള ആ പരാശരമഹൎഷിയുടെ നാമം ആ വൈഷ്ണവോത്തമനെക്കൊണ്ടു ധരിപ്പിക്കുന്നതാണ്" എ

നുണ്ടായ മൂന്നാമത്തെ പ്രതിജ്ഞയോടുകൂടി മൂന്നാമത്തെ വിരലും നിവിന്നു.

ആളവന്താർ രാമാനുജനിലുള്ള വാത്സല്യവും വിശ്വാസവും എത്ര ഉൾത്തിങ്ങിയതാണെന്ന് ഈ സംഭവത്തിൽനിന്ന് എല്ലാവർക്കും അറിയുവാൻ കഴിഞ്ഞു.

ഉടനെ വരരംഗനായകൻ രാമാനുജനെ അടുത്തു്—

“ഗുരുദേവന്റെ സവിശേഷമായ അനുഗ്രഹത്തിന്ന് അങ്ങയാണു പാത്രമായതു്. അദ്ദേഹത്തിന്റെ ജീവിതോദ്ദേശവും ദിവ്യപ്രഭാവവും അങ്ങയിലേയ്ക്കു പകൎന്നിരിക്കുന്നു”—എന്നും;

അവിടെക്കൂടിയിരുന്ന ജനങ്ങളെ നോക്കി—

“വൈഷ്ണവന്മാരുടെ ആചാൎയ്യനും നമ്മുടെ ഗുരുഭൂതനും ഇനിമേൽ ഇദ്ദേഹമാണ്. ഇദ്ദേഹത്തെ കാണുന്നതിന്നു ഗുരുദേവന്ന് എത്ര കലശലായ ഇച്ഛയാണുണ്ടായിരുന്നതെന്നു് എല്ലാവരും അറിഞ്ഞിട്ടുള്ളതാണ്. താൻ തന്നെ തന്റെ ഭാരത്തെ ഇദ്ദേഹത്തെ ഏല്പിക്കേണമെന്നു ഗുരുദേവൻ ആശിച്ചിരുന്നു. അതു ഫലിച്ചതു് ഇതാ, ഇപ്പോൾ നാം കാണുകയുണ്ടായ വിധമാണ്. മനുഷ്യവൎഗ്ഗസംരക്ഷകനായി വന്നിരിക്കുന്ന മഹാപുരുഷനാണിദ്ദേഹം. സത്യദീപത്തെ വഹിച്ചുകൊണ്ടു് ഇദ്ദേഹം നമ്മെ നയിക്കുവാൻ മുന്നിട്ടിരിക്കുന്നു. ആ ദീപം, അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന ജീവികൾക്കൊക്കെയും ചൈതന്യവും പ്രകാശവും നൽകി, സമസ്തലോകത്തിന്നും ഈശ്വരനെ പ്രാപിക്കുവാൻ വഴികാണിക്കുമാറാവട്ടെ”—

—എന്നും പ്രസ്താവിച്ചു. അതു കേട്ടവരെല്ലാവരും ഏകസ്വരത്തിൽ ശരിവെച്ചുകൊണ്ടു് ഹർഷാരവം മുഴക്കി. രാമാനുജനെ അവർ കൂട്ടത്തോടെ സ്തുതിക്കുകയും ചെയ്തു.

ഇതിന്ന രാമാനുജനിൽനിന്നുണ്ടായ മറുപടി ഇതാണ്:—"നിങ്ങൾ എന്നെ ഏല്പിക്കുന്ന ഭാരം അശക്തനായ എനിക്ക് ഏററവും ദുസ്സഹമാണെന്നിരിക്കിലും നിങ്ങളുടെ ആജ്ഞയെ ഞാൻ നിരാകരിക്കരുതല്ലോ. എന്റെ ധർമ്മത്തെ യഥാവിധി അനുഷ്ഠിക്കുന്നതിന്ന ഞാൻ ശക്തനാകുവാൻതക്കവണ്ണം വാസുദേവനും ഗുരുദേവനും എന്നെ കാരുണ്യപൂർവ്വം അനുഗ്രഹിക്കട്ടെ."

അനന്തരം ആളവന്താരുടേ ശവസംസ്കാരകർമ്മങ്ങളെല്ലാം ഭംഗിയായി നിറവേററി ആളുകളെല്ലാം അവരവരുടെ വഴിക്ക് അവിടെനിന്ന പിരിഞ്ഞു.

വരരംഗനായകൻ, മഹാപൂർണ്ണൻ മുതലായവരോടു യാത്രപറഞ്ഞു രാമാനുജൻ കാഞ്ചീപുരത്തിലേക്കു മടങ്ങി. യമുനാചാര്യന്റെ ജീവിതകാലത്ത് അദ്ദേഹത്തിൽനിന്ന് ഉപദേശംഗ്രഹിക്കുവാനോ, അദ്ദേഹത്തെ ഒരു നോക്കു കാണുവാൻപോലുമോ തനിക്കു കഴിഞ്ഞില്ലെന്നായതിൽ രാമാനുജനുണ്ടായ ശോകം മാർഗ്ഗംതോറും വർദ്ധിച്ചുതുടങ്ങി. അങ്ങിനെ ദീനഭാവത്തോടെയാണ് അദ്ദേഹം തിരുകച്ചിനമ്പിയാരുടെ മുമ്പിൽ ചെന്നത്. തന്റെ ഗുരുവിനെ സംബന്ധിച്ച ചരമവാർത്ത കേട്ടപ്പോൾ തിരുകച്ചിനമ്പിയാർ പൊട്ടിക്കരഞ്ഞുപോയി. ഒരുമിച്ചു രാമാനുജനും കരയുമാറായി. ഉടനെ മതിമാനായ കാഞ്ചിപൂർണ്ണൻ തന്നെത്താൻ സമാശ്വസിച്ച്, രാമാനുജനെ സാന്ത്വനം ചെയ്യുവാൻ മുതിർന്നു:—

"ഈ ഭവിതവ്യതയിൽ ദുഃഖിക്കുന്നതു വെറുതെയാണ്. കാഞ്ചീപുരനാഥന്റെ സർവ്വജ്ഞത്വത്തിലും സർവ്വശക്തിത്വത്തിലും പരിപൂർണ്ണവിശ്വാസത്തെ ഉറപ്പിക്കൂ. എല്ലാം ക്ഷമിച്ചുകൊണ്ടു സാവധാനം മുന്നോട്ടു ചെന്നാൽ ഒടുവിലൊക്കെയും നന്മയായിട്ടേ വരൂ."

ഇങ്ങിനെ തിരുക്കച്ചിനമ്പിയാരാൽ രാമാനുജൻ പരിസാന്ത്വിതനായി. അദ്ദേഹം മുമ്പിലത്തെപ്പോലെ വരദരാജനെ ഭജിച്ചുകൊണ്ടു വാണു. തിരുക്കച്ചിനമ്പിയാരുമായി, ഈ സംഭവത്തിനുശേഷം രാമാനുജനു പൂർവ്വാധികം അടുപ്പമുണ്ടായി. അങ്ങിനെ രാമാനുജനു നമ്പിയാരിൽ ഭക്തിയും, നമ്പിയാക്കു രാമാനുജനിൽ വാത്സല്യവും വർദ്ധമാനമായ്ത്തീന്നു.

അടുത്തു പരിചയിച്ചുതുടങ്ങിയപ്പോഴാണു കാഞ്ചിപൂണ്ണൻ മഹാത്മാവും മഹാജ്ഞാനിയുമാണെന്ന വാസ്തവം രാമാനുജനു മനസ്സിലായതു്. അദ്ദേഹത്തെക്കാൾ ശ്രേഷ്ഠനായ വേറെയൊരു ഗുരുവിനെ തനിക്കു കിട്ടുവാനില്ലാ എന്നു രാമാനുജൻ ധരിക്കയും ചെയ്തു. ഒരുനാൾ വണക്കത്തോടെ കാഞ്ചിപൂണ്ണന്റെ അരികെ ചെന്നുനിന്നു്:—

"സ്വാമിൻ, അങ്ങു് എന്നെ കാരുണ്യപൂർവ്വം സംരക്ഷിച്ചാലും! അങ്ങയുടെ ശിഷ്യന്മാരിൽ ഒരുവനായി എന്നെ അംഗീകരിക്കണം. ഈശ്വരനെ പ്രാപിക്കുവാനുള്ള മാർഗ്ഗം എനിക്കു കാണിച്ചുതരുവാൻ അങ്ങയല്ലാതെ ആരുമില്ലാ" എന്നു രാമാനുജൻ പ്രാത്ഥിച്ചു.

കാഞ്ചിപൂണ്ണൻ—"വത്സാ, നിന്റെ ഈ പ്രാത്ഥന അസ്ഥാനത്തിലായി. ഞാൻ നിന്റെ ഗുരുസ്ഥാനം വഹിക്കുന്നതിനു് അർഹനല്ലാ. വരദരാജസ്വാമിക്കു എന്റെപേരിൽ അല്പം കാരുണ്യമുണ്ടെന്നു കണ്ടിട്ടായിരിക്കാം നീ എന്റെ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്നതു്. എന്നാൽ, ശൂദ്രനായ എനിക്കു നിന്നെ ശിഷ്യനായി അംഗീകരിക്കുന്നതിനു് അധികാരമില്ലെന്നു നീ ഓക്കില്ലായിരിക്കാം."

രാമാനുജൻ—"മഹാന്മാർ ഏതു ജാതിയിലും ജന്മത്തെ ധരിക്കാറുണ്ടു്. മായാബന്ധത്തിൽനിന്നു വിമുക്തരാ

യി ഈശ്വരനെ പ്രത്യക്ഷമായി ദൎശിക്കുന്നതിന്നു യോഗമുണ്ടായിട്ടുള്ള മഹാത്മാക്കളുടെ കാൎയ്യത്തിൽ ജന്മത്തിന്നു പ്രാധാന്യമില്ലെന്നു ശാസ്ത്രങ്ങൾ പറയുന്നുണ്ട്."

കാഞ്ചിപൂൎണ്ണൻ—"അതിരുകടന്നു നീ എന്നെ സ്തുതിക്കയാണിപ്പോൾ. ജന്മംകൊണ്ടുമാത്രമല്ലാ കൎമ്മംകൊണ്ടും നീ പറയുന്നതുപോലെ അത്രയും ശ്രേഷ്ഠനല്ലാ ഞാൻ. അഥവാ ഞാൻ നിന്റെ ഗുരുവാകുന്നതിന്നു യോഗ്യനാണെന്നുതന്നെ വിചാരിക്കുക. എന്നാലും, ആചാരമൎയ്യാദയെ എനിക്ക് അതിലംഘിച്ചുകൂടാ. ജാത്യാചാരങ്ങൾ വിധിപോലെ നടന്നുവരുന്നുണ്ടോ എന്നു നാംതന്നെ നോക്കുന്നില്ലെങ്കിൽ, പിന്നെ ആൎക്കാണ് അതിൽ ശ്രദ്ധയുണ്ടാകുക. മഹാത്മാക്കൾപോലും ജനസമുദായത്തിന്റെ ഘടനയെ നിലനിൎത്തുവാൻ ജാത്യാചാരങ്ങളെ ആധാരമാക്കി പ്രവൎത്തിക്കുന്നവരാണ്. ഇതിനെ സംബന്ധിച്ച് ഭഗവാൻ പറഞ്ഞിരിക്കുന്നത് എന്തെന്നു കേൾക്കൂ. 'ശ്രേഷ്ഠന്മാർ ഏതുകാൎയ്യം ചെയ്യുന്നുവോ അതുതന്നെയാണു മററുള്ളവരും ആചരിക്കുക. ലോകത്തിന്നു മുഴുവൻ അനുവൎത്തിക്കുവാൻ യോഗ്യമായിട്ടുള്ളതുമാത്രമേ ശ്രേഷ്ഠന്മാർ പ്രമാണമാക്കാവൂ. ഹേ, പാൎത്ഥാ, മൂന്നുലോകത്തിലും യാതൊരു കൎമ്മവും എനിക്കു ചെയ്യേണ്ടതായിട്ടില്ലാ; യാതൊന്നും എനിക്കു നേടേണ്ടതായിട്ടുമില്ലാ; എന്നാലും ഞാൻ എപ്പോഴും കൎമ്മത്തിലേൎപ്പെട്ടുകൊണ്ടാണിരിക്കുന്നത്. ഞാൻ അന്യരെപ്പോലെ ശ്രദ്ധാപൂൎവ്വം കൎമ്മങ്ങൾ ആചരിക്കാതിരുന്നാൽ, സൎവ്വത്ര സൎവ്വജീവികളും എന്നെ അനുകരിച്ച് അകൎമ്മത്തിലേക്കു തിരിഞ്ഞേക്കും. കൎമ്മ

ത്തിൽനിന്നു ഞാൻ ഒഴിയുകയാണെങ്കിൽ ലോകങ്ങളെല്ലാം നശിക്കുകയാണുണ്ടാകുക. ഗുണകർമ്മവിഭാഗംപോലെ നാലു വർണ്ണങ്ങളെ ഞാനാണു സൃഷ്ടിച്ചിരിക്കുന്നതു്. വർണ്ണസങ്കര[illegible]യ്ക്കു ഞാൻതന്നെ ഹേതുവാക്കീൻ ജീവികളെയെല്ലാം നശിക്കുവാൻ വിടുന്നതു് എനിക്കു യോഗ്യമാണോ?' കലധർമ്മത്തെ അനുവർത്തിക്കാത്തവർ അന്ധകാരമയമായ നരകത്തിൽ നിപതിക്കുമെന്നാണു വിധി, പിന്നെ അതിൽനിന്നു കരയേറുവാൻ അവർക്കു കഴിഞ്ഞില്ലെന്നുവരും. അതുകൊണ്ടു്, ജനസമുദായത്തിന്റെ സംഘടനയെ സംരക്ഷിക്കുവാൻ സ്വന്തം ധർമ്മത്തെ നീ ശരിയായി ആചരിക്കണം. അജ്ഞന്മാരെന്നപോലെ വിജ്ഞന്മാരും കർമ്മം ചെയ്യേണ്ടുന്നവർതന്നെ. അജ്ഞന്മാർ കർമ്മത്തിൽ ഏർപ്പെടുന്നതു ഫലാപേക്ഷയോടുകൂടിയാണു്. വിജ്ഞന്മാരാവട്ടേ, നിഷ്കാമബുദ്ധിയോടേ, ജനസമുദായത്തിന്റെ രക്ഷയെ കരുതി മാത്രമായിരിക്കണം കർമ്മം തുടരുന്നതു്. കർമ്മത്തിൽ ആസക്തിയുള്ള മൂഢജനങ്ങളുടെ മനസ്സിനെ വിജ്ഞന്മാർ കലക്കിമറിക്കരുതു്. സ്വധർമ്മം ഗുണംകുറഞ്ഞതായാലും, അതു ഗുണംനിറഞ്ഞ പരധർമ്മത്തെക്കാൾ ശ്രേഷ്ഠമാണു്. സ്വധർമ്മാനുഷ്ഠാനത്തിൽ മരണംനേരിട്ടാലും ശ്രേയസ്സുതന്നെ. എന്തുകൊണ്ടെങ്കിൽ, പരധർമ്മത്തെ അവലംബിച്ചു ജീവിക്കേണ്ടിവരുന്നതിൽ എപ്പോഴും ഭയമേയുള്ളു. അല്പജ്ഞരായ മനുഷ്യരെ അവരുടേ സ്ഥിതിഗതികൾക്കു വിപരീതമായി അഭിജ്ഞന്മാർ ഇളക്കിവിടരുതു്."

രാജാന്തജൻ—"സ്വാമിൻ, ഞാൻ അങ്ങയെ മനഃപൂർവ്വം വിശ്വസിച്ചുകൊണ്ടാണിരുന്നതു്. ആ വിശ്വാസം

നിഷ്ഫലമായിട്ടാണല്ലോ കലാശിക്കുന്നത്. എങ്കിലും, ഞാൻ നിരാശനാകുന്നില്ല. അങ്ങയിൽ എനിക്കുള്ള ഭക്തിക്കു ഇതുകൊണ്ട് ലോപമുണ്ടാകുന്നതുമല്ല."

ഇങ്ങിനെ പറഞ്ഞിട്ടാണ രാമാനുജൻ അന്ന സ്വഗൃഹത്തിലേക്കു മടങ്ങിയത്. അദ്ദേഹത്തിന്റെ മനസ്സിന്ന് സ്വാസ്ഥ്യമില്ലാതെയായി. മഹാത്മാവായ തിരുക്കച്ചിനമ്പിയാരുടെ അനുഗ്രഹത്തിന്ന താൻ എങ്ങിനെയെങ്കിലും പാത്രമാവേണമെന്നതിനെക്കുറിച്ച് അദ്ദേഹം ആലോചനയിൽ മുങ്ങി. ഒടുക്കം, ഉപായംകൊണ്ട്, നമ്പിയാരെ വശീകരിക്കുവാൻ കഴിയുമോ എന്ന് നോക്കുന്നതിന്ന് അദ്ദേഹം നിശ്ചയിച്ചു. അന്ന രാത്രിമുഴുവൻ ഈ വിചാരത്താൽ ഉറക്കമുണ്ടായില്ല.

നേരം പുലൎന്നു. പൂൎവ്വാഹ്നകൎമ്മങ്ങളെല്ലാം അനുഷ്ഠിച്ചുകഴിഞ്ഞു. ഉടനെ രാമാനുജൻ കാഞ്ചിപൂൎണ്ണന്റെ വസതിയിലേക്കു സത്വരം ചെന്നു. തിടുക്കത്തോടെ വരുന്ന രാമാനുജനെ കണ്ട് തിരുക്കച്ചിനമ്പിയാർ സംഭ്രമത്തോടെ എഴുന്നേററ് എന്താണ കാൎയ്യമെന്ന ചോദിച്ചു.

"ഇന്നലെ ഞാൻ ചെയ്ത പ്രാൎത്ഥന അങ്ങ് നിരാകരിച്ചുവല്ലോ. ഇന്ന വേറൊരപേക്ഷയുണ്ട്. അതും അങ്ങ് കൈക്കൊള്ളാതിരുന്നാൽ എനിക്കു സഹിക്കുവാൻവയ്യാത്ത സങ്കടമാണ്ടാകും."

"എന്താണത്?"

"എന്റെ വീട്ടിൽ ഭോജനത്തിന്നായി ഞാൻ അങ്ങയെ ക്ഷണിക്കുന്നു. അങ്ങയുടെ ഇന്നത്തെ ഭോജനത്തിന്ന എന്റെ വീട്ടിൽ ഏൎപ്പാടുചെയ്തിട്ടുണ്ട്."

"ഇതിന്നവേണ്ടിയോ നീ ഇത്ര്യും ആവേഗത്തോടേ ഇങ്ങോട്ടു പാഞ്ഞുവന്നത്."

"മഹാത്മാക്കളുടെ കാരുണ്യത്തിന്നുവേണ്ടിയാണെങ്കിൽ ഞാൻ പറക്കകതന്നെ ചെയ്യും."

"ആകട്ടേ, ഞാൻ വരാം"

അങ്ങിനെ അനുമതികിട്ടുകയാൽ നിറഞ്ഞ സന്തോഷത്തോടേ തുള്ളിച്ചാടിക്കൊണ്ടാണ് രാമാനുജൻ മടങ്ങിയതു്. അദ്ദേഹം വീട്ടിൽവന്ന് ഭാര്യയെവിളിച്ച് അതിഥിസൽക്കാരത്തിന്നുള്ള ഏർപ്പാടുകളെല്ലാം ഭംഗിയായി നടത്തുവാൻ ഏല്പിച്ചു. "ഇന്ന് ഇവിടെവരുന്ന അതിഥി സാമാന്യനായ ഒരാളല്ല; അദ്ദേഹത്തിന്റെ കാരുണ്യത്തിന്നു നാം പാത്രമായാൽ, അതോടുകൂടി ദീനരക്ഷകനായ ഭഗവാന്റെ അനുഗ്രഹവും നമ്മളിലുണ്ടാകും" എന്നു അദ്ദേഹം ഭാര്യയോടുപറഞ്ഞു.

പലവിധ വിഭവങ്ങളോടുകൂടി ഭോജനം തയ്യാറായി. രാമാനുജന്റെ മാദ്ധ്യാഹ്നികകർമ്മങ്ങളെല്ലാം കഴിഞ്ഞു അദ്ദേഹം അതിഥിയെ എതിരേല്പുവാൻ വീഥിയിലേക്കിറങ്ങി. തെക്കേതെരുവിൽക്കൂടി മന്ദംമന്ദം നടന്നു.

തന്നെ ഭക്ഷണത്തിന്നായി രാമാനുജൻ ക്ഷണിച്ചതു് എന്തൊരു കരുതലോടുകൂടിയാണെന്നു കാഞ്ചിപൂർണ്ണൻ മനസ്സിലാക്കി. തന്റെ ഉച്ഛിഷ്ടത്തെ ഭുജിച്ച് ആ വഴിക്ക് ശിഷ്യത്വത്തെ പ്രാപിക്കാമെന്നാണ് രാമാനുജന്റെ ഉദ്ദേശമെന്നു അദ്ദേഹം ധരിച്ചു. അങ്ങോട്ടു ചെല്ലുന്നതിന്നു കുറച്ചൊന്നു വിളംബിച്ചാൽ രാമാനുജൻ ഇങ്ങോട്ട് അന്വേഷിച്ചുവരുമെന്ന് അദ്ദേഹത്തിന്നറിയാം. അങ്ങിനെ വരുന്നതു് വടക്കേതെരുവിൽക്കൂടിയായിരിക്കുമെന്നും അദ്ദേഹം ഊഹിച്ചു.

അപ്രകാരം കാഞ്ചിപൂർണ്ണൻ കുറച്ചു വൈകിച്ചതിൽപ്പിന്നെ തെക്കേതെരുവിൽക്കൂടി രാമാനുജന്റെ ഗൃഹത്തിലേക്കുപോയി. അപ്പോഴും അവിടെ ഗൃഹിണിമാത്ര

മെയുള്ളു. ഭോജനമെല്ലാം തയ്യാറായി ആ സ്ത്രീ അതിഥിയെ കാത്തുകൊണ്ടിരിക്കയാണു്. രാമാനുജൻ അതിഥിയെ എതിരേല്പ്പാൻ ചെന്നിരിക്കയാണല്ലോ. കാഞ്ചിപൂൎണ്ണൻ ഗൃഹിണിയെവിളിച്ചു്—"അല്ലേ, രാമാനുജൻ മടങ്ങിവരുന്നതിന്നു് ഇനിയും വൈകിയെന്നുവരാം. അതുവരെ താമസിക്കുവാൻതരമില്ല. എനിക്കു് ക്ഷേത്രത്തിൽ ഉടനേ ചെല്ലേണ്ടിയിരിക്കുന്നു. അതുകൊണ്ടു് കുറച്ചുവല്ലതും ആഹാരംതന്നു് എന്നെ അയച്ചേക്കണം,"—എന്നു തിടുക്കി. അതുകേട്ടു് മറെറാന്നും സംശയിക്കാതെ ആ സ്ത്രീ കാഞ്ചിപൂൎണ്ണന്നു ഭോജനംകൊടുത്തു. അദ്ദേഹത്തിന്നു് ഉണ്ണുവാൻ ഇലവെച്ചതു് പുറത്തെ തിണ്ണയിലാണു്. ഊണുകഴിഞ്ഞപ്പോൾ ഗൃഹിണിയുടെ നിയോഗംപോലെ അദ്ദേഹംതന്നെ ഇലയെടുത്തു ദൂരെ കൊണ്ടുപോയി എറിഞ്ഞു. ഊണുകഴിച്ചിടത്തു ചാണകവെള്ളം തളിച്ചു് അദ്ദേഹംതന്നെ തുടച്ചു് ശുചിയാക്കയുംചെയ്തു. അതുയുംകഴിഞ്ഞു്, ഭോജനവിഭവങ്ങളെ പ്രശംസിച്ചു് ഗൃഹിണിയെ സന്തുഷ്ടയാക്കി അദ്ദേഹം അവിടെനിന്നു് വേറെ വഴിക്കു് വീട്ടിലേക്കുപോയി.

പിന്നെയാണു് രാമാനുജന്റെ വരവു്. ശുദ്ധനായ തിരുകച്ചിനമ്പിയാർ എച്ചിലെടുത്തുകളഞ്ഞു് അവിടെ ശുചിയാക്കീട്ടും ഗൃഹിണിക്കു് തൃപ്തിയാകായ്കയാൽ, താൻതന്നെ കുറേ ചാണകമെടുത്തു അവിടെയെല്ലാം തേച്ചുവെടുപ്പാക്കി, ആ അശുചി നീങ്ങുവാൻ കുളിക്കുന്നസമയത്താണു്, അതിഥിയെ അദ്ദേഹത്തിന്റെ വീടുവരേക്കും അന്വേഷിച്ചുചെന്നിട്ടും കാണാതെ രാമാനുജൻ സ്വഗൃഹത്തിൽ മടങ്ങിയെത്തിയതു്.

"നീ എന്താണിപ്പോൾ കുളിക്കുന്നതു്? നമ്പ്യാർ ഇവിടെ വന്നിട്ടില്ലയോ?"എന്നു ചോദിച്ചുകൊണ്ടു് അദ്ദേഹം ഭാൎയ്യയുടെ അടുത്തുചെന്നു.

"ആയാൾ വന്ന് ഊണുകഴിച്ച് ക്ഷേത്രത്തിലേക്കു പോയി. ഒട്ടും താമസിക്കുവാൻ തരമില്ലെന്ന് ആയാൾ എന്നെ തിടുക്കുകയാൽ, നിങ്ങൾ വരുന്നതുവരെ കാക്കുവാൻ കഴിഞ്ഞില്ല"—എന്നു തുടങ്ങി അവിടെ നടന്നതെല്ലാം ആ സ്ത്രീ പറഞ്ഞു.

രാമാനുജൻ നിരാശനായി. അതിഥിയെ ഭോജനത്തിന് തനിയെ പുറത്തിരുത്തിയതും, അദ്ദേഹത്തെ അയിത്തക്കാരനായി അവമാനിച്ചതുംകേട്ട രാമാനുജൻ കുപിതനുമായി.

"നീ ഇപ്പോൾ ചെയ്തതുമുഴുവൻ തെറ്റാണ്. ഞാൻ വരുന്നതുവരെ വല്ല ഒഴികഴിവുപറഞ്ഞ് നീ അദ്ദേഹത്തെ താമസിപ്പിക്കേണ്ടതായിരുന്നു. അതിനുതക്ക ബുദ്ധി നിനക്കില്ലാതായതു് ഞാൻ സഹിക്കുകയേ നിവൃത്തിയുള്ളു. എന്നാൽ അദ്ദേഹത്തെ നീ അയിത്തക്കാരനെന്നു കരുതിയതു് ക്ഷമിക്കത്തക്ക അപരാധമല്ല. നമ്മുടെ പൂർവ്വപുണ്യപരിപാകംകൊണ്ടാണ് അദ്ദേഹത്തിന് ഇവിടെ വരുവാൻ കാരുണ്യമുണ്ടായതു്. ആ പുണ്യാത്മാവിന്റെ സാന്നിദ്ധ്യത്താൽ ഈ വീടുമുഴുവൻ ശുദ്ധമായ്ത്തീർന്നിരിക്കെ, നീ അദ്ദേഹത്തെ അയിത്തക്കാരനെന്ന് അവഗണിച്ചുകളഞ്ഞല്ലോ. നിന്നെക്കാൾ അദ്ദേഹത്തിന് പരിശുദ്ധിയുണ്ടെന്നാണ് ഞാൻ കാണുന്നതു്. അതു് മനസ്സിലാക്കാതെ, മൂഢാചാരത്തിനുവഴങ്ങി നീ എനിക്കുചെയ്ത അപ്രിയം വളരെ കഠിനമായി. ഇനിയൊരിക്കൽ നീ ഇങ്ങിനെ ചെയ്യുന്നതായാൽ പിന്നെ ഞാനും നീയും വേറെ വേറെയാണ് എന്ന് ഓർത്തുകൊള്ളണം!"

ഇത്രമാത്രം പറഞ്ഞു രാമാനുജൻ തന്റെ കോപത്തെ പണിപ്പെട്ടടക്കി. താൻ ഉദ്ദേശിച്ച ചെല്ലുന്നേടത്തെല്ലാം പ്രതിബന്ധം കണ്ടിട്ടും അദ്ദേഹം പിന്നെയും

മഹോത്സാഹനായിട്ടുതന്നെയാണു വർത്തിച്ചതു്. ദീർഘാലോചനയുടെ ഫലമായി അദ്ദേഹം മറെറാരുപായം കണ്ടുപിടിച്ചു. ഉടനെ തിരുക്കച്ചിനമ്പിയാരെ ചെന്നുകണ്ടു് അറിയിച്ചതാവിതു്:—

"സ്വാമിൻ, എന്റെ ഹൃദയത്തിൽ ദൃഢമൂലമായി നില്ക്കുന്ന പല അഭിലാഷങ്ങളും ഉണ്ടു്. അവയെല്ലാം നിറവേറുമോ ഇല്ലയോ എന്നു് അങ്ങു വരദരാജസ്വാമിയിൽനിന്നറിഞ്ഞു് എന്നോടു പറയുമോ? അങ്ങു് ചോദിക്കുന്നതൊന്നും വരദരാജൻ നിഷേധിക്കയില്ലെന്നു് എനിക്കറിയാം."

അങ്ങിനെയാകട്ടെയെന്നു തിരുക്കച്ചിനമ്പിയാർ കൈയേററു. രാമാനുജൻ അന്നു് ആശ്വാസത്തോടേ മടങ്ങി.

പിറെറന്നാൾ രാവിലെ നമ്പിയാരുടെ ദൂതൻ രാമാനുജനെ വിളിക്കുവാൻ വന്നു. തന്റെ ഉദ്ദേശം ഫലോന്മുഖമായിയെന്ന സന്തോഷത്തോടേയാണു് രാമാനുജൻ ചെന്നതു്. "സ്വാമിൻ, വരദരാജസ്വാമി എന്താണു് അരുളിച്ചെയ്തതു്," എന്നു ചോദിച്ചുകൊണ്ടു് അദ്ദേഹം കാഞ്ചിപൂർണ്ണന്റെ മുമ്പിൽ പ്രവേശിച്ചു.

"ഭഗവാൻ പറഞ്ഞതു കേട്ടുകൊള്ളുക:—'സാക്ഷാൽ സത്യം ഞാൻതന്നെയാണു്. ജീവാത്മാവിന്നും പരമാത്മാവിന്നും ഭേദമുണ്ടു്. പ്രപത്തിയാണു് എന്നെ പ്രാപിക്കുന്നതിന്നു ശരിയായ മാർഗ്ഗം. മഹാപൂർണ്ണനെ ആശ്രയിച്ചാൽ നേർവഴി കാണും'"—എന്നു കാഞ്ചിപൂർണ്ണൻ രാമാനുജനെ ധരിപ്പിച്ചു.

ഇത്രയുംതന്നെയാണു രാമാനുജനു് അറിയേണ്ടതായിരുന്നതു്. ഭഗവാന്റെ കാരുണ്യത്തെ അദ്ദേഹം വാഴ്ത്തി.

"ഭഗവാന്റെ ദൃഷ്ടി നിന്നിൽ എപ്പോഴുമുണ്ടു്. നീ ഭാവിയിൽ മഹാപുരുഷനായി ലോകോപകാരാർത്ഥം ജീ

വ്യകർമ്മങ്ങൾ ചെയ്തുകൊണ്ടു ശോഭിക്കും." എന്നു തിരുക്കച്ചിനമ്പിയാർ രാമാനുജനെ ആശീർവ്വദിക്കയുണ്ടായി.

രാമാനുജൻ ഉടനേതന്നെ മഹാപൂർണ്ണനെ കാണ്മാൻ പുറപ്പെട്ടു. അങ്ങിനെയാണല്ലോ തനിക്കുണ്ടായിരിക്കുന്ന ദൈവനിയോഗം.

ഇതിന്നിടയ്ക്കു, ശ്രീരംഗത്തിൽ യമുനാചാര്യന്റെ ശിഷ്യന്മാർ തമ്മിൽ തങ്ങളുടെ ഭാവിയെക്കുറിച്ചു ആലോചിക്കയുണ്ടായി.

മഹാപൂർണ്ണനെ നോക്കി അവർ പറയുകയാണ്:—
"നമ്മുടെ ഗുരുദേവന്നു ഏററവും പ്രിയംകൂടിയ ശിഷ്യൻ അങ്ങയാണല്ലോ. ജനങ്ങളെ ധർമ്മമാർഗ്ഗത്തിൽ നയിക്കുവാൻ സമർത്ഥനായ മഹാത്മാവു ലോകത്തിൽ ജനിച്ചിട്ടുണ്ടോ എന്നു അങ്ങേക്കു അറിയാമോ?"

മഹാപൂർണ്ണൻ—"ഇതിൽ നിങ്ങൾ എന്താണിപ്പോൾ സംശയിക്കുന്നതു? നമ്മുടെ ഗുരുദേവന്റെ ശരീരത്തെ നാം സമാധിയിൽ ഇരുത്തുന്ന കാലത്തു നാം കണ്ടുനില്ക്കവേ സംഭവിച്ച ആ അത്ഭുതകർമ്മത്തെ നിങ്ങൾ മറന്നുവോ? അന്ത്യകാലത്തു ഗുരുദേവന്റെ സർവ്വവിചാരങ്ങളും രാമാനുജനെ കുറിച്ചായിരുന്നുവെന്നും നിങ്ങൾ അറിഞ്ഞിട്ടുള്ളതാണല്ലോ."

"എന്നാൽ, അങ്ങു ഉടനേ പുറപ്പെട്ടു കാഞ്ചീപുരത്തിൽ ചെന്നു രാമാനുജനെ കൂട്ടിക്കൊണ്ടുവരണം. ഞങ്ങൾ എത്ര കാലമാണു ഇങ്ങിനെ അനാഥരായി കഴിയേണ്ടതു! ഞങ്ങളെ ആചാര്യന്റെ കീഴിൽ സുരക്ഷിതരാക്കുവാൻ അങ്ങയല്ലാതെ മററാരുമില്ലാ" എന്നു അവരെല്ലാവരുംചേർന്നു മഹാപൂർണ്ണനോടു പറഞ്ഞു.

അപ്രകാരം മഹാപൂൎണ്ണൻ അടുത്ത അവസരത്തിൽ തന്നെ കാഞ്ചീപുരത്തേക്കു യാത്രയായി. രാമാനുജൻ ഇങ്ങോട്ടും, മഹാപൂൎണ്ണൻ അങ്ങോട്ടും ഒരേകാലത്താണു പുറപ്പെട്ടതു്. മധുരാന്തകത്തിലെ തടാകപാലകനാഥക്ഷേത്രത്തിൽ അവരിരുവരും പരസ്പരം കണ്ടു. യാദൃച്ഛികമായ ഈ സമാഗമത്താൽ ഇരുവൎക്കും അത്ഭുതമുണ്ടായി. ഇരുവരും ഉദ്ദേശിച്ചതു് ദൈവസമ്മതവും ലോകഹിതവും തന്നെയെന്നു് ഇതിൽനിന്നു വെളിപ്പെട്ടു.

ആ അത്ഭുതം അടങ്ങിയ ഉടനേ മഹാപൂൎണ്ണന്റെ കാല്ക്കൽ രാമാനുജൻ സാഷ്ടാംഗം നമസ്കരിച്ചു.

"സ്വാമിൻ, എന്റെ പ്രാൎത്ഥനയെ കൈക്കൊണ്ടാലും! ഘോരാന്ധകാരത്തിൽ ഉഴലുന്നവനാണു ഞാൻ. ഇതിൽനിന്നു് എന്നെ രക്ഷിക്കുവാൻ വേറെയാരെയും കാണുന്നില്ലാ. ഞാൻ അങ്ങയെ ശരണം പ്രാപിക്കുന്നു. അങ്ങു് എന്നെ ശിഷ്യനായി അംഗീകരിച്ചു് അനുഗ്രഹിച്ചാലും! അജ്ഞാനത്താൽ എന്നിൽ വൎദ്ധിച്ചിരിക്കുന്ന പരിതാപത്തെ ഇനി എനിക്കു സഹിക്കുവാൻ വയ്യാ. ഈ നിമിഷത്തിൽ, ഇവിടെവെച്ചുതന്നെ അങ്ങു് എന്റെ അഭിലാഷത്തെ നിറവേറ്റിത്തരണം. അല്പമെങ്കിലും വിളംബിച്ചാൽ അതു് എനിക്കു താങ്ങുവാൻ ശക്തിയില്ലാ."

"ഇത്ര ആവേശമെന്തിനു്? 'കാഞ്ചീപുരത്തുചെന്നു്, നമ്മുടെ ഈ സമാഗമത്തിനു കാരണഭൂതനായ വരദരാജസ്വാമിയെ ദൎശിക്കുന്നതുവരെക്കും ക്ഷമിക്കരുതോ?" എന്നു മഹാപൂൎണ്ണൻ ചോദിച്ചു.

"അതുവരെക്കും ഈ ശരീരം നിലനില്ക്കുമെന്നു് എന്താണു നിശ്ചയം? അങ്ങേക്കുവേണ്ടി ഞാൻ എത്രയോ കഷ്ടപ്പെട്ടുകൊണ്ടാണു് ഈ ജീവിതത്തെ വഹിച്ചുകൊണ്ടു പോന്നിരിക്കുന്നതു്. ഭാഗ്യത്താൽ അങ്ങയെ ഞാൻ ക

ണ്ടു. എന്നെ ഞാൻ അങ്ങേക്കായി സമർപ്പിക്കയും ചെയ്തു. ഇപ്പൊഴും എന്റെ അഭിലാഷം നിറവേറുകയില്ലെന്നോ? ഇനിയും ഞാൻ താമസിക്കേണമെന്നോ! അയ്യോ, അതു് എനിക്കു സഹിക്കുവാൻ കഴിവില്ലാ. അത്യുഗ്രമായ ഈ ജ്ഞാനതൃഷ്ണയെ ഒരു നിമിഷത്തേക്കുപോലും ഇനി ഞാൻ പൊറുക്കുന്നതല്ലാ. എന്നെ ഈ ക്ഷണംതന്നെ രക്ഷിക്കുവാൻ അങ്ങേക്കു കാരുണ്യമുണ്ടാകേണമേ!"

രാമാനുജന്റെ ഈ വിലാപം മഹാപൂർണ്ണനെ അനുതാപവശനാക്കി. ഇത്രയുമുണ്ടോ ജ്ഞാനതൃഷ്ണ മനുഷ്യനു് എന്നു് അദ്ദേഹം വിസ്മയിച്ചു. രാമാനുജനെ അല്പമെങ്കിലും താമസിപ്പിക്കുന്നതു് അപായമാകുമെന്നു് അദ്ദേഹം കണ്ടതിനാൽ, അപേക്ഷപോലെ ചെയ്തുകൊടുക്കുവാൻ അപ്പോൾത്തന്നെ മുതിർന്നു.

ക്ഷേത്രപ്രാകാരത്തിനുള്ളിൽ ഒററയ്ക്കുനില്ക്കുന്ന ഒരു ബകുളവൃക്ഷത്തിന്റെ കീഴിലേക്കു മഹാപൂർണ്ണൻ രാമാനുജനെ കൂട്ടിക്കൊണ്ടുചെന്നു് അവിടെവെച്ചു വൈഷ്ണവവിധിപോലെ ഉപദേശംകൊണ്ടു് അനുഗ്രഹിക്കയും, വൈഷ്ണവികമായ മുദ്രകളെ അണിയിക്കയുംചെയ്തു.

പഞ്ചസംസ്കാരങ്ങളോടുകൂടിയായിരിക്കണം വൈഷ്ണവന്മാർ ഉപദേശം ഗ്രഹിക്കുന്നതെന്നുണ്ടു്. അവയാവിതു്:—

1. താപം: രണ്ടു ഭുജങ്ങളിലും ശംഖചക്രമുദ്രകൾ ധരിക്കുന്നതു്.

2. പുണ്ഡ്രം: നെററിമേൽ രണ്ടു വെള്ളവരകളും നടുവിൽ ചൊകപ്പുവരയുമായുള്ള ഗോപിക്കുറി. വയററിൽ മൂന്നും, മാറിൽ ഒന്നും, ഭുജങ്ങളിൽ രണ്ടും, കഴുത്തിൽ മൂന്നും, മുതുകിൽ രണ്ടും. ഇങ്ങിനെ പതിനൊന്നിടങ്ങളിൽ പുണ്ഡ്രം ധരിക്കേണ്ടതുണ്ടു്. ഇവ വിഷ്ണുവിന്റെ

പന്ത്രണ്ടു നാമങ്ങളെ സൂചിപ്പിക്കുന്നു. കേശവൻ, നാരായണൻ, മാധവൻ, ഗോവിന്ദൻ, വിഷ്ണു, മധുസൂദനൻ, ത്രിവിക്രമൻ, വാമനൻ, ശ്രീധരൻ, ഹൃഷീകേശൻ, പത്മനാഭൻ, ദാമോദരൻ എന്നിവ.

3. നാമം: ഓരോ വൈഷ്ണവനെയും വിഷ്ണുവിന്റെ ഏതെങ്കിലുമൊരു നാമത്തിലായിരിക്കണം വിളിക്കുന്നത്.

4. ഉപദേശം: യഥാകാലം ഗുരുവിൽനിന്ന് ഉപദേശിച്ചുകിട്ടുന്നതായി പല വൈഷ്ണവമന്ത്രങ്ങളുമുണ്ട്. അവയിൽ മുഖ്യമായവ ശ്രീവിഷ്ണുഷഡാക്ഷരിയും, ശ്രീനാരായണഅഷ്ടാക്ഷരിയും, ശ്രീവാസുദേവദ്വാദശാക്ഷരിയുമാണ്. നാരായണാഷ്ടാക്ഷരിയും, ശരണാഗതിമന്ത്രവും ചരമശ്ലോകവും കൂടിയതിനു രഹസ്യത്രയമെന്നും, ത്രയീമന്ത്രമെന്നും പറയുന്നു. ഈ മന്ത്രം വൈഷ്ണവനാകുന്ന ഏതൊരാൾക്കും ജാതിയോ അവസ്ഥയോ നോക്കാതെ ഉപദേശിച്ചുകൊടുക്കാം. ഈ ത്രയീമന്ത്രം ഏതൊരു വൈഷ്ണവനും ദിനംതോറും ജപിക്കേണമെന്നുണ്ട്.

5. യാഗം: ഗുരുനിയോഗംപോലെ ഇഷ്ടദൈവതത്തെ പൂജിക്കണം. ഗുരുവിൽനിന്ന് ഉപദേശം ഗ്രഹിക്കുമ്പോൾ ഏതു മൂർത്തിയെ ധ്യാനിക്കുന്നുവോ ആ മൂർത്തിയെയല്ലാതെ വേറെയൊന്നിനെ വൈഷ്ണവർ ഭജിക്കരുത്.

ഇങ്ങിനെയുള്ള പഞ്ചസംസ്കാരത്തോടുകൂടി രാമാനുജൻ മഹാപൂർണ്ണനിൽനിന്ന് ഉപദേശം വാങ്ങി വൈഷ്ണവനായി.

മഹാപൂർണ്ണൻ രാമാനുജനെ തന്റെ ദക്ഷിണഭാഗത്തിൽ ഇരുത്തി അദ്ദേഹത്തിന്റെ ശിരസ്സിന്മേൽ തന്റെ വലതുകൈയും അദ്ദേഹത്തിന്റെ ഹൃദയത്തിൽ തന്റെ ഇടതുകൈയും വെച്ച്, അദ്ദേഹത്തിന്റെ കണ്ണിലേക്കു തന്നെ തന്റെ ദൃഷ്ടിയെ ചെലുത്തി, തന്റെ ഗുരുവിനെ

ധ്യാനിച്ച്, ആഴ്വാന്മാരെയെല്ലാം എണ്ണിയെണ്ണി സ്മരിച്ച്, ആ ശിഷ്യന്റെ ദക്ഷിണകൎണ്ണത്തിൽ ദ്വയരഹസ്യത്തെ ഉപദേശിച്ചു. അനന്തരം മഹാപൂൎണ്ണൻ രാമാനുജനോടു പറഞ്ഞതാവിതു്:—

"നേരെ കണ്ടു് നിനക്കു് ഉപദേശം തരുവാൻ സാധിക്കയില്ലെന്നുവന്നപ്പോൾ ഗുരുദേവൻ നിന്നെ ഉപദേശിക്കുവാൻ എന്നെ ഏല്പിച്ചതാണു നീ ഇപ്പോൾ എന്നിൽനിന്നു വാങ്ങിയിരിക്കുന്നതു്. അതുകൊണ്ടു്, നീ ഉപദേശം ഗ്രഹിച്ചിരിക്കുന്നതു സാക്ഷാൽ യമുനാചാൎയ്യരിൽനിന്നു തന്നെയാണെന്നു് അറിഞ്ഞുകൊള്ളേണ്ടതാണു്."

രാമാനുജൻ—"മുമുക്ഷുവായി ഉപായത്താൽ ലക്ഷ്യത്തെ പ്രാപിച്ചാൽ അവിടെ നിത്യാനന്ദം സിദ്ധിക്കും എന്നാണല്ലൊ യമുനാചാൎയ്യർ ഏല്പിച്ചതിന്നർത്ഥം അങ്ങു് എന്നോടു് ഉപദേശിച്ചിരിക്കുന്നതു്. ആരാണു മുമുക്ഷു? ഏതാണു ലക്ഷ്യം? എന്താണു് ഉപായം?"

മഹാപൂൎണ്ണൻ—"പരമജ്ഞാനത്തിന്നായി അതിതൃഷ്ണയോടെ അന്വേഷിച്ചുചെല്ലുന്ന നീതന്നെയാണു മുമുക്ഷു. കാഞ്ചീപുരത്തിൽ ആനമലയിൽ എഴുന്നരുളിയിരിക്കുന്ന വരദരാജസ്വാമിയാണു് നിനക്കു ലക്ഷ്യം. ഇപ്പോൾ നീ ഗ്രഹിച്ചിട്ടുള്ള ദ്വയരഹസ്യംതന്നെയാണു് ഉപായം."

ഇതു കേട്ടപ്പോൾ രാമാനുജനു വേറെയൊന്നും അപ്പോൾ ചോദിക്കുവാൻ ഉണ്ടായില്ല. അന്നത്തെ ദിവസം രാമാനുജനും മഹാപൂൎണ്ണനും ഏററവും ആഹ്ലാദത്തോടുകൂടിയതായി. പിറേറന്നാൾ അവരിരുവരും കാഞ്ചീപുരത്തേക്കു പുറപ്പെട്ടു. അവിടെ അവർ എത്തുമ്പോഴേക്കും കാഞ്ചിപൂൎണ്ണൻ എതിരേററുവരികയാൽ അദ്ദേഹത്തി

ന്റെ ഗൃഹത്തിലാണു് ആദ്യം ചെന്നതു്. അനന്തരം അവർ മൂവരും ക്ഷേത്രത്തിലേക്കു പോയി.

നാഥമുനിയുടെ ഉപദേശത്തെ പുണ്ഡരീകാക്ഷനിൽനിന്നു് ഏററുവാങ്ങി രാമമിശ്രൻ യമുനാചാൎയ്യന്നു നൽകി ആ ആളവന്താരെ ശ്രീരംഗസ്വാമിക്കു് അൎപ്പിച്ചതുപോലെ, യമുനാചാൎയ്യന്റെ ഉപദേശത്തെ മഹാപൂൎണ്ണൻ വഹിച്ചുചെന്നു് രാമാനുജന്നു കൊടുത്തു് അദ്ദേഹത്തെ വരദരാജസ്വാമിസന്നിധിയിൽ അടിയറവെച്ചു. അന്നുമുതൽ രാമാനുജൻ വരദരാജന്റെ ദാസനായി.

രാമാനുജൻ അൎത്ഥിക്കയാൽ അദ്ദേഹത്തിന്റെ ഗൃഹത്തിൽത്തന്നെ മഹാപൂൎണ്ണൻ താമസമാക്കി, തിരുപ്രബന്ധത്തെയും വ്യാസസൂത്രത്തെയും പഠിപ്പിച്ചു. ആറുമാസംകൊണ്ടു രാമാനുജൻ അതെല്ലാം തത്വപ്രകാശത്തോടെ ഹൃദിസ്ഥമാക്കി.

ഇതിന്നിടയ്ക്കു രാമാനുജന്നു ഭാൎയ്യയുമായി വീണ്ടും കലഹിക്കേണ്ടിവന്നു. തേച്ചുകുളിവേണ്ടപ്പോഴെല്ലാം രാമാനുജന്നു് എണ്ണതേച്ചുകൊടുക്കുന്നതിന്നു് ഒരു വൈഷ്ണവനെ പ്രത്യേകം ഏല്പിച്ചിരുന്നു. ആയാൾ ഇലൊം ദരിദ്രനാണു്. ഒരിക്കൽ, ആയാൾ എണ്ണതേപ്പിക്കുവാൻ വന്നപ്പോൾ വിശന്നു തളൎന്നിരിക്കുന്നതു രാമാനുജൻ കണ്ടു് അനുതപിക്കയാൽ ആയാൾക്കു ചോറുകൊടുക്കുവാൻ ഭാൎയ്യയെ വിളിച്ചു പറഞ്ഞു. "ഊണു തയ്യാറായിട്ടില്ലല്ലോ" എന്നാണു് അതിന്നു ഭാൎയ്യയുടെ മറുപടി. "എന്നാൽ കുറെ പഴഞ്ചോറെങ്കിലും കൊടുക്കൂ" എന്നു രാമാനുജൻ. "അതും ഇല്ലാ" എന്നു ഭാൎയ്യ.

തലേന്നാളത്തെ ചോറു് ഒട്ടും ബാക്കിയില്ലാ എന്നു ഭാൎയ്യ പറഞ്ഞതിൽ രാമാനുജൻ സംശയിച്ചു. അദ്ദേഹം ഭാൎയ്യയെ മറെറാരു ജോലിക്കു വെളിയിലേക്കയച്ചു് അക

ന്നു കടന്നു പരിശോധിച്ചു. അവിടെ ഒരു പാത്രത്തിൽ ധാരാളം പഴഞ്ചോറുള്ളതു് അദ്ദേഹം കണ്ടു. അപ്പോഴേക്കും ഭാൎയ്യ അകത്തേക്കു വന്നു. കലശലായ ദേഷ്യം രാമാനുജനുണ്ടായി.

“ഇത്ര നിർദ്ദയയാണല്ലോ നീ; ഒരു പാവം വിശന്നു വലഞ്ഞു് ഇവിടെ ജോലിക്കു വന്നിരിക്കുമ്പോൾ വേണ്ടുവോളം ചോറുണ്ടായിരുന്നിട്ടും, അതെടുത്തു കൊടുക്കുവാൻ നിനക്കു മനസ്സുണ്ടായില്ലാ. എന്നുതന്നെയല്ലാ, എന്നോടു നുണപറയുന്നതിന്നു നിന്റെ മനസ്സിൽ ധൈൎയ്യമുണ്ടായി. ഇങ്ങിനെയുള്ളവളോ എന്റെ സഹധൎമ്മചാരിണി? ഇരിക്കട്ടെ, ഇതും ഞാൻ പൊറുത്തേക്കാം. ഇനിയൊരിക്കൽ ഇതുപോലെയുള്ള അപരാധം നിന്നിൽ ഞാൻ കണ്ടാൽ ഞാൻ നിശ്ചയമായും ക്ഷമിക്കുന്നതല്ലാ” എന്നു അദ്ദേഹം ഭാൎയ്യയെ താക്കീതു ചെയ്തു.

ചിലനാൾ കഴിഞ്ഞപ്പോൾ, ഇതിലധികം കഠിനമായ അപരാധം ആ സ്ത്രീ ചെയ്തു. അന്നു രാമാനുജൻ പെരുമ്പുത്തൂരിലേക്കു പോയിരിക്കയാണു്. കിണററിൽനിന്നു വെള്ളംകോരുവാൻ ആ സ്ത്രീ ചെന്നപ്പോൾ അവിടെ മഹാപൂൎണ്ണനെന്ന പെരിയനമ്പിയുടെ ഭാൎയ്യയുമുണ്ടായിരുന്നു. രാമാനുജഭാൎയ്യയുടെ കുടത്തിലേക്കു മഹാപൂൎണ്ണഭാൎയ്യയുടെ കുടത്തിൽനിന്നു് ഏതാനും നീർത്തുള്ളികൾ യദൃച്ഛയാ തെറിച്ചു. കുലംകൊണ്ടു് തന്നേക്കാൾ താണവളാണു മഹാപൂൎണ്ണഭാൎയ്യയെന്നാണു രാമാനുജഭാൎയ്യയുടെ ഭാവം. ചോഴിയബ്രാഹ്മണനാണു മഹാപൂൎണ്ണൻ. ഒരു ചോഴിയസ്ത്രീയിൽനിന്നു തന്നിലേക്കു വെള്ളം തെറിക്കുകയാൽ തനിക്കു അയിത്തമായി എന്നു രാമാനുജഭാൎയ്യ കോപിച്ചു. പിന്നെ ആ സ്ത്രീയിൽനിന്നു അതിപരുഷമായി വെളിപ്പെട്ട ദുൎവ്വാക്കുകൾക്കു കൈയുംകണക്കുമില്ലാ. അവ

മാനഭാരത്താൽ തലതാഴ്ത്തിക്കൊണ്ടു് പെരിയനമ്പിയുടെ കുടുംബിനി അവിടെനിന്നുമാറി. നടന്നതെല്ലാം ആ സ്ത്രീ ഭൎത്താവിനെ അറിയിച്ചപ്പോൾ, ഇനി ഈ വീട്ടിൽ പാൎക്കുന്നതു് യോഗ്യമല്ലെന്നു അദ്ദേഹം നിശ്ചയിച്ചു. രാമാനുജൻ തിരിച്ചുവരുന്നതുവരേക്കെങ്കിലും കാത്തിരിക്കുവാൻ ക്ഷമയില്ലാതെ, തന്റെ ഭാൎയ്യയോടുകൂടി മഹാപൂൎണ്ണൻ അന്നുതന്നെ ശ്രീരംഗത്തിലേക്കു് യാത്രയായി.

രാമാനുജൻ വന്നു വൎത്തമാനമെല്ലാം അറിഞ്ഞപ്പോൾ കോപവും താപവും ഒരുപോലെ അദ്ദേഹത്തിൽ വൎദ്ധിച്ചു. തന്റെ ഗുരുവിന്നു് അപ്രിയം ചെയ്തു് അവമാനിച്ചയച്ചുവല്ലോ എന്നുവിചാരിച്ചു് അദ്ദേഹത്തിന്നു ദുസ്സഹമായ ശോകമുണ്ടായി. തന്റെ ഭാൎയ്യയുടെ മലിനഹൃദയം ഒന്നുകൊണ്ടും ശുദ്ധമാകുന്നതല്ലെന്നു് അദ്ദേഹം കണ്ടു. ആ സ്ത്രീയെ വീട്ടിൽ വെച്ചുകൊണ്ടിരുന്നാൽ ഇനി ഇതിലധികം നാശങ്ങളും ക്ലേശങ്ങളും തനിക്കു് അനുഭവിക്കേണ്ടിവരുമെന്നും അദ്ദേഹത്തിന്നു തോന്നി. താൻ സൎവ്വാത്മനാ പൂജിച്ചുപോരുന്ന ഗുരുവൎയ്യനെ അവൾ ധിക്കരിക്കാമെങ്കിൽ, എന്തു ഘോരകൎമ്മം ചെയ്യുവാനാണു് അവൾ മടിക്കുക? ഇനി ക്ഷമയല്ലാ നല്ലതെന്നു് അദ്ദേഹം നിശ്ചയിച്ചു. ഉടനെ തന്റെ ഭാൎയ്യയെ അവളുടെ മാതൃഗൃഹത്തിലേക്കു് അയക്കയും ചെയ്തു. അവളുടെ വക ധനമൊക്കെയും അവളോടുകൂടിത്തന്നെ അയച്ചുകൊടുത്തു. അങ്ങിനെ രാമാനുജന്നു് പരിത്യക്തഭാൎയ്യനാകേണ്ടിവന്നു.

ആ സംഭവത്തോടുകൂടി രാമാനുജൻ ഗാൎഹസ്ഥ്യത്തെ വെടിഞ്ഞു് സന്ന്യാസത്തെ പ്രാപിച്ചു. ലൌകികവിഷയങ്ങളിലെല്ലാം വിരക്തനായിത്തീൎന്ന അദ്ദേഹത്തിന്നു് സന്ന്യാസാശ്രമപ്രവേശം സുകരമായി. സ്വന്തം അനുഭ

വത്തിൽനിന്നുണ്ടായ വൈരാഗ്യമാകയാൽ അതിന്ന് ഉറപ്പുകൂടി. സന്യാസത്തിന്നായി അദ്ദേഹം ഗുരുവിനെയാരെയും അന്വേഷിച്ചുചെന്നില്ലാ. വരദരാജസ്വാമിയുടെ സന്നിധിയിൽ ചെന്ന് സർവ്വസംഗങ്ങളെയും പരിത്യജിച്ച്, ത്രിദണ്ഡത്തെയും കാഷായവസ്ത്രത്തെയും ധരിച്ച് തന്നെത്താൻ സന്യാസിയായി. യതിരാജശ്രീ രാമാനുജമുനി എന്ന് അദ്ദേഹത്തിന്ന് അവിടത്തെ ശാന്തിക്കാരൻ നാമം കൊടുത്തു. ഇതിലെല്ലാം തിരുക്കച്ചിനമ്പിയാരുടെ ആനുകൂല്യം രാമാനുജന്നുണ്ടായി. അദ്ദേഹത്തിന്നു വസിക്കുവാൻ മഠവും മററും ഏർപ്പെടുത്തിക്കൊടുത്തതു നമ്പിയാരാണ്.

സന്യാസാശ്രമചര്യകളെല്ലാം വിധിപോലെ നടത്തിവരുന്ന കാലത്ത്, ഒരുനാൾ രാമാനുജൻ വിചാരിക്കുയാണ്—

“എൻെറ ഗുരുദേവനായ യമുനാചാര്യർക്ക് ഈ ദാസദാസനിലുള്ള കാരുണ്യം അളവില്ലാത്തതുതന്നെ. ഇതു നോക്കുമ്പോൾ ഞാൻ പരമഭാഗ്യവാൻതന്നെയാണ്. എൻെറ മാർഗ്ഗത്തിൽ ഒന്നിനൊന്നു തുടർന്നുകൊണ്ടുണ്ടായ പ്രതിബന്ധങ്ങളെയെല്ലാം അദ്ദേഹമാണ് അകററിയത്. ഞാൻ ദീർഘകാലം ആശിച്ചുകൊണ്ടിരുന്ന ആശ്രമത്തെ സുകരമായി പ്രവേശിക്കുന്നതിന്ന് അദ്ദേഹം എന്നെ അനുഗ്രഹിക്കയുംചെയ്തു. ഇനി, എൻെറ ഗുരുദേവൻെറ അഭീഷ്ടത്തെ—അദ്ദേഹത്തോടു ഞാൻചെയ്തിട്ടുള്ള പ്രതിജ്ഞയെ നിറവേററുവാൻ മുന്നിട്ടേണ്ടിയിരിക്കുന്നു. അതിലേക്ക് എനിക്ക് ആരാണൊരു സഹായി. എൻെറ പൂർവ്വമിത്രമായ ഗോവിന്ദൻ എന്നോടുകൂടി ഉണ്ടെങ്കിൽ മതിയായിരുന്നു. അവനൊരാൾമാത്രമാണ് എൻെറ മനസ്സിന്നു ഏററവും ഇണങ്ങിയ ആൾ. ലൌകികമായ സുഖഭോഗ

ങ്ങൾക്കൊന്നിനും അവനെ ഇളക്കുവാൻ കഴികയില്ല. വൈഷ്ണവമതത്തെ സംബന്ധിച്ച് അവൻ അറിയാത്തതായി യാതൊന്നുമില്ല. ബുദ്ധിശക്തിയിൽ അദ്വിതീയനാണ്. എന്നെ അവൻ നിറഞ്ഞമനസ്സോടെ സ്നേഹിക്കുന്നുണ്ട്. എന്റെ ജീവിതം അവന് പ്രിയതരവുമാണ്. എന്നാൽ, കഷ്ടം, അവൻ വഴിപിഴച്ചാണല്ലോ ചെയ്യുന്നത്! എന്തു പാപകർമ്മഫലമായിട്ടോ, അവൻ കാഞ്ചിനാഥനെ വിട്ട് മറെറാരുദേവനെ ആരാധിക്കുന്നു. താൻ ചെയ്യുന്ന അപരാധം അവനെ ഗ്രഹിപ്പിച്ച് തിരികെ വിളിച്ചുകൊണ്ടുവരുവാൻ ആരുണ്ട്? അതേ; അതിനുതക്ക ആൾ എനിക്കുണ്ടല്ലോ. എന്റെ അമ്മാമനായ ശൈലപൂർണ്ണൻ യഥാസുഖം വാണരുളവേ ഇക്കാര്യത്തിൽ എനിക്കെന്തിനു ഖേദം? സൽഗുണങ്ങൾക്കെല്ലാം ആലയമാണദ്ദേഹം. അഗാധവും സമ്പൂർണ്ണവുമായ ജ്ഞാനം അദ്ദേഹത്തിനുണ്ട്. വരദരാജസ്വാമിസന്നിധിയിൽ കാഞ്ചിപൂർണ്ണൻ എങ്ങിനെയോ, അങ്ങിനെത്തന്നെയാണ് വേങ്കടേശ്വരസ്വാമിയുടെ മുമ്പിൽ ശൈലപൂർണ്ണൻ. ഗോവിന്ദനെ എന്റെ അടുക്കലേക്കയയ്ക്കുവാൻ അദ്ദേഹമാണ് മതിയായ ആൾ.

അപ്രകാരം രാമാനുജൻ ശൈലപൂർണ്ണന് അനന്തരം കത്തെഴുതിയയയ്ക്കുകയും ചെയ്തു.

“അങ്ങയുടെ മരുമകനും എന്റെ സഹപാഠിയുമായ ഗോവിന്ദൻ ഏതോ ദുഷ്കർമ്മഫലത്താൽ അന്യദൈവത്തെ ഭജിക്കുമാറായിരിക്കുന്നു. അവൻ ഇപ്പോൾ കാളത്തിയിലാണ് പാർക്കുന്നത്. എന്റെ പേരിൽ ദയയുണ്ടായി എനിക്കുവേണ്ടി അവനെ കണ്ട്, ആ തമോമയജീവിതത്തിൽനിന്ന് അവനെ രക്ഷിച്ച്, വീണ്ടും അവനെ സ്വമാർഗ്ഗത്തിലേക്കു തിരിക്കുവാൻ അങ്ങയോടു ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു”—എന്നാണ് ആ കത്ത്.

ഭൂമിയെന്നും കമലയെന്നും രണ്ടു സഹോദരിമാർ രാമാനുജനുണ്ടു്. ഭൂമിയെ പരിഗ്രഹിച്ചിരിക്കുന്നതു് അനന്തദീക്ഷിതർ എന്നൊരാളാണു്. ഇവരുടെ പുത്രനായ മുതലിയാണ്ടാൻ, അഥവാ, ദാശരഥി യഥാകാലം വിദ്യാഭ്യാസത്തിൽ വിജയിയായതിൽപ്പിന്നെ രാമാനുജന്റെ ശിഷ്യനായി. രാമാനുജനെ ഒരിക്കലും പിരിയാതെ എപ്പോഴും പ്രിയംപോലെ അദ്ദേഹം സേവിച്ചുപോന്നു. തന്റെ ത്രിദണ്ഡംപോലെയാണു രാമാനുജനു ദാശരഥി. നൂററിയഞ്ചുവയസ്സുവരെ ദാശരഥി ജീവിച്ചിരുന്നു. രഹസ്യത്രയം എന്നൊരു ഗ്രന്ഥം അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്.

രാമാനുജന്റെ പ്രഥമശിഷ്യൻ ആഴ്വാൻ എന്നൊരാളാണു്. അദ്ദേഹത്തിനു വത്സാങ്കൻ എന്നും പേരുണ്ടു്. അദ്ദേഹം ജനിച്ചതു കാഞ്ചീപുരത്തിന്നരികെയുള്ള കൂരം എന്ന ഗ്രാമത്തിലാണു്. രാമസോമയാജിയെന്ന അനന്തനു പെരുന്ദേവിയിലുണ്ടായ പുത്രനാണദ്ദേഹം. ആണ്ടാൾ എന്നൊരുവളെ അദ്ദേഹം വിവാഹംചെയ്തു. അവളിൽ അദ്ദേഹത്തിനു പരാശരൻ എന്നും വേദവ്യാസഭട്ടൻ എന്നും രണ്ടു പുത്രന്മാരുണ്ടായി. പിള്ളപിള്ളയാഴ്വാൻ, നാലൂരാൻ, തിരുവരങ്കത്തമുതനാർ എന്നിങ്ങിനെ മൂന്നുപേർ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണു്. വരദരാജസ്തവം, സുന്ദരബാഹുസ്തവം, അതിമാനുഷസ്തവം, വൈകുണ്ഠസ്തവം, ശ്രീസ്തവം, യമകരത്നാകരം, സത്യത്രയവ്യാഖ്യാനം എന്നീ കൃതികളുടെ പ്രണേതാവാണദ്ദേഹം.

വത്സാങ്കൻ രാമാനുജശിഷ്യനാകുന്നതിന്നുമുമ്പു മഹാധനവാനായിരുന്നു. വിത്തസമൃദ്ധിയോടൊപ്പം സൽഗുണസമൃദ്ധിയും അദ്ദേഹത്തിന്നുണ്ടായി. കൂരനാഥൻ എന്നാണു നാട്ടുകാർ അദ്ദേഹത്തെ സബഹുമാനം വിളിച്ചുവ

ന്നിരുന്നതു്. ആരെന്തു് അൎത്ഥിച്ചാലും ഇല്ലാ എന്നു് അ
ദ്ദേഹം പറകയില്ലാ. ആൎക്കെല്ലാം എന്തെല്ലാം കൊടു
ത്താലും മതിയായില്ലെന്നേ അദ്ദേഹത്തിന്നു തോന്നുകയു
ള്ളു. ദാതാക്കന്മാരിൽ കൎണ്ണനെന്നപോലെ അദ്ദേഹം വി
ശ്രുതനായി. ഉദയംമുതൽ അസ്തമയംവരെക്കും ആ ഭവ
നം അൎത്ഥിജനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കും. വന്നവ
രാരും നിരാശരായി മടങ്ങുകയില്ലാ. ആ മഹാദാതാവി
നെക്കുറിച്ചു് ഒരു ഐതിഹ്യമുണ്ടു്.

ഒരുനാൾ രാത്രി അകലേനിന്നു വലിയൊരു ശബ്ദം
കേട്ടു്, കാഞ്ചീപുരത്തിൽ വാഴുന്ന ജഗന്മാതാവു് "ഈ
പാതിരാവിൽ അസാധാരണമായ ഈ ശബ്ദം എങ്ങി
നെയുണ്ടായി" എന്നു സംശയിച്ചു. ഉടനെ ദേവി ചെന്നു
വരദരാജസ്വാമിയെ കണ്ടു്, "നാഥാ, അന്ധകാരവും നി
ദ്രയും വാണുകൊണ്ടിരിക്കുന്ന ഈ അകാലത്തു് എവിടെ
നിന്നാണു് ആ വലിയൊരു ശബ്ദം പൊട്ടുന്നു പുറപ്പെട്ട
തു്?" എന്നു ചോദിച്ചു. "നാഥേ ഈ ശബ്ദം അസാധാ
രണമായ യാദൃച്ഛികമോ അല്ലാ. ഇതു ഞാൻ ദിവസം
തോറും കേൾക്കാറുള്ളതാണു്. അപ്പോഴെല്ലാം എന്റെ
കൎണ്ണങ്ങൾക്കു് ആനന്ദം ചേരാറുമുണ്ടു്. ഈ നഗരത്തി
ന്നരികേയുള്ള കൂരമെന്നഗ്രാമത്തിൽ മഹാദാതാവായി ഒ
രാൾ വസിക്കുന്നു. അവൻ അൎത്ഥിജനത്തിന്നെല്ലാം അ
ന്നവസ്ത്രങ്ങൾ ദാനംചെയ്തുകഴിഞ്ഞു തന്റെ ഭവനദ്വാര
കവാടം അടയ്ക്കുന്നതാണു നീ കേട്ടതു്" എന്നു വരദസ്വാ
മി പറഞ്ഞു. "അങ്ങിനെയാണോ? എന്നാൽ, അവനെ
എനിക്കു കാണുന്നതിന്നു് ഇങ്ങോട്ടു വരുത്തുന്നതിന്നു് അ
ങ്ങേക്കു് ഇതുവരെ പ്രിയമുണ്ടാകാതിരുന്നതു് എന്തുകൊ
ണ്ടു്? ആ ദാതാവിന്റെ പുണ്യകൎമ്മങ്ങളിൽ അങ്ങേക്കുമാ
ത്രം ആനന്ദിച്ചാൽ മതിയോ" എന്നു ദേവിക്കു പരിഭവ
മായി.

ഉടനെ വരദരാജസ്വാമി തന്റെ അരികെ സ്ഥിതി ചെയ്യുന്ന കാഞ്ചിപൂൎണ്ണനോടു ക്രമത്തിൽ ചെന്നു വത്സാങ്കനെ തന്റെ മുമ്പിലേക്കു വിളിച്ചുകൂട്ടിക്കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. അതിന്മണ്ണം പിറേറനാൾ കാഞ്ചിപൂൎണ്ണൻ വത്സാങ്കനെ വിളിക്കുവാൻ ചെന്നു. വരദരാജനിയോഗം കേട്ടപ്പോൾ വത്സാങ്കന്റെ മുഖത്തു വിഷാദലക്ഷണമാണു കണ്ടതു".

"ഇടത്തുകൈ ചെയ്യുന്ന ദാനം വലത്തുകൈയുപോലും അറിയരുതെന്നാണല്ലോ വിധി. ഞാൻ വലിയൊരു ദാതാവാണെന്നു സ്വയം ഘോഷിക്കുന്നുവെന്നോ? അതു വരദരാജപ്പെരുമാൻ കേട്ടുവെന്നോ? അങ്ങിനെ എന്റെ മനസ്സ് അഹങ്കാരത്താൽ മലിനമായിരിക്കുന്നുവെന്നോ? അഹോ, സൎവ്വദാതാവും സൎവ്വജ്ഞചക്രവൎത്തിയുമായ ആ ഭഗവാന്റെ ശ്രദ്ധയെ ആകൎഷിക്കത്തക്കവണ്ണം എന്റെ മനസ്സിൽ ഞാൻ അറിയാതെ അഹങ്കാരം വൎദ്ധിച്ചിരിക്കുന്നുവല്ലോ. ഗൎവ്വിഷ്ഠനായി, മഹാപാപിയായി വൎത്തിക്കുന്ന ഞാനോ ഈശ്വരസന്നിധിയിൽ പ്രവേശിക്കുവാൻ യോഗ്യൻ! സത്യാവസ്ഥ എന്നെ ധരിപ്പിച്ചതിന്നു ഞാൻ ഭഗവാനെ സ്തോത്രം ചെയ്യുന്നു. ഭഗവത്സന്നിധിയിൽ വന്നു നില്ക്കുന്നതിന്നു ഞാൻ അനൎഹനാണെന്നു വിചാരിക്കുന്നതായി അങ്ങു ചെന്നു ഉണൎത്തിച്ചാലും!"—എന്നിങ്ങിനെ പറഞ്ഞു അദ്ദേഹം തിരുക്കച്ചിനമ്പിയാരെ അയച്ചു.

തന്റെ ഗൃഹദ്വാരം ഇനിയൊരിക്കലും അടച്ചിടരുതെന്നു വത്സാങ്കൻ തന്റെ ഭൃത്യന്മാൎക്കു ഉടനെ ആജ്ഞ കൊടുത്തു. തനിക്കുള്ള സൎവ്വധനങ്ങളെയും പരന്മാൎക്കു അനുഭവിക്കുവാനുള്ളവയാണെന്നു അദ്ദേഹം വെളിയിലെഴുതി വെച്ചു. തനിക്കെന്നും തന്റേതെന്നും യാതൊന്നുമില്ലാ

തായപ്പോഴേ തനിക്കുണ്ടെന്നു തോന്നിയ ആ അഹങ്കാരം ശാന്തമായിയെന്നു അദ്ദേഹം വിചാരിച്ചുള്ളൂ. അനന്തരം വെറുംകൈയോടെ കാൽനടയായി ഏകനായി അദ്ദേഹം കാഞ്ചീപുരത്തേക്കു് വരദരാജസ്വാമിയെ കാണുവാൻ പുറപ്പെട്ടു.

അദ്ദേഹത്തിൻെറ ഭാൎയ്യ അദ്വിതീയയായ പതിവ്രതാരത്നമാണു്. ആ ഗുണവതി ഭൎത്താവറിയാതെ പിന്തുടൎന്നുചെന്നു. അന്ധകാരംനിറഞ്ഞ വനാന്തരത്തിൽ എത്തിയപ്പോഠം, ഭയാക്രാന്തയായിത്തീൎന്ന ആ അബലാമൌലിയാം "നാഥാ" എന്നു ആൎത്തസ്വരത്തിൽ പെട്ടെന്നു വിളിച്ചുപോയി.

അവിചാരിതമായുണ്ടായ ഈ വിളിയാൽ വത്സാങ്കൻ അല്പം സംഭ്രമിച്ചു. അദ്ദേഹം തിരിഞ്ഞുനോക്കിയപ്പോഠം, തന്നെ പിന്തുടൎന്നുവരുന്ന ഭാൎയ്യയെ കണ്ടു് അത്ഭുതപ്പെട്ടു. "ഇതെന്തു്! നീയും എന്നോടൊപ്പം ഇറങ്ങിപ്പോരുന്നുവെന്നോ? നിനക്കുള്ള ഗൃഹധനാദികളേയും ബന്ധുമിത്രാദികളേയും വെടിഞ്ഞു് നാടുംവീടുമില്ലാത്തവളായി വെളിയിൽ ഉഴന്നുകൊണ്ടു് എന്നെ പിന്തുടരുവാൻ ആരാണു് നിന്നെ പ്രേരിപ്പിച്ചതു്" എന്നു അദ്ദേഹം ഭാൎയ്യയെ അരികെ വിളിച്ചു ചോദിച്ചു.

"നാഥാ, എൻെറ ഹൃദയത്തിനു അങ്ങയിലല്ലാതെ സ്ഥാനമുണ്ടോ? അങ്ങയെ ഞാൻ മറന്നാൽ എനിക്കു ലോകമെന്തു്? ഇഹത്തിലും പരത്തിലും എൻെറ വിശ്വാസത്തിനു ഒരേ അധിഷ്ഠാനം അങ്ങാണല്ലോ. ഈ സങ്കല്പത്തിൽ എപ്പോഴെങ്കിലും ഞാൻ ചലിച്ചതായി അങ്ങു് കണ്ടിട്ടുണ്ടോ?"

"അതിരിക്കട്ടെ; വിലയുള്ള ചെല്ലാവുന്ന വല്ല സാധനവും നീ എടുത്തുകൊണ്ടുപോന്നിട്ടുണ്ടോ?"

ഉണ്ട്; അങ്ങ് തീർത്ഥപാനം ചെയ്യുവാൻ ഉപയോഗിച്ചിരുന്ന ആ രത്നഖചിതമായ പൊൻപാത്രം മാത്രം ഞാൻ എടുത്തുകൊണ്ടു പോന്നിട്ടുണ്ട്."

ഇതു കേട്ടതിൽ വത്സാങ്കൻ ഉറക്കെ ചിരിക്കുമാറായി. തുടർന്നുതുടർന്ന് മെയ്മറന്നുകൊണ്ടു ചിരിച്ചു.

"ഹാ, നിഷ്കപടവും വിശ്വാസപൂർണ്ണവുമായ ശുദ്ധഹൃദയമേ, പിച്ചക്കാരനായവൻ രത്നഖചിതമായ പൊൻപാത്രംകൊണ്ടോ വെള്ളം കുടിക്കുന്നതു്. അതിങ്ങോട്ടു തരൂ."

ഭാര്യയിൽനിന്നു് ആ പാത്രംവാങ്ങി വത്സാങ്കൻ അകലെ ചുഴററിയെറിഞ്ഞു്, കൃതാർത്ഥനായെന്ന മന്ദസ്മിതം ചെയ്തു. "ഇതാ, നിന്നിലുണ്ടായിരുന്ന ആ ഭയം വളരെ ദൂരെ ചെന്നു വീണുപോയ്!" ഇനി നിനക്കു ധൈര്യത്തോടെ എന്നെ അനുഗമിക്കാം; വരൂ."

അങ്ങിനെ ശ്രീവത്സാങ്കനും ഭാര്യയും അന്നന്നു കിട്ടുന്ന ഭിക്ഷാന്നത്താൽ വിശപ്പടക്കിക്കൊണ്ടു് കാഞ്ചീപുരത്തെ പ്രാപിച്ചു. അപ്പോഴാണു ആ ത്യാഗിവര്യനെ രാമാനുജൻ കണ്ടു് ശിഷ്യനായി അംഗീകരിച്ചതു്. പുണ്യശീലംകൊണ്ടും പാണ്ഡിത്യംകൊണ്ടും ശിഷ്യന്മാരിൽ അദ്ദേഹം ഉത്തമനായി. അദ്ദേഹത്തിൽ രാമാനുജനു ഏററവും സംപ്രീതിയുമുണ്ടായി.

രാമാനുജനെ ആദ്യം വേദാന്തശാസ്ത്രം പഠിപ്പിച്ച യാദവപ്രകാശൻ ഇക്കാലത്തും കാഞ്ചീപുരത്തിൽ തന്നെയാണു് പാർത്തുവരുന്നതു്. അദ്വൈതസിദ്ധാന്തമാണു് അദ്ദേഹത്തിന്റെ മതമെങ്കിലും, അതിൽ സ്വന്തമായി ചില അർത്ഥഭേദങ്ങൾ അദ്ദേഹം വരുത്തീട്ടുണ്ടു്. എന്നാൽ, അ

ളു് മററുള്ള പണ്ഡിതന്മാരാരും ആദരിച്ചിട്ടില്ലാ. ഒരുവക അദ്വൈതാഭാസമെന്നാണു് അദ്ദേഹത്തിന്റെ മതത്തെ മററുള്ളവർ കരുതിപ്പോന്നതു്. തന്റെ അഭിപ്രായത്തെ യുക്തികളെക്കൊണ്ടു് സിദ്ധാന്തിക്കുവാൻ യാദവപ്രകാശന്നു വാക്സാമർത്ഥ്യം കൂടും. അതുകൊണ്ടു അദ്ദേഹത്തോടു വാദിക്കുവാൻ ആർക്കും രസമുണ്ടായില്ലാ. രാമാനുജൻ മാത്രമാണു് അദ്ദേഹത്തെ രണ്ടുമൂന്നു കുറി വാദത്തിൽ മറിച്ചിട്ടുള്ളു. തന്റെ പുതിയ അഭിപ്രായങ്ങൾക്കു ആധാരസ്ഥൈര്യമില്ലെന്നു യാദവപ്രകാശൻ ശങ്കിക്കാറുണ്ടെങ്കിലും അതു പുറത്തു കാണിക്കയില്ലാ. പുതിയൊരു സിദ്ധാന്തത്തിന്റെ കർത്താവെന്നു് അദ്ദേഹം ഗർവിച്ചുകൊണ്ടാണിരുന്നതു്.

യാദവപ്രകാശന്റെ മാതാവു വരദരാജസ്വാമിയെ നിശ്ചലഭക്തിയോടെ ആരാധിക്കുന്ന സുവ്രതയാണു്. ഈ അമ്മയ്ക്കു വേദാന്തവിചാരത്തിൽ അല്പം പരിചയമുണ്ടു്. തന്റെ മകൻ വേദാന്തശാസ്ത്രത്തിൽ പണ്ഡിതനായും, പല ശിഷ്യന്മാരാലും ആവൃതനായ അദ്ധ്യാപകനായും വാഴുന്നതുകണ്ടു് ആ അമ്മയ്ക്കു സന്തോഷവും അഭിമാനവും ഒട്ടൊന്നുമല്ലാ. ഭക്തിയിലും ജ്ഞാനത്തിലും രാമാനുജൻ അത്യുൽകൃഷ്ടനാണെന്നു പലരും പറയുന്നതു കേൾക്കുകയാൽ ഒരുനാൾ ആ സ്ത്രീ അദ്ദേഹത്തെ കാണുവാൻ ചെന്നു. വേദാന്തവിഷയമായി അപ്പോഴുണ്ടായ സംവാദത്തിൽനിന്നു രാമാനുജന്റെ വിശിഷ്ടാദ്വൈതം ശ്രേഷ്ഠംതന്നെയെന്നു് ആ അമ്മയ്ക്കു തോന്നിയെന്നു മാത്രമല്ലാ, രാമാനുജൻ തനിക്കു് ഏററവും പ്രിയനായ്ത്തീരുകയും ചെയ്തു. പിന്നെയൊരിക്കൽ ക്ഷേത്രത്തിൽ പ്രദക്ഷിണം ചെയ്യുന്നതിനിടയ്ക്കു്, തന്റെ പുത്രന്റെ അദ്വൈതാഭാസത്തെക്കാൾ രാമാനുജന്റെ വിശിഷ്ടാദ്വൈതമാണു യുക്തി

ക്കം അനുഭവത്തിന്നും യോജിച്ചതെന്നും, അതു ഹൃദയ
ത്തെ സ്പർശിക്കുന്നതും, സജ്ജനത്തെയും രമിപ്പിക്കുന്നതുമാ
ണെന്നും ആ സിദ്ധാന്തത്തെ അനുസരിക്കുന്നതാണു ത
ന്റെ മകനു ശ്രേയസ്സെന്നും ആ സ്ത്രീക്കു വിചാരമുണ്ടായി.
ഉടൻതന്നെ—"നല്ലതു്, വളരെ നല്ലതു്" എന്നൊരു അ
ഭിനന്ദനശബ്ദം ആരിൽനിന്നോ പുറപ്പെട്ടു. അതിനെ
ശുഭസൂചനമെന്നു കൈക്കൊണ്ടു വീട്ടിൽ എത്തിയ ഉടനെ
ആ അമ്മ തന്റെ മകനെ വിളിച്ചു് ഇങ്ങിനെ
പറഞ്ഞു:—

"എന്റെ മകനേ, നിന്റെ അമ്മ പറയുന്നതു നീ
കേൾക്കുമോ? നിനക്കു ദോഷമായി ഞാൻ യാതൊന്നും പ
റയുന്നവളല്ലെന്നു് അറിയാമല്ലോ. വിവേകപൂർവ്വം ആ
ലോചിച്ചുനോക്കാതെ ഞാൻ വല്ലതുമെല്ലാം പറയാറി
ല്ലെന്നും നിനക്കറിയാം. നിന്റെ പൂർവ്വശിഷ്യനായ രാമാ
നുജൻ ഉൽകൃഷ്ടങ്ങളായ ചില സുന്ദരതത്വങ്ങളെ സിദ്ധാ
ന്തിച്ചുവരുന്നതു നീ കേൾക്കുന്നില്ലയോ? ആ തത്വങ്ങ
ളിൽ നീ കുറച്ചൊന്നു മനസ്സുവെക്കുന്നതായാൽ നിനക്കു
സത്യബോധം സുകരമാകുമെന്നു് എനിക്കു തോന്നുന്നുണ്ടു്.
എന്റെ ഈ ഇഷ്ടത്തെ നീ അനുവർത്തിച്ചുനോക്കു."

അമ്മയുടെ ഹിതത്തിന്നു യാദവപ്രകാശൻ വിപരീ
തമായി നില്ക്കുന്ന ആളല്ല. താൻ ഉപദേശിച്ചുപോരുന്ന
മതത്തിൽ പല ന്യൂനതകളുമുണ്ടെന്നു് അന്തരംഗേണ
അദ്ദേഹം കണ്ടിട്ടുള്ളതാണു്. ശിഷ്യനായിരുന്നകാലത്തു
രാമാനുജൻ പുറപ്പെടുവിച്ച ആക്ഷേപങ്ങൾ അദ്ദേഹത്തി
ന്റെ മനസ്സിൽ ഇപ്പോഴും ഇടഞ്ഞുകിടപ്പുണ്ടു്. രാജധാ
നിയിൽവെച്ചു് ആ ബ്രഹ്മരക്ഷസ്സു് രാമാനുജനെ സർവ്വോ
ത്തമനെന്നു ജനങ്ങളെല്ലാവരും കേൾക്കെ സ്തുതിച്ചതു് അ
ദ്ദേഹം മറന്നിട്ടില്ല. വിന്ധ്യപർവ്വതപ്രദേശത്തിലെ

കൊടുംകാടുകളിൽനിന്നു രാമാനുജൻ സുരക്ഷിതനായി കാഞ്ചീപുരത്തെ പ്രാപിച്ചു ആ സംഭവത്തെപ്പററി ഓക്കുമ്പോഴെല്ലാം അദ്ദേഹത്തിൻെറ മനസ്സ് ഇപ്പോഴും വിറക്കാറുണ്ട്. ഇങ്ങിനെയെല്ലാംകൊണ്ടും രാമാനുജനിൽ അദ്ദേഹത്തിന്നു ഭയമാണുണ്ടായിരിക്കുന്നതു്. തൻെറ ആ പൂർവ്വശിഷ്യൻ അനുഗ്രഹീതബുദ്ധിമാനാണെന്നു ബോദ്ധ്യമാനവും അദ്ദേഹത്തിന്നുണ്ട്.

ഉയർന്ന മാതൃഭക്തനാണു യാദവപ്രകാശൻ. സത്യവും ഹിതവുമായ വാക്കല്ലാതെ അമ്മയിൽനിന്നു പുറപ്പെടുകയില്ലെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ബുദ്ധിമതിയും തപസ്വിനിയുമായ മാതാവിൽനിന്നു താൻ കേൾക്കുന്ന അഭിമതത്തെ വഴിപോലെ അനുസരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്നു ശ്രേയസ്സു ഉണ്ടാവാറുള്ളു.

താൻ എന്താണിവിടെ ചെയ്യേണ്ടതെന്ന് അദ്ദേഹം ചിന്തിച്ചുതുടങ്ങി. അമ്മയുടെ വാക്കു തനിക്കു ഹിതംതന്നെയാണെന്നു അദ്ദേഹത്തിന്നറിയാം. രാമാനുജനെ ആശ്രയിക്കുന്നതുകൊണ്ട് തനിക്ക് ഉൽകർഷമേ ഉണ്ടാകയുള്ളുവെന്ന് അദ്ദേഹം ഉൾക്കണ്ണാൽ കാണുകയും ചെയ്തു. എന്നാൽ, ആ വഴിക്കു ചെല്ലുന്നതിൽ പ്രതിബന്ധമുണ്ടല്ലോ. ശിഖയേയും യജ്ഞോപവീതത്തേയും അദ്ദേഹം ത്യജിച്ചിരിക്കയാണ്. അതിന്നു വിധിപോലെ പ്രായശ്ചിത്തം ചെയ്തിട്ടുവേണം രാമാനുജമതത്തെ അവലംബിക്കുവാൻ. ആ പ്രായശ്ചിത്തം ഭൂപ്രദക്ഷിണമാണ്. അതിന്നു വയോധികനായ അദ്ദേഹത്തിന്ന് ഇപ്പോൾ ശക്തിയില്ല. എന്താണിനി വേണ്ടതു്? ഭൂപ്രദക്ഷിണമല്ലാതെ വേറെ പ്രായശ്ചിത്തമൊന്നും കാണുന്നതുമില്ലല്ലോ.

ഇങ്ങിനെ ദീർഘാലോചനയിൽ മുഴുകിയ യാദവപ്രകാശൻ തന്നെത്താൻ നിവൃത്തിമാർഗ്ഗം കാണുവാൻ

ശക്തനാകാതെയായപ്പോൾ പെട്ടെന്നൊരുപായം തോന്നി. വരദരാജസ്വാമിയുടെ സ്വന്തം പ്രിയവത്സനാണല്ലോ ഭക്താഗ്രഗണ്യനായ തിരുക്കച്ചിനമ്പിയാർ. തന്റെ കാൎയ്യത്തിൽ ഈശ്വരമതം എങ്ങിനെയെന്ന് അദ്ദേഹത്തിൽനിന്നു മനസ്സിലാക്കാമെന്നു നിശ്ചയിച്ച് യാദവപ്രകാശൻ അങ്ങോട്ടു ചെന്നു. തന്റെ മനസ്സിൽ ഏതാണ്ടൊരു വിചാരമുണ്ടെന്നും അതിൽ താൻ എന്താണു ചെയ്യേണ്ടതെന്നു തന്നോട് ഉപദേശിക്കേണമെന്നും അദ്ദേഹം നമ്പിയെ വണക്കത്തോടെ അറിയിച്ചു. "നാളെ വരിക" എന്നാണു നമ്പിയാരിൽനിന്നുണ്ടായ മറുപടി.

അടുത്ത നാൾ യാദവപ്രകാശൻ മറുപടി കേൾക്കുവാൻ അവിടെ ചെന്നപ്പോൾ നമ്പിയാർ പറഞ്ഞതു ഇതാണ്:—

"താങ്കൾ ഇതുവരെ വാദിച്ചുപോന്ന അദ്വൈതവാദത്തെ വെടിഞ്ഞു രാമാനുജന്റെ വിശിഷ്ടാദ്വൈതത്തെ അനുസരിക്കേണമെന്നാണല്ലോ വിചാരിക്കുന്നതു്. അതിലേയ്ക്കു് അങ്ങയാൽ നിരാകൃതമായ ശിഖയും യജ്ഞോപവീതവും പ്രതിബന്ധമായ്ത്തീർന്നിരിക്കുന്നു. ആ അപചാരലംഘനത്തിനു ഭൂപ്രദക്ഷിണമാണു പ്രായശ്ചിത്തം. അതു ചെയ്യുവാൻ വയോധികതയാൽ താങ്കൾക്കിപ്പോൾ ശക്തിയില്ല. ഈ വിഷമാവസ്ഥയിൽനിന്നു നിവൃത്തികാണുവാനാണ് അങ്ങു തപിക്കുന്നതു്. രാമാനുജൻ ഈ ഭൂമിയെ മുഴുവൻ ധാൎമ്മികമായി ഉൾക്കൊണ്ടിട്ടുള്ള മഹാപുരുഷനാണ്. അദ്ദേഹത്തെ പ്രദക്ഷിണംചെയ്യുന്നതായാൽ ഭൂപ്രദക്ഷിണത്തെക്കാൾ ഉത്തമമായ പ്രായശ്ചിത്തമാകുമെന്നു വരദരാജസ്വാമി അരുളിച്ചെയ്തിരിക്കുന്നു."

ഇത്രയും കേട്ടതിൽ യാദവപ്രകാശനു തൃപ്തിയായി. ഈശ്വരസമ്മതം എങ്ങിനെയെന്ന് അദ്ദേഹം ധരിച്ചു

വല്ലോ. അമ്മ പറഞ്ഞതുതന്നെ വരദരാജനും ആജ്ഞാപിച്ചിരിക്കുന്നു. അതിന്നുമുമ്പുതന്നെ അദ്ദേഹത്തിന്റെ മനസ്സു വിശിഷ്ടാദ്വൈതത്തിലേയ്ക്കു രുചിയോടെ നോക്കുന്നതുമുണ്ട്. ഇനി എന്തിന്നു സംശയിക്കുന്നു? രാമാനുജപൂജയ്ക്കായി യാദവപ്രകാശൻ ഉടനെ പുറപ്പെട്ടു.

തന്റെ ശിഷ്യനായിരുന്ന ആളാണെന്നു മറന്നു രാമാനുജന്റെ മുമ്പിൽച്ചെന്നു യാദവപ്രകാശൻ നമസ്കരിച്ചു.

"സ്വാമിൻ, എനിക്കു അങ്ങയുടെ കൈകൊണ്ടു ദണ്ഡും കാവിമുണ്ടുംതന്നു എന്നെ അനുഗ്രഹിച്ചാലും! അങ്ങയുടെ ശിഷ്യരിൽ ഒരുവനായി എന്നെ അംഗീകരിക്കുവാൻ കാരുണ്യമുണ്ടാകേണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു."

"അതു നല്ലതുതന്നെ. എനിക്കു വളരെ സന്തോഷമായി. എന്നാൽ, താങ്കൾക്കു ഇതിൽ പ്രായശ്ചിത്തം വേണമെന്നുണ്ടല്ലോ" എന്നു രാമാനുജൻ സംശയിച്ചു.

"പ്രായശ്ചിത്തമായി ഭൂപ്രദക്ഷിണത്തിന്നു പകരം അങ്ങയെ പ്രദക്ഷിണംചെയ്താൽ മതിയെന്നു വരദരാജസ്വാമി കല്പിച്ചിരിക്കുന്നു" എന്ന് അറിയിച്ചു രാമാനുജനെ യാദവപ്രകാശൻ കൈക്കൂപ്പിവലത്തുവെച്ചു, മുമ്പിൽ വണങ്ങിനിന്നു.

ഇതു് ആണ്ടാനും ആഴ്വാനും അത്ഭുതത്തോടെ നോക്കി. ഇതുവരെയ്ക്കും വിശിഷ്ടാദ്വൈതത്തെ നോക്കി നിർദ്ദയം അപഹസിച്ചുകൊണ്ടിരുന്ന ആളും ഇപ്പോൾ ആ മതത്തിന്റെ അധിപനെ ശരണംപ്രാപിക്കുകയാണോ? അവർക്കു് ഇങ്ങിനെയൊരു കൂട്ടുകാരന്റെ ലാഭത്തിൽ ഏററവും സന്തോഷമുണ്ടായി. "ഞങ്ങളെപ്പോലെ ഇദ്ദേഹത്തെയും അങ്ങയുടെ ശിഷ്യനായി സ്വീകരിക്കേണമേ" എന്നു രാമാനുജനോടു് അവരും അർത്ഥിച്ചു.

രാമാനുജൻ അതു കൈക്കൊണ്ടു. അന്നുമുതൽ യാദവപ്രകാശൻ രാമാനുജന്റെ ശിഷ്യനായി. എന്നാൽ, അദ്ദേഹം ശിഖയേയും യജ്ഞോപവീതത്തേയും കളഞ്ഞു് വർണ്ണാചാരവിധിയിൽനിന്നു മാറുകയാൽ ജാതിഭ്രഷ്ടനായിരിക്കകൊണ്ടു്, അദ്ദേഹത്തിന്നു ശുദ്ധീകരണം വേണ്ടിവന്നു. ചൌളം, ഉപനയനം മുതലായ സംസ്കാരങ്ങളിൽ യഥാക്രമം പ്രാവശിപ്പിച്ചുകൊണ്ടു് രാമാനുജൻ യാദവപ്രകാശനെ വീണ്ടും ബ്രാഹ്മണകുലത്തിലേയ്ക്കെടുത്തു. അതിൽപ്പിന്നെയാണു്, വിശിഷ്ടാദ്വൈതവിധിപോലെ ദണ്ഡും കാവിമുണ്ടും കൈക്കൊണ്ടു് അദ്ദേഹം സന്ന്യാസിയായതു്. ഇങ്ങിനെ രാമാനുജൻ ആദ്യമായി തന്റെ ഗുരുവായിരുന്ന ആളെത്തന്നെ മതംമാററിയെടുത്തു. ആചാരമര്യാദപ്രകാരം ബ്രാഹ്മണനല്ലാതായ ആളെ രാമാനുജൻ ബ്രാഹ്മണനാക്കിയെടുക്കുകയും ചെയ്തു. സന്ന്യാസത്തിൽ യാദവപ്രകാശന്റെ പേരു് ഗോവിന്ദജീയർ എന്നായി. പഞ്ചസംസ്കാരങ്ങളും നേടി, മന്ത്രരഹസ്യോപദേശം ഗ്രഹിച്ച ഗോവിന്ദജീയർ പുണ്യാത്മാവായി വിളങ്ങി.

ഒരുനാൾ ഗോവിന്ദജീയരെ വിളിച്ചു രാമാനുജൻ ഇങ്ങിനെ പറഞ്ഞു:—

"താങ്കളിൽനിന്നു ഞാൻ ചിലതു പഠിച്ചിട്ടുള്ളവനാകയാൽ താങ്കൾക്കു് എത്രത്തോളം ശാസ്ത്രജ്ഞാനമുണ്ടെന്നു് എനിക്കു നല്ലവണ്ണം അറിയാം. താങ്കളുടെ വിദ്വത്വം ലോകത്തിൽ എന്നും പ്രകാശിച്ചുകൊണ്ടിരിക്കണമെന്നും അങ്ങിനെ താങ്കൾക്കു് യശസ്സും ശ്രേയസ്സും ഉണ്ടാകേണമെന്നും എനിക്കു് ആഗ്രഹമുണ്ടു്. താങ്കളുടെ ഇതുവരെയുള്ള കാലമെല്ലാം വൈഷ്ണവസന്ന്യാസികളെ ദുഷിക്കയും ഹസിക്കയും ചെയ്തുകൊണ്ടാണല്ലോ കഴിഞ്ഞിരിക്കുന്നതു്. സന്ന്യാസിധർമ്മത്തെപ്പററി സ്മൃതികളിൽ ഒന്നിനൊന്നു

വിപരീതമായിട്ടാണു പലതും കാണുന്നത്. അതെല്ലാം നോക്കികൊണ്ടു ശാസ്ത്രസമ്മതവും ദേശകാലാനുരൂപവു മായി സന്യാസധൎമ്മത്തെപ്പററി ഒരു ഗ്രന്ഥം താങ്കൾ ഉ ണ്ടാക്കണം."

ഈ ആജ്ഞയെ അനുവൎത്തിച്ചു പതിനൊന്ന് അ ദ്ധ്യായങ്ങളായി യതിധൎമ്മസമുച്ചയം എന്നൊരു ഗ്രന്ഥം ഗോവിന്ദജീയർ നിൎമ്മിച്ചു. അതു വായിച്ചു രാമാനുജൻ അദ്ദേഹത്തെ അഭിനന്ദിക്കയും ചെയ്തു.

രാമാനുജനെ ഏററവും ഭക്തിയോടുകൂടി ഗോവിന്ദ ജീയർ ആരാധിച്ചു. യാദവപ്രകാശനായിരുന്നപ്പോൾ വിളഞ്ഞുകൊണ്ടിരുന്ന ആ ഗൎവ്വവും, അസൂയയും, ദുരാഗ്ര ഹവുമെല്ലാം ഗോവിന്ദജീയരായതോടുകൂടി ഉണങ്ങിക്കരി ഞ്ഞു ശൂന്യമായി. അദ്ദേഹം അന്ത്യകാലംമുഴുവൻ പുണ്യ കൎമ്മപരായണനായി വൎത്തിച്ചു. രാമാനുജന്റെ ശിഷ്യ നായി ഏതാണ്ടുകൊല്ലം കഴിഞ്ഞപ്പോഴേയ്ക്കും ആ വൃദ്ധൻ ഐഹികവാസം വെടിയുമാറായി.

കാഞ്ചീപുരത്തിൽ ഇങ്ങിനെയോരോന്നു സംഭവിക്കു ന്നതിന്നിടയ്ക്കു ശ്രീരംഗത്തിൽ ആളവന്താരുടെ ശിഷ്യ ന്മാർ രാമാനുജന്റെ ആഗമനത്തെ ആശയോടേ പ്രതീ ക്ഷിച്ചുകൊണ്ടിരിക്കയാണ്. അദ്ദേഹത്തെ തങ്ങളുടെ ആചാൎയ്യനായി ലഭിക്കുന്നതിന്ന് ആ ശിഷ്യന്മാരും ആ നാട്ടുകാരും കൂട്ടത്തോടേനിന്നു ദൈവത്തോടു പ്രാൎത്ഥിച്ചു. കാഞ്ചീപുരത്തിന്നു രാമാനുജനെ ഒരു നിമിഷത്തേക്കുപോ ലും വിട്ടുനില്ക്കുവാൻ കഴികയില്ലെന്നിരിക്കുന്നു. എന്നാൽ, രാമാനുജലാഭത്തിന്നു ശ്രീരംഗം ഉഴറികൊണ്ടുമിരി ക്കുന്നു.

ഉപായം വല്ലതും പ്രയോഗിച്ചാലല്ലാതെ രാമാനുജ നെ ഇങ്ങോട്ടു വരുത്തുവാൻ സാധിക്കുന്നതല്ലെന്ന് ആളവ

ന്മാരുടെ ശിഷ്യന്മാർ കണ്ടു. എന്നാൽ, ആ ഉപായം എന്താണെന്ന് അവർക്ക് നിശ്ചയമില്ലാ. അവർ വരരംഗനായകനെ ഈ ഭാരം ഏല്പിച്ചു.

വരരംഗന്നു കാഞ്ചീപുരത്തിൽ ഒരു ദായാദനുണ്ട്. അദ്ദേഹം അങ്ങോട്ടു ചെന്നു. കാഞ്ചിപൂർണ്ണൻ വരരംഗന്റെ സതീർത്ഥ്യനാണല്ലോ. അദ്ദേഹത്തിന്റെ ആ ദായാദന്റേയും സ്നേഹത്താൽ വരരംഗന് കാഞ്ചീപുരവാസം സുഖാവഹമായിത്തീർന്നു. ഗീതത്തിലും നൃത്തത്തിലും അസാമാന്യനിപുണനാണു വരരംഗൻ. ആ വിദ്യകളെക്കൊണ്ട് കാഞ്ചീപുരനാഥനെ വശീകരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. നാഥനോടുകൂടി നാട്ടും അദ്ദേഹത്തെ ഉദാരമായി ആദരിച്ചു. അദ്ദേഹത്തിന്റെ അഭിമതത്തെ അനുവർത്തിക്കുന്നതിൽ കാഞ്ചീപുരത്തിന് സന്തോഷമാത്രമേയായി. അങ്ങിനെ നേടിയ കാഞ്ചീപുരനാഥന്റെ അനുജ്ഞയോടേ അദ്ദേഹം രാമാനുജനെ ശ്രീരംഗത്തേക്കു ക്ഷണിച്ചു. കാഞ്ചിപൂർണ്ണനും അതു് സമ്മതമായി.

താൻ പൂജിച്ചുപോരുന്ന വരദരാജവിഗ്രഹത്തോടും തന്റെ ശിഷ്യന്മാരായ ആഴ്വാൻ, ആണ്ടാൻ എന്നിവരോടുംകൂടി രാമാനുജൻ വരരംഗനായകനെ പുരസ്കരിച്ചുകൊണ്ടു ശ്രീരംഗത്തേക്കു യാത്രയായി.

ശ്രീരംഗത്തിൽ രാമാനുജനെ അപൂർവ്വമായ ആഡംബരകോലാഹലത്തോടേ സൽക്കരിച്ചു. ദേശമെങ്ങും അന്നു മഹോത്സവമായിരുന്നു. തങ്ങൾ സനാഥരായിയെന്ന് ആ നാട്ടുകാർ ആഹ്ലാദിച്ചു. ശ്രീരംഗക്ഷേത്രത്തിന്റെ സർവ്വാധിപതിയായി രാമാനുജൻ അഭിഷിക്തനാകയുംചെയ്തു. അങ്ങിനെയാണ് ദൈവനിയോഗമെന്നു വെച്ചുകൊണ്ട് ആ ഭാരം അദ്ദേഹം വിനയത്തോടേ കയ്യേറ്റു. ഇതിൽ മഹാപൂർണ്ണന്റെ ആശീർവ്വാദവുമുണ്ടായി.

അനന്തരം ക്ഷേത്രത്തിലെ കെട്ടിടങ്ങളെ പുതുക്കുകയും, പൂജാവിധികളെ പരിഷ്കരിക്കയും ചെയ്തു. മടപ്പള്ളിയുടെ മേനോക്കിയായി ആണ്ടാനേയും, ക്ഷേത്രപരിചാരകന്മാരുടെ നായകനായി മറെറാരുശിഷ്യനായ അകളങ്കനേയും നിയമിച്ചു. ധൂപനൈവേദ്യങ്ങളും ഉത്സവാഘോഷങ്ങളുമെല്ലാം മഹാർഘമായി നടക്കുന്നതിന്ന് ഏർപ്പാടുകളുണ്ടായി. ക്ഷേത്രത്തിലെ വസ്ത്രാഭരണങ്ങളും ഉദ്യാനങ്ങളും മണ്ഡപങ്ങളും വാഹനങ്ങളുമെല്ലാം സുരക്ഷിതങ്ങളായി. ഇങ്ങിനെ രാമാനുജശരണംകൊണ്ട് ശ്രീരംഗക്ഷേത്രം ഉപര്യുപരി ശ്രേയസ്സോടേ വർദ്ധിക്കുമാറായി.

പിന്നീട് രാമാനുജൻ വരരംഗത്തിൽനിന്ന് നൃത്യഗീതകലകൾ അഭ്യസിച്ചു. ആ വിദ്യകളെ അദ്ദേഹം വേറെ ശിഷ്യരെ പഠിപ്പിച്ചു കുശലികളാക്കി. അവരെ നൃത്യഗീതവാദിത്രങ്ങളെക്കൊണ്ട് രംഗനാഥസ്വാമിയെ ആരാധിക്കുവാൻ നിയോഗിച്ചു. അവർക്ക് സസുഖം പാർക്കുവാൻ വലിയൊരുവീഥി രാമാനുജൻ ഉണ്ടാക്കിക്കൊടുക്കുകയുംചെയ്തു.

ഇങ്ങിനെയുള്ളകാലത്ത് ധനുർദ്ദാസനെന്ന ഒരു മല്ലൻ ആ നാട്ടിൽ വന്നു. തിരുച്ചിറാപ്പള്ളിക്കരികെയുള്ള ഉറയൂരാണ് ധനുർദ്ദാസൻെറ നാട്. ഗുസ്തിയിൽ ഈയാളോടു കിടനില്ക്കുവാൻ അവിടങ്ങളിൽ ആരുമുണ്ടായിരുന്നില്ല. അതുകൊണ്ട്, മല്ലന്മാരുടെയെല്ലാം രാജാവായിട്ടാണ് ആയാളുടെ വാഴ്ച. കപ്പംവഴിക്ക് ആയാൾക്ക് ധാരാളം ധനധാന്യങ്ങൾ കിട്ടിവന്നു. ആയാളുടെ ഭാര്യയ്ക്ക് ഹേമാംബാൾ എന്നാണുപേര്. സൌന്ദര്യത്തിലും സാരസ്യത്തിലും അവൾ നിരുപമയായിരുന്നു. ദിവ്യരൂപസമ്പത്താൽ അവൾ കീർത്തിമതിയായി. ആ കമനീയാംഗിയെ തൻെറ ആത്മാവായിട്ടാണ് കാമമോഹിത

നായ ധനുർദ്ദാസൻ ആദരിച്ചു ഭജിച്ചുവന്നതു്. അവളെ വിട്ടു് ഒരുനിമിഷനേരക്കുപോലും അകലുവാൻ ആയാൾക്കു ശക്തിയില്ലെന്നായി.

രാമാനുജഭരണത്തിൽ ശ്രീരംഗത്തു് അത്ഭുതപൂർവ്വമായ ആഡംബരങ്ങളോടെ വസന്തോത്സവം ആരംഭിച്ചിരിക്കയാണു്. അതു കാണുന്നതിനു ഹേമാംബാൾക്കു് ആഗ്രഹമുണ്ടായി. അവൾ ആജ്ഞാപിക്കുന്നതെന്തെന്നു് കാത്തുകൊണ്ടാണു് ധനുർദ്ദാസന്റെ നില്പു്. തനിക്കു ശ്രീരംഗത്തേക്കു് ചെല്ലേണമെന്നു ഭാര്യയിൽനിന്നു കേട്ടുടനെ ആയാൾ അവളെ കൂട്ടിക്കൊണ്ടു് അങ്ങോട്ടു പുറപ്പെട്ടുകഴിഞ്ഞു.

ഹേമാംബാൾ ഉത്സവംകണ്ടു രസിക്കുന്നു. എന്നാൽ ധനുർദ്ദാസനു ആ ഉത്സവത്തിലോ, രംഗനാഥസ്വാമിയിലോ അല്ലാ മനസ്സു്. ആയാൾ ആ മോഹനാംഗിയെ നോക്കിനോക്കി അപ്പോഴും ആനന്ദിക്കയാണു്. അവളുടെ പൂങ്കഴലുകൾ മണൽത്തരിയേറ്റു് നോവുമോ എന്നു് അവൾ ഓരോ അടിവെക്കുമ്പോഴും ആയാൾ ചുളുങ്ങുന്നു. വെയിലേല്ക്കാതിരിപ്പാൻ അവൾക്കു കുടപിടിച്ചുകൊണ്ടാണു് ആയാൾ നടക്കുന്നതു്. ആൾക്കൂട്ടത്തേയോ ആഘോഷങ്ങളേയോ ഒന്നും ആയാൾ കാണുന്നില്ലാ. ആയാളുടെ കണ്ണും കരളും എപ്പോഴും ഭാര്യയിൽത്തന്നെ. ഇങ്ങിനെ ചെല്ലുന്ന ആ കാമാധീനനെ കണ്ടു് ജനങ്ങളെല്ലാം അപഹസിച്ചുതുടങ്ങി. രംഗനാഥസന്നിധിയിൽ പുണ്യോത്സവകാലത്തു ഇത്രയും വിടത്വം കാണിക്കുവാൻ ഇയാൾക്കു നാണമില്ലല്ലോ എന്നു അവർ ആക്ഷേപിച്ചു. അതു, കാവേരിനദിയിൽ സ്നാനംകഴിഞ്ഞു ശിഷ്യസമേതം ക്ഷേത്രത്തിലേയ്ക്കു പോരുന്ന രാമാനുജൻ കേട്ടു. ഉടനെ ശിഷ്യരെ നോക്കി അദ്ദേഹം പറഞ്ഞതാവിതു്:—

"രാഗത്തിന്റെ ശക്തിയെ ഇതാ, നോക്കുവിൻ!
ഈയാൾ എത്ര വലിയ ബലവാനാണു". അജയ്യനായ
മല്ലപ്പെരുമാൾ. രാജ്യമെങ്ങും വിളികൊണ്ടവൻ. അങ്ങി
നെയുള്ള ആൾ കാമവശഗനായപ്പോൾ എത്ര വളരെ
പ്രാകൃതനായിയെന്നു നോക്കുവിൻ! തന്റെ കാമിനിയെ
ഭജിക്കുന്നതിൽ ഈയാൾ തന്നെത്താൻ മറന്നിരിക്കുന്നു.
എളിയ ദാസനായി ഭയഭക്തികളോടേ അവളെ സേവി
ക്കുന്നു. അതിലൊന്നിൽ മാത്രമല്ലാതെ, ലോകത്തെപ്പ
റ്റിയോ തന്നെക്കുറിച്ചുപോലുമോ ഈയാൾക്കു വിചാരമി
ല്ലാ. നാണവും മാനവുമെല്ലാം ഈയാൾ വെടിഞ്ഞിരിക്കു
ന്നു. ഈയാളുടെ ഈ തീവ്രരാഗത്തെ ഇങ്ങിനെതന്നെ ഭ
ഗവാനിലേക്കു തിരിക്കുവാൻ കഴിഞ്ഞാൽ മോക്ഷം കൈ
യിലായി. ഇരിക്കട്ടെ; ഈയാളെ ഇന്നുതന്നെ ഞാൻ ഭ
ക്തനാക്കി മാററാം."

മഠത്തിൽ എത്തിയ ഉടനെ ധനുർദ്ദാസനെ വിളിക്കു
വാൻ രാമാനുജൻ ആളെ അയച്ചു. സർവ്വജനപൂജിതനാ
യ രാമാനുജൻ ആരെയെങ്കിലും തന്റെ അടുക്കലേക്കു വി
ളിക്കുന്നതായാൽ അയാൾക്കു അതിലധികം മഹത്തരമാ
യ അനുഗ്രഹം വേറെയില്ലാ. ആജ്ഞ കേട്ടയുടനെ ധനുർ
ദ്ദാസൻ രാമാനുജസന്നിധിയെ പ്രാപിച്ചു കൈകൂപ്പി ന
മസ്കരിച്ചു", "പ്രഭോ, അടിയനെക്കൊണ്ടു അവിടത്തേക്കു
നടത്തുവാനുള്ളതു എന്താണെന്നു ആജ്ഞാപിച്ചാലും" എ
ന്നു വിനീതനായി അറിയിച്ചു.

രാമാനുജൻ—"നിന്റെ ഹിതത്തിനുവേണ്ടി എനിക്കു
കുറച്ചൊന്നു പറയുവാനുണ്ടു". അതു പ്രിയമല്ലെന്നു
വെച്ചു" നിനക്കു അസുഖമുണ്ടാകരുതു". ഉഗ്രവീര്യനും
ഘോരകർമ്മാവുമായ രാജാവിനെപ്പോലെയാണു കാ
മം. എത്ര ബലവാനായാലും, എത്ര പരാക്രമിയായാ

ലും, എത്ര പണ്ഡിതനായാലും ആ രാജാവിന്റെ കഠിനകരങ്ങളിൽ അകപ്പെട്ടുപോയാൽ, പിന്നെയൊരിക്കലും രക്ഷകാണുകയില്ലാ. ആ അവസ്ഥയിലാണു നിന്നെ ഞാൻ ഇപ്പോൾ കണ്ടതു്. പാതയുടെ നടുവിൽ അനേകസഹസ്രം ജനങ്ങൾക്കിടയിൽ, തന്നെത്താൻ മറന്നു്, ചുററുമുള്ളതൊന്നും അറിയാതെയായി, നാണവും മാനവും വെടിഞ്ഞു് ഒരു പെണ്ണിന്റെ കണ്ണിനു് അടിമയായി നീ നടക്കുമാറായല്ലോ! നിന്റെ പൌരുഷം എവിടെ? നിന്റെ വിവേകം എവിടെ? നീ ധീരാഗ്രേസരനാണെന്നു വിഖ്യാതനാണല്ലോ. മൃത്യുവിനോടുപോലും ഒരുകൈ നോക്കുവാൻതക്കവണ്ണം അത്രയ്ക്കു ബലവാനാണു് നീ. ഇത്രയും വിക്രമം നിനക്കുണ്ടായിരുന്നിട്ടും ഒരു പെണ്ണിന്റെ അടിമയായി നീ ഇങ്ങിനെ കിഴിഞ്ഞു നടക്കുന്നുവല്ലോ. അതു കണ്ടിട്ടു് എനിക്കു നിന്റെ പേരിൽ അനുതാപമാണുണ്ടായതു്."

ധനുർദ്ദാസൻ—"സ്വാമിൻ, ഞാൻ കാമഭ്രാന്തനായി മര്യാദവിട്ടു നടക്കാറില്ലാ. പരസ്ത്രീകളെ കാമിക്കുന്ന ദുർവൃത്തനുമല്ലാ ഞാൻ. എന്നോടൊരുമിച്ചു കണ്ട ആ സ്ത്രീ എന്റെ ഭാര്യയാണു്. അവളുടെ സൌന്ദര്യത്തെ എത്രയെത്ര പാനംചെയ്താലും എനിക്കു മതിയാകുന്നില്ലാ. ഇതിൽ എന്തെങ്കിലും വല്ല ഹിംസയുമുണ്ടോ? എന്റെ ഭാര്യയുടെ ദിവ്യരൂപവിലാസത്താൽ ഞാൻ സദാനന്ദനാണു്. അവളുടെ മോഹനചേഷ്ടകൾക്കു ഞാൻ അടിമതന്നെയാണു്. ആ ചടുലേക്ഷണങ്ങൾ എന്നെ ബന്ധിച്ചിരിക്കുന്നു. അവളുടെ ദിവ്യസൌന്ദര്യത്തിൽ ആമഗ്നനായി എന്നെത്തന്നെയും, ഈ ലോകത്തെത്തന്നെയും ഞാൻ മറ

ക്കുന്നു. ഇതിൽ ഞാൻ ആർക്കെങ്കിലും അപരാധിയാണോ? എന്റെ ആത്മാധികപ്രിയയായ ആ രമണിയിൽ സൂര്യന്റെ ഒരു കിരണംപോലുമോ, ഭൂമിയിലെ ഒരു തരിപോലുമോ ഏല്ക്കുന്നതു് എനിക്കു ദുസ്സഹമാണു്. ഇതിൽ മററുള്ളവർക്കു നിന്ദിക്കുവാനെന്തുണ്ടു്?"

രാമാനുജൻ—"സൌന്ദര്യത്തെയാണല്ലോ നീ ആരാധിക്കുന്നതു്. അതു് അനുചിതമല്ലാ. എന്നാൽ, നിന്റെ ഭാര്യയേക്കാൾ എത്രയോ വളരെ ദിവ്യവും നിത്യവുമായ കാന്തിവിലാസം സമൃദ്ധമായുള്ള മററൊരു മൂർത്തിയെ നിനക്കു കിട്ടിയാൽ നീ എന്തു ചെയ്യും?"

ധനുർദ്ദാസൻ—"എനിക്കു ജന്മസാഫല്യമുണ്ടായിയെന്നു് ആനന്ദിക്കയല്ലാതെ മററെന്താണു ചെയ്യുക? എന്റെ ഭാര്യയേക്കാൾ സൌന്ദര്യംകൂടിയ രമണീയമൂർത്തിയെ ഞാൻ കാണുന്നതായാൽ എന്റെ ജീവിതത്തെ അവിടെ സമർപ്പിക്കുവാൻ ഞാൻ തയ്യാറാണു്."

"എന്നാൽ, വരിക" എന്നുവിളിച്ചു ധനുർദ്ദാസനോടുകൂടി രാമാനുജൻ രംഗനാഥസ്വാമിയുടെ സന്നിധിയിലേക്കു ചെന്നു. സൌന്ദര്യസാരസർവ്വസ്വമായി, അക്ഷയകാന്തിയോടെ പ്രകാശിക്കുന്ന ആ മൂർത്തിയെ കാണിച്ചുകൊടുത്തു്,—"നോക്കൂ, ഈ സൌന്ദര്യപാരാവാരം നിനക്കു രമണീയമല്ലയോ? ആ സ്ത്രീയുടെ നശ്വരവിഭ്രമമോ ഈ നിത്യതേജോവിലാസമോ ഏതാണു നിനക്കു് അധികം കാമ്യം?" എന്നു് ആയാളോടു രാമാനുജൻ ചോദിച്ചു.

ധനുർദ്ദാസൻ രംഗനാഥമൂർത്തിയുടെ തേജസ്സുള്ളതായ മുഖപത്മത്തിലേക്ക് ഒന്നു നോക്കിയതോടുകൂടി ആയാളുടെ നേത്രങ്ങൾ അവിടെത്തന്നെ പതിഞ്ഞു. ആ മുഖത്തുനിന്നു പൊഴിയുന്ന മന്ദഹാസത്തിൽ ആയാൾ പൂർണ്ണമായി ലയിച്ചു. ഭാര്യയിൽ കാമകലുഷിതമായിരുന്ന ആയാളുടെ പ്രേമപ്രവാഹം രംഗനാഥനിലേക്ക് ഭക്തിപ്രവാഹമായി പൂർവ്വാധികം വേഗത്തോടെ തിരിഞ്ഞു. ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത വിശുദ്ധസംപൂർണ്ണാനന്ദം ആയാൾക്ക് അപ്പോഴുണ്ടായി. തന്നെത്താൻ മറന്നു രംഗനാഥനെത്തന്നെ നോക്കിക്കൊണ്ട് ആയാൾ നിന്നു. ആ ദിവ്യസുന്ദരവിഗ്രഹം മാത്രമല്ലാതെ ആയാളുടെ മനസ്സിന്നു വേറെ യാതൊന്നും വിഷയമായില്ല.

ആയാളെ ഈ സ്ഥിതിയിൽനിന്ന് ഇളക്കേണ്ടതെന്നു കരുതി രാമാനുജൻ മററു കാര്യങ്ങൾക്കായി അവിടെനിന്നുമാറി. ഊണും ഉറക്കവും പാലും വേണ്ടാതെയായി. ആ സൌന്ദര്യസാഗരത്തിൽ ആത്മനാ മുങ്ങിമുങ്ങിയാനന്ദിച്ചു ധനുർദ്ദാസൻ വിഷയമാലിന്യങ്ങളിൽനിന്നെല്ലാം അകന്നു ഭക്തശ്രേഷ്ഠനായ പുണ്യാത്മാവായ്യയൻ. കാമമയമായിരുന്ന ആയാളുടെ മനസ്സു ഭക്തിമയമായി മാറി. ഭാര്യയിൽമാത്രം രമിച്ചിരുന്ന ആയാൾ ലോകത്തിലെ സർവ്വസൃഷ്ടികളിലും രംഗനാഥവിലാസംകണ്ടു രമിക്കമാറായി. ഇങ്ങിനെയുണ്ടായ ജന്മസാഫല്യത്തിൽ ചരിതാർത്ഥനായി ആയാൾ രാമാനുജൻെറ മുമ്പിൽ കൃതജ്ഞതയോടെ ചെന്നു കൈകൂപ്പിനിന്നു. അന്നുമുതൽ ധനുർദ്ദാസൻ രാമാനുജൻെറ ശിഷ്യോത്തമനായി.

തൻെറ ഭർത്താവിന്നുണ്ടായ ജീവിതപരിവർത്തനം ഹേമാംബാൾ അറിഞ്ഞു. ഉടൻതന്നെ അവൾക്ക ലൌകികവിഷയങ്ങളിലെല്ലാം വിരക്തിയുണ്ടായി. തൻെറ

പ്രാണനാഥൻ സംസാരത്തിൽനിന്ന് അകന്നപ്പോൾ, സംസാരം അവൾക്കു ശോകമയമായ്ത്തീൎന്നു. ഭൌതികവിഭവങ്ങളെയെല്ലാം പരിത്യജിച്ച് അവൾ രാമാനുജനെ ശരണം പ്രാപിച്ചു. അങ്ങിനെ അവളും രാമാനുജന്റെ ശിഷ്യയായി. അവളുടെ തീവ്രഭക്തി ജനങ്ങൾക്കെല്ലാം ആശ്ചൎയ്യമുണ്ടാക്കി.

രാമാനുജൻ ധനുൎദ്ദാസനെ തന്റെ അംഗരക്ഷകനായി നിയമിച്ചു. ആയാളുടെ ഭാഗിനേയന്മാരായ വന്ദനും സുന്ദനും മാതുലനിയോഗംപോലെ രാമാനുജശിഷ്യന്മാരായി. മഠത്തിലേക്കു വേണ്ടുന്ന സാമാനങ്ങൾ തയ്യാറാക്കേണ്ടുന്ന ജോലിയിലാണ് അവർ ഏൎപ്പെട്ടത്.

രംഗനാഥക്ഷേത്രത്തിലെ പൂജാക്രമം അതുവരെ വൈഖാനസ സമ്പ്രദായപ്രകാരമായിരുന്നു. അതുമാററി യമുനാചാൎയ്യന്റെ ആഗമപ്രാമാണ്യം എന്ന ഗ്രന്ഥത്തിൽ വിധിച്ചിട്ടുള്ളതുപോലെ പാഞ്ചരാത്രസമ്പ്രദായപ്രകാരം അവിടെ പൂജനടത്തേണമെന്നു നിശ്ചയിച്ചു.

ഗോവിന്ദനെ മതം മാററുന്നതിലേക്കു രാമാനുജൻ ശൈലപൂൎണ്ണന് എഴുതിയിരുന്നുവല്ലോ. ഗോവിന്ദനെ ശൈവമതത്തിൽനിന്നു വൈഷ്ണവമതത്തിലേക്കു തിരിക്കുവാൻ ചില ഉപായങ്ങളെല്ലാം ശൈലപൂൎണ്ണനു പ്രയോഗിക്കേണ്ടിവന്നു. ആ വഴിക്കു വൈഷ്ണവമതത്തെ സംബന്ധിച്ച് അല്പം ജിജ്ഞാസ ഗോവിന്ദനുണ്ടായി. പിന്നെ ഗോവിന്ദനും ശൈലപൂൎണ്ണനുംതമ്മിൽ വാദം നടന്നു. ഒടുക്കം ഗോവിന്ദൻ കീഴടങ്ങുകയും ചെയ്തു. അങ്ങിനെ ഗോവിന്ദൻ വൈഷ്ണവനും ശൈലപൂൎണ്ണന്റെ ശിഷ്യനുമായിയെന്നു രാമാനുജൻ ദൂതമുഖേന അറിഞ്ഞു സന്തുഷ്ടനായി.

ഗോവിന്ദനോടുകൂടി ആയാളുടെ ഭാൎയ്യയും വൈഷ്ണവ
മതത്തെ അംഗീകരിച്ചു. ശൈവത്തിൽനിന്നു വൈഷ്ണവ
ത്തിലേക്കു മാറുന്നതിന്ന്, വാസ്തവത്തിൽ, ഗോവിന്ദൻ
ചെയ്ത പരിത്യാഗം മഹത്തായുള്ളതാണ്. കാളത്തിനാ
ട്ടിലെ ജനങ്ങളൊക്കെയും അന്നു ശൈവന്മാരായിരുന്നു.
അവരുടെ നേതാവായിട്ടാണു ഗോവിന്ദൻ വാണിരുന്ന
തു്. വൈഷ്ണവനായ ശൈലപൂൎണ്ണൻ അവിടെ വന്നതു ക
ണ്ടപ്പോൾതന്നെ ആ നാട്ടുകാർ ഇളകി. ഗോവിന്ദന്റെ
മാതുലനാണ് അദ്ദേഹം എന്ന് അറിഞ്ഞതുകൊണ്ടാണ്
അവർ അടങ്ങിയതു്. അദ്ദേഹം ഗോവിന്ദനെ വഴിതി
രിക്കുന്നതു കണ്ടപ്പോൾ അവർ ക്ഷോഭത്തോടെ ഇടഞ്ഞു.
ആളുകളെ മതംമാററുവാൻ വന്നവനല്ലാ താൻ എന്നും,
ഇവിടെയുള്ളവൎക്ക് അവരവരുടെ വിശ്വാസംപോലെ
ഈശ്വരനെ ഭജിക്കുന്നതിൽ താൻ പ്രതികൂലിയല്ലാ എ
ന്നും, തന്റെ മരുമകനെ അവന്റെ ഇഷ്ടംപോലെ താൻ
കൂട്ടിക്കൊണ്ടുചെല്ലുന്നതു് അന്യായമല്ലെന്നും പറഞ്ഞിട്ടാ
ണു ശൈലപൂൎണ്ണൻ ആ നാട്ടുകാരെ സമാധാനിപ്പിച്ചതു്.
തന്നെ അത്രയും സ്നേഹത്തോടെ ആദരിച്ചുപോന്ന ആ
ആളുകളേയും അവൎക്കിടയിൽ തനിക്കുള്ള ഉയൎന്ന നില
യേയും, ഗംഗയിൽനിന്നു തനിക്കു യദൃച്ഛയാ സിദ്ധിച്ച
ആ ശിവലിംഗത്തേയും സധൈൎയ്യം വെടിഞ്ഞുകൊണ്ടാ
ണു ഗോവിന്ദൻ വൈഷ്ണവനായതു്.

അനന്തരം രാമാനുജനു ഭൂപ്രദക്ഷിണത്തിന്നു് അഭി
ലാഷമുണ്ടായി. അതിനുവേണ്ടുന്ന സംഭാരങ്ങളെല്ലാം അ
ദ്ദേഹം ഉടനടി തയ്യാറാക്കി. ക്ഷേത്രഭരണത്തിന്നു കോട്ട
മുണ്ടാവാതിരിക്കുവാൻ വേണ്ടുന്ന എല്ലാ ഏൎപ്പാടുകളും
ചെയ്തു.

പഴകിച്ചീഞ്ഞ മാമൂലുകളെയെല്ലാം നശിപ്പിച്ചു തൻെറ നവ്യപ്രസ്ഥാനത്തിന്നു ഭാരതവർഷമെങ്ങും പ്രചാരവും പ്രകാശവുമുണ്ടാകേണ്ടതിലേക്കു രാമാനുജൻ ശ്രീരംഗനാഥാനുജ്ഞയോടെ ശിഷ്യജനസമേതം പുറപ്പെട്ടു. ആദ്യം ചോഴനാട്ടിലാണു ചെന്നതു്. കുംഭകോണദർശനം കഴിഞ്ഞു തിരുവാഴിയിലെ തിരുനഗരിയിൽ പ്രവേശിച്ചു. അവിടെയാണു ഭക്തശ്രേഷ്ഠനായ പരകാലൻ ജനിച്ചതു്. അവിടത്തെ ക്ഷേത്രത്തിൽ ചെന്നു് ആരാധിച്ചതിൽപ്പിന്നെ രാമാനുജൻ വിശ്രമസ്ഥാനത്തേക്കു മടങ്ങുമ്പോൾ ആ വഴിക്കു് ഒരു പറയസ്ത്രീ എതിരെ വരുന്നതു കണ്ടു. അവളോടു മാറിനില്ക്കുവാൻ പതിവുപോലെ ഉത്തരവു പുറപ്പെട്ടു. അവൾ ആ ഉത്തരവിനെ ആദരിക്കാതെ അവിടെത്തന്നെനിന്നതേയുള്ളു. "നീ ഒരു പറച്ചിയാണല്ലോ, കുറച്ചങ്ങോട്ടെങ്ങാനും മാറിനില്ക്കരുതോ?" എന്നു രാമാനുജൻ സാമത്തോടേ ചോദിച്ചു. "ഞാൻ എങ്ങോട്ടു മാറിനില്ക്കട്ടെ" എന്നു് അവൾ കൈമലത്തുകയാണു ചെയ്തതു്. "ഞാൻ എൻെറ എതിരേ കാണുന്നതു് ആചാര്യശ്രേഷ്ഠനായ അങ്ങയെയാണു്. എൻെറ പിമ്പുറത്തു തിരുക്കണ്ണപുരം ക്ഷേത്രത്തെ ഞാൻ കാണുന്നു. പരകാലൻ ഭഗവാനെ ഭക്തിത്തള്ളലാൽ ആക്രമിക്കയുണ്ടായ തിരുമണൽകൊല്ലയെന്ന ആ പുണ്യപ്രദേശമാണു് എൻെറ വലതുഭാഗത്തു ഞാൻ കാണുന്നതു്. ആ സംഭവത്തിൻെറ ദൃക്‌സാക്ഷിയായ ആ അശ്വത്ഥവൃക്ഷത്തെയും അവിടെ ഞാൻ കാണുന്നുണ്ടു്. എൻെറ ഇടതുഭാഗത്തേക്കു നോക്കുമ്പോൾ അവിടെ തിരുവാഴിനാഥൻ എഴുന്നള്ളിയിരിക്കുന്നതു ഞാൻ കാണുന്നു. ഞാൻ എങ്ങോട്ടു മാറേണമെന്നാണു് അങ്ങു പറയുന്നതു്?"

രാമാനുജൻ പരാജിതനായി. താൻചെയ്ത അപരാധത്തിന്നു് അദ്ദേഹം അവളോടു മാപ്പിരന്നു! അപ

ക്ഷമിച്ചു. "അമ്മേ, ക്ഷമിച്ചാലും! ആഭിജാത്യമദവും അഭിജ്ഞതാമദവും എന്നെ അടിപ്പെടുത്തിയിരിക്കുന്നു. ഭഗവാന്റെ സ്വന്തം ആളുകളാണ്—ഹരിജനങ്ങളാണ്—നിങ്ങൾ എന്ന് ഗർവ്വതിമിരത്താൽ ഞാൻ കാണുന്നില്ലാത്തവനായി. സന്ന്യാസിയായിരുന്നിട്ടും ഗർവ്വംമുഴുത്ത മൂഢനായി ഞാൻ അധഃപതിച്ചുപോയ്! അമ്മേ ക്ഷമിച്ചാലും!"

രാമാനുജൻ ആ പറച്ചിയെ അപ്പോൾത്തന്നെ വൈഷ്ണവിയാക്കി മാനിച്ചു. അന്നുമുതൽ അവളുടെ വാസം ശ്രീരംഗക്ഷേത്രത്തിൽത്തന്നെയായി. അവളുടെ പ്രതിമയെ ഇപ്പോഴും പൂജിച്ചുപോരുന്നുണ്ട്.

തിരുവാഴിയിൽനിന്നു രാമാനുജൻ പാണ്ഡിയദേശത്തിലേയ്ക്കു കടന്നു. വൃഷഭാദ്രിവഴിക്കു മധുരയിൽ എത്തി. അവിടെയുള്ള തമിഴ്സംഘത്തിലെ പണ്ഡിതന്മാരെയെല്ലാം വാദത്തിൽ ജയിച്ചു. പിന്നെ, വില്ലിപുത്തൂരിൽ കൂടി കരുക്കൂരിലേക്കു പോയി. വഴിക്കു കണ്ട ഒരു ബാലികയോടു ഗ്രാമത്തിലേക്കു എത്ര ദൂരമുണ്ടെന്നു ചോദിച്ചതിന്ന്, "ഒരു വിളിപ്പാടു അകലെയാണ്" എന്നു അർത്ഥത്തിൽ ദിവ്യഗ്രന്ഥത്തിലെ ഒരു പദ്യം ശ്രുതിമധുരമായി അവൾ പാടുകയാണ് ചെയ്തതു്. ഇതു കേട്ട് രാമാനുജൻ അവളെ അഭിനന്ദിക്കയും, അവളുടെ വീട്ടിൽ ചെന്ന് അല്പം വിശ്രമിക്കയും ചെയ്യുകയുണ്ടായി. അനന്തരം കരുക്കൂർ കടന്നു അദ്ദേഹം രാമേശ്വരത്തിൽ ചെന്നു.

രാമേശ്വരത്തുനിന്നു മടങ്ങുമ്പോൾ ചടകോപനെ ദർശിക്കുന്നതിനായി രാമാനുജൻ തിരുനഗരിയിലേക്കു തിരിഞ്ഞു. ചടകോപന്റെ പാദരക്ഷയ്ക്കു മധുരകവി എന്നാണ് അതുവരെ പേര്. ആ പേരു മാററി അതിന്നു രാമാനുജൻ തന്റെ പേർ കൊടുത്തു. അദ്ദേഹം ചടകോപന്റെ

സ്മാരകമായി തന്റെ ശിഷ്യനായ പിള്ളാന്നു തിരുക്കുരുകപ്പിരാൻ എന്ന വിശേഷണം നൽകി. ഇത്രയും കഴിഞ്ഞു് അദ്ദേഹം തിരുവനന്തപുരത്തേക്കു യാത്രയായി. അവിടത്തെ ക്ഷേത്രത്തിലെ പൂജാക്രമത്തെ പാഞ്ചരാത്രവിധിപോലെ മാററുന്നതിന്നു അദ്ദേഹം ഉത്സാഹിച്ചതിൽ നമ്പൂതിരിമാർ കൂട്ടത്തോടേ പിണങ്ങി. അതുകൊണ്ടു് അദ്ദേഹത്തിന്നു പിന്മാറേണ്ടിവന്നു.

തിരുവനന്തപുരത്തുനിന്നു തിരുക്കുറുകടിയിലാണു് രാമാനുജൻ ഉയന്നതു്. ജനങ്ങൾ ആ നവ്യപ്രസ്ഥാനകനെ കോലാഹലത്തോടേ എതിരേററു സൽക്കരിച്ചു. രാമാനുജനാൽ ആ നാടു മുഴുവൻ വൈഷ്ണവമയമായി. അവിടത്തെ അധിപൻ രാമാനുജനെക്കണ്ടു്, "അങ്ങേയ്ക്കു ഇത്രയെല്ലാം സാധിക്കുന്നതു എങ്ങിനെ" എന്നു ചോദിച്ചപ്പോൾ; "അർത്ഥിച്ചാൽ മാത്രമേ ഞാൻ കൊടുക്കുന്നുള്ളു; അർത്ഥിക്കേണ്ടുംപോലെ അർത്ഥിക്കുന്നവൎക്കു ഞാൻ കൊടുക്കാതിരിക്കുന്നതെങ്ങിനെ" എന്നു രാമാനുജൻ മറുപടി കൊടുത്തു. രാമാനുജപ്രസ്ഥാനത്തെ അംഗീകരിക്കയാൽ തിരുക്കുറുകടിയിലെ ദൈവജ്ഞനായ കരംഗേശന്നു് വൈഷ്ണവനമ്പി എന്നു പേരുണ്ടായി.

രാമാനുജൻ വീണ്ടും മലയാളത്തിലേയ്ക്കു കടന്നുവെന്നും, തിരുവെൺപരിചാരം, തിരുവെട്ടാറു് എന്നീ നാടുകളെ സന്ദർശിച്ചുവെന്നും അവിടത്തെ രാജാവിനെ തന്റെ മതത്തിലേയ്ക്കു ചേർത്തു് അവിടെ ഒരു മഠം സ്ഥാപിച്ചുവെന്നും പറഞ്ഞുകാണുന്നുണ്ടു്. ആ വഴിക്കു കടൽതീരത്തിൽക്കൂടെയാണത്രേ അദ്ദേഹം വടക്കോട്ടേയ്ക്കു യാത്രയായതു്. അങ്ങിനെ ചെല്ലുമ്പോൾ പണ്ഡിതാഗ്രേസരനായ ദക്ഷിണാമൂർത്തിയുമായി രാമാനുജന്നു സഖ്യമുണ്ടായി. അദ്ദേഹത്തോടൊരുമിച്ചു് ഏതാനും നാൾ പാർത്ത

ത്തിൽപ്പിന്നെയാണ് രാമാനുജൻ ഉത്തരദേശങ്ങളിൽ പ്രവേശിച്ചത്.

വടക്ക കാശ്മീരംവരേയ്ക്കും, കിഴക്ക ബംഗാളുംവരേയ്ക്കുമുള്ള പുണ്യപ്രദേശങ്ങളെയെല്ലാം രാമാനുജൻ സന്ദർശിച്ചു. ചെല്ലുന്നെടത്തെല്ലാം തന്റെ മതത്തെക്കുറിച്ചു വാദിച്ചു പണ്ഡിതന്മാരെ ജയിച്ചു ജനങ്ങളെ അദ്ദേഹം വശീകരിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നവ്യപ്രസ്ഥാനത്തെ പല രാജാക്കന്മാരും ആദരിച്ചു. യോഗപ്രധാനമായ ശൈവവും, ജ്ഞാനപ്രധാനമായ അദ്വൈതവും നിഷ്പ്രഭങ്ങളായി. പലേടത്തും അദ്ദേഹത്തിന്ന് എതിരുകളുണ്ടായി. കാശ്മീരരാജാവു രാമാനുജമതത്തെ അംഗീകരിച്ചപ്പോൾ അവിടത്തെ യാഥാസ്ഥിതികന്മാർ രാമാനുജനെ ദുർമ്മന്ത്രവാദത്താൽ നശിപ്പിക്കുവാൻ തുനിഞ്ഞു. അതിന്റെ ഫലം ആ യാഥാസ്ഥിതികന്മാർ തന്നെയാണ് ഏല്ക്കേണ്ടിവന്നത്. അവർ നിലകെട്ട് ഉഴന്നുതിരിയുന്നവരായി. ഒടുക്കം അവരെ രക്ഷിക്കുവാൻ രാമാനുജൻതന്നെ ഇറങ്ങേണ്ടിവന്നു. കാശ്മീരത്തിലെ സരസ്വതീപീഠമായ പണ്ഡിതസഭ രാമാനുജനെ അഗ്ര്യസ്ഥാനം നൽകി മാനിച്ചു.

പിന്നെയൊരു വഴക്കുണ്ടായതു ജഗന്നാഥത്തിൽവെച്ചാണ്. പൂജാക്രമപരിഷ്കാരത്തിലാണ് തിരുവനന്തപുരത്തിലെപ്പോലെ അവിടേയും ക്ഷോഭമുണ്ടായത്. ഈശ്വരന്റെ പേരിൽ അവിടെ കാട്ടിക്കൂട്ടുന്ന ദുർവൃത്തികളെയെല്ലാം കണ്ടപ്പോൾ രാമാനുജന്നു സഹിച്ചില്ല. ക്ഷേത്രാധികാരികളെയുംമററും അദ്ദേഹം കലശലായി ആക്ഷേപിച്ചു. അതാണു പിണക്കത്തിന്നു കാരണമായത്. അവിടെനിന്നു രാമാനുജൻ ശ്രീകൂർമ്മത്തിലേയ്ക്കു മാറി. കൂർമ്മക്ഷേത്രത്തിൽ അതുവരേയ്ക്കും മഹാദേവനെയായിരുന്നു ആരാധിച്ചിരുന്നതു്. രാമാനുജൻ ആ പ്രതിഷ്ഠയെ കൂർമ്മാ

വതാരം കൈക്കൊണ്ട ജഗന്നാഥനാക്കി മാററി. അതോടുകൂടി അവിടത്തെ ശൈവന്മാരെല്ലാം വൈഷ്ണവന്മാരായി. അതുപോലെ വാരങ്കല്ല്, ശ്രീകാകുളം എന്നീ ദേശങ്ങളിലും അദ്ദേഹം മതാചാരങ്ങളെ പരിഷ്കരിച്ചു. പിന്നെ ആ വഴിക്കു തിരുപ്പതിയിലേയ്ക്കു കടന്നു.

തിരുപ്പതിയിൽ വളരെ കാലമായുള്ളതാണ് ശൈവ വൈഷ്ണവന്മാർ തമ്മിൽ മത്സരം. അവിടത്തെ മൂർത്തിക്കു ശൈവലക്ഷണങ്ങളും വൈഷ്ണവലക്ഷണങ്ങളും ഉണ്ടത്രേ. ശിവനാണ് അവിടത്തെ ദേവൻ എന്ന് ശൈവന്മാരും, വിഷ്ണുവാണെന്നു വൈഷ്ണവന്മാരും വാദിക്കുന്നു. അവർ തമ്മിലുള്ള കലഹം മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരിക്കുമ്പോഴാണ് രാമാനുജൻ അവിടെ ചെന്നത്. അദ്ദേഹത്തിന്റെ ഉത്സാഹത്താൽ തിരുപ്പതിമുഴുവൻ വൈഷ്ണവമായി. ശൈവന്മാർ നിശ്ശേഷം തോററു. അവിടത്തെ വിഗ്രഹത്തെക്കൊണ്ടു ശംഖചക്രങ്ങൾ ധരിപ്പിച്ചതു രാമാനുജനാണ്.

അന്നു തിരുപ്പതിയിൽവെച്ചു വേറൊരു സംഭവമുണ്ടായി. അവിടെ അളപ്പാക്കംചിന്നയ്യൻ എന്നൊരു ഭക്തനുണ്ട്. അദ്ദേഹം പാടുന്ന കീർത്തനങ്ങളാൽ ജനങ്ങൾ ആനന്ദമഗ്നരായി മയങ്ങിയിരുന്നേക്കും. അങ്ങിനെ അദ്ദേഹം അവിടെ യശസ്വിയായി ഉയർന്നു. ആ ഭക്തനെ എല്ലാവരും പൂജിക്കുമാറായി. രാമാനുജൻ വന്നപ്പോൾ ജനങ്ങളെല്ലാം അങ്ങോട്ടു തിരിഞ്ഞുവല്ലോ. അവർ അദ്ദേഹത്തെ തങ്ങളുടെ നാഥനായിആരാധിച്ചു. രാമാനുജന്റെ ദിവ്യപ്രബന്ധഗാനങ്ങൾ കേട്ട് ആ ഭക്തന്റെ ജനങ്ങളെല്ലാവരും ദാസന്മാരായതു കണ്ടപ്പോൾ ചിന്നപ്പയ്യന്ന് അസൂയയുണ്ടായി. തന്നെ ഇങ്ങിനെ താഴ്ത്തിയതും രാമാനുജനെ ഉയർത്തിയതും ന്യായമായോ എന്ന് അദ്ദേഹം മഹാജന

ങ്ങളോടു ചോദിച്ചു. അപ്പോൾ അവർ പറഞ്ഞതു്—“അങ്ങയുടെ കീർത്തനങ്ങളെല്ലാം ആഹ്ലാദകങ്ങൾ തന്നെയാണു്. എന്നാൽ അങ്ങു പാടികഴിയുന്നതോടുകൂടി ആ ആഹ്ലാദവും അടങ്ങും. രാമാനുജൻെറ ആലാപം അങ്ങിനെയല്ലാ. അതു് അകത്തു കടന്നാൽ എന്നെന്നും അവിടെ പരമാഹ്ലാദം പെരുക്കിക്കൊണ്ടു നില്ക്കുന്നു”—എന്നാണു്. ഇതു കേട്ടു സത്യംഗ്രഹിച്ച ചിന്നപ്പയ്യൻ അന്നുമുതൽ രാമാനുജൻെറ ശിഷ്യനായി.

അതിൽപ്പിന്നെ രാമാനുജൻ തിരുപ്പതിയിൽനിന്നു പുറപ്പെട്ടു തിരുവല്ലിക്കേണിയിലും, കാഞ്ചീപുരത്തും, നാഥമുനിയുടെ നാടായ നാരായണപുരത്തുംമററും സഞ്ചരിച്ചു ഒരിക്കൽക്കൂടിയും രാമേശ്വരത്തെ ദർശിച്ചു ശ്രീരംഗത്തു മടങ്ങിയെത്തുകയും ചെയ്തു.

യമുനാചാര്യനോടുണ്ടായ തൻെറ പ്രതിജ്ഞകളിൽ ഭാഷ്യനിർമ്മാണത്തിനു പുറമേ മററുള്ളതെല്ലാം നിറവേറാതെ കിടക്കുകയാണെന്നു കണ്ടു രാമാനുജൻെറ വിചാരം അതിലേയ്ക്കു തിരിഞ്ഞു.

രാമാനുജൻെറ പ്രീതിക്കു് അധികം പാത്രമായ ശിഷ്യൻ ആഴ്‌വാനാണെന്നു് ഇതിനുമുമ്പുതന്നെ കണ്ടിട്ടുണ്ടല്ലോ. ഏററവും നിഷ്കർഷയോടുകൂടിയാണു് ആഴ്‌വാൻെറ ദിനകൃത്യങ്ങളെല്ലാം. അഭിഗമനം, ഉപാദാനം, ഇജ്യം, സ്വാദ്ധ്യായം, യോഗം എന്നിങ്ങിനെ അഞ്ചു ഭാഗമായിട്ടാണു് അദ്ദേഹത്തിൻെറ ഓരോ ദിവസവും. പ്രഭാതത്തിലെ കുളിയും കുറിയും ജപവുമാണു് ആദ്യഭാഗം. പിന്നെ വിശിഷ്ടന്മാരായ ഏതാനും ഗൃഹസ്ഥന്മാരുടെ വീട്ടിലേയ്ക്കു ഭിക്ഷയ്ക്കു ചെല്ലും. അതു കഴിഞ്ഞാൽ മൂന്നാമതായി പഞ്ചയജ്ഞങ്ങളും അനുഷ്ഠിച്ചു് അതിഥിയെ സല്ക്കരിക്കും. അനന്തരം വേദപാരായണമാണു്. ഒടുവിൽ

ബ്രഹ്മധ്യാനം. ഈ അഞ്ചു കൎമ്മങ്ങളും യഥാകാലം ദൃഢനിഷ്ഠയോടേ എല്ലാനാളും അദ്ദേഹം നടത്തും.

ഒരുനാൾ ഘോരവൎഷമായിരുന്നതുകൊണ്ടു ഭിക്ഷയ്ക്കായി വെളിയിലേക്കിറങ്ങുവാൻ ആഴ്‌വാന്നു കഴിഞ്ഞില്ലാ. ഭിക്ഷാകാലം കഴിഞ്ഞപ്പോൾ, മററു ദിനകൃത്യങ്ങളിൽ വഴിപോലെ ദൃഢനിശ്ചയനായി ഏൎപ്പെട്ട അദ്ദേഹത്തിന്നു അന്നു മുഴുവനും പട്ടിണിതന്നെയായി. ഈശ്വരാരാധനയും ധ്യാനവുംകഴിഞ്ഞു രാത്രി അദ്ദേഹം വെറും വയറോടേ കിടന്നുറങ്ങി. ഭാൎയ്യയ്ക്കും അന്നു പട്ടിണിതന്നെ. തനിക്കു പട്ടിണിയായി നാൾ കഴിക്കേണ്ടിവന്നതിനെക്കുറിച്ചു ആ സാധ്വിക്കു വിചാരമേയില്ലാ. തന്റെ ഭൎത്താവിന്നു ഇതു വേണ്ടിവന്നുവല്ലോ എന്നാണു അവളുടെ സങ്കടമെല്ലാം. അവൾ ഭൎത്താവിന്നരികെ കിടന്നു ഒന്നു മയങ്ങി. നേരം പാതിരാവായി. ക്ഷേത്രത്തിൽ മദ്ധ്യയാമപൂജകഴിഞ്ഞു വാദ്യഘോഷം മുഴങ്ങുന്നതുകേട്ടു അവൾ ഉണൎന്നു. ഉടനേ അവളുടെ ദൃഷ്ടികൾ ചെന്നതു ഭൎത്താവിന്റെ മുഖത്തേക്കാണു.

"അയ്യോ, എന്റെ പ്രാണനാഥന്റെ മുഖം പട്ടിണിയാൽ ഇങ്ങിനെ വാടിത്തളൎന്നിരിക്കുന്നതു എനിക്കു കാണേണ്ടിവന്നുവല്ലോ. ഹാ, ദീനവത്സലാ, അവിടത്തെ ഭക്തനും ആശ്രിതനുമായ എന്റെ ഭൎത്താവു പട്ടിണിയാൽ തളൎന്നുകിടക്കവേ, അവിടുന്നു പരമസുഖത്തോടേ വാഴുകയാണല്ലോ. അവിടത്തേക്കു ഭിക്ഷയ്ക്കൊന്നും പോകേണ്ടതില്ലാ. വെളുത്തോളം മിഷ്ടാന്നത്തിന്നു അവിടത്തേക്കു ഒരു കുറവുമില്ലാ"—എന്നിങ്ങിനെ അവൾ ദീനയായി വിലപിച്ചു.

താപത്തോടും ഭക്തിയോടുംകൂടി ആ പതിവ്രതയിൽനിന്നുണ്ടായ ഈ പ്രാൎത്ഥന രംഗനാഥൻ കേട്ടു. കരു

ച്ചുനേരം കഴിഞ്ഞപ്പോഴേക്കും മടപ്പള്ളിവിചാരിപ്പുകാരൻ നൈവേദ്യത്തിൻെറ എല്ലാ പദാൎത്ഥങ്ങളേയും എടുത്തുകൊണ്ട് ആഴ്‌വാൻെറ വീട്ടിൽ വന്നു. അപൂൎവ്വവും അപ്രതീക്ഷിതവുമായ ഈ ആഗമനത്താൽ ആഴ്‌വാൻ പരിഭ്രമിച്ചു. "സ്വാമിൻ, രംഗനാഥസ്വാമിയുടെ പ്രസാദം താങ്കൾക്കു കൊണ്ടുവന്നിരിക്കയാണ്" എന്നു പറഞ്ഞു് ആ ഭക്ഷണപദാൎത്ഥങ്ങളെയെല്ലാം മടപ്പള്ളിവിചാരിപ്പുകാരൻ ആഴ്‌വാൻെറ മുമ്പിൽ വെച്ചു.

"ഇതു് എനിക്കു വേണമെന്നു ഞാൻ ഭഗവാനോടു് അപേക്ഷിച്ചിട്ടില്ലല്ലോ. ഞാൻ ഭഗവൽപാദങ്ങളെ ശരണംപ്രാപിച്ചതുമുതല്ക്കുതന്നെ എനിക്കു വേണ്ടുന്നതെല്ലാം ഭഗവാൻ തന്നിട്ടുണ്ട്. എനിക്കിപ്പോൾ ഇച്ഛിക്കുവാൻ യാതൊന്നുമില്ല. ഈ പ്രസാദം എനിക്കു കൂടുതലാണല്ലോ. ഇതിനു ഞാൻ വിലകൊടുക്കേണമല്ലോ"—എന്നിങ്ങിനെ ആഴ്‌വാൻ സംശയിച്ചുവെങ്കിലും ആ പ്രസാദത്തെ നിരാകരിക്കുവാൻ ശക്തനായില്ല.

തനിക്കും തൻെറ ഭാൎയ്യയ്ക്കും വിശപ്പടക്കുവാൻ മാത്രം എടുത്തു മററു പദാൎത്ഥങ്ങളെല്ലാം വിചാരിപ്പുകാരനെത്തന്നെ ഏല്പിച്ചു് ആയാളെ അയച്ചതിൽപ്പിന്നെ, ആഴ്‌വാൻ ഭാൎയ്യയെ നോക്കി, "നീ ഭഗവാനോടു വല്ലതും പ്രാൎത്ഥിച്ചുവോ?" എന്നു ചോദിച്ചു. "ഞാൻ വിശേഷിച്ചൊന്നും പ്രാൎത്ഥിക്കയുണ്ടായില്ല. മദ്ധ്യയാമപൂജകഴിഞ്ഞ വാദ്യഘോഷം കേട്ടപ്പോൾ, ദാസൻ പട്ടിണിയാൽ തളൎന്നു കിടക്കവേ, യജമാനൻ മിഷ്ടാന്നംഭുജിച്ചു പരിതൃപ്തികൊള്ളുന്നുവെന്നു ഞാൻ തന്നെത്താൻ പറയുകമാത്രം ചെയ്തു," എന്നു് അവൾ പറഞ്ഞു.

"ഇത്ര അല്പബുദ്ധിയാണല്ലോ നീ. എന്റെ യജമാനനെ നീ ആക്ഷേപിക്കുകയോ?" എന്നു ആഴ്വാൻ ഇടന്നു.

"അദ്ദേഹം അങ്ങേക്കു യജമാനൻതന്നെ. എന്നാൽ എനിക്കു് അദ്ദേഹമല്ലാ യജമാനൻ. എന്റെ യജമാനൻ—എന്റെ നാഥൻ—എന്റെ ജീവൻ—എന്റെ സൎവ്വസ്വവും അങ്ങാണു്. എന്റെ ജീവേശ്വരൻ തളൎന്നുകിടക്കുമ്പോൾ, ഏതൊരാളെയും—ദേവനായാലും മനുഷ്യനായാലും—എനിക്കു ലക്ഷ്യമില്ലാ"—ഇങ്ങിനെയാണു ഭാൎയ്യയുടെ വാദം. അതിൽ ആഴ്വാൻ അടങ്ങി.

ആ രാത്രിതന്നെ ഭഗവൽപ്രസാദത്താൽ ആഴ്വാന്റെ ഭാൎയ്യയായ ആണ്ടാൾ ഗൎഭിണിയായി. യഥാകാലം സസുഖം ഒരു പുത്രനെ പ്രസവിച്ചു. പുലകഴിഞ്ഞപ്പോൾ ആ കുട്ടിയെ കാണ്മാൻ ഗോവിന്ദനോടുകൂടി രാമാനുജൻ വന്നു. സൎവ്വതേജസ്സും സുഭഗലക്ഷണങ്ങളും കണ്ടു് ആ കുട്ടി ലോകത്തിൽ യശസ്വിയായി പ്രശോഭിക്കുമെന്നു രാമാനുജൻ നിശ്ചയിച്ചു. അദ്ദേഹം തന്റെ പൂൎവ്വപ്രതിജ്ഞപോലെ ദേവസന്നിഭനായ ആ കുമാരന്നു പരാശരൻ എന്ന നാമം നൽകി. ശഠകോപന്റെ പരാങ്കുശൻ എന്ന നാമം ഗോവിന്ദന്റെ പുത്രന്നാണു കൊടുത്തതു്. അതോടുകൂടി യമുനാചാൎയ്യന്റെ ഇച്ഛയെല്ലാം രാമാനുജൻ നിറവേററി.

ആഴ്വാൻ പരാശരനെ എടുത്തു ഒരുനാൾ രംഗനാഥസന്നിധിയിൽ ചെന്നു. അച്ഛന്റെ കൈയിൽനിന്നു താഴെ വലിഞ്ഞിറങ്ങി ആ കുട്ടി അതിവേഗം കുതിച്ചുനീങ്ങിച്ചെന്നു രംഗനാഥസ്വാമിയുടെ തിരുവടികളിൽ ക്രീഡിച്ചുതുടങ്ങി. അവിടെ നിവേദിച്ചിരുന്ന പദാൎത്ഥങ്ങളെ അവൻ എടുത്തുതിന്നു. രംഗനാഥന്റെ കാൽമൊ

ട്ടുകളിൽ പിടിച്ചുനിന്നുകൊണ്ടു് ആ വിഗ്രഹത്തിൽ ചാൎത്തിയിരിക്കുന്ന ആഭരണങ്ങളെ കൌതുകത്തോടെ തൊട്ടു തൊട്ടു നോക്കിത്തുടങ്ങി. ഭഗവാനേയും ഭഗവതിയേയും 'അച്ഛാ' എന്നും 'അമ്മാ' എന്നും വിളിച്ചുകൊണ്ടു് പിതൃജനത്തിന്റെ മടിയിലെന്നപോലെ അവൻ മന്ദഹാസത്തോടെ സോല്ലാസം കളിച്ചു. ഇതത്രയും ക്ഷണംകൊണ്ടു കഴിഞ്ഞു. അവന്റെ ആ ലീല എല്ലാവരേയും ആഹ്ലാദിപ്പിക്കയാൽ, നൈവേദ്യം അശുദ്ധമാക്കിയെന്നു ആൎക്കും ആക്ഷേപമുണ്ടായില്ല.

പരാശരനു അഞ്ചുവയസ്സായപ്പോൾ, ആഴ്വാൻ ദിവ്യപ്രബന്ധം പാരായണം ചെയ്യുന്നതു അരികെ ഇരുന്നുകൊണ്ടു് സശ്രദ്ധം കേട്ടുതുടങ്ങി. അവൻ ഇടയ്ക്കിടെ ചില പദങ്ങൾക്കു അൎത്ഥം ചോദിച്ചറികയും ഉണ്ടായത്രേ.

അക്കാലത്തൊരുനാൾ പരാശരൻ മററു കുട്ടികളോടുകൂടി വീഥിയിൽ കളിച്ചുകൊണ്ടു നില്ക്കയായിരുന്നു. അപ്പോൾ വലിയൊരാൾക്കൂട്ടം ആ വഴിക്കു വരുന്നതു കണ്ടു. സൎവ്വജ്ഞഭട്ടൻ എന്നു വിഖ്യാതനായ ഒരു പണ്ഡിതന്റെ ആഗമനകോലാഹലമാണതു്. തന്റെ ശിഷ്യന്മാർ മുന്നിട്ടു നിന്നു സൎവ്വജ്ഞഭട്ടൻ വരുന്നുവെന്നു വിളിച്ചുപറഞ്ഞു് ആളുകളെ മാററിനിറുത്തുന്നു. തന്നെത്താൻ സൎവ്വജ്ഞനെന്നു അഹങ്കരിക്കുന്ന ഈ മനുഷ്യൻ ആരാണു എന്നു രോഷത്തോടെ പരാശരൻ അങ്ങോട്ടുനോക്കി. രാമാനുജാചാൎയ്യനും അദ്ദേഹത്തിന്റെ ശിഷ്യന്മാരും ഈ നാട്ടിൽ ഉണ്ടായിരിക്കെ അവരെ ധിക്കരിച്ചുകൊണ്ടു് ഒരാൾക്കു സൎവ്വജ്ഞനെന്നു ഭാവിക്കുവാൻ എങ്ങിനെ ധൈൎയ്യമുണ്ടായി എന്നാണു് ആ കുട്ടിക്കു മനസ്സിലുണ്ടായ ചോദ്യം. അവൻ ഒരുപിടി മണ്ണെടുത്തു കൈയിലടക്കി, സൎവ്വജ്ഞഭട്ടൻ സ്ഥിതിചെയ്യുന്ന പല്ലക്കിന്നരികെ കൂസലില്ലാതെ

ചെന്നു. കൊച്ചു ബാലനാകയാൽ ആരും അവനെ നോക്കിയില്ല. തന്റെ പല്ലക്കോട് ചേർന്നുനിന്നുകൊണ്ട് തേജസ്വിയായ ഒരു ബാലൻ തന്നോട് എന്തോ പറയുവാൻ ഭാവിക്കുന്നുവെന്നറിഞ്ഞു സർവ്വജ്ഞഭട്ടന്റെ ദൃഷ്ടി അവനിലേക്കു തിരിഞ്ഞു. അവൻ തന്റെ മുഷ്ടിയെ ഉയർത്തിക്കാണിച്ച്, "സ്വാമിൻ, ഇതെത്രയാണെന്നു പറയാമോ?" എന്നു ചോദിച്ചു. ഭട്ടൻ കുഴങ്ങി. പരാശരന്റെ കൈയിൽ എന്താണുള്ളതെന്നു ഭട്ടൻ കണ്ടിട്ടുണ്ടോ? താൻ സർവ്വജ്ഞനാണെന്നു കേട്ട്, തന്നെ പരീക്ഷിക്കുകയാണ് ഈ കുട്ടി ചെയ്യുന്നതെന്നു ഭട്ടൻ മനസ്സിലാക്കിയെങ്കിലും, ഈ കുട്ടിക്കളിയിൽ മൌനത്തോടെ വർത്തിച്ചതേ ഉള്ളു. ഇതുകണ്ട് പരാശരൻ വിജയഹർഷത്തോടെ ചിരിച്ച്, കൈയിലെ മണ്ണു താഴെ എറിഞ്ഞു. "കഷ്ടം, ഇദ്ദേഹം സർവ്വജ്ഞനാണുപോൽ! ഇതെത്രയാണെന്നു ചോദിച്ചാൽ ഒരു പിടിയാണ് എന്നു പറയുവാൻ കഴുതയ്ക്കുപോലും കഴിയും" എന്നു അവൻ പരിഹസിക്കയും ചെയ്തു. അത്രയും കേട്ടപ്പോൾ ആ കുട്ടി സാമാന്യനല്ലാ എന്നു സർവ്വജ്ഞഭട്ടനു തോന്നി. അദ്ദേഹം അവനെ വാത്സല്യത്തോടെ വിളിച്ച് പല്ലക്കിൽ കേറ്റി മടിയിൽ ഇരുത്തി ലാളിച്ചു. രാമാനുജശിഷ്യനായ ആഴ്വാന്റെ പുത്രനാണ് ഈ ധീരബാലൻ എന്നു അദ്ദേഹം അറിഞ്ഞു. ആ വീട്ടിന്റെ നടയ്ക്കൽ അവനെ ഇറക്കി അദ്ദേഹം ആശീർവ്വദിക്കയും ചെയ്തു.

യഥാകാലം ഉപനയനം കഴിഞ്ഞു പരാശരൻ വേദാധ്യയനം തുടങ്ങി. ഓരോ പാഠവും അവനു് ഒരിക്കൽ മാത്രം കേട്ടാൽമതി. കേൾക്കുന്നതോടുകൂടി അതു മനസ്സിൽ സുദൃഢം പതിഞ്ഞുകഴിയും. ഓർമ്മയിൽ ഉറപ്പിക്കുവാൻവേണ്ടി യാതൊരു പാഠവും അവന് ആവർത്തി

ച്ചുചൊല്ലേണ്ടിവന്നില്ല. അതിശീഘ്രം അവൻ സൎവ്വവിദ്യകളിലും നിപുണനായി. ആഴ്വാനും ഗോവിന്ദനുമാണു പരാശരനെ പഠിപ്പിച്ചതു്.

അങ്ങിനൊരുദിവസം പരാശരൻ ക്ഷേത്രത്തിൽ ആരാധിക്കുവാൻ ചെന്നപ്പോൾ, നേരെ ശ്രീമൂലസ്ഥാനത്തു കേറി രംഗനാഥനെ സ്പർശിച്ചുകൊണ്ടുനിന്നു. ഇതു ക്ഷേത്രനാഥൻ കണ്ടു ദേഷ്യപ്പെട്ടു് "പോ വെളിയിൽ" എന്നു ആട്ടി. ഒന്നും മിണ്ടാതെ പരാശരൻ ഇറങ്ങിനടന്നു. അപ്പോൾ ക്ഷേത്രനാഥനു അനുകമ്പയുണ്ടായി അവനെ തിരിയെ വിളിച്ചു.

"നീ ഇത്രയും കോപിച്ചുകൊണ്ടു ചെല്ലുന്നതെന്താണു്? നീ ഇങ്ങിനെ പിന്തിരിഞ്ഞു ചെല്ലുമ്പോൾ ഇവിടെ എഴുന്നള്ളിയിരിക്കുന്നവർ ആരാണെന്നാണു വിചാരിച്ചതു്?"

"രംഗനാഥനും രംഗനായികയുമാണെന്നാണു" ഇപ്പോൾ എന്റെ വിചാരം?"

"ഇപ്പോഴോ? എന്നാൽ, ഇതിനുമുമ്പോ?"

"എന്റെ അച്ഛനും എന്റെ അമ്മയുമാണെന്നു ഞാൻ കരുതിയിരുന്നു."

ഇതു കേട്ടതോടുകൂടി ക്ഷേത്രനാഥൻ വിഷണ്ണനായി. അദ്ദേഹം പരാശരനെ സാന്ത്വനംചെയ്തു. അച്ഛനും അമ്മയുമായിട്ടുതന്നെ ഇനിമേലിലും കരുതിയാൽ മതിയെന്നു സമ്മതിക്കയുമുണ്ടായി.

വിദ്യാഭ്യാസം പൂൎത്തിയായതിൽപ്പിന്നെ പരാശരനെ രാമാനുജൻ പരീക്ഷിച്ചുനോക്കി. അതിൽ ആയാൾ പരിപൂൎണ്ണവിജയിയായി. രാമാനുജനു് അത്ഭുതവും ആമോദവും വളൎന്നു. അദ്ദേഹം പരാശരനു വേദാന്താചാൎയ്യൻ എന്നു സ്ഥാനപ്പേർ കൊടുത്തു. "ഇവനെ എന്നു

പ്പോലെ കരുതണം" എന്നു് അദ്ദേഹം ശിഷ്യന്മാരെ ഏല്പിക്കയുംചെയ്തു.

യൌവനമായപ്പോൾ, ഗുരുജനഹിതംപോലെ, മണിയെന്നും അക്കച്ചിയെന്നും പേരായ രണ്ടു കന്യകകളെ മഹാപൂർണ്ണന്റെ കുടുംബത്തിൽനിന്നു പരാശരൻ. വേട്ടു ഗാർഹസ്ഥ്യത്തിൽ പ്രവേശിച്ചു.

പരാശരനെ വൈഷ്ണവമതത്തിൽനിന്നു തന്റെ മതത്തിലേക്കു തിരിക്കുവാൻ ഒരു ശൈവപണ്ഡിതൻ ശ്രമിച്ചുനോക്കുകയുണ്ടായി. "ശൈവന്മാരെക്കാൾ വൈഷ്ണവന്മാൎക്കു് എന്താണു് ഉൽകൃഷ്ടത? താൻ വൈഷ്ണവനാണെന്നു നിനക്കു അഭിമാനിക്കുവാൻ എന്താണു ന്യായം?" എന്നു് ആ പണ്ഡിതൻ ചോദിച്ചു.

"ഈ വിഷയത്തെപ്പറ്റി യാതൊരു ഫലവുമില്ലാതെ ദുർവ്വാദം ചെയ്യുവാൻ എനിക്കിഷ്ടമില്ല. എന്റെ അച്ഛൻ വൈഷ്ണവനാണു്. അതുകൊണ്ടു ഞാനും വൈഷ്ണവനാണെന്നു മാത്രമേ എനിക്കു താങ്കളോടു പറയുവാനുള്ളു. എന്റെ അച്ഛനെക്കാൾ എനിക്കു് അറിവു കൂടുമ്പോൾ, അച്ഛന്റെ മതം എനിക്കു ഹിതമാണോ എന്നു ഞാൻ ആലോചിച്ചുകൊള്ളാം. ലോകവ്യവഹാരത്തിലെ പ്രഥമമായ വിധി നിങ്ങൾ വിസ്മരിച്ചുവോ? ജ്ഞാനികളും ധൎമ്മിഷ്ഠന്മാരുമായ പൂൎവികന്മാരുടെ സമാചാരങ്ങളെ അനുവൎത്തിക്കുകയാണു ജീവിതത്തിൽ ആദ്യം വേണ്ടതു് എന്നും പിന്നെയാണു വേദങ്ങൾപോലുമെന്നും ആപസ്തംബൻ വിധിച്ചിട്ടുള്ളതു താങ്കൾ അറിഞ്ഞിട്ടില്ലയോ?"

ഇതിനു് ഉത്തരം ആ ശൈവപണ്ഡിതനു തോന്നിയില്ല. പരാശരനെ വശീകരിക്കുന്നതു സുകരമല്ലെന്നറിഞ്ഞു് അദ്ദേഹം നടകൊണ്ടു.

ഇനി, ഗോഷ്ഠിപൂർണ്ണനെക്കുറിച്ച് ഒരു ഐതിഹ്യം കൂടി ഇവിടെ എടുത്തുകാണിക്കാം.

എപ്പോഴും ധ്യാനത്തിലാണ ഗോഷ്ഠിപൂർണ്ണൻ മരുവുന്നതു്. "അവിടുന്ന് എന്തിനെയാണ ധ്യാനിക്കുന്നതു്" എന്ന് ഒരുനാൾ രാമാനുജൻ ചെന്നു ചോദിച്ചു.

"ഞാൻ എന്റെ ഗുരുദേവനെയല്ലാതെ മററാരെയുമല്ലാ ധ്യാനിക്കുന്നതു്. കാവിരിനദിയിൽ അരയോളം വെള്ളത്തിൽ ഇറങ്ങിനിന്ന് ഏകാഗ്രചിത്തനായി മന്ത്രോച്ചാരണംചെയ്യുന്ന നിലയിൽ ഗുരുദേവനെ എപ്പോഴും മനസാ കണ്ടുകൊണ്ട് ഞാൻ ആനന്ദിക്കുന്നു. അദ്ദേഹത്തിന്റെ നാമങ്ങളെ മാത്രമേ ഞാൻ ജപിക്കുന്നുള്ളു. ആവേശംകൂടിയ ശിഷ്യന്നു സുകരമായ സിദ്ധിക്കു ഏററവും ശ്രേഷ്ഠമായതു് അവന്റെ ഗുരുവിനെത്തന്നെ ധ്യാനിക്കുകയാണു്. അവന്നു ഗുരുവിന്റെ നാമങ്ങളാണു് എല്ലാ മന്ത്രങ്ങളെക്കാളും പരിശുദ്ധം" എന്നു ഗോഷ്ഠിപൂർണ്ണൻ പറഞ്ഞു.

ചതുർത്ഥഖണ്ഡം—സേവനം.

യമുനാചാര്യന്റെ അന്ത്യകാലത്തു് തന്റെ സ്ഥാനത്തെ ഏല്പിച്ചുകൊടുക്കുവാൻ താൻ ഉദ്ദേശിക്കുന്ന ആൾ വന്നെത്താഞ്ഞുകൊണ്ടു തന്റെ ജ്ഞാനസമ്പത്തു് പല ശിഷ്യന്മാക്കുമായി അദ്ദേഹം പങ്കിട്ടുകൊടുക്കുകയാണു ചെയ്തതു്. ആ ശിഷ്യന്മാരിൽനിന്നെല്ലാം തന്റെ ജ്ഞാനപരിപൂത്തിക്കുവേണ്ടി രാമാനുജന്നു് വിദ്യകൾ അഭ്യസിക്കേണ്ടി വന്നു. അങ്ങിനെ അദ്ദേഹം മഹാപൂർണ്ണൻ, ഗോഷ്ഠിപൂ

ൎണ്ണൻ, വരരംഗൻ, മാലാധരൻ എന്നിവരുടെയെല്ലാം ശിഷ്യനായി. വേദരഹസ്യം മഹാപൂൎണ്ണനിൽനിന്നും, മന്ത്രരഹസ്യം ഗോഷ്ഠിപൂൎണ്ണനിൽനിന്നും, ദിവ്യപ്രബന്ധരഹസ്യം മാലാധരൻ, വരരംഗൻ എന്നിവരിൽനിന്നും പഠിച്ചു് രാമാനുജൻ തിരിയിൽനിന്നു കൊളുത്തിയ പന്തം പോലെ ശോഭിച്ചു. സൎവ്വവേദശാസ്ത്രങ്ങളിലും അദ്ദേഹം പണ്ഡിതനായി. പൂൎവ്വാചാൎയ്യന്മാരുടെ കൃതികളിൽ സുപരിചിതനുമായി.

അന്യരെയാരെയും കേൾപ്പിക്കരുതെന്നു നിൎബന്ധിച്ചതിൽപ്പിന്നെയാണു ഗോഷ്ഠിപൂൎണ്ണൻ രാമാനുജനു മന്ത്രരഹസ്യം ഉപദേശിച്ചുകൊടുത്തതു്. മന്ത്രത്തിന്റെ മഹാത്മ്യം അവാച്യമാണെന്നും, അതു് വേദജ്ഞാനത്തിന്റെയെല്ലാം സാരാംശമാണെന്നും, സ്പൃഹണീയമല്ലാത്ത കൎമ്മബന്ധങ്ങളെ അതു നശിപ്പിക്കുമെന്നും, അതു് ആത്മജ്ഞാനത്തിൽ ഭക്തനെ അതിശീഘ്രം ഉയൎത്തുമെന്നും, നിത്യജീവിതത്തിന്നും നിത്യാനന്ദത്തിന്നും അതു താക്കോലാണെന്നും മററും ഗോഷ്ഠിപൂൎണ്ണൻ പറയുകയുണ്ടായി. എന്നാൽ, അതു് അന്യകൎണ്ണങ്ങളിൽ പ്രവേശിച്ചാൽ അതിന്നു ഹേതുഭൂതനായവൻ നരകത്തിൽ പതിക്കുമെന്നു് അദ്ദേഹം പേടിപ്പിക്കയും ചെയ്തു.

ഇത്രയും നന്മകളെല്ലാം നേടാവുന്നതാണു് ഈ മന്ത്രമെന്നിരിക്കിൽ, അതെല്ലാം തന്റെതന്നെ ഏകനായി അനുഭവിക്കുന്നതു് പാപമെന്നാണു് രാമാനുജന്നു തോന്നിയതു്. ആ നന്മകളെല്ലാം ബഹുസഹസ്രംജനങ്ങൾക്കു സിദ്ധിക്കുന്നതിന്നു് ആ മന്ത്രത്തെ താൻ വെളിപ്പെടുത്തുന്നതുകൊണ്ടു തനിക്കു് നരകപീഡ ഏല്ക്കേണ്ടിവന്നാലും അതിലും പരിതൃപ്തിയേയുള്ളുവെന്നു് അദ്ദേഹം കരുതി. താൻ ഒരുവൻ നശിച്ചു രാജ്യത്തെമുഴുവൻ ഉയൎത്താമെ

ങ്കിൽ അതുതന്നെയല്ലയോ ദയാ തന്റെ ജന്മംകൊണ്ടുള്ള പരമമായ സാഫല്യം? ഈ ഉറപ്പോടെ അന്നൊരു മഹോത്സവകാലത്തു് അവിടെ കൂടിയിരുന്ന ആളുകളുടെ മുമ്പിൽ ചെന്നുനിന്നു തനിക്കു ഗുരുവിൽനിന്നു കിട്ടിയ മന്ത്രങ്ങളെയെല്ലാം പരസ്യമാക്കി. യാതൊരുവിദ്യയേയും ഒളിച്ചുവെക്കരുതെന്നാണു അദ്ദേഹത്തിന്റെ അഭിപ്രായം. താൻ നേടുന്നതൊക്കെയും ലോകത്തിനുള്ളതാണു്. ലോകസമ്പത്തിൽനിന്നു ചിലതു ഗൂഢമായെടുത്തു് തന്റേതാക്കി മറച്ചുവെക്കുവാനുള്ള ഗുഹയല്ലാ തന്റെ ഹൃദയം.

ഈ വർത്തമാനം ഗോഷ്ഠിപൂർണ്ണൻ കേട്ടപ്പോൾ ആദ്യമല്പം സംഭ്രമിച്ചു. പിന്നീടു രാമാനുജന്റെ അഭിപ്രായം മനസ്സിലാക്കിയപ്പോൾ അദ്ദേഹം അതു ശരിവെച്ചതേയുള്ളു. ശ്രദ്ധയും ഭക്തിയും യമനിയമങ്ങളുമില്ലാത്തവന്നു് മന്ത്രംകൊണ്ടു കാൎയ്യമൊന്നുമില്ലെന്നുവെച്ചാണു് അതു പരസ്യമാക്കിയിടാത്തതു് എന്നുമാത്രം അദ്ദേഹം പറഞ്ഞു. തന്റെ ജീവിതത്തെ ജനങ്ങളുടെ ഉൽക്കർഷത്തിന്നായി സൎവ്വാത്മനാ സമൎപ്പിച്ചിരിക്കുന്ന രാമാനുജനെ അന്നുമുതൽ എമ്പെരുമാൻ എന്നു് വിളിച്ചുതുടങ്ങി.

രാമാനുജന്നു് ശിഷ്യന്മാർ നാൾക്കുനാൾ വർദ്ധിച്ചുവന്നു. കൊങ്ങപ്പിരാട്ടിയാരായ ഹേലാഞ്ചലാംബാൾ, തിരുക്കുരുകപ്പിരാനായ പിള്ളാൻ, കിടാമ്പിയാച്ചാൻ എന്നിവരാണു് അപ്പോഴുണ്ടായ ശിഷ്യരിൽ മുഖ്യർ. ഈ കിടാമ്പിയാച്ചാന്റെ വംശത്തിലാണു് വിശ്രുതനായ വേദാന്തദേശികൻ പിറന്നതു്.

ക്ഷേത്രഭരണകാൎയ്യത്തിൽ രാമാനുജൻ നിഷ്കൃഷ്ടമായ നിയമവ്യവസ്ഥകൾ ഏൎപ്പെടുത്തുകയും, അനുഷ്ഠാനത്തിൽ ദൃഢവ്രതനായി വൎത്തിക്കയും ചെയ്തപ്പോൾ താന്തോന്നികളു

യ പരിചാരകന്മാൎക്ക് സുഖമില്ലാതെയായി. ജോലിയിൽ ശ്രദ്ധയില്ലാതെ, കൂലിയിൽ വാശിച്ചുനില്ക്കുന്നവരായി, പരലേഷത്തിൽ സംപളംകണ്ടിരുന്ന അക്കൂട്ടൎക്ക് രാമാനുജനിൽ ക്രമേണ വിദ്വേഷം വളൎന്നു. അദ്ദേഹത്തെ ക്ഷേത്രാധികാരത്തിൽനിന്നു നീക്കുവാൻ ശ്രീപക്ഷത്തോട് എതിൎക്കുന്നതിന്നു അവർ ശക്തരല്ലാ. ന്യായമോ സത്യമോ അവരുടെവശം ഇല്ലാ. ആൎജ്ജവമല്ലാ കൌടില്യമാണ് അവൎക്കുള്ളതുമുഴുവൻ. വഞ്ചനയിൽ പരിശീലിച്ചുപോരുന്ന അവർ അതിന്റെ അങ്ങേഅറ്റത്തേക്ക് താണു. രാമാനുജനെ ചതിച്ചുകൊല്ലുവാൻ അവർ ഗൂഢമായി വട്ടംകൂട്ടി.

രാമാനുജൻ പതിവായി ഏഴു ഗൃഹദ്വാരങ്ങളിൽ ചെന്ന് അവിടങ്ങളിൽനിന്നു കിട്ടുന്ന ഭിക്ഷകൊണ്ടാണു ദിവസേന തന്റെ ഭോജനകാൎയ്യം നിൎവ്വഹിച്ചുപോന്നതു്. അപ്രകാരം ഒരുനാൾ അദ്ദേഹം അങ്ങൊരു ഗൃഹത്തിന്റെ പടിക്കൽ ഭിക്ഷയ്ക്കു ചെന്നപ്പോൾ അകത്തു ദമ്പതികൾ തമ്മിൽ കലഹിക്കയായിരുന്നു. രാമാനുജനു കൊടുക്കുവാനെടുത്ത ഭിക്ഷാന്നത്തിൽ ഭൎത്താവു വിഷം കലൎത്തുന്നതു ഭാൎയ്യ വിരോധിക്കുന്നതിൽനിന്നാണ് ആ കലഹം. ഒടുക്കം, ആ അബലയായ ഭാൎയ്യയ്ക്കു ജീവിതഭയംകൊണ്ടു ഭൎത്താവിന്റെ ആ ഘോരകൎമ്മത്തിന്നു വഴിപ്പെടേണ്ടിവന്നു. രാമാനുജൻ പടിക്കൽ വന്നുനില്ക്കുന്നു. എത്ര നേരമാണ് അദ്ദേഹത്തെ അവിടെ നിൎത്തുക? ദൈവത്തെ ദീനയായി അന്തരംഗേണ വിളിച്ചുകൊണ്ടു്, വിവൎണ്ണയും വിവശയുമായി ആ സ്ത്രീ ഭിക്ഷാന്നത്തെ എടുത്തുകൊണ്ടു രാമാനുജൻ നില്ക്കുന്നിടത്തു ചെന്ന്, അതിനെ അദ്ദേഹത്തിന്നു ഗൂഢമായ അപായസൂചനയോടെ നൽകി. ആ അന്നത്തിൽ വിഷമുണ്ടെന്നു രാമാനുജൻ മനസ്സിലാക്കി. ഉടനെ അതിനെയും അതിൻമുമ്പു കിട്ടിയ ഭിക്ഷാന്നത്തെ

യുമെല്ലാം അദ്ദേഹം ആററിലേക്കെറിഞ്ഞു. തന്നെക്കൊണ്ടു് ആരോ ചിലൎക്കു കഷ്ടമുണ്ടായിരിക്കുന്നുവെന്നു് ഇതിൽനിന്നു വെളിപ്പെടുകയാൽ, അതിന്നു പ്രായശ്ചിത്തമായി അന്നുമുതൽ ഒരു മാസത്തേക്കു നിരശനവ്രതം കൈക്കൊണ്ടു. ഈ ഉഗ്രപ്രതിജ്ഞകേട്ടു സൎവ്വജനങ്ങളും വ്യാകലീഭൂതരായി.

രാമാനുജൻറെ ഈ ഘോരവ്രതത്തെക്കുറിച്ചു കേട്ടു ഗോഷ്ഠിപൂൎണ്ണൻ ഉടനെ ശ്രീരംഗത്തേക്കു പുറപ്പെട്ടു. അദ്ദേഹം വരുന്നതറിഞ്ഞു രാമാനുജൻ എതിരേററുചെന്നു. കാവിരിനദിയിലെ മണൽത്തീരത്തുവെച്ചാണു് ആ ഗുരുശിഷ്യന്മാർതമ്മിൽ സന്ധിച്ചതു്. രാമാനുജൻ ഗോഷ്ഠിപൂൎണ്ണൻറെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചു. തൻറെ കാലടികളിൽ ശിരസ്സണച്ചു്, ആ ചുടുമണലിൽ കവിണ്ണുകിടക്കുന്ന രാമാനുജനെ ആ കിടപ്പിൽത്തന്നെ വിട്ടു ഗോഷ്ഠിപൂൎണ്ണൻ ചുററും നോക്കിക്കൊണ്ടു നിന്നതേയുള്ളു. ദീൎഘോപവാസത്താൽ ഏററവും തളൎന്നിരിക്കുന്നതുപോലും ഓൎക്കാതെ, വെയിലേററു പഴുത്ത മണലിന്മേൽ രാമാനുജനെ കിടക്കുവാൻ വിട്ടിരിക്കുന്നതു കണ്ടു മററുള്ളവൎക്കു ഗോഷ്ഠിപൂൎണ്ണൻറെ പേരിൽ ദൌൎമ്മുഖ്യമുണ്ടായി. ശിഷ്യനെ വാത്സല്യത്തോടെ ആശീൎവ്വദിച്ചു് എഴുന്നേല്പിക്കേണ്ടുന്ന ആറം ഇങ്ങിനെ വൈമുഖ്യത്തോടെ നില്ക്കുന്നതെന്താണു് എന്നു രാമാനുജശിഷ്യന്മാർ അല്പം അമൎഷത്തോടെ പരസ്പരം പതുക്കെപ്പുതുക്കെ പറഞ്ഞുതുടങ്ങി. ഗോഷ്ഠിപൂൎണ്ണനോടു ഭയത്താൽ രാമാനുജൻ കോപിച്ചേയ്ക്കുമോ എന്നു ശങ്കിച്ചു് "അവൎക്കു്" അടങ്ങിനില്ക്കേണ്ടിവന്നു. എന്നാൽ, മററുള്ളവരോളം സഹിക്കുവാൻ കിടാമ്പിയാച്ചാന്നു ശക്തിയുണ്ടായില്ല. ഗോഷ്ഠിപൂൎണ്ണൻ ചിണങ്ങി

യാലുംശരി; തന്റെ ഗുരുവിന്ന് അപ്രിയമായാലും ശരി— തനിക്ക തന്റെ ഗുരുവിന്റെ ഈ കിടപ്പ് ഇതിലധികം കണ്ടുനില്ക്കുവാൻ ക്ഷമയില്ലെന്ന് അദ്ദേഹം രോഷത്തോടെ മുന്നോട്ടു ചാടി. "സൂാളിലമായ മല്ലികപ്പൂവിനെ വെയിലത്തെറിയുന്ന അങ്ങ് എന്തൊരു മനുഷ്യനാണ്" എന്ന് ഗോഷ്ഠിപൂൎണ്ണനെ ആക്ഷേപിച്ചുകൊണ്ടു കിടാമ്പിയാച്ചാൻ രാമാനുജനെ എടുത്ത് തന്റെ മുതുകിന്മേൽ ചേൎത്തുകൊണ്ടു താൻതന്നെ അവിടെ കിടന്നുകൊടുത്തു.

ഈ അതിക്രമംകണ്ടു കോപമായോ ശാപമായോ എന്തു വിപത്തുണ്ടാകുമോ എന്നു മററുള്ളവർ പേടിച്ചുകൊണ്ടു നില്ക്കവേ, ഗോഷ്ഠിപൂൎണ്ണൻ സന്തുഷ്ടനായി അഭിനന്ദിച്ചുകൊണ്ടു കിടാമ്പിയാച്ചാനെ രാമാനുജനോടുകൂടി എഴുന്നേല്പിക്കയാണുണ്ടായതു്. അനന്തരം അദ്ദേഹം പറഞ്ഞതാവിതു്:—

"സൎവ്വഭൂതദയാപരനായ രാമാനുജന്ന് ഇവിടെ ചില ശത്രുക്കളുണ്ടെന്നു കേട്ടപ്പോൾ എനിക്ക നിങ്ങളെയെല്ലാം ഒന്നു പരീക്ഷിച്ചുനോക്കണമെന്നു തോന്നി. ആ പരീക്ഷയിൽ കിടാമ്പിയാച്ചാൻ വിജയിയായി. നിങ്ങൾക്കുള്ളതിലധികം സ്നേഹം എനിക്ക രാമാനുജനിലുണ്ടു്. രാമാനുജന്നുവേണ്ടി ഏതുവിപത്തും സഹിക്കുവാൻ ധൈൎയ്യമുള്ളവൻ നിങ്ങളിലുണ്ടോ എന്നു കാണുവാൻവേണ്ടിയാണു ഞാൻ ഇങ്ങിനെയൊരുപായം പ്രയോഗിച്ചതു്. കിടാമ്പിയാച്ചാൻ എന്നെ നിന്ദിച്ചുകൊണ്ടുപറഞ്ഞ ആ വാക്കുകൾ മുഴുവൻ എനിക്ക സുമധുരമായിട്ടാണു തോന്നിയതു്. ഞാൻ രാമാനുജന്റെ രക്ഷയെ കിടാമ്പിയാച്ചാനെ ഇന്നുമുതൽ ഏല്പിച്ചിരിക്കുന്നു."

പ്രണതാൎത്തിഹരൻ എന്ന നാമം ധരിച്ച കിടാമ്പി യാച്ചാൻ ഈ അനുഗ്രഹത്തെ കൈക്കൂപ്പിവണങ്ങിനിന്നുകൊണ്ടു വരിച്ചു. മററുള്ളവർ വിഷണ്ണരായി.

രാമാനുജന്റെ നിരശനവ്രതംകഴിഞ്ഞതു് അപത്തെല്ലാം കഴിഞ്ഞതിൽപ്പിന്നെയാണു ഗോഷ്ഠിപൂൎണ്ണൻ ശ്രീരംഗത്തുന്നിന്നു സ്വന്തം ഗ്രാമത്തിലേക്കു പോയതു്.

രാമാനുജന്റെ കീൎത്തി ഭാരതവൎഷമെങ്ങും പരന്നു. അദ്ദേഹത്തിന്റെ നവ്യപ്രസ്ഥാനത്തിന്നു വൃദ്ധിയും വ്യാപ്തിയും അതിവേഗം സംഭവിച്ചു. പൂൎവ്വപ്രസ്ഥാനികൾ ഇതു കണ്ടു കലങ്ങിത്തുടങ്ങി. അന്നു്, കാശിയിൽ അദ്വൈതപ്രസ്ഥാനത്തിൽ അപാരപാണ്ഡിത്യത്താൽ വിശ്രുതനായി യജ്ഞമൂൎത്തി എന്നൊരു സന്ന്യാസിയുണ്ടായിരുന്നു. അദ്ദേഹം രാമാനുജനോടു വാദിക്കുവാൻ ശ്രീരംഗത്തു വന്നു. അവർതമ്മിൽ പതിനെട്ടു ദിവസത്തേക്കു തുടൎച്ചയായി വാക്സമരമുണ്ടായി. ആദ്യത്തെ പതിനേഴു ദിവസത്തേക്കു യജ്ഞമൂൎത്തിക്കു കുലുക്കമുണ്ടായില്ലാ. പതിനെട്ടാം നാൾ അദ്ദേഹം അടിപെട്ടു. യമുനാചാൎയ്യൻ ചെയ്തിട്ടുള്ള മായാവാദഖണ്ഡനത്തെ അനുവൎത്തിച്ചുകൊണ്ടു രാമാനുജൻ വാദിച്ചപ്പോൾ യജ്ഞമൂൎത്തിക്കു വാക്കില്ലാതെയായി. താൻ പരാജിതനായിയെന്നു് അദ്ദേഹം സമ്മതിച്ചു വൈഷ്ണവമതത്തെ സ്വീകരിച്ചു. അദ്ദേഹത്തിന്നു് അന്നുമുതൽ ദേവരാജമുനിയെന്നു പേരുണ്ടായി. അദ്ദേഹത്തെ രാമാനുജൻ ശിഷ്യനായിട്ടല്ലാ മന്ത്രിയായിട്ടാണു് ആദരിച്ചുപോന്നതു്. ആ ദേവരാജമുനിക്കു സുഖവാസത്തിന്നു വേണ്ടുന്ന എല്ലാ ഏൎപ്പാടുകളും അവിടെ ഉണ്ടായി. തന്റെ പ്രിയ സഖാവായി അദ്ദേഹത്തെ രാമാനുജൻ സ്നേഹിച്ചുവന്നു.

ഇക്കാലത്തു യജ്ഞേശൻ, തൊണ്ടനൂർ നമ്പിയാർ, മരുതൂർ നമ്പിയാർ മുതലായി വേറെയും ചില ശിഷ്യന്മാർ രാമാനുജനുണ്ടായി. എന്നാൽ, രാമാനുജനെ എപ്പോഴും ശുശ്രൂഷിച്ചുകൊണ്ടു് അവിടെത്തന്നെ പാൎക്കുന്നവരായില്ല. ഗുരുവിന്റെ ഉപദേശത്തെ അനുവൎത്തിച്ചു് അവരവരുടെ നാട്ടിൽ ചെന്നു സ്വന്തംകാൎയ്യങ്ങൾ നടത്തിക്കൊണ്ടാണു് അവർ കഴിഞ്ഞതു്.

ഇതിന്നിടയ്ക്കു്, തിരുപ്പതിയിൽ ചെന്നു പാൎത്തു് അവിടെ മനോമോഹനമായ ഉദ്യാനമുണ്ടാക്കി അതിൽനിന്നു ദിവസംതോറും ഓരോ പൂമാല ശ്രീവെങ്കടേശ്വരസ്വാമിക്കു ചാൎത്തുവാൻ കൊടുത്തയയ്ക്കുന്നതിന്നു രാമാനുജൻ അനന്താൎയ്യനെന്നൊരാളെ ഏല്പിച്ചയയ്ക്കുകയുണ്ടായി. അനന്താൎയ്യൻ തിരുപ്പതിയിൽ നിൎമ്മിച്ച ഉദ്യാനത്തിന്നു ശ്രീരാമാനുജം എന്നാണു പേരു്. വരദരാജനു കാഞ്ചിപൂൎണ്ണനെന്നപോലെ, വെങ്കടേശനു് അനന്താൎയ്യൻ ഏകാഗ്രതയോടുകൂടിയ ഉപാസനയാൽ പ്രിയവത്സനായി.

ശ്രീരംഗത്തു കുറച്ചുകാലം കഴിഞ്ഞപ്പോൾ, രാമാനുജനു കാഞ്ചീപുരത്തും, തിരുപ്പതിയിലും ചെന്നു വരദരാജനേയും വെങ്കടേശനേയും ദൎശിക്കണമെന്നു അഭിലാഷമുണ്ടായി. അതിന്നു ശ്രീരംഗനാഥൻ അദ്ദേഹത്തിന്നു അനുജ്ഞ കൊടുത്തു. ക്ഷേത്രഭരണാധികാരം ധനുർദ്ദാസനെ ഏല്പിച്ചു് രാമാനുജൻ കാഞ്ചീപുരത്തേക്കു പുറപ്പെട്ടു. മുഖ്യശിഷ്യന്മാരും സഖാവായ ദേവരാജമുനിയും ഒരുമിച്ചുണ്ടു്.

വഴിയിൽ ഉൾപ്പെട്ട തിരുവെള്ളറ, തിരുക്കോവിലൂർ എന്നീ ക്ഷേത്രങ്ങൾ ദൎശിച്ചതിൽപ്പിന്നെ രാമാനുജൻ അടുത്ത നാട്ടിലേയ്ക്കു യാത്രയായി. അവിടെ തന്റെ ശിഷ്യനായ യജ്ഞേശനെ തന്റെ ആഗമനവൃത്താന്തം മുൻകൂട്ടി

അറിയിക്കുവാൻ അദ്ദേഹം ദൂതനെ അയച്ചു. കോപി
ഷ്ഠനാണു യജ്ഞേശൻ. തന്റെ ഗുരുവിന്റെ ആഗമ
നത്തെക്കുറിച്ചു കേട്ടപ്പോൾ അദ്ദേഹത്തെ എതിരേല്ക്കു
വാൻ എന്തെല്ലാം ആഡംബരകോലാഹലങ്ങൾകൊണ്ട്
ഒരുപ്പാടുചെയ്യേണ്ടതെന്നു യജ്ഞേശൻ ആലോചനയി
ലായി. ആനക്കാര്യത്തിലെന്തു ചേനക്കാര്യം! കാര്യസ്ഥ
ന്മാരെയും ഭൃത്യന്മാരേയും വിളിച്ച് ഓരോ വക കാര്യ
ങ്ങൾക്കായി നിയോഗിക്കുന്ന ആ ബഹളത്തിൽ, അവി
ടെ വന്നിട്ടുള്ള ആ ദൂതനെപ്പററി യജ്ഞേശന്നു സ്മരണയി
ല്ലാതെയായി. ആ പാവത്തിനെ ആരും സാരമാക്കിയി
ല്ലാ. ആയാൾ അവിടെനിന്നു കുഴങ്ങി. മഹാപ്രഭുവായ
യജ്ഞേശന്ന് ഇത്രയും താഴെ കണ്ണോ കരളോ ചെല്ലുമോ?
യജ്ഞേശനിൽനിന്നു താൻ കൊണ്ടുവന്ന സന്ദേശത്തിന്നു
മറുപടിയായി ഒരു വാക്കുപോലും കിട്ടുവാൻ ആയാൾ
അവിടെ യോഗ്യനായില്ലാ. ആ കാലത്തിൽ വിശന്നു തള
ൎന്നുകൊണ്ട് ആയാൾക്കു മടങ്ങേണ്ടിവന്നു. നടന്നതെല്ലാം
ആയാളിൽനിന്നു കേട്ട രാമാനുജൻ ആ കാര്യത്തെക്കുറി
ച്ച് ഒരക്ഷരംപോലും ശബ്ദിച്ചില്ലാ.

പിറെറന്നാൾ രാമാനുജനും ശിഷ്യഗണവും യജ്ഞേ
ശൻ പാൎക്കുന്ന ആ നാട്ടിൽ എത്തി. അവിടെയൊരിടത്തു
നിന്നു രണ്ടു വഴികൾ പിരിഞ്ഞുപോകുന്നതു കണ്ടു. എ
ങ്ങോട്ടാണ് ആ വഴികൾ ചെല്ലുന്നതെന്ന് എതിൎപ്പെട്ട
പാന്ഥനോടു ചോദിച്ച്, അവയിലൊന്നു യജ്ഞേശന്റെ
കൊട്ടാരത്തിലേക്കുള്ളതാണെന്നറിഞ്ഞു. മറേറ വഴി അ
വിടെയുള്ള പാവങ്ങളുടെ ചെറുവീടുകൾക്കിടയിൽക്കൂടി
യാണു ചെല്ലുന്നതു്. ആദ്യംപറഞ്ഞ വഴിയുടെ അങ്ങേ
അററത്തു യജ്ഞേശന്റെ രമ്യഹൎമ്മ്യവും, രണ്ടാമത്തെ വ

ഴിയുടെ അററത്തു വരദാസ്യനെന്ന പിച്ചക്കാരന്റെ കുടിലുമാണെന്നു് ആ പാന്ഥനിൽനിന്നു രാമാനുജൻ കേട്ടു.

“നാം വലിയവരല്ലാ, പാവങ്ങളാണു്. നാം പണക്കാരല്ലാ പിച്ചക്കാരാണു്. അതുകൊണ്ടു നമുക്കു പാവങ്ങളുടെ വഴിയിൽക്കൂടി പിച്ചക്കാരന്റെ വീട്ടിൽചെന്നു വിശ്രമിക്കാം” എന്നു ശിഷ്യരെ വിളിച്ചു രാമാനുജൻ ആ വഴിക്കു തിരിഞ്ഞു.

വരദാസ്യൻ അപ്പോൾ വീട്ടിലില്ല; പിച്ചയ്ക്കായി വെളിയിലെങ്ങോ പോയിരിക്കയാണു്. അദ്ദേഹത്തിന്റെ ഭാര്യമാത്രമാണു വീട്ടിനുള്ളിലുള്ളതു്. വാതിൽ അടച്ചിരിക്കുന്നു. രാമാനുജൻ ചെന്നു വാതില്ക്കൽ മുട്ടി.

ആരാണു വന്നിരിക്കുന്നതെന്നു വരദാസ്യപത്നിയായ ലക്ഷ്മിയമ്മാൾ വാതിൽപ്പഴുതിൽക്കൂടി വെളിയിലേക്കു നോക്കി. സാക്ഷാൽ രാമാനുജനും ശിഷ്യന്മാരും തന്റെ വീട്ടിൽ അതിഥികളായി വന്നിരിക്കുന്നതു് അവൾ കണ്ടു. ദാരിദ്ര്യത്തിന്റെ പരമകാഷ്ഠയിലാണു് അവളുടെ അവസ്ഥ. ഉടുത്തു പുറത്തു ചെല്ലുന്നതിനു് ഒരു തുണിക്കണ്ടം പോലും അവൾക്കില്ലാ. അതുകൊണ്ടാണു് അവൾ അറ അടച്ചു് അങ്ങൊരുമൂലയിൽ ഒതുങ്ങിക്കിടക്കുന്നതു്. ചുമരോടു പതുങ്ങിച്ചെന്നു വാതിൽ തുറന്നു. അതിഥിയുടെയും അനുചരന്മാരുടെയും മുമ്പിലേക്കു് അവൾ നഗ്നയായി എങ്ങിനെ ചെല്ലും? ചെല്ലാതിരുന്നാൽ അതിഥിയെ അനാദരിച്ചുവെന്നാകയില്ലയോ? ഇതെത്ര ദാരുണമായ ധർമ്മസങ്കടം? “ആരാണകത്തു്” എന്നു പുറത്തുനിന്നു വീണ്ടും വിളിച്ചുചോദിക്കുന്നതു കേട്ടു. ഉടനേ അവൾക്കൊരുപായം തോന്നി. വിളിക്കുന്നതിന്റെ സംജ്ഞയായി അവൾ അകത്തുനിന്നു കൈയടിച്ചു ശബ്ദമുണ്ടാക്കി.

ഇനിയെല്ലാം മഹാത്മാവായ രാമാനുജൻ ഉൾക്കണ്ണാൽ കണ്ടുകൊള്ളുമെന്ന് അവൾ വിശ്വസിച്ചു.

അതിഥി ആരാണെന്നും ഏതവസ്ഥയിലാണെന്നും രാമാനുജൻ ഊഹിച്ചറിഞ്ഞു. ഉടനേ തന്റെ ഉത്തരീയത്തെ അഴിച്ച് അകത്തേക്ക സാദരം ഇട്ടുകൊടുത്തു. പിന്നെയൊട്ടും വിളംബിക്കാതെ ആ ഉത്തരീയം ധരിച്ചുകൊണ്ടു വരദാര്യ്യപത്നി വെളിയിൽവന്നു. അവ്യാജഭക്തിയോടേ രാമാനുജനെ നമസ്കരിച്ച് അദ്ദേഹത്തിന്നും ശിഷ്യന്മാൎക്കും വിശ്രമിക്കുവാൻ തന്റെ കുടിൽ അവൾ ഒഴിച്ചുകൊടുക്കുകയും ചെയ്തു.

വരദാര്യ്യൻ ഇനിയും വന്നിട്ടില്ല. ആഗതരായ അതിഥികൾ മഹാപുണ്യാത്മാക്കളാണ്. അവരെ യഥാശക്തി സൽക്കരിക്കേണ്ടിയിരിക്കുന്നു. അവൎക്കായി ഭോജനം തയ്യാറാക്കുവാൻ ഒട്ടും വൈകിച്ചുകൂടാ. എന്നാൽ, അതിന്നു വകയെവിടെ? ഒരുതരി ഉപ്പുപോലും അവശേഷിച്ചിട്ടില്ലാത്ത വീട്! അവൾ എന്തുചെയ്യും? വരദാര്യ്യൻ എപ്പോൾ വരും? വന്നാൽത്തന്നെ, അന്നത്തെ പിച്ചയായി അദ്ദേഹത്തിന്ന് എന്തുതന്നെ കിട്ടിയിരിക്കാം? ഒരു കാശുപോലും അദ്ദേഹത്തിന്നു നേട്ടമില്ലെന്നും, ആരും കൊടുക്കുവാനില്ലെന്നും അവൾക്കറിയാമല്ലോ. അതുകൊണ്ട്, വരദാര്യ്യൻ വരട്ടെയെന്നു കാത്തിരിക്കുന്നതുകൊണ്ടു ഫലമൊന്നുമില്ല. ഭക്തശ്രേഷ്ഠന്മാരായ അതിഥികളെ വന്നപാടേ മടക്കിയയയ്ക്കുവാൻ ആ കഠിനദാരിദ്ര്യത്തിൽപ്പോലും അവൾ ശക്തയല്ലെന്നാണിരുന്നതു്.

ധൎമ്മശീലയായ ലക്ഷ്മിയമ്മാൾ വേവുന്ന കരളോടേ ആലോചിച്ചുതുടങ്ങി.

“അതിഥിയായി വന്നിരിക്കുന്നതു് എന്റെ ഗുരുദേവനാണ്”. എന്റെ ഉടലിന്നും പൊരുളിന്നും ഉയിരിന്നും

സ്വാമിയാണിദ്ദേഹം. എനിക്ക് ചൈതന്യവും പ്രകാശവും തന്നത് ഈ മഹാപുരുഷനാണ്. എന്റെ പിതൃജനത്തിൽനിന്ന് എനിക്ക ഈ ജഡശരീരംമാത്രമേ കിട്ടീട്ടുള്ളു. ഇദ്ദേഹമാണ് എനിക്ക ആനന്ദത്തിന്നും അമൃതത്വത്തിന്നും വഴികാണിച്ചുതന്നിരിക്കുന്നത്. അതുകൊണ്ട് പിതൃജനത്തോടുള്ളതിനേക്കാൾ എത്രയോ വളരെ കടപ്പാട് എനിക്ക് ഇദ്ദേഹത്തോടുണ്ട്. എന്റെ പ്രഭുവും എന്റെ ഈശനും ഇദ്ദേഹംതന്നെ. പുണ്യമായോ പാപമായോ ഞാൻ ചെയ്യുന്ന സർവ്വകർമ്മങ്ങളും ഇദ്ദേഹത്തിന്നുള്ളതാണ്. ഇങ്ങിനെയുള്ള ഗുരുദേവനെ ഉപചരിക്കുന്നതിന്നുവേണ്ടി ഞാൻ ഏതൊരു പരിത്യാഗം ചെയ്താലും അത് കൈകടന്നതാകയില്ല. ഭക്തശ്രേഷ്ഠനായ പരകാലൻ വൈഷ്ണവന്മാർക്ക് അന്നംകൊടുക്കുവാൻവേണ്ടി, വേറെ വഴിയൊന്നുമില്ലായ്കയാൽ, പാന്ഥന്മാരെ ആക്രമിച്ചു ധനം അപഹരിച്ചുപോൽ! അത്തരം നീചമോ ക്രൂരമോ ആയ കർമ്മം ഈ അവസ്ഥയിൽ ഞാൻ എന്തുകൊണ്ടു ചെയ്തുകൂടാ? ഗുരുദേവൻ സംപ്രീതനായാൽ, അതോടുകൂടി ഞാൻചെയ്ത പാപം ശമിക്കും. ഇദ്ദേഹത്തിന്നുവേണ്ടി അർപ്പിച്ചുകൂടാത്തതായി എന്റെവശം വല്ലതുമുണ്ടാകുമോ? എന്റെ ഉടലും എന്റെ ഉയിരും എന്റെ പൊരുളും ഇദ്ദേഹത്തിന്റേതല്ലയോ? അതൊക്കെയും ഇദ്ദേഹത്തിന്നുവേണ്ടി ഞാൻ ഉപയോഗിക്കേണ്ടവയല്ലയോ? ഈ ശരീരത്തെ പണയപ്പെടുത്തീട്ടെങ്കിലും ഇദ്ദേഹത്തെ ഞാൻ ഉപചരിക്കണം. ഈ നാട്ടിലെ ആ ധനവാനായ വൈശ്യൻ എന്നെ അധർമ്മമായി കാമിക്കുന്നുണ്ടെന്ന് അയാളുടെ ചേഷ്ടകൾകൊണ്ടു വെളിപ്പെടാറുണ്ടല്ലോ. എല്ലും ഇറച്ചിയും കൊണ്ടുണ്ടാക്കിയ ഈ ഉടൽകണ്ട് ആ മൂഢൻ കൊതിക്കുന്നു. അയാളെ ചെന്നുകണ്ട് ഈ ശരീരത്തെ പണയപ്പെ

ട്ടത്തി, എൻെറ ഗുരുദേവനും അദ്ദേഹത്തിൻെറ ശിഷ്യന്മാക്കും സുഖഭോജനത്തിനുവേണ്ടുന്ന സാമാനങ്ങളെല്ലാം ഞാൻ ആയാളിൽനിന്നു വാങ്ങിക്കൊണ്ടുവന്നേക്കാം. ദൈവമേ, എനിക്കു അങ്ങുമാത്രമേ ആശ്രയമുള്ളു. അങ്ങയേ ആശ്രയിച്ചവക്കു ഭയമെന്തു?"

ലക്ഷ്മിഅമ്മാൾ ഇങ്ങനെ നിശ്ചയിച്ചു രാമാനുജനേയും ശിഷ്യന്മാരേയും കുളിച്ചുവരുവാൻ പറഞ്ഞേല്പിച്ചു പുറത്തേക്കിറങ്ങി. ആ ധനവാനായ വൈശ്യൻെറ ഗൃഹത്തിലേക്കു അവൾ നേരേ നടന്നു. ആയാൾക്കു അവളെ പെട്ടെന്നു കണ്ടപ്പോൾ സംഭ്രമവും അത്ഭുതവുമുണ്ടായി. ദരിദ്രയാണെങ്കിലും, സുന്ദരിയായ ലക്ഷ്മിഅമ്മാളിൽ ആയാൾക്കു കാമമുണ്ടു. എന്നാൽ, അതു ആരെയും അറിയിച്ചിട്ടില്ല. അവളോടു, പറഞ്ഞിട്ടുമില്ല. ഇടക്കെങ്ങാനും അവളെ കാണുമ്പോൾ തനിക്കുള്ള കാമത്തെ കണ്ണുകളിൽകൂടി ആയാൾ വഹിക്കാറുണ്ടു. അങ്ങിനെ ഗൂഢമായി താൻ കാമിച്ചുപോരുന്നവൾ തൻെറ അരികെ തനിയേ വന്നിരിക്കുന്നതുകണ്ടപ്പോൾ ആയാളുടെ മനസ്സു വിവിധവികാരങ്ങളാൽ ആകുലമായി. "എവിടേക്കെന്നുവെച്ചാണു നീ പോന്നിരിക്കുന്നതു" എന്നു ആയാൾ സംശയിച്ചുചോദിച്ചു.

"തങ്ങളുടെ അടുക്കലേക്കുതന്നെയാണു ഞാൻ വന്നിരിക്കുന്നതു. താങ്കൾ എന്നെ കാമിച്ചു, കാണുമ്പോഴെല്ലാം ദൃഷ്ടികൾകൊണ്ടു വിളിക്കാറുണ്ടല്ലോ. താങ്കളുടെ ആ കാമത്തെ നിറവേററിത്തരുവാനാണു ഞാൻ ഇപ്പോൾ വന്നിരിക്കുന്നതു. എന്നാൽ, എനിക്കു താങ്കളോടു ഒരു പ്രാത്ഥനയുണ്ടു. അതു നിവത്തിച്ചുതരുമെങ്കിൽ എൻെറ ശരീരം താങ്കൾക്കുള്ളതുതന്നെ."

അവിചാരിതമായി സ്വയമേവാഗതയായ തന്റെ കാമിനിയാൽ അയാൾ ഹർഷോന്മത്തനായി. "എന്താണു നിന്റെ ആഗ്രഹം. നിനക്കു വേണ്ടതു് എന്തായാലും എത്രയായാലും ഞാൻ തരാം. എനിക്കുള്ള ഐശ്വൎയ്യംമുഴുവൻ നിന്റേതാണു്."

"എന്റെവീട്ടിൽ കുറെ ഭിക്ഷുക്കൾ വന്നിട്ടുണ്ടു്. അവൎക്കു് ഞാൻ ഭോജനം നൽകേണ്ടിയിരിക്കുന്നു. അതിലേക്കു് വേണ്ടുന്ന എല്ലാ സാമാനങ്ങളും താങ്കൾ എനിക്കു തരണം. അവയോടുകൂടി ഞാൻ വീട്ടിൽ അതിഥികളെയെല്ലാം വേണ്ടുംപോലെ ഊട്ടിയതിൽപ്പിന്നെ തെൻ എന്റെ ഈ ശരീരത്തെ അങ്ങയുടെ ഉപയോഗത്തിനു തന്നുകൊള്ളാം."

തൽക്ഷണം ആ വൈശ്യനിൽനിന്നു പുറപ്പെട്ട ഉത്തരവിൻപടി ലക്ഷ്മിഅമ്മാളുടെ വീട്ടിലേക്കു് ഭൃത്യന്മാർ സാമാനങ്ങൾ കടത്തിത്തുടങ്ങി. രാമാനുജനും ശിഷ്യന്മാൎക്കും പലനാളേക്കുപോരുന്ന പദാൎത്ഥങ്ങൾ അവിടെ എത്തി.

യഥാകാലം വിഭവസമൃദ്ധമായി ഭോജനം തയ്യാറായി. രാമാനുജനും ശിഷ്യന്മാരും കളിച്ചുവന്നു. അവൎക്കെല്ലാവൎക്കും ലക്ഷ്മിഅമ്മാൾതന്നെ ഭോജനപദാൎത്ഥങ്ങൾ വിളമ്പിക്കൊടുത്തു. അതിഥികൾക്കു് ഏററവും സംതൃപ്തിയായി.

അവർ മിഷ്ടാന്നഭോജനം കഴിഞ്ഞു വൃക്ഷമൂലത്തിൽ ചെന്നിരുന്നു വിശ്രമിക്കുമ്പോഴാണു് വരദാൎയ്യന്റെ വരവു്. തന്റെ ഗൃഹത്തിൽ രാമാനുജാചാൎയ്യൻ ശിഷ്യസമേതം എഴുന്നള്ളിയിരിക്കുന്നതുകണ്ടു ആ സാധു ആനന്ദവിവശനായി. ഉടൻ ചെന്നു ഗുരുദേവനെ സാഷ്ടാംഗം നമസ്കരിച്ചു. പിന്നീടു വീട്ടിലേക്കു നോക്കിയപ്പോൾ,

കേമമായരീതിയിൽ സദ്യ നടന്നിരിക്കുന്നതായി അദ്ദേഹം കണ്ടു. ഇതു് എങ്ങിനെ സംഭവിച്ചു? നഗ്നതമറയ്ക്കുവാൻ ഒരു തുണിക്കഷണംപോലും ഇല്ലാത്തവരം ഇത്രവലിയ സദ്യക്കു ആളായതെങ്ങിനെ! അദ്ദേഹം അത്ഭുതാവേശത്തോടെ ഭാൎയ്യയുടെ അടുക്കലേക്കു പാഞ്ഞു.

“എന്റെ ഓമനേ, എനിക്കു ഭാഗ്യത്താൽ ലഭിച്ച നാഥേ, നിനക്കുള്ള ദിവ്യഗുണങ്ങളെക്കുറിച്ചു ഞാൻ എന്തു പറയട്ടെ. നമ്മുടെ ഗുരുദേവനും ശിഷ്യന്മാൎക്കും വേണ്ടി ഇത്രയും കേമമായ സദ്യ നീ എങ്ങിനെ ഒരുക്കി? എത്ര അത്ഭുതമായ കൎമ്മമാണു നീ ചെയ്തിരിക്കുന്നതു്. പാതിവ്രത്യത്തിന്റെ മഹാത്മ്യംകൊണ്ടോ, നീ കല്പവൃക്ഷത്തെയോ കാമധേനുവിനേയോ സ്വാധീനമാക്കീട്ടുണ്ടോ?”

“നാഥാ, താങ്കളുടേയും എന്റേയും മനസ്സ് എപ്പോഴും അഭേദമായിട്ടേ നില്ക്കാറുള്ളു. താങ്കൾ ചെയ്യേണ്ടതേന്തോ അതുതന്നെയാണു ഞാൻ ഇവിടെ ചെയ്തിരിക്കുന്നതു്. എന്റെ മനസ്സിൽ പ്രതിഷ്ഠിച്ചിട്ടുള്ള താങ്കളേയും, ഗുരുദേവന്റെ പാദാരവിന്ദങ്ങളേയും ഭക്തിയോടെ ധ്യാനിച്ചുകൊണ്ടു ഞാൻ ആപദ്ധൎമ്മത്തിലേക്കിറങ്ങി. ഈ നാട്ടിലെ ആ ധനവാനായ വൈശ്യനെ താങ്കൾ അറിയുമല്ലോ. ആയാൾ എന്നെ വളരെ നാളായി കാമത്തോടെ നോക്കാറുണ്ടു്. ഇന്നു ഗുരുദേവനും ശിഷ്യന്മാരും അപ്രതീക്ഷിതമായി ഇവിടെ വന്നു കയറിയപ്പോൾ അവരെ ഉചിതംപോലെ സൽക്കരിക്കുവാൻ വേറെ കഴിവൊന്നും കാണായ്കകൊണ്ടു ഞാൻ ആ വൈശ്യനെ ചെന്നുകണ്ടു് എന്റെ ഈ ശരീരത്തെ പണയമായി ഏല്പിച്ചു അതിഥിപൂജയ്ക്കു വേണ്ടുന്ന പദാൎത്ഥങ്ങളെല്ലാം വാങ്ങിക്കൊണ്ടു പോന്നു.”

വരദാൎയ്യൻ ഏതിലൊക്കെയാണു്, എന്തെല്ലാമാണു് സന്തോഷിക്കേണ്ടതു്! സൎവ്വജനപൂജിതനായ രാമാനുജാചാൎയ്യൻ തന്റെ കുടിലിൽ എഴുന്നള്ളി തനിക്കു ശ്രേയസ്സരുളുന്നതിലോ അദ്ദേഹം സന്തോഷിക്കേണ്ടതു്? താൻ വന്നിട്ടാവാമെന്നു് അനുമതിക്കാതെ തന്റെ ഭാൎയ്യ അതിഥികൾക്കു യഥാകാലം മിഷ്ടാന്നം നൽകിയതിലോ സന്തോഷിക്കേണ്ടതു്? അതിലേക്കു് അവൾ ചെയ്ത ആ ശരീരത്യാഗത്തിലോ സന്തോഷിക്കേണ്ടതു്?

"എന്റെ ജീവനാഥേ, എന്റെ ഭാഗ്യത്താൽ നിന്നെ എനിക്കു ഭാൎയ്യയായി ലഭിച്ചു. എന്റെ ഗാൎഹസ്ഥ്യധൎമ്മത്തെയും എന്റെ ഗുരുഭക്തിയെയും നീ സംരക്ഷിച്ചു. ഗുരുദേവനോടു് എനിക്കുള്ള കടപ്പാടു നീ നിവൎത്തിച്ചു. എനിക്കുവേണ്ടി നീ ഇപ്പോൾ ചെയ്തതെല്ലാം ഓൎക്കമ്പോൾ അത്ഭുതംകൊണ്ടു ഞാൻ സ്തംഭിച്ചുപോകുന്നു. നിന്നെ സൎവ്വേശ്വരൻ അനുഗ്രഹിക്കും. യാതൊരു ദോഷവും നിന്നെ അടുക്കുകയില്ല. ഭൎത്താവിനും ഗുരുവിനുംവേണ്ടി നീ ചെയ്ത ഈ ത്യാഗത്തിൽ ദൈവം കനിയുകയേയുള്ളു. ഉത്തമഗുണസമ്പന്നയായ നിന്റെ മുമ്പിൽ ഈ ലോകത്തിലെ സകലൈശ്വൎയ്യങ്ങളും എനിക്കു നിസ്സാരമാണു്. ലൌകികമായി ഞാൻ നിന്റെ ഭൎത്താവും നീ എന്റെ ഭാൎയ്യയുമാണെങ്കിലും, ആന്തരമായി ഞാൻ നിന്നെ ഗുരുവായി ആരാധിക്കുന്നു. നിന്നെ ഞാൻ ഇതാ നമസ്കരിക്കുന്നു."

ഇത്രയും പറഞ്ഞതിൽപ്പിന്നെ വരദാൎയ്യൻ ലക്ഷ്മിഅമ്മാളാൽ അനുഗതനായി രാമാനുജന്റെ സന്നിധിയിൽ ചെന്നു. ആ ദമ്പതികൾക്കു തന്റെ പാദതീൎത്ഥത്തെയും ഉച്ഛിഷ്ടാന്നത്തെയും ഭുജിച്ചുകൊള്ളുന്നതിനു രാമാനുജൻ അനുജ്ഞകൊടുത്തു. അങ്ങിനെ അവർ സവിശേഷം അനുഗൃഹീതരായി.

അനന്തരം രാമാനുജൻ ലക്ഷ്മിഅമ്മാളെ അരികെ വിളിച്ചു് ഇങ്ങിനെ ചോദിച്ചു.

"നീ ഇന്നു് എന്താണു ചെയ്യുന്നതെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ടു്. അതു് എത്ര കഠിനമായ പാപമാണെന്നും അതിന്നുള്ള ശിക്ഷ എങ്ങിനെയുള്ളതാണെന്നും നിനക്കറിയാമോ?"

"അറിയാം; നരകബന്ധം തന്നെയല്ലയോ?"

"അറിയാതെ ചെയ്ത അപരാധമാണെങ്കിൽ ക്ഷമിക്കാമായിരുന്നു. നീ അറിഞ്ഞുകൊണ്ടു് ഈ അപരാധം ചെയ്തിരിക്കയാൽ ഇതിന്നു ഞാൻ മാപ്പുതരികയില്ല."

"ക്ഷമയെ അർഹിക്കാത്തതുതന്നെയാണു് ഈ അപരാധം. പ്രായശ്ചിത്തംകൊണ്ടുപോലും പരിഹരിക്കുവാൻ വിധിയില്ലാത്ത പാപമാണു ഞാൻ ചെയ്തിരിക്കുന്നതു്."

"ഇത്രയൊക്കെയും അറിയാവുന്ന നീ ഈ പാപകർമ്മം എന്തിന്നു ചെയ്തു?"

"ഞാൻ ചെയ്ത പാപം എന്താണെന്നും, അതിന്നുള്ള ശിക്ഷ എങ്ങിനെയെന്നും എനിക്കും അങ്ങേക്കും അറിയാം. ഞാൻ ആ പാപത്തിലേക്കു് ഇറങ്ങുമ്പോൾതന്നെ അങ്ങു് അതു ദിവ്യചക്ഷുസ്സാൽ കാണുന്നുണ്ടെന്നു ഞാൻ മനസ്സിലാക്കീട്ടുണ്ടു്. അതു ഞാൻ ചെയ്യരുതാത്തതാണെങ്കിൽ അങ്ങു് അപ്പോൾതന്നെ എന്നെ തടയേണ്ടതായിരുന്നു. അങ്ങു് എന്നെ എന്റെ പോക്കിൽ വിട്ടുയയ്ക്കുകകൊണ്ടു് അങ്ങയുടെ അനുജ്ഞ ഞാൻ പരോക്ഷമായി നേടിക്കൊണ്ടു ചെയ്ത ഈ പാപം എനിക്കു ബാധകമല്ലാ. അങ്ങയുടെ കാരുണ്യം സമ്പൂർണ്ണമായി എന്നിലുള്ള കാലത്തോളം എനിക്കെന്തിന്നു പാപഭയം? എന്നെ അങ്ങയുടെ പാദങ്ങളിൽ സമർപ്പിച്ചിട്ടാണു ഞാൻ ഇത്ര

യും ചെയ്യുന്നത്. ഈ പാദാരവിന്ദങ്ങളിൽ ആശ്രയം പ്രാപിച്ചവരെ പാപത്തിന്ന തീണ്ടുവാൻ കഴിയുമോ?"

ലക്ഷ്മിഅമ്മാളുടെ ഈ വിശ്വാസദാൎഢ്യത്തിന്നെതിരെ രാമാനുജന്ന യാതൊന്നും പറയുവാനില്ലെന്നായി. പിന്നെ അദ്ദേഹം വരദാൎയ്യന്റെ മുഖത്തേക്ക നോക്കി.

വരദാൎയ്യൻ—"സ്വാമിൻ, എന്തിനാണ് എന്നെ ഇങ്ങിനെ ഉററുനോക്കുന്നതു്! വിപരീതമായി ഞാൻ വല്ലതും പറയുമെന്നോ? എന്റെ മനസ്സിന്ന വിരോധമായ കൎമ്മം ലക്ഷ്മി ഒരിക്കലും ചെയ്യുന്നതല്ലാ."

രാമാനുജൻ—"ഹാ, ഇതുതന്നെയാണ് ഉത്തമമായ ദാമ്പത്യം! ഇങ്ങിനെതന്നെയാണ ഭാൎയ്യയും ഭൎത്താവും പരസ്പരവിശ്വാസത്തോടേ വൎത്തിക്കേണ്ടതു്. ഇങ്ങിനെയുള്ളവർ എന്റെ ശിഷ്യരായതിൽ ഞാൻ ധന്യനായി. അമ്മാ, ലക്ഷ്മീ, നീ ആ വൈശ്യനോട ചെയ്ത വാഗ്ദാനത്തെ നിറവേററുവാൻ അങ്ങോട്ട പോകുന്നില്ലയോ?"

ലക്ഷ്മി—"ഇതാ, ഞാൻ പോകുകയായി."

രാമാനുജൻ—"കൊള്ളാം; നീ പോകുമ്പോൾ ഈ തീൎത്ഥവും, ഈ ശിഷ്ടാന്നവും അല്പം എടുത്തേക്കണം. അതു് ആയാൾക്ക കൊടുക്കുക. ആയാൾ വൈകാതെ ചെയ്ത സാഹായ്യംകൊണ്ടാണല്ലോ ഞങ്ങൾക്ക കാലം തെററാതെ ക്ഷുത്തു ശമിപ്പിക്കുവാൻ കഴിഞ്ഞതു്."

അപ്രകാരം ആ തീൎത്ഥപ്രസാദങ്ങളോടുകൂടി ലക്ഷ്മി ആ ധനികന്റെ വീട്ടിലേക്ക നിസ്സന്ദേഹം ചെന്നു. അവളെ കാണാതെ കലശലായ വിരഹാൎത്തിയോടെയാണ് ആയാളുടെ നില. കാമൻ ആയാളെ അടിപെടുത്തി നിൎദ്ദയം മഥിക്കുന്നു. അവൾ ചതിച്ചേക്കുമോ എന്ന ശങ്ക

ആയാളുടെ കരളിനെ കരളുന്നു. അവൾ വരുമെന്ന ആശ ആയാളുടെ മനസ്സിൽ മദനാഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നു. ഇങ്ങിനെയിരിക്കുമ്പോഴാണു സഗൌരവം ലക്ഷ്മിയുടെ ആഗമം.

ആ കാമാന്ധനൻ അവളെ പ്രാകൃതചേഷ്ടകളോടെ എതിരേററു് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ശയ്യാഗാരത്തിൽ പ്രവേശിച്ചു് ആയാൾ വാതിലടച്ചു തഴുതു നീക്കി. അനന്തരം മെത്തമേൽ ഇരുന്നുകൊണ്ടു ലക്ഷ്മിയെ അരികെ വിളിച്ചു.

ലക്ഷ്മിഅമ്മാൾ—"എന്തിനാണിങ്ങിനെ പൊരിയുന്നതു്. ഞാൻ താങ്കൾക്കു വശഗയായി അരികെതന്നെ നില്ക്കുന്നുണ്ടല്ലോ. ആദ്യം താങ്കൾ ചെയ്യേണ്ടതു ഞാൻ താങ്കൾക്കായി എടുത്തുകൊണ്ടുവന്നിരിക്കുന്നതു സാദരം കൈക്കൊണ്ടു സേവിക്കുകയാണു്."

വൈശ്യൻ അതുരണ്ടും വാങ്ങിനോക്കീട്ടു്:—"വല്ല കിട്ടായിയുമായിരിക്കാം നീ കൊണ്ടുവന്നിരിക്കുന്നതെന്നല്ലേ ഞാൻ വിചാരിച്ചതു്! കുറച്ചു ചോറും, കുറച്ചു വെള്ളവും നീ എനിക്കു തന്നിരിക്കുന്നുവല്ലോ. എനിക്കിതെന്തിനു്?"

ലക്ഷ്മി—"ഞാൻ തരുന്നതു താങ്കൾ സേവിച്ചാൽമാത്രമേ എന്നെ താങ്കൾക്കു കിട്ടുകയുള്ളു."

"നീ വിഷംതരുന്നതായാലും എനിക്കു് അമൃതമാണു്" എന്നുപറഞ്ഞു് ആയാൾ ആ തീർത്ഥവും അന്നവും സേവിച്ചു. അതു് അകത്തേക്കിറങ്ങിയ ഉടനെതന്നെ "എടീ, നീ എന്നെ എന്തുചെയ്തു" എന്നൊരുവിളി ആയാളിൽനിന്നുണ്ടായി. അതാണു് ആയാളുടെ ഒടുക്കത്തെ കാമാലാപം.

അല്പനിമിഷംകൊണ്ടു് ആ വൈശ്യന്റെ ചിത്തവൃത്തി ആകമാനം മാറി. ആയാളുടെ മനസ്സു് തമസ്സിൽനി

ന്ന തേജസ്സിലേക്കു തിരിഞ്ഞു. അതോടുകൂടി ആ കാമപിശാചം ആയാളിൽനിന്നു മറഞ്ഞു. ആഹ്ലാദകരമായ പുതിയൊരു ലോകത്തിൽ ആയാൾ പ്രവേശിച്ചു. ആയാളുടെ മുഖം ശാന്തിയാൽ വിളങ്ങി. അരികേനില്ക്കുന്ന ലക്ഷ്മിഅമ്മാളെ നോക്കിയപ്പോൾ തന്റെ കാമിനിയായ അഭിസാരികയായിട്ടല്ല, വരദയായ ലക്ഷ്മീഭഗവതിയായിട്ടാണു് ആയാൾ കണ്ടതു്. തൽക്ഷണം അവളുടെ കാൽക്കലേക്കു് ആയാൾ വീണു. "അമ്മേ, അമ്മേ, എന്റെ സർവ്വാപരാധങ്ങളും ക്ഷമിക്കേണമേ! നീയാണു് എന്റെ അമ്മ, നീയാണു് എന്റെ ഈശ്വരി; നീയാണു് എനിക്കു് ഒരേ ഗതി. നീ എന്നെ രക്ഷിക്കേണമേ!" എന്നിങ്ങിനെ സ്തുതിക്കയും പ്രാർത്ഥിക്കയും ചെയ്തുകൊണ്ടു് ആയാൾ ഉരുണ്ടുരുണ്ടു തേങ്ങിത്തേങ്ങിക്കരഞ്ഞുതുടങ്ങി.

"സഹോദരാ, പേടിക്കേണ്ടാ. താങ്കളുടെ ദൃഷ്ടിയെ ആവരണംചെയ്തിരുന്ന തമസ്സു് ഇപ്പോൾ അകന്നുപോയി. താങ്കൾക്കു രക്ഷകിട്ടി. വരൂ; എന്നോടൊരുമിച്ചു വന്നു ഞങ്ങളുടെ ഗുരുദേവന്റെ പാദങ്ങളിൽ ശരണം പ്രാപിക്കൂ."

ഇങ്ങിനെ വിളിച്ചു മുന്നോട്ടു നടന്ന ലക്ഷ്മിഅമ്മാളെ വിനീതദാസനായി ആയാൾ അനുഗമിച്ചു. നേരേ അവളുടെ വീട്ടിൽ ചെന്നു മഹാത്മാവായ രാമാനുജന്റെ പാദങ്ങളിൽ അഭയപ്രാർത്ഥനയോടേ ആയാൾ വീണു. തനിക്കുണ്ടായിരുന്ന സർവ്വധനവും രാമാനുജന്നായി ആയാൾ അർപ്പിച്ചു. രാമാനുജൻ ആയാളെ വാത്സല്യപൂർവ്വം അനുഗ്രഹിച്ചു തന്റെ പ്രിയശിഷ്യനായി അംഗീകരിക്കയും ചെയ്തു. അന്നുമുതൽ രാമാനുജനെ ആരാധിച്ചുകൊണ്ടാണു് ആയാളുടെ ജീവിതം.

ഇവിടെ ഇങ്ങിനെയെല്ലാം നടന്നുകൊണ്ടിരിക്കുമ്പോൾ ആ നാട്ടിൽത്തന്നെ മറെറാരിടത്തു് ആ മഹാപ്രഭുവായ യജ്ഞേശൻ രാമാനുജൻെറ ആഗമനത്തെ കാത്തുകാത്തുകൊണ്ടിരിക്കയാണു്. അന്നുമുഴുവൻ അദ്ദേഹം ഗുരുവിനെ കാത്തുകൊണ്ടുതന്നെ കഴിച്ചു. പിറെറന്നാൾ താൻതന്നെ അന്വേഷിച്ചുകൊണ്ടിറങ്ങി. വഴിയിൽ എതിർപെട്ട ചിലരിൽനിന്നു രാമാനുജൻ വരദാര്യൻെറ കുടിലിൽ വിശ്രമിക്കുന്നുണ്ടെന്നുകേട്ടു യജ്ഞേശൻ ആവേശത്തോടെ അങ്ങോട്ടു ചെന്നു. ശിഷ്യന്മാരുമായി ആദ്ധ്യാത്മികവിഷയത്തെക്കുറിച്ചു സംവാദംചെയ്തുകൊണ്ടു് അവിടെ സ്ഥിതിചെയ്യുന്ന രാമാനുജനെ കണ്ടു് അദ്ദേഹം ഓടിച്ചെന്നു നമസ്കരിച്ചു.

"പ്രഭോ, വഴിതെററി അങ്ങു് എങ്ങോട്ടു പോയോ എന്നു ഞാൻ സംഭ്രമിച്ചുകൊണ്ടിരിക്കയായിരുന്നു. ഇന്നലെ മുഴുവൻ ഞാൻ കാത്തിരുന്നു. ചക്രവർത്തിക്കുപോലും അസൂയതോന്നത്തക്കവണ്ണം അത്ര ഗംഭീരമായ സൽക്കാരകോലാഹലങ്ങൾക്കു ഞാൻ ഏർപ്പാടുചെയ്തിരുന്നു. അങ്ങയെ കാണായ്കയാൽ കുറേയൊന്നുമല്ലാ എൻെറ മനസ്സു പുകഞ്ഞതു്. അങ്ങയെ അന്വേഷിച്ചുകൊണ്ടു ഞാൻ പലേടത്തും ചുററിത്തിരിഞ്ഞു നടന്നു. ഇപ്പോഴെങ്കിലും, ഭാഗ്യത്താൽ ഞാൻ അങ്ങയെ കാണുമാറായി. എൻെറ സ്നേഹിതനും ഉത്തമഭക്തനുമായ വരദാര്യനു് അങ്ങു് ആതിഥ്യം കൊടുത്തതിൽ എനിക്കു സന്തോഷമേയുള്ളു. എന്നാൽ, വരദാര്യൻ നിർദ്ധനനാണു്. അതുകൊണ്ടു്, ഇനി എൻെറ വീട്ടിലേക്കു് അങ്ങു് എഴുന്നള്ളിയാലും."

രാമാനുജൻ—"താൻ ആരാണു്? തന്നെ ഞാൻ അറികയില്ലല്ലോ. അപരിചിതന്മാരുടെ ഗൃഹത്തിലേക്കു

ഞാൻ ചെല്ലാറില്ലാ. ഇതിന്മുമ്പു തന്നെ ഞാൻ അറികയില്ലെന്നിരുന്നിട്ടും, താൻ എന്നോടു സുപരിചിതനെന്നപോലെ സംസാരിക്കയും, സ്വാതന്ത്ര്യത്തോടേ വിളിക്കുകയും ചെയ്യുന്നുവല്ലോ. യജ്ഞേശൻ എന്നൊരാൾ ഈ നാട്ടിൽ എന്റെ ശിഷ്യനായി ഉണ്ടായിരുന്നു. ആയാൾ സുശീലനും വിനീതനുമാണ്. ഗർവ്വത്തിന്റെ ലാഞ്ഛനപോലും ആയാൾക്കില്ലാ. ഭഗവൽഭക്തന്മാരെ പരിസേവനംചെയ്യാനുള്ളതാണ് ആയാൾക്കു തന്റെ ജീവിതം. എന്റെ ആഗമനത്തെക്കുറിച്ച് ആയാളെ അറിയിക്കുവാൻ ഞാൻ ദൂതനെ അയച്ചിരുന്നു. 'അദ്ദേഹത്തെ അവിടെ കണ്ടില്ലാ' എന്നു പറഞ്ഞുകൊണ്ടാണു ദൂതൻ മടങ്ങിയതു്. അതേ പേരോടേ വേറൊരാളെ ദൂതൻ കണ്ടുവത്രേ. ആയാൾ പ്രതാപം മുഴുത്ത പണക്കാരൻ; ഗർവ്വംകൊണ്ടു വീർത്തവൻ; പേരിനുവേണ്ടി മാത്രം ധർമ്മംചെയ്യുന്നവൻ; ഭക്തന്മാരെ ധിക്കരിക്കുന്നവൻ. ആ ഗർവ്വിഷ്ഠൻ താനാണെങ്കിൽ, തന്നോട് എനിക്കു കാര്യമൊന്നുമില്ലാ. ഞാൻ അയച്ച ആൾ എന്റെ പ്രിയശിഷ്യനും വിനയാദി ഗുണസമ്പന്നനുമായ യജ്ഞേശനെ കാണാതെ ആ പേരോടുകൂടിയ വേറൊരാളെ ചെന്നുകണ്ടു് അനാവശ്യമായി ഉപദ്രവിച്ചതിനു ക്ഷമയ്ക്കായി ഞാൻ തന്നോട് അപേക്ഷിക്കുന്നു."

"അയ്യോ, ഞാൻ നശിച്ചു" എന്ന മുറവിളിയോടേ യജ്ഞേശൻ രാമാനുജന്റെ മുമ്പിലേക്കു മൂർച്ഛിതനായി വീണു. കരുണാലയനായ രാമാനുജൻ ആ ശിഷ്യനെ വാത്സല്യത്തോടേ എടുത്തു ശീതളോപചാരങ്ങളാൽ സമാശ്വസിപ്പിച്ചു. താൻ വ്യാമോഹത്താൽ ചെയ്തുപോയ

അപരാധത്തെയോൎത്തു ലജ്ജകൊണ്ടും ഭയംകൊണ്ടും യജ്ഞേശൻ നിശ്ശബ്ദനായി അധോമുഖനായി നിന്നു. അപ്പോൾ രാമാനുജൻ അരുളിയതാവിതു്:—

"തന്നെ ഇപ്പോൾ നോക്കുമ്പോൾ ആ യജ്ഞേശന്റെ ഛായ കുറേശ്ശ കാണുന്നുണ്ടു്. അന്നു കണ്ടതിൽ നിന്നു് അല്പം മെലിച്ചിരിക്കുന്നു. തന്റെ ധവളവസ്ത്രത്തിൽ അവിടവിടെ ചില പൊട്ടുകൾ പററിയതു വെടിപ്പായില്ലാ. അതിനെ താൻ ഉടനേ ശുചീകരിക്കണം."

അനന്തരം രാമാനുജൻ ആ നാട്ടിൽനിന്നു പുറപ്പെട്ടു. യജ്ഞേശൻ അന്നുമുതൽ വൈഷ്ണവന്മാരുടെ വസ്ത്രങ്ങളെ മുക്കിനനച്ചു് അഴുക്കുകളഞ്ഞുകൊടുക്കുന്ന ജോലി തന്റെ നിത്യകൎമ്മങ്ങളിൽ ഉൾപ്പെടുത്തി. ഇങ്ങിനെ പശ്ചാത്താപംകൊണ്ടും പ്രായശ്ചിത്തംകൊണ്ടും അദ്ദേഹം പുണ്യാത്മാവായ്ത്തീൎന്നപ്പോഴാണു രാമാനുജന്റെ തിരിച്ചുവരവുണ്ടായതു്. അന്നു രാമാനുജൻ ആതിഥ്യത്തോടേ ചെന്നു യജ്ഞേശനെ അനുഗ്രഹിക്കയുമുണ്ടായി.

രാമാനുജൻ കാഞ്ചീപുരത്തിൽ എത്തി. ആദ്യം തന്നെ തിരുക്കച്ചിനമ്പിയാരെ കണ്ടു് ആശിസ്സേററു. പിന്നെ വരദരാജസ്വാമിയുടെ സന്നിധിയിൽ ചെന്നു് ആരാധിച്ചു. ഗുരുവിന്റെ അനുജ്ഞയോടേ തിരുപ്പതിക്കായി വീണ്ടും യാത്രതുടരുകയും ചെയ്തു.

മാൎഗ്ഗമദ്ധ്യേ രാമാനുജനും ശിഷ്യന്മാരും അങ്ങൊരു ഘോരാരണ്യത്തിൽ വഴിതെററിക്കുടുങ്ങി. വഴിയറിയാതെ അവർ അവിടെ ചുററിത്തിരിഞ്ഞുതുടങ്ങി. ഈ വിപത്തിൽ യാതൊരു കഴിവും കാണാതെ അവർ കഷ്ടപ്പെടുമ്പോൾ, ഭാഗ്യത്താൽ, വനവാസിയായ ഒരാളെ യദൃച്ഛയാ കണ്ടു. കാട്ടിൽനിന്നു വെളിയിലേക്കു കടക്കുവാൻ വഴികാണിച്ചുതരേണമെന്നു് അവർ അപേക്ഷിച്ചതു് ആ

യാൾ അനുകമ്പയോടേ കൈക്കൊണ്ടു. അങ്ങിനെ ആ
യാളുടെ സാഹായ്യത്താൽ കഷ്ടപ്പാടുകൂടാതെ അവർ ജന
പദത്തിലെത്തി. അതുവരെക്കും അവരോടൊരുമിച്ചുചെ
ന്ന ആ വനവാസി തന്റെ പാൎപ്പിടത്തിലേക്കു മടങ്ങു
വാൻ അനുജ്ഞ ചോദിച്ചു. ഉടനേ രാമാനുജൻ കൈകൂ
പ്പിക്കൊണ്ടു് ആയാളെ നമസ്കരിച്ചു്, തനിക്കു ചെയ്ത ഉ
പകാരത്തെപ്പററി വളരെയെല്ലാം അഭിനന്ദിച്ചുപറഞ്ഞു.
ആയാൾ കാട്ടിലേക്കു മറഞ്ഞപ്പോൾ, ഒരു താണജാതി
ക്കാരനെ തങ്ങളുടെ ഗുരുനാഥൻ നമസ്കരിച്ചതിനെ സം
ബന്ധിച്ചു ശിഷ്യന്മാർ അസുഖത്തോടേ ഓരോന്നു ജല്പി
ച്ചുതുടങ്ങി. അതുകേട്ടു രാമാനുജൻ പറഞ്ഞതു് ഇതാ
ണു്:—"ഞാൻ സാക്ഷാൽ ഭഗവാനെയാണു നമസ്കരിച്ച
തു്. ബ്രാഹ്മണനിലെന്നപോലെ നിഷാദനിലും ഈശ്വ
രനുണ്ടു്. എവിടെയെല്ലാം നന്മകാണുന്നുവോ അവിടെ
യൊക്കെ ഈശ്വരൻ പ്രകാശിക്കുന്നു. ആ ഈശ്വരചൈ
തന്യത്തെ ആ വനവാസിയിൽ കണ്ടു് അതിനെ ഞാൻ
ഭക്തിപൂൎവ്വം നമസ്കരിച്ചു. ഇതിലെന്താണു നിങ്ങൾക്കു
തൎക്കം?" ഇതിന്നു മറുപടിയൊന്നും ശിഷ്യന്മാൎക്കു തോന്നി
യില്ല.

അനന്തരം രാമാനുജനും ശിഷ്യന്മാരും തിരുപ്പതി
യിൽ എത്തി. ശൈലപൂൎണ്ണനും അനന്താൎയ്യനും അവരെ
എതിരേററു സൽക്കരിച്ചു. ശൈലപൂൎണ്ണന്റെ മഠത്തി
ലാണു രാമാനുജൻ താമസിച്ചതു്. ഒരു സംവത്സരകാലം
അവിടെ പാൎത്തു ശൈലപൂൎണ്ണനിൽനിന്നു് ആദ്ധ്യാത്മിക
വിഷയമായ പല തത്വങ്ങളും രാമാനുജൻ പഠിക്കയു
ണ്ടായി. തിരുപ്പതിയിൽ ശ്രീവേങ്കടേശക്ഷേത്രം സ്ഥിതി
ചെയ്യുന്ന ആ പൎവ്വതം സാക്ഷാൽ ആദിശേഷനാണെന്നാ
ണു സങ്കല്പം. ശേഷനെ ചവിട്ടുന്നതു പാപമാണെന്നു

വിചാരിച്ചു് ആഴ്വാന്മാർ അടിവാരത്തിൽ നിന്നുകൊണ്ടാണു വേങ്കടേശനെ ഭജിക്കുന്നതു്. അപ്രകാരം പൂർവ്വികന്മാരായ ആഴ്വാന്മാരുടെ വിഗ്രഹങ്ങളെ പ്രതിഷ്ഠിച്ചിരിക്കുന്നതു് അടിവാരത്തിലാണു്. താനും പർവ്വതാഗ്രത്തിലേക്കു കേറുന്നില്ലെന്നു രാമാനുജൻ വാദിച്ചുവെങ്കിലും അനന്താഴ്വാൻ അതിന്നിണങ്ങിയില്ല. ആ ശിഷ്യന്റെ നിർബ്ബന്ധംകൊണ്ടു രാമാനുജൻ മലയുടെ മുകളിലേക്കു പോയി. അവിടെ വേങ്കടേശനെ ആരാധിച്ചുകൊണ്ടു് ആ ക്ഷേത്രത്തിൽ അദ്ദേഹം മൂന്നുനാൾ മാത്രമേ തങ്ങിയുള്ളു. മൂന്നുദിവസത്തിലധികം ഒരേ ക്ഷേത്രത്തിൽ വസിക്കുവാൻ വിധിയില്ലെന്നുപറഞ്ഞു് അദ്ദേഹം താഴെ ഇറങ്ങി.

തിരുപ്പതിയിൽ പാർക്കുന്നകാലത്തു പല ശിഷ്യന്മാരും രാമാനുജന്നുണ്ടായി. അവിടത്തെ രാജാവായ വിട്ടലരായർ വിശിഷ്ടാദ്വൈതമതത്തെ അംഗീകരിച്ചു് അതിന്റെ പ്രചാരത്തിന്നായി പ്രയത്നിക്കുന്നതിന്നു് ഉത്സുകനായി. പുതിയ ശിഷ്യന്മാരിൽ വേറെ രണ്ടുപേർ ശൈലപൂർണ്ണന്റെ പുത്രന്മാരാണു്. അവരിൽ ഇളയവനായ പിള്ളാൻ ഉത്തമലക്ഷണങ്ങളോടുകൂടിയ ആളാകയാൽ ആയാളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവേണമെന്നു പറഞ്ഞറിയിച്ചോടുകൂടിയാണു തന്റെ ആ മകളെ ശൈലപൂർണ്ണൻ രാമാനുജനെ ഏല്പിച്ചതു്. തന്റെ ശിഷ്യഗണത്തിൽനിന്നു മൂപ്പത്തുപേരെ തിരുപ്പതിയിൽത്തന്നെ സ്ഥിരമായി വസിക്കുവാൻ രാമാനുജൻ നിയോഗിച്ചു് അതിലേക്കു വേണ്ടുന്ന ഏർപ്പാടുകളെല്ലാം ചെയ്തുകൊടുത്തു.

ഗോവിന്ദൻ ശൈലപൂർണ്ണനെ ഈശ്വരനായി ആരാധിച്ചുകൊണ്ടാണു വാഴുന്നതു്. തന്റെ ജീവിതംകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ള മഹാകർമ്മങ്ങളുടെ സാഫല്യത്തിന്നു ഗോ

വിന്ദന്റെ സഹായം തനിക്ക കൂടിയേകഴിയൂ എന്ന രാമാനുജൻ ഇതിനുമുമ്പുതന്നെ കരുതീട്ടുള്ളതാണ്. ഗോവിന്ദന്റെ ഗുരുഭക്തികണ്ടു് ഓരോനാളും രാമാനുജനു് അത്ഭുതം വളൎന്നുതുടങ്ങി. എങ്ങിനെയെങ്കിലും ഗോവിന്ദനെ തനിക്ക വശഗനാക്കേണമെന്ന ലാക്കുനോക്കി ആയാളുടെ സ്ഥിതിഗതികളിൽതന്നെ അദ്ദേഹം കണ്ണിട്ടുകൊണ്ടാണിരുന്നതു്.

ഒരുനാൾ ഗോവിന്ദൻ ഗുരുവിനു കിടക്കുവാൻ മെത്ത വിരിക്കയായിരുന്നു. മെത്തയെ തട്ടിതട്ടി നിരപ്പാക്കി, പൊടിയെല്ലാം ഇളക്കികളഞ്ഞു ഭംഗിയായി നിൎമ്മലവസ്ത്രംകൊണ്ടു വിരിച്ചതിൽപ്പിന്നെ, ഗോവിന്ദൻ അതിന്മേൽ നീണ്ടുനിവിൎന്നുകിടന്നു് അങ്ങോട്ടുമിങ്ങോട്ടും ഉരുണ്ടു്, ഉടനെ എഴുന്നേററുപോകുന്നതു രാമാനുജൻ കണ്ടു. ഗുരുതല്പത്തിൽ ശിഷ്യൻ കിടക്കുകയോ? അതു പാപമല്ലയോ? ഗോവിന്ദനെപ്പോലെയുള്ള ഒരു ഉത്തമശിഷ്യൻ ഇങ്ങിനെ അതിക്രമമായി പ്രവൎത്തിക്കുകയെന്നോ? ഇതിലെന്തോ രഹസ്യമുണ്ടെന്നു രാമാനുജൻ ശങ്കിച്ചു. അതു മനസ്സിലാക്കുവാൻ അദ്ദേഹം ശൈലപൂൎണ്ണനോടു് ഈ സംഭവത്തെക്കുറിച്ചു പറഞ്ഞു. ശൈലപൂൎണ്ണൻ ഗോവിന്ദനെ വിളിച്ചു്, "മകനേ, എനിക്കുവേണ്ടി വിരിച്ച മെത്തയിൽ നീതന്നെ കേറികിടന്നുവോ" എന്നു ചോദിച്ചു.

ഗോവിന്ദൻ—"ഞാൻ കിടന്നതു വാസ്തവമാണ്. ഇന്നു മാത്രം അങ്ങിനെ ചെയ്തതല്ലാ. പതിവായി ദിവസംതോറും ഞാൻ ചെയ്യുന്നതാണിതു്."

ശൈലപൂൎണ്ണൻ—"ഗുരുതല്പത്തിൽ ശിഷ്യൻ കിടക്കുന്നതു പാപമാണെന്നു നീ ധരിച്ചിട്ടില്ലയോ?"

ഗോവിന്ദൻ—"അറിയാം. അറിഞ്ഞുകൊണ്ടുതന്നെയാണു ചെയ്യുന്നതു്. അറിവോടെ പാപംചെയ്താൽ പ്രാ

യശ്ചിത്തംകൊണ്ടുപോലും അതു ശമിക്കയില്ലായിരി
ക്കാം. വേണ്ടാ; എന്റെ ഗുരുവിന്നുവേണ്ടി നരക
വേദന അനുഭവിക്കേണ്ടിവന്നാലും എനിക്കു് അ
തിൽ സന്തോഷമേയുള്ളു. ഞാൻ വിരിച്ചു വെടിപ്പാ
ക്കിയ മെത്ത എന്റെ ഗുരുവിന്നു സുഖപ്രദമാകുമോ
എന്നു ഞാൻതന്നെ കിടന്നുനോക്കിയാലേ എനിക്കു
തൃപ്തിയാകുന്നുള്ളു; വല്ല കരടോ ചുളിവോ മെത്ത
മേലുണ്ടോ എന്നു ഞാൻ അനുഭവിച്ചുനോക്കുകയാ
ണു ചെയ്യുന്നതു്. അതിൽ എന്റെ സുഖമല്ലാ, ഗു
രുവിന്റെ സുഖമാണു ഞാൻ മനസ്സിൽ കരുതുന്നതു്.
ഇതിൽനിന്നുള്ള പാപത്തെ എനിക്കു പേടി
യില്ലാ."

ഈ ഉത്തരംകേട്ടു ശൈലപൂർണ്ണനെന്നപോലെ രാമാ
നുജനും അഭിനന്ദനപൂർവ്വകം മന്ദഹസിച്ചു.

പിന്നെയൊരിക്കൽ രാമാനുജൻ മഠത്തിന്നരികെയു
ള്ള ഉദ്യാനത്തിൽ ലാത്തുകയായിരുന്നു. അല്പം അകലെ
യായി ഗോവിന്ദൻ എന്തോ ചെയ്യുന്നതുകണ്ടു് അങ്ങോട്ടു
നോക്കി. ഘോരകൃഷ്ണസർപ്പം ആയാളുടെ മുഖത്തിന്നെതി
രെ വായപിളർന്നുകൊണ്ടു നില്ക്കുന്നു. ആ വായയിൽ ആ
യാൾ കൈവിരലുകൾ കടത്തുന്നു. പിന്നെ ആ വിരലു
കൾ പുറത്തെടുത്തതോടുകൂടി ആ സർപ്പവും ഗോവി
ന്ദനും ഓരോ വഴിക്കു തിരിയുന്നു. ഗോവിന്ദൻ നേരെ
ചെന്നു കളിച്ചു തന്റെ ജോലികളിൽ പ്രവേശിക്കുന്നതും
രാമാനുജൻ അത്യത്ഭുതത്തോടെ കണ്ടു. ഉടനേ അദ്ദേഹം
ഗോവിന്ദനെ വിളിച്ചു്, "അനുജാ, നീ ഇപ്പോൾ എന്താ
ണു ചെയ്തതു്; സർപ്പത്തിൻ വായയിൽ കൈയിട്ടുകൊടുക്കാ
യോ?" എന്നു ചോദിച്ചു.

"ആ സൎപ്പത്തിന്റെ കണ്ഠത്തിൽ വലിയൊരു മുള്ളു കുത്തിക്കേറിയിരുന്നു. അതുകൊണ്ട് അത് ഏററവും സങ്കടപ്പെട്ടുകൊണ്ടാണിരുന്നത്. നാവിനെ പുറത്തേക്കു തള്ളി ദീനതയോടെ അതു കിടക്കുന്നതു കണ്ടപ്പോൾ എനിക്ക് അനുതാപമുണ്ടായി. ഞാൻ അടുത്തുചെന്നപ്പോൾ അതു വായ തുറന്നുകാണിച്ചു. പതുക്കെ ആ മുള്ളു ഞാൻ വലിച്ചെടുത്തുകളഞ്ഞ് അതിനെ രക്ഷപ്പെടുത്തിയയച്ചു."

സാമാന്യകാൎയ്യമായിട്ടാണു ഗോവിന്ദൻ ഇത്രയും പറഞ്ഞത്. എന്നാൽ, രാമാനുജനാവട്ടെ, പരിപൂൎണ്ണപ്രേമത്താൽ ലോകത്തിലെ ഘോരസത്വങ്ങളെപ്പോലും ഇണക്കുവാൻ കഴിഞ്ഞിരിക്കുന്ന ഗോവിന്ദൻ എത്ര ദിവ്യചരിത്രനാണെന്നോൎത്ത് ആനന്ദവശഗനായി നിന്നുപോയ്!

തിരുപ്പതിയിൽനിന്നു രാമാനുജന്നു മടങ്ങുവാനുള്ള കാലമായി. യാത്രയ്ക്കായി അനുജ്ഞ ചോദിക്കുന്നതിന്നിടയ്ക്ക്, ശൈലപൂൎണ്ണനോടു രാമാനുജൻ ഇങ്ങിനെ പ്രാൎത്ഥിച്ചു:—

"സ്വാമിൻ, എനിക്കു വളരെനാളായി ഒരു ആഗ്രഹമുണ്ട്. അത് അങ്ങേക്കു അപ്രിയമായേക്കുമോ എന്ന് സംശയിച്ചിട്ടാണ് ഇതുവരെ മറച്ചുവെച്ചത്. ഇനിയും ക്ഷമിക്കുവാൻ എനിക്കു ശക്തിയില്ല. അങ്ങയുടെ ഉത്തമശിഷ്യനായ ഗോവിന്ദൻ എന്റെ സഹായിയായി ഒരുമിച്ചുണ്ടെങ്കിൽ എന്റെ ഉദ്ദേശമെല്ലാം സഫലമാകുവാൻ പ്രയാസമില്ലെന്നു എനിക്കു നിശ്ചയമുണ്ട്. ആയാളുടെ സാഹചൎയ്യത്തിന്നായി എനിക്കുള്ള ആശയെ അങ്ങ് നിറവേററിത്തന്നാലും!"

ശൈലപൂൎണ്ണൻ:—"താങ്കൾക്ക് അപേക്ഷിക്കാവുന്നതായി ഏതോ ഒന്നു എന്റെവശം ഉണ്ടെന്നായതിൽ ഞാൻ സന്തുഷ്ടനായി. ഗോവിന്ദനെ ഇതിവൃത്ത

ന്നെ ഞാൻ താങ്കളുടെ അടുക്കലേക്കു അയയ്ക്കേണ്ടതായിരുന്നു. താങ്കൾക്ക് അവനെക്കൊണ്ടു കാര്യമുണ്ടെങ്കിൽ ഇപ്പോൾത്തന്നെ കൂട്ടിക്കൊണ്ടുപോകാമല്ലോ."

ഉടനെ ശൈലപൂർണ്ണൻ ഗോവിന്ദനെ വിളിച്ച് രാമാനുജന്റെ ശിഷ്യനായി അനുവർത്തിക്കുവാൻ ആജ്ഞാപിച്ചു.

"ഗോവിന്ദാ, നിന്നെ ഞാൻ രാമാനുജന്ന് നൽകിയിരിക്കുന്നു. നിനക്ക് എന്നോടുള്ള ഭക്തിയും വിശ്വാസവും ഇന്നുമുതൽ രാമാനുജനോടും ഉണ്ടാവണം. അദ്ദേഹത്തിന്നു അപ്രിയമായി യാതൊന്നും ചെയ്യാതെ നീ വർത്തിക്കേണ്ടതാണ്."

ഈ നിയോഗംപോലെ ഗോവിന്ദൻ രാമാനുജനോടൊരുമിച്ചു യാത്രയായി. അവർ തിരുപ്പതിയിൽനിന്നു പുറപ്പെട്ട് പല പുണ്യക്ഷേത്രങ്ങളും ദർശിച്ചുകൊണ്ട് കാഞ്ചീപുരത്തിൽ എത്തി. അവിടെ രാമാനുജൻ ശിഷ്യജനസമേതം കാഞ്ചിപൂർണ്ണന്റെ മഠത്തിൽ ഏതാനും നാൾ വിശ്രമിച്ചു.

ശൈലപൂർണ്ണന്റെ വിയോഗം ഗോവിന്ദന്ന് ദുസ്സഹമായി. ശോകാധീനനായി ഒട്ടും ഉന്മേഷമില്ലാത്ത നിലയിലാണ് ആയാളെ കണ്ടത്. നാൾക്കുനാൾ ദേഹം ശോഷിച്ചുതുടങ്ങി. ഈ അവസ്ഥയിൽ രാമാനുജന്നു അനുതാപമുണ്ടായി. "നിനക്ക് ശൈലപൂർണ്ണനെ കാണേണമെന്നുണ്ടെങ്കിൽ നീ അങ്ങോട്ട് ഒന്നു പോയിവരുന്നത് എനിക്കു സന്തോഷംതന്നെ" എന്നു രാമാനുജൻ ഒരുനാൾ ഗോവിന്ദനെ വിളിച്ചു പറഞ്ഞു. തന്റെ മനോഗതം രാമാനുജൻ അറിഞ്ഞതിൽ ഗോവിന്ദന്ന് ആദ്യം അല്പം ലജ്ജ തോന്നി. സത്യം വെളിപ്പെട്ടതുകൊണ്ട് ഇനിയെന്തിനു മടിക്കുന്നു? തിരുപ്പതിയിലേക്കു താൽക്കാലികമായിട്ടെങ്കിലും മടങ്ങുന്നത് രാമാനുജന്നു അപ്രിയമായേക്കുമോ

എന്നു സംശയിച്ചിട്ടാണ്, തന്റെ വാഞ്ഛയെ മനസ്സിൽ തന്നെ വെച്ചുകൊണ്ട് ഗോവിന്ദന് ഖേദിച്ചുകഴിയേണ്ടിവന്നത്. തന്റെ ആഗ്രഹംപോലെ രാമാനുജനിൽനിന്ന് അനുജ്ഞകിട്ടുകയാൽ ഗോവിന്ദൻ ശൈലപൂർണ്ണനെ കാണുവാൻ ഉടനേ പുറപ്പെട്ടു.

ഒരേയാത്രയായി ആയാൾ തിരുപ്പതിയിൽ എത്തി. ശൈലപൂർണ്ണൻ മഠത്തിന്നുള്ളിലാണപ്പോൾ. താൻ വന്നിരിക്കുന്നത് അകത്തുചെന്ന് അറിയിക്കുവാൻ ഗോവിന്ദൻ ആളെവിട്ടു. ശൈലപൂർണ്ണൻ ഇതുകേട്ടപ്പോൾ—"ഏതാണ് ആ ഭ്രാന്തൻ; അവനെ ഞാൻ അറികയില്ല" എന്നു മറുക്കുകയാണ് ചെയ്തത്. എന്നാൽ, ഗൃഹനായികക്ക് ഗോവിന്ദനെ കണ്ടു ദയതോന്നി. ഭർത്താവിനെ സാന്ത്വനംചെയ്യുവാൻ ആ സാധ്വി മുന്നിട്ടു.

"നാഥാ ആ പാവം ബഹുയോജനദൂരം നടന്നു തളർന്നു വന്നിരിക്കയാണല്ലോ. അരികെ വിളിച്ച് രണ്ടുവാക്കെങ്കിലും പ്രീതിയോടെ പറഞ്ഞ്, കുറച്ചു ചോറുകൊടുത്തതിൽപ്പിന്നെ അവനെ അയക്കുകയല്ലേ നല്ലത്?"

"ഞാൻ ദാനംചെയ്തതിനെ തിരിയേ എടുക്കയില്ല. ദത്താപഹാരം പാപമാണ്. അന്യന്നു വിററുകഴിഞ്ഞ പശുവിന്ന് ആരെങ്കിലും പുല്ലുകൊടുക്കാറുണ്ടോ? ആ മൂഢനോടു ഇവിടെ നില്ക്കരുതെന്നുപറയു," എന്ന് ശൈലപൂർണ്ണൻ അപ്പോഴും നിഷേധിക്കതന്നെയാണു ചെയ്തത്.

ഇതെല്ലാം ഗോവിന്ദൻ അറിഞ്ഞു. അവിവേകത്താൽ ഗുരുവിന്നു താൻ അപ്രിയംചെയ്തതിൽ കഠിനമായ പശ്ചാത്താപത്തോടെ ആയാൾ ഉടൻതന്നെ കാഞ്ചീപുരത്തേക്കു പോന്നു.

കരഞ്ഞുകൊണ്ടാണ് രാമാനുജന്റെ മുമ്പിൽ ഗോവിന്ദൻ ചെന്നത്. ആയാളെ ശൈലപൂർണ്ണൻ കോപത്തോ

ടേ നിരാകരിച്ചിരിക്കയാണെന്നു രാമാനുജൻ അറിഞ്ഞു. അദ്ദേഹം ആ മഹാ ഗംഭീരചിത്തനായ ശൈലപൂർണ്ണനെ മനസാ അഭിനന്ദിക്കയും, ഗോവിന്ദനെ സ്നേഹപൂർവ്വം സാന്ത്വിതനാക്കുകയും ചെയ്തു. അന്നുമുതൽ ഗോവിന്ദനെ അധികംസ്നേഹത്തോടെ രാമാനുജൻ ആദരിച്ചുവന്നു. അങ്ങിനെ ഗോവിന്ദന്റെ ഉൽക്കണ്ഠയെല്ലാം അകന്നു് രാമാനുജനിൽ ഭക്തിവിശ്വാസങ്ങൾ പൂർണ്ണമായു് ഉറച്ചു.

കാഞ്ചീപുരത്തിൽനിന്നു് രാമാനുജൻ ശ്രീരംഗത്തേക്കു മടങ്ങി. പല മാസങ്ങളായി വിയോഗശോകം വഹിക്കുന്ന ആ നാട്ടുകാർ രാമാനുജനെ ഹർഷാധിക്യത്തോടേ എതിരേററു സൽക്കരിച്ചു. വീണ്ടും രാമാനുജൻ രംഗനാഥകൈങ്കര്യത്തിൽ മുൻപോലെ ഏർപ്പെട്ടുകയും ചെയ്തു.

മറെറല്ലാ ശിഷ്യരേയുംകാൾ രാമാനുജനെ അധികഭക്തിയോടേ ശുശ്രൂഷിച്ചുവന്നതു ഗോവിന്ദനാണു്. രാമാനുജൻ ചെയ്യുന്ന ഉപദേശങ്ങളേയും പ്രസംഗങ്ങളേയും വ്യാഖ്യാനങ്ങളേയുമെല്ലാം ഗോവിന്ദൻ ശ്രദ്ധയോടേ കേട്ടുകൊണ്ടിരുന്നു. പകൽ മുഴുവൻ ആയാൾ ഗുരുസന്നിധിയിൽത്തന്നെയാണു്. രാത്രിയായാൽ ഗുരുവിന്റെ മഹത്വത്തെക്കുറിച്ചു് സതീർത്ഥ്യന്മാർ കേൾക്കുവാൻ വർണ്ണിക്കയായി. ആരും അരികേ ഇല്ലെങ്കിൽ, തന്നെത്താൻ ആയാൾ ഗുരുവിനെ ധ്യാനിച്ചുകൊണ്ടിരിക്കും. ഗുരുകാര്യമല്ലാതെ ആയാൾക്കു ജീവിതത്തിൽ വേറെ ഒന്നുമില്ലെന്നായി.

ഒരുനാൾ ശിഷ്യരെല്ലാവരുംകൂടി ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു ഗോവിന്ദനെക്കുറിച്ചു് പ്രസ്താവമുണ്ടായി. ഗോവിന്ദനും അക്കൂട്ടത്തിലുണ്ടു്. ജ്ഞാനത്തിലും, ബുദ്ധിയിലും, ഗുരുഭക്തിയിലും, വിഷയവൈരാഗ്യത്തിലും ഗോവിന്ദൻ അദ്വിതീയനാണെന്നു അ

വരെല്ലാവരും ശ്ലാഘിച്ചു. കൂട്ടത്തോടെയുണ്ടായ അവരുടെ ആ അഭിനന്ദനം കുറേനേരം നീണ്ടുനിന്നു. ഗോവിന്ദനും ആ പ്രശംസയിൽ പങ്കുചേർന്നു്, മററുള്ളവരോടൊപ്പം ഗോവിന്ദനെ സ്തുതിച്ചുതുടങ്ങി. ഈ ആത്മസ്തുതി കേട്ടപ്പോൾ മററുള്ളവർക്കു വല്ലായ്മയുണ്ടായി. സാധുജനത്തിന്നു് ആത്മസ്തുതി അരുതാത്ത കർമ്മമാണല്ലോ. അതു ഗോവിന്ദൻ ചെയ്തതിൽ അവർക്കു് അത്ഭുതമായി. രാമാനുജൻ ഈ സംഭവം കേട്ടു് ഗോവിന്ദനെ വിളിച്ചു.

ഗോവിന്ദാ, നിന്നെ എങ്ങിനെ മൂർഖത ബാധിച്ചു? നിന്നെ മററു ശിഷ്യന്മാർ ശ്ലാഘിച്ചപോൽ. ആ ശ്ലാഘയെ നീ അർഹിക്കുന്നവൻ തന്നെയാണു്. എന്നാൽ ആ സ്തുതിവാക്കുകൾ കേൾക്കുമ്പോൾ, 'ഞാൻ അത്രയ്ക്കു യോഗ്യനല്ല' എന്നോ മറേറാ പറഞ്ഞു് നീ വിനീതനായി ഒതുങ്ങി നില്ക്കുകയല്ലേ ചെയ്യേണ്ടിയിരുന്നതു്? അങ്ങിനെയല്ലാതെ, തന്നെത്താൻ പുകഴ്ത്തിപ്പറയുകയോ നീ ചെയ്തതു്? ആത്മസ്തുതിയിൽ വെറും മൂർഖന്മാർക്കാണല്ലോ പ്രിയം!"

ഗോവിന്ദൻ—"സ്വാമിൻ, ഭക്തിക്കും വിനയത്തിന്നും വിരുദ്ധമായി ഞാൻ യാതൊന്നും ചെയ്തിട്ടില്ലെന്നാണു് എന്റെ വിശ്വാസം. എന്റെ സതീർത്ഥ്യന്മാർ എന്നെ സ്തുതിച്ചതെല്ലാം കാളത്തിയിൽ അന്ധകാരത്തിൽ മയങ്ങിക്കഴിഞ്ഞിരുന്ന ആ മനുഷ്യനിലാണു ചെന്നുചേരുന്നതു്. ഇവർ അഭിനയിച്ച ആ ഗുണങ്ങളൊക്കെയും അന്നു എന്നിൽ ഉണ്ടായിരുന്നു. എന്നാൽ, സ്വാമിൻ, അങ്ങു് എന്നെ രക്ഷിച്ചു. അന്നത്തെ ആ അപകൃഷ്ടാവസ്ഥയിൽനിന്നു അങ്ങു് എന്നെ ഈ ഉൽകൃഷ്ടാവസ്ഥയിൽ ഉയർത്തി. അങ്ങയാലുണ്ടായ ഈ ഉന്നതിയെ ഞാൻ അന്യന്റെ മുമ്പിൽ മറച്ചു

വെക്കുകയെന്നോ? അങ്ങയുടെ അനുഗ്രഹത്താൽ ഞാൻ ഭുജിക്കുന്നതു ആനന്ദം മററാൎക്കുമില്ലെന്നു ഞാൻ ആരോടും തീൎത്തുപറയും. അങ്ങെക്കു എന്നിലുള്ള കാരുണ്യത്തിൽ ചെറിയൊരംശംപോലും ഇവരാരും കണ്ടിട്ടില്ലാ. അതിനെക്കുറിച്ചു അഭിനന്ദിക്കുന്നതിന്നു എന്നെക്കാളധികം ആൎക്കുകഴിയും? ഞാൻ എന്നെ നോക്കിച്ചെയ്യു ആ സ്തോത്രമെല്ലാം, ഞാൻ ആരുടെ സന്നിധിയിൽ ഭക്തിപൂൎവ്വം വൎത്തിക്കുന്നുവോ, ആരുടെ അപാരകാരുണ്യത്താൽ ഐഹികസുഖങ്ങളെയെല്ലാം വെറുത്തുതള്ളി സാക്ഷാൽ ഭഗവാനേയും ഭഗവൽഭക്തന്മാരേയും നിരന്തരം ആരാധിച്ചുകൊണ്ടു് പരമാത്മജ്ഞാനത്തിൽ പ്രവേശിച്ചു് ഞാൻ ആനന്ദിക്കുന്നുവോ ആ അനന്തകല്യാണനിധിയായ ഗുരുദേവന്നായുള്ളതാണു്. അതുകൊണ്ടു എന്റെ ആ ആത്മസ്തുതി ഒട്ടും പിഴച്ചിട്ടില്ലെന്നാണു് ഞാൻ കരുതുന്നതു്."

ഈ വാക്കുകൾ കേട്ടപ്പോൾ ഗോവിന്ദനെക്കുറിച്ചു് രാമാനുജന്നു കൂടുതലായി അഭിനന്ദനമേ ഉണ്ടായുള്ളു. ഗോവിന്ദന്റെ ഹൃദയം നിഷ്കളങ്കമായി പ്രകാശിക്കുന്നതു കണ്ടു് രാമാനുജൻ ആയാളെ സഹർഷം കൊണ്ടാടി.

ഈശ്വരഭക്തിയിൽ പരിപൂൎണ്ണമായി ലയിച്ച ഗോവിന്ദനു തന്റെ ഭാൎയ്യയെപ്പററി വിചാരമേ ഉണ്ടായില്ലാ. ഇതിനെ സംബന്ധിച്ച അമ്മയും മകനും തമ്മിൽ ഒരു നാൾ സംവാദമുണ്ടായി.

"മകനേ, നിന്റെ കൎമ്മങ്ങളെല്ലാം വിശിഷ്ടങ്ങളാണെങ്കിലും, ഭാൎയ്യയോടുള്ള നിന്റെ പെരുമാററം ധൎമ്മോചിതമാണെന്നു എനിക്കു തോന്നുന്നില്ലാ. നീ ഗൃഹസ്ഥനാണു്. വംശവൃദ്ധിക്കു നീ കടപ്പെട്ടിട്ടുണ്ടു്. നിന്റെ

സമാരംഭങ്ങളെ പിൻതുടൎന്നു നടത്തുവാൻ നിനക്കു പുത്രൻ വേണം. ഇങ്ങനെയുള്ള ഗാർഹസ്ഥ്യധൎമ്മത്തെ നീ ലംഘിക്കുന്നതു നല്ലതല്ലാ"—എന്നു അമ്മ പറഞ്ഞു.

"അമ്മേ, ഞാൻ ഗൃഹസ്ഥനായി വൎത്തിക്കുന്നകാലത്തോളം അമ്മ പറഞ്ഞ കാൎയ്യങ്ങളെല്ലാം ശരിയായി നടത്തേണ്ടുന്നവൻതന്നെയാണ്. ഇരുട്ടിൽ ഞാൻ തനിയേ നില്ക്കുന്നതു് എപ്പോഴെങ്കിലും കണ്ടാൽ അവരും എന്റെ അടുക്കൽ വന്നുകൊള്ളട്ടെ" എന്നു മകൻ സമ്മതിച്ചു.

എന്നാൽ, ഗോവിന്ദനെ ഏകാന്തത്തിൽ ഒരിക്കലും കാണുവാൻ കഴിഞ്ഞില്ലാ. ആയാളുടെ ഭാൎയ്യ ആയാളെ തനിയേ കാണുന്നതിനു വളരെ നാളും പിന്തുടൎന്നു നോക്കി. അവരും അതിൽ നിരാശയാകയാണു ചെയ്തതു്.

ഇതെല്ലാം രാമാനുജൻ അറിഞ്ഞു. "ഗോവിന്ദാ, നീ ഗൃഹസ്ഥനാണ്. നിന്റെ ഭാൎയ്യയോടു നിനക്കുള്ള കടമകളെ നീ നിൎവ്വഹിക്കുന്നില്ലാ. നീ ഭാൎയ്യയെ മറന്നിരിക്കയാണ്. നിന്റെ ആശ്രമധൎമ്മത്തെ നീ ലംഘിക്കുന്നുവല്ലോ"—എന്നു് അദ്ദേഹം ഗോവിന്ദനെ ശാസിച്ചു.

"അങ്ങയുടെ ആജ്ഞപോലെ നടന്നുകൊള്ളാം" എന്നു് ഉണർത്തിച്ചു്, ഗോവിന്ദൻ വീട്ടിലേക്കു പോയി. അന്നുരാത്രി ആയാളും ഭാൎയ്യയെ തന്റെ അടുക്കലേക്കു വിളിച്ചു. ദീർഘകാലമായി ആശിച്ചിരുന്നിട്ടു സാധിച്ചതാകയാൽ, വളൎന്നുകവിഞ്ഞ സന്തോഷത്തോടെയാണ് അവരും ഭൎത്തൃസന്നിധിയിൽ ചെന്നതു്. എന്നാൽ, ഗോവിന്ദന്റെ മനസ്സിൽ കാമത്തിന്റെ ലാഞ്ഛനംപോലും ഇല്ലാതെയായിരിക്കയാണ്. അദ്ദേഹം തന്റെ ഭാൎയ്യയോടു് ഈശ്വരന്റെ മഹിമകളെപ്പററി ആഹ്ലാദത്തോടെ പറഞ്ഞുതുടങ്ങി. അങ്ങിനെ പറഞ്ഞുപറഞ്ഞു് നേരം പുലൎന്നു.

ശയ്യാഗാരത്തിൽ നടന്നതെന്തെന്നു് അമ്മയുടെ മനസ്സിലായി. "മകനേ, ഇങ്ങിനെയാണോ നിന്റെ ഗാർഹസ്ഥ്യവൃത്തി? വേദാന്തപ്രസംഗംകൊണ്ടു രാത്രികഴിച്ചു്, ഭാര്യയെ നീ വെറുതെ അയച്ചുവല്ലോ. ഇങ്ങിനെയാണോ ഭാര്യാഭർത്തൃവ്യവഹാരം നീ ഗുരുവിൽനിന്നു പഠിച്ചിരിക്കുന്നതു്?" എന്നു് അമ്മ ഗോവിന്ദനോടു പരിഭവിച്ചു.

"അമ്മേ, ഭഗവാന്റെ പീഠമാണല്ലോ ഹൃദയം. അതു ശുചിയായി യാതൊന്നും അതിന്മേൽ പററരുതു്. നികൃഷ്ടമായ ഭൂഗീയവിചാരങ്ങളാൽ മനസ്സിനെ മലിനമാക്കരുതു്. ആത്മജ്ഞാനപ്രകാശത്തിൽ തമോമയമായ വിഷയങ്ങൾക്കു സ്ഥാനമുണ്ടോ? ശ്രീരംഗത്തു നില്ക്കുമ്പോഴെങ്കിലും എന്റെ മനസ്സിനെ ഭാര്യയിലേക്കു ചെലുത്തുവാൻ കഴിയുമെന്നു ഞാൻ മോഹിച്ചു. ഏകാന്തത്തിലായാൽ അവിടെ ഞാൻ ഭാര്യയെമാത്രം കാണുമ്പോൾ അവളിലേക്കു മനസ്സു തിരിഞ്ഞേക്കാമെന്നും എനിക്കു മോഹമുണ്ടായി. എന്നാൽ, ഭക്തവത്സലനായ ഭഗവാൻ എല്ലാകാലത്തും ഏതവസ്ഥയിലും എന്നിൽതന്നെ വിഹരിക്കുന്നുവല്ലോ. ആ ജ്യോതിർമ്മൂർത്തി എന്നിലുള്ളപ്പോൾ എനിക്കു് അന്ധകാരമുണ്ടോ ഏകാന്തതയുണ്ടോ? അമ്മേ, ഭാര്യാവിഷയത്തിൽ ഞാൻ പരാജിതനാണു്." ഇതാണു ഗോവിന്ദന്റെ മറുപടി.

ഗോവിന്ദൻ രാമാനുജന്റെ സന്നിധിയിൽ ചെന്നപ്പോൾ, "ഗോവിന്ദാ, രാത്രി എങ്ങിനെ കഴിച്ചു" എന്നു് അദ്ദേഹം ചോദിച്ചു.

"ഭഗവത്സാന്നിധ്യത്താലും, ഭഗവജ്ജ്യോതിസ്സാലും ഇരുട്ടും തനിമയും എനിക്കുണ്ടായില്ല."

"ലൗകികവിഷയങ്ങളിൽ നീ ഇത്രയും വിരക്തനാണെങ്കിൽ എന്തുകൊണ്ടു സന്ന്യാസത്തിൽ പ്രവേശിക്കുന്നില്ലാ?"

"ഞാൻ അതിന്നു വളരെ നാളായി ആശിച്ചുകൊണ്ടാണിരിക്കുന്നതു്. അങ്ങേയ്ക്കു് അപ്രിയമായെങ്കിലോ എന്നു സംശയിച്ചിട്ടാണു ഞാൻ അതു വെളിപ്പെടുത്താതിരുന്നതു്."

ഐഹികമായ യാതൊന്നിലും ആസക്തിയില്ലാത്ത ഗോവിന്ദനെ ഗാർഹസ്ഥ്യത്തിൽ വെച്ചുകൊണ്ടിരിക്കുന്നതു വെറുതെയാണെന്നറിഞ്ഞു രാമാനുജൻ ആയാഠംക്ക വിധിപോലെ സന്ന്യാസം നൽകി. തനിക്കു് എമ്പെരുമാൻ എന്നു പേരുള്ളതിനാൽ അതിന്റെ ലോപമായ എമ്പാർ എന്ന പേർ രാമാനുജൻ ഗോവിന്ദനു കൊടുത്തു.

ഇനി, രാമാനുജന്റെ മറെറാരു ശിഷ്യനായ ദേവരാജമുനിയുടെ ഗുരുഭക്തിയിലേക്കു ചുരുക്കത്തിലൊന്നു നോക്കാം.

രാമാനുജന്റെ മഹത്വത്തെക്കുറിച്ചു കേട്ടു് അദ്ദേഹത്തെ കാണുവാൻ രണ്ടു വൈഷ്ണവന്മാർ ശ്രീരംഗത്തുവന്നു. ആ നാട്ടിൽ അവർക്കു് അതിനുമുമ്പു പരിചയമില്ലാ. വഴിയിൽ കണ്ട ഒരാളോടു് ആചാര്യൻ എവിടെയാണെന്നു് അവർ ചോദിച്ചു. ഏതു് ആചാര്യൻ എന്നു് അവനിൽ നിന്നു് ഇങ്ങോട്ടും ചോദ്യമുണ്ടായി. "എന്താണിതു്! ഈ നാട്ടിൽ ഒന്നിലധികം ആചാര്യന്മാരുണ്ടോ? വിശിഷ്ടാദ്വൈതമതത്തിന്നു് ഒന്നിലധികം കർത്താക്കന്മാരോ? ഈ നവ്യപ്രസ്ഥാനത്തിന്നുള്ളിൽ ഇത്രയുംവേഗം ഭിന്നിപ്പുണ്ടായോ?" എന്നു് ആ ആഗതന്മാർ സംശയിച്ചു.

പാന്ഥൻ—"ഞാൻ പറഞ്ഞതു് അതൊന്നുമല്ലാ. ഒന്നിലധികം കർത്താക്കന്മാർ ഉണ്ടെന്നോ, മതത്തിൽ ഭിന്നിപ്പുണ്ടായിട്ടുണ്ടെന്നോ ഞാൻ പറഞ്ഞിട്ടില്ലാ. ഇവിടെ ഞങ്ങൾക്കു് ആചാര്യന്മാരായി രണ്ടുപേരുണ്ടു്. ദേവരാജമുനിയെ നിങ്ങൾ കേട്ടിട്ടില്ലയോ?"

ആഗതന്മാർ—"അങ്ങിനെയൊരാളെ ഞങ്ങൾ അറികയില്ലാ. അദ്ദേഹത്തെ അന്വേഷിച്ചുകൊണ്ടല്ലാ ഞങ്ങൾ വന്നിരിക്കുന്നതു്. രാമാനുജാചാര്യരെ കാണ്മാൻ അദ്ദേഹത്തിന്റെ മഠത്തിലേക്കാണു ഞങ്ങൾക്കു ചെല്ലേണ്ടതു്."

ഇതുകേട്ടു് ആ പാന്ഥൻ രാമാനുജമഠത്തിലേക്കു ചെല്ലുവാൻ അവൎക്കു വഴികാണിച്ചുകൊടുത്തു. അവർ ആ വഴിക്കു തിരിയുകയും ചെയ്തു.

ഈ സംഭവം ദേവരാജൻ കേട്ടു് ഏററവും കുണ്ഠിതനായി. "ഹാ, ഞാൻ എന്നെക്കൊണ്ടുതന്നെ നശിച്ചുവല്ലോ. ഞാൻ എന്റെ ഗുരുദേവനിൽനിന്നു വേർപെട്ടു പാൎക്കുന്നതുകൊണ്ടല്ലേ അദ്ദേഹത്തോടു തുല്യനായി ജനങ്ങൾ എന്നെയും വിചാരിക്കുമാറായതു്. അങ്ങിനെ ജനങ്ങൾക്കു വിചാരിക്കുവാൻ പഴുതുകൊടുക്കുന്ന ഞാൻ എത്ര ഘോരമായ പാപമാണു ചെയ്തുപോരുന്നതു്".

ഇങ്ങിനെ നിശ്ചയിച്ചു തന്റെ ആ മഠത്തെ ഇടിച്ചു തകൎത്തുകളയുവാൻ ആൾക്കാരെ വിട്ടതിൽപ്പിന്നെ ദേവരാജൻ രാമാനുജസന്നിധിയിൽ ചെന്നു മുറയിട്ടു. നടന്നതെല്ലാം രാമാനുജൻ അറിഞ്ഞു. ദേവരാജന്റെ അഭീഷ്ടം പോലെ പ്രവൎത്തിച്ചുകൊള്ളുവാൻ അദ്ദേഹം അനുജ്ഞ കൊടുത്തു. അന്നുമുതൽ ദേവരാജൻ രാമാനുജന്റെ മഠത്തിൽത്തന്നെ ശിഷ്യരിൽ ഒരുവനായി വസിച്ചുപോന്നു. ജ്ഞാനസാരം, പ്രമേയസാരം എന്നീ രണ്ടു വലിയ പുസ്തകങ്ങൾ ദേവരാജമുനി എഴുതീട്ടുണ്ടു്.

തിരുപ്പതിയിൽ ചെന്നു ശൈലപൂൎണ്ണന്റെ ശിഷ്യനായി ഒരു വൎഷം പാൎത്തതോടുകൂടി രാമാനുജനു വേദവേദാംഗജ്ഞാനം പരിപൂൎത്തിയായിട്ടുണ്ടു്. ഇനി, ആള-

വന്നവരോടു താൻ ചെയ്തിട്ടുള്ള ആ പ്രതിജ്ഞകളെ ഒന്നൊന്നായി നിറവേറ്റുവാൻ ശ്രമിക്കുന്നതിന്നു് അദ്ദേഹത്തിന്നു് ഉത്സാഹമുണ്ടായി. ബ്രഹ്മസൂത്രത്തിന്ന പുതിയൊരു ഭാഷ്യം ചമയ്ക്കുകയാണ പ്രതിജ്ഞപ്രകാരം ആദ്യം വേണ്ടതു്. അതിലേക്ക രാമാനുജൻ ഇറങ്ങി. ഭക്തിയാൽ പരിശുദ്ധമായി, ഉപാസനയാൽ ഉജ്ജ്വലമായ ജ്ഞാനംകൊണ്ടാണ നിത്യത്വം പ്രാപ്തമാകുകയെന്നുള്ള വിശിഷ്ടാദ്വൈതമതത്തെ സ്ഥാപിച്ചുകൊണ്ടു് അദ്ദേഹം ബ്രഹ്മസൂത്രഭാഷ്യം പൂർത്തിയാക്കി. അതു് എഴുതിയെടുത്തതു് ആഴ്വാനാണു്.

രാമാനുജൻ ഭാഷ്യമുണ്ടാക്കുന്നതിന്നു മുമ്പു കാശ്മീരത്തിലെ സരസ്വതീഭണ്ഡാഗാരത്തിൽനിന്നു് ബോധായനഭാഷ്യം എടുത്തു പഠിക്കുകയുണ്ടായിട്ടുണ്ടെന്നു ചിലർ പറയുന്നു. ഇതിനെക്കുറിച്ചു പല ഐതിഹ്യങ്ങളുമുണ്ടു്. കാശ്മീരത്തിലെ സരസ്വതീഭണ്ഡാഗാരത്തെയും അവിടെയുള്ള ഇരുപത്തയ്യായിരം ഗ്രന്ഥങ്ങളിൽ ഉൾപ്പെട്ട ബോധായനഭാഷ്യത്തെയും, അതു രാമാനുജന്നു് അവിടത്തെ രാജാവിന്റെ അനുജ്ഞയാൽ വായിക്കുവാൻ കിട്ടിയതിനെയും കുറിച്ചു് ആ ഐതിഹ്യങ്ങളിലെല്ലാം പ്രസ്താവിച്ചിരിക്കുന്നു. തന്റെ ഭാഷ്യം പൂർത്തിയായതിൽപ്പിന്നീടു രാമാനുജൻ കാശ്മീരംവരെ സഞ്ചരിച്ചിട്ടുണ്ടു്. അപ്പോഴാണു് അദ്ദേഹം ആ ബോധായനഭാഷ്യം കണ്ടതെങ്കിൽ അതു തന്റെ ഭാഷ്യത്തിന്ന സഹായമാകുവാൻ ഇടയില്ലല്ലോ. പക്ഷേ, അധ്യയനോത്സുകനായി അദ്ദേഹം തിരുപ്പതിയിൽ ചെന്നു പല മാസങ്ങളോളം പാർക്കുകയുണ്ടായപ്പോൾ, അതിന്നിടയ്ക്കു കാശ്മീരംവരെ പോയി വന്നിരിക്കുമോ എന്നു സംശയിക്കുവാൻ അവകാശമുണ്ടു്.

സൂത്രഭാഷ്യത്തിന്നു പുറമേ, വേദാന്തസാരം, വേദാന്തദീപം, ഗീതാഭാഷ്യം, വേദാന്തസംഗ്രഹം എന്നീ പുസ്തകങ്ങളും ഇക്കാലത്തുതന്നെ രാമാനുജൻ നിൎമ്മിച്ചു. അദ്ദേഹത്തിന്റെ നവ്യപ്രസ്ഥാനത്തിന്നു് ഇവയൊക്കെത്തന്നെയാണു് ആധാരം.

ഇങ്ങിനെ രാമാനുജൻ പുസ്തകങ്ങളെഴുതിക്കൊണ്ടു ശ്രീരംഗത്തു പാൎക്കുമ്പോഴും ശിഷ്യന്മാരെ സംബന്ധിച്ചു പല സംഭവങ്ങളുമുണ്ടായി. അവയിൽ ഒന്നുരണ്ടെണ്ണം ഇവിടെ കാണിക്കാം.

അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പലജാതിക്കാരും ഉൾപ്പെട്ടിട്ടുണ്ടു്. അവരോടെല്ലാം തുല്യഭാവത്തോടെയാണു അദ്ദേഹം ഇടപെട്ടുക. ഇതു കാണുമ്പോഴും ബ്രാഹ്മണശിഷ്യന്മാരിൽ ചിലൎക്കു സുഖമാകയില്ലാ. അവരുടെ ആ ജാതിക്കുറുമ്പിനെ അകററുവാൻവേണ്ടി രാമാനുജൻ ആവുന്നത്ര പരിശ്രമിച്ചിട്ടുണ്ടു്.

ബ്രഹ്മോത്സവകാലത്തു്, ഭഗവദ്വിഗ്രഹത്തെ നഗരപ്രദക്ഷിണമായി ആറാട്ടിന്നു എഴുന്നള്ളിക്കയായിരുന്നു. അക്കൂട്ടത്തിൽ രാമാനുജൻ കാവിരിനദിയിലേക്കു ചെല്ലുമ്പോഴും ദാശരഥിയെന്ന ആണ്ടാന്റെ ഹസ്തത്തെയാണു് ഗ്രഹിച്ചിരുന്നതു്. കുളികഴിഞ്ഞു തിരിയേ പോരുമ്പോഴും അദ്ദേഹം ധനുർദ്ദാസന്റെ ഹസ്തത്തെ ഗ്രഹിച്ചുകൊണ്ടു നടന്നു. ധനുർദ്ദാസൻ താണജാതിക്കാരനാകയാൽ ബ്രാഹ്മണൎക്കു ഇതിൽ ആക്ഷേപമുണ്ടായി. "ആചാൎയ്യൻ ജാതിഭേദംകൂടാതെ എല്ലാവരേയും ഇങ്ങിനെ തൊടുന്നുവല്ലോ" എന്നു അവർ വിഷാദിച്ചു.

അപ്പോഴും രാമാനുജൻ പറഞ്ഞു:—"ഞാൻ ജന്മത്തെയല്ലാ കൎമ്മത്തെയാണു് ശ്രേഷ്ഠമെന്നു കരുതുന്നതു്. വിചാരകൎമ്മങ്ങളെക്കൊണ്ടു പരിശുദ്ധനായ ധനുർദ്ദാസനിൽ

സാമാന്യബ്രാഹ്മണരെക്കാറം ഉൽക്കർഷമേ ഞാൻ കാണുന്നുള്ളു."

ഈ ഉത്തരം ബ്രാഹ്മണക്കു രസിച്ചില്ല. ആചാൎയ്യനോടു പിണങ്ങുവാൻ അവർ ശക്തരല്ലായ്കയാൽ, അവരുടെ വിദ്വേഷം ധനുർദ്ദാസനിലേക്കുതിരിഞ്ഞു. ആയാളെ രാമാനുജനിൽനിന്നു അകററുവാൻ അവർ കപടവും കുടിലവുമായി ഓരോന്നു ചെയ്തുതുടങ്ങി. ഇതു് രാമാനുജൻ അറിഞ്ഞു. ജാതിയെസംബന്ധിച്ചു അവക്കുള്ള മിഥ്യാഭിമാനത്തെ നശിപ്പിക്കുവാൻ നല്ലൊരുപായം അദ്ദേഹം കണ്ടുപിടിച്ചു.

വിശ്വാസ്യനായ ഒരു ശിഷ്യനെ വിളിച്ചു് മററുശിഷ്യന്മാർ അവരുടെ വസ്ത്രങ്ങറം തോരുവാനിട്ടിരിക്കുന്ന അറയിൽ ആരും അറിയാതെകടന്നു്, ആ വസ്ത്രങ്ങളെയെല്ലാം വക്കിലായി അല്പം കീറിവെച്ചു് ഇങ്ങോട്ടു പോന്നേക്കുകയെന്നു രാമാനുജൻ ഗൂഢമായി നിയോഗിച്ചു. അപ്രകാരം ആ ശിഷ്യൻ ഗൂഢമായി പ്രവൎത്തിക്കുകയും ചെയ്തു.

ശിഷ്യന്മാർ കുളികഴിഞ്ഞുവന്നു അവരവരുടെ മുണ്ടെടുത്തു നോക്കിയപ്പോറം അതു് കീറിയിരിക്കുന്നതു് ഓരോരുത്തനും കണ്ടു് പരസ്പരം ആക്ഷേപിച്ചുതുടങ്ങി. അവർ അങ്ങോട്ടുമിങ്ങോട്ടും പഴിച്ചുകൊണ്ടു നീചനീചമായ ദുർവ്വാക്കുകറം വർഷിച്ചുതുടങ്ങി. സഭ്യേതരമായ വഷളത്തങ്ങറം പരസ്പരം വിളിച്ചുപറയുവാൻ അവക്കു മടിയുണ്ടായില്ല.

താൻ ഒന്നും അറിഞ്ഞിട്ടില്ലാത്തതുപോലെ, എന്താണു് ഈ കലഹമെല്ലാം എന്നു രാമാനുജൻ അന്വേഷിച്ചു. ഉണ്ടായതെന്തെന്നു ശിഷ്യന്മാർ വന്നു അറിയിച്ചപ്പോറം, "ഇതു തുച്ഛമായസംഗതിക്കൊ നിങ്ങറംതമ്മിൽ ഇത്രതീക്ഷ്ണമായ കലഹം" എന്നു അദ്ദേഹംഅപഹസി

ച്ചു. "നിങ്ങളെല്ലാവരും ഉൽകൃഷ്ടബ്രാഹ്മണരാണുപോൽ! ഭക്തന്മാരായ വൈഷ്ണവരുമാണത്രെ! എന്നാൽ, നിങ്ങൾ പരസ്പരം പറഞ്ഞ ആ നീചവാക്കുകൾ കേട്ടാൽ ചണ്ഡാലന്മാർപോലും ലജ്ജിക്കുമല്ലോ. വാക്കുകൊണ്ടും വിചാരംകൊണ്ടും കർമ്മംകൊണ്ടും നിങ്ങൾ പറയുന്നവരെക്കാൾ താണവരാണെങ്കിൽ ജന്മംകൊണ്ട് ഉൽകൃഷ്ടരാണെന്നു ഭാവിക്കുന്നതു ഏതു വകവെക്കും?" എന്നും അദ്ദേഹം ചോദിക്കുകയുണ്ടായി.

ഇത്രയുംകൊണ്ട് രാമാനുജൻ തൃപ്തനായില്ല. ആ ബ്രാഹ്മണാഭിമാനികളുടെ നീചത്വം അവർതന്നെ അനുഭവപ്പെടുത്തിക്കൊടുത്തുവല്ലോ. ഇനി ധനുർദ്ദാസന്റെ ശ്രേഷ്ഠതകൂടി അവർക്കു കാണിച്ചുകൊടുക്കേണമെന്നു നിശ്ചയിച്ച് അദ്ദേഹം ഗൂഢമായി ചില ഏർപ്പാടുകൾ ചെയ്തു.

ഒരുനാൾ സൂര്യാസ്തമയാനന്തരം ധനുർദ്ദാസനെ തന്റെ മഠത്തിലേക്ക് വിളിച്ചു ആയാളുമായി രാമാനുജൻ ആദ്ധ്യാത്മികവിഷയത്തെക്കുറിച്ചു സുദീർഘമായ സംവാദത്തിൽ ഏർപ്പെട്ടു. ഗൂഢമായുണ്ടായ ഗുരുനിയോഗംപോലെ ചില വൈഷ്ണവന്മാർ ആ രാത്രി ധനുർദ്ദാസന്റെ ഗൃഹത്തിൽ മോഷണത്തിനുചെന്നു. ഹേമാംബാൾ അങ്ങൊരിടത്തു കിടന്നുറങ്ങുന്നു. മങ്ങിമങ്ങി വിളക്ക് കത്തുന്നുണ്ട്. ആ വൈഷ്ണവന്മാർ ഹേമാംബാളുടെ ശരീരത്തിൽനിന്നു ആഭരണങ്ങൾ പതുക്കെ അഴിച്ചെടുത്തുതുടങ്ങി. പരസ്പർശംകൊണ്ട് ഹേമാംബാൾ ഉണർന്നു. ഈശ്വരനെ സർവ്വാത്മനാ ആശ്രയംപ്രാപിച്ചിട്ടുള്ള ആ മനസ്വിനിക്കു ഒട്ടും പരിഭ്രമമുണ്ടായില്ല. അവൾ സാവധാനമായി കണ്ണുതുറന്നുനോക്കി. ചില വൈഷ്ണവന്മാർ വന്നു തന്റെ ആഭരണങ്ങൾ അപഹരിക്കയാണെന്നറിഞ്ഞു. തനിക്കു

ഉള്ളതൊക്കെയും വൈഷ്ണവന്മാൎക്കുള്ളതാണെന്നാണ് അവളുടെ നിശ്ചയം. അവൾ മിഴികൾമൂടി ഉറക്കംപോലെ കിടന്നു. ആഭരണങ്ങളെല്ലാം അവർ അഴിച്ചെടുത്തുകൊണ്ടുപോകുന്നതിൽ അവൾക്കു് സന്തോഷമാണുണ്ടായതു്. അവരുടെ മോഷണകൎമ്മത്തിന്നു വിഘാതമുണ്ടാകരുതെന്നുകരുതി അവൾ ഇളകിയതേയില്ല. അവൾ ഒരുമ്മെ ചരിഞ്ഞിട്ടാണു കിടന്നിരുന്നതു്. മേൽവശത്തെ ആഭരണങ്ങളെല്ലാം മോഷ്ടാക്കൾക്കുകിട്ടി. കീഴ്‌വശത്തുള്ളവ അഴിച്ചെടുക്കുന്നതിന്നു അവളുടെ കൈകാലുകളെ മറിക്കേണ്ടിയിരുന്നതിനാൽ അവൎക്കു വിഷമിക്കേണ്ടിവന്നു. ഇതു മനസ്സിലാക്കിയ ഹേമാംബാൾ ഉറക്കത്തിന്നിടയ്ക്കെന്നപോലെ ആ വൈഷ്ണവന്മാരുടെ അപഹരണത്തിന്നു അനുകൂലമായി പതുക്കെ തിരിഞ്ഞുകിടന്നു. അവൾ ഉണൎന്നുപോയ് എന്നുള്ളതു കണ്ടപ്പോൾ അവർ പേടിക്കയാണുചെയ്തതു്. കിട്ടിയേടത്തോളം ആഭരണങ്ങളോടുകൂടി അവർ തൽക്ഷണം അവിടെനിന്നു പാഞ്ഞുമറഞ്ഞു.

അന്നത്തെ അന്ത്യയാമത്തിലാണു രാമാനുജൻ ധനുർദ്ദാസനെ സംഭാഷണം നിൎത്തി വീട്ടിലേക്കയച്ചതു്. ആയാൾ വീട്ടിൽചെന്നു കാൎയ്യം അറിയുമ്പോൾ അവിടെ നടക്കുന്നതു് എന്താണെന്നു് ഒളിച്ചിരുന്നുകണ്ടു തന്നോടു വന്നു പറയുവാൻ രാമാനുജൻ മറെറാരു ശിഷ്യനെ ഗൂഢമായി അയച്ചു.

ധനുർദ്ദാസൻ വീട്ടിന്നകത്തേക്കു കയറിയപ്പോൾ, അത്രയും നേരത്തെ ഭാൎയ്യ എഴുന്നേററിരിക്കുന്നതുകണ്ടു് ആശ്ചൎയ്യപ്പെട്ടു. ഭാൎയ്യയെ നോക്കിയപ്പോൾ, അവളുടെ ഒരുവശത്തെ ആഭരണമൊന്നും കാണുന്നില്ല. അതും അത്ഭുതമായി. "ഇതെന്തു കളി!" എന്നാണപ്പോൾ ഭാൎയ്യയോടു് ആയാൾക്കു ചോദിക്കുവാൻ തോന്നിയതു്. ഹേ

മാംബാൾ മന്ദഹാസത്തോടെ "കളിയൊന്നുമല്ലാ" എന്ന് ആരംഭിച്ച് അവിടെ നടന്നതെല്ലാം ഭർത്താവിനെ അറിയിച്ചു. എല്ലാം കേട്ടതിൽപ്പിന്നെ, "നീ ചെയ്തതു്, ഉചിതമായില്ലാ" എന്ന അഭിപ്രായമാണു ധനുർദ്ദാസനിൽ നിന്നു പുറപ്പെട്ടതു്. ആയാൾ വിഷാദത്തോടേ പറകയാണ്:—

"എന്റെ ഗുരുദേവന്റെ ശിഷ്യന്മാരാണ് അവരെന്നു നീ അറിഞ്ഞിട്ടും അവരെ നീ പേടിപ്പിച്ചയച്ചുവല്ലോ. അവർ യഥേഷ്ടം പ്രവൃത്തിച്ചുകൊള്ളട്ടെ എന്നു നീ ഇളകാതെ കിടക്കാമായിരുന്നില്ലേ? എന്നാൽ അവൎക്ക് ആശിസ്സു മുഴുവൻ കിട്ടാതാകയോ, പേടിച്ചോടേണ്ടി വരികയോ ചെയ്യുന്നതല്ലായിരുന്നുവല്ലോ. ഇങ്ങിനെ നീ അവരെ അനാദരിച്ചതു് വലിയ തെറ്റായി. നീ ഇനി ഉടനേ അവരെ അന്വേഷിച്ചുചെന്ന് ഈ ആഭരണങ്ങളെല്ലാം അഴിച്ച് അവരുടെ കാല്ക്കൽ വെച്ചുകൊണ്ടു ക്ഷമാപണപൂർവ്വം നമസ്കരിക്കണം."

ഭർത്താവിന്റെ അഭിമതംപോലെ പ്രവൃത്തിക്കുവാൻ ഹേമാംബാൾ തൽക്ഷണംതന്നെ വീട്ടിൽനിന്നു പുറപ്പെട്ടു മഠത്തിലേക്കു നടന്നു. അവൾ അവിടെ എത്തുന്നതിന്നുമുമ്പുതന്നെ ചാരമുഖേന സംഭവമെല്ലാം രാമാനുജൻ അറിഞ്ഞു. അദ്ദേഹം ആ ജാത്യാഭിമാനികളായ ശിഷ്യന്മാരെ നോക്കി, "നിങ്ങളുടെ ആ ജാതിശ്രേഷ്ഠതയോ, ധനുർദ്ദാസന്റെ ആ കർമ്മശ്രേഷ്ഠതയോ ഏതാണ് ഉൽകൃഷ്ടം?" എന്നു ചോദിച്ചു. "നിങ്ങളുടെ വസ്ത്രാഗ്രത്തിൽ അല്പം കീറിക്കണ്ടപ്പോഴെക്കും ക്ഷമയെല്ലാംവിട്ടു നിങ്ങൾ പിശാചങ്ങളെപ്പോലെയായല്ലോ. തന്റെ ശരീരത്തിലെ ആഭരണങ്ങൾ തസ്കരന്മാർ വന്നു മോഷ്ടിക്കുന്നതു കണ്ടിട്ടും അവർ വൈഷ്ണവന്മാരാണെന്ന ഭക്തിയാൽ മഹാ

ത്തായ ത്യാഗശീലത്തോടേ അവൎക്ക് അനുകൂലിച്ചുവൎത്തിച്ചു ഈ ഹേമാംബോളും, തന്റെ ഭാൎയ്യയുടെ ഇരുവശങ്ങളിലുമുള്ള മുഴുവൻ ആഭരണങ്ങളും ആ വൈഷ്ണവന്മാൎക്ക മോഷ്ടിക്കുവാൻ കിട്ടാത്തതിൽ ഹൃദയപൂൎവ്വം വിഷാദിച്ചുകൊണ്ടു ബാക്കി ആഭരണങ്ങളെ ആ മോഷ്ടാക്കൾക്ക ക്ഷമാപണപൂൎവ്വം നൽകുവാൻ ഭാൎയ്യയെ അയച്ചിരിക്കുന്ന ധനൎദ്ദാസനും നിങ്ങൾക്ക് ആരാധ്യരാണെന്ന് ഇപ്പോഴും തോന്നുന്നില്ലയോ?"—എന്നിങ്ങിനെ അദ്ദേഹം ഇടൻ പറകയും ചെയ്തു. ആ ജാത്യാഭിമാനികളുടെ ഗൎവ്വം അടിയോളം താഴുകയാൽ അവർ തലകുനിച്ചുകൊണ്ടു നിന്നുപോയി!

രാമാനുജനെ ആചാൎയ്യനെന്ന നിലയ്ക്കു മഹാപൂൎണ്ണനും, മഹാപൂൎണ്ണനെ ഗുരുവെന്ന നിലയ്ക്കു രാമാനുജനും പരസ്പരം പൂജിക്കും. മഹാപൂൎണ്ണന്ന് അത്തുളയെന്നു പേരായി ഒരു മകളുണ്ടു്. അവൾ വിവാഹം കഴിഞ്ഞു ഭൎത്തൃഗൃഹത്തിലാണു പാൎക്കുന്നതു്. ഒരുനാൾ അവൾ പുഴയിലേയ്ക്കു കുളിക്കുവാൻ ചെല്ലുമ്പോൾ തുണയ്ക്കു വേറെയാരും ഇല്ലായ്കയാൽ ശ്വശ്രുവിനെ വിളിച്ചു. കുറച്ച് അന്തസ്സുകൂടിയവളാണ് ആ ശ്വശ്രു. എളിയ കുടുംബത്തിൽ ജനിച്ച അത്തുളയെക്കുറിച്ച് അവൾക്ക് അവജ്ഞയാണുള്ളതു്. തന്നെ തുണയ്ക്കായി അത്തുള വിളിച്ചതു് അവൾക്ക് അവമതിയായ്ത്തോന്നി. അവൾ അത്തുളയെ പരുഷമായി അപഹസിച്ചു. തന്റെ മാതാപിതാക്കളുടെ എളിമയെ സൂചിപ്പിച്ചു ശ്വശ്രുവിൽനിന്നു പുറപ്പെട്ട അപഹാസം അത്തുളയ്ക്കു ദുസ്സഹമായി. ഒരു വേലക്കാരനെ ആക്കുവാൻ പോലും കഴിവില്ലാത്തവനാണ് അവളുടെ അച്ഛൻ എന്നർത്ഥമായ ശകാരം അവളുടെ മനസ്സിൽ ഉരക്കോടെ തറച്ചു. അവൾ കരഞ്ഞുകൊണ്ട് അച്ഛനായ മഹാ

പൂൎണ്ണനെ ചെന്നുകണ്ടു് ശ്വശ്രു അധിക്ഷേപിച്ചതെല്ലാം അറിയിച്ചു. "ഇതൊന്നും എന്നോടു പറയേണ്ടാ. നിങ്ങളുടെ ആ ആചാൎയ്യനാണു് ഇതൊക്കെ ചെയ്യുന്നതു്. അദ്ദേഹത്തോടു ചെന്നു പറയു" എന്നാണു് മഹാപൂൎണ്ണന്റെ മറുപടി.

അത്തുള ഉടനെ രാമാനുജസന്നിധിയിൽചെന്നു. ശ്വശ്രുവിന്റെ അധിക്ഷേപവും അച്ഛന്റെ സമാധാനവും അവൾ അദ്ദേഹത്തെ അറിയിച്ചു. എല്ലാം ക്ഷമയോടെ കേട്ടതിൽപ്പിന്നെ രാമാനുജൻ ആണ്ടാനെ വിളിച്ചു് അത്തുളയ്ക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു്, "ഈയാൾ നിന്റെ പിതൃഗൃഹത്തിലെ ഒരു ഭൃത്യനാണു്; നിനക്കു വേണ്ടുന്ന പരിചാരങ്ങളെല്ലാം ഈയാൾ ചെയ്യും" എന്നു് അരുളിച്ചെയ്തു. അപ്രകാരം ആണ്ടാൻ അത്തുളയോടൊരുമിച്ചു് അവളുടെ ഭൎത്തൃഗൃഹത്തിലേയ്ക്കു പോയി. അവിടത്തെ സൎവ്വ ജോലികളും ആണ്ടാൻ ഉത്സാഹത്തോടെ നടത്തി. അത്തുളയ്ക്കു് ആജ്ഞാപിക്കുക മാത്രമേ വേണ്ടിവന്നുള്ളു. അങ്ങിനെ ശ്വശ്രുവിനെക്കാൾ അവൾക്കു് അന്തസ്സു കൂടി. എന്നാൽ ആചാൎയ്യന്റെ ശിഷ്യപ്രധാനനും ഭക്തശ്രേഷ്ഠനുമായ ആണ്ടാൻ തങ്ങളുടെ വീട്ടിൽവന്നു ഭൃത്യനായി പ്രവൎത്തിക്കുന്നതുകണ്ടു് ആ വീട്ടുകാർ പേടിച്ചു. അവർ ആണ്ടാന്റെ മുമ്പിൽ വണക്കത്തോടെ ചെന്നു്, "സ്വാമിൻ, താങ്കൾ ഞങ്ങളുടെവീട്ടിൽ വേലക്കാരനായി നിന്നു ഞങ്ങളെ ശിക്ഷിക്കുവാൻ തക്കവണ്ണം ഞങ്ങൾ എന്തപരാധം ചെയ്തു?" എന്നു ചോദിച്ചു.

"എനിക്കൊന്നും അറികയില്ല. എന്റെ ഗുരു എന്നെ ഇങ്ങോട്ടയച്ചു. ആജ്ഞപ്രകാരം ഞാൻ ഇവിടെ പ്രവൎത്തിക്കുന്നു. മറ്റൊന്നും എനിക്കറിഞ്ഞുകൂടാ. അ

ഇനിയും വന്നുചോദിച്ചു് എന്നെ നിങ്ങൾ ഉപദ്രവിക്കരുതു്" എന്നാണു് ആണ്ടാന്റെ ഉത്തരം.

അപ്പോൾ ആ വീട്ടുകാർ മഹാപൂൎണ്ണനെ ചെന്നുകണ്ടു "സ്വാമിൻ, ഇതെത്ര കഠിനകൎമ്മമാണു്; ഞങ്ങളെ നിൎമ്മൂലമാക്കേണമെന്നോ വിചാരിക്കുന്നതു്? പുണ്യാത്മാവായ ആണ്ടാനോ ഞങ്ങളുടെ വേലക്കാരൻ! അദ്ദേഹത്തെ താങ്കൾ തിരിയെ വിളിക്കേണമേ" എന്നു് അപേക്ഷിച്ചു. ഇതിനു മഹാപൂൎണ്ണൻ പറഞ്ഞതു്, "ഇതൊന്നും ഞാൻ അറികയില്ല; രാമാനുജനോടു ചെന്നു ചോദിക്കുവിൻ" എന്നാണു്.

നേരെ അവർ രാമാനുജസന്നിധിയിൽ ചെന്നു. അവരോടു രാമാനുജൻ പറഞ്ഞതു് ഇതാണു്:—"അത്തുളയെ അവളുടെ ശ്വശ്രുവിനു് എന്താണിത്ര പരിഹസിക്കുവാൻ? അവൾക്കായി ഒരു ഭൃത്യനെ ആക്കുന്നതിനു് അവളുടെ പിതാവിനു ശക്തിയില്ലെന്നു് ആ സ്ത്രീ ആക്ഷേപിച്ചതു് എനിക്കാണു കൊള്ളുന്നതു്. അത്തുളയുടെ അപ്പന്റെ എളിയ ഭൃത്യനാണു ഞാൻ. ഞാനുണ്ടായിരിക്കെ അത്തുളയുടെ പരിചാരത്തിനു് ആളില്ലെന്നു വരികയില്ല. ഞാനും എന്റെ ശിഷ്യന്മാരായ എല്ലാവരും അത്തുളയുടെ അപ്പന്റെ ഭൃത്യന്മാരാണു്. അത്തുളയ്ക്കു് അപേക്ഷയുണ്ടാകുമ്പോൾ ഞങ്ങളെല്ലാവരും അവൾക്കുവേണ്ടി ജോലിചെയ്യുവാൻ അവിടെ എത്തും. അപ്രകാരം അവിടെ വന്നിരിക്കുന്നവനാണു് ആണ്ടാൻ. ജോലിയിൽ വല്ല അഗൗരവ്യം അവനുണ്ടെങ്കിൽ അവനു പകരം ഞാൻ വരാം. നിങ്ങളുടെ വീട്ടിൽ ആണ്ടാൻ പെരുമാറുന്നതു് നിങ്ങൾക്കു് ഇഷ്ടമല്ലെങ്കിൽ, അത്തുളയ്ക്കു വേണ്ടുന്ന ജോലികളെല്ലാം അവൻ ഇവിടെ ഇരുന്നുകൊണ്ടു നടത്തിക്കൊള്ളും."

സാക്ഷാൽ രാമാനുജാചാൎയ്യൻപോലും അത്തുളയെ ആദരിക്കുന്നുണ്ടെന്നു് ആ വീട്ടുകാർ ഇപ്പോഴെ അറിഞ്ഞുള്ളു. മഹാപൂൎണ്ണന്റെ മകൾ സാമാന്യയല്ലെന്നു് അവർ ധരിച്ചു. ലജ്ജയോടും പശ്ചാത്താപത്തോടും അവർ തലതാഴ്ത്തി. തങ്ങൾ ചെയ്ത അപരാധം ക്ഷമിക്കേണമെന്നു പ്രാൎത്ഥിച്ചു രാമാനുജനെ പ്രസാദിപ്പിച്ചിട്ടാണു് അവർ പോയതു്.

ഏതാനുംനാൾ കഴിഞ്ഞപ്പോൾ പിന്നെയുമൊരു വഴക്കുണ്ടായി. യമുനാചാൎയ്യന്റെ ശിഷ്യരിലൊരുവനായ മാരനേരിനമ്പിയാർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ശവശരീരത്തെ മഹാപൂൎണ്ണൻ ബ്രാഹ്മണോചിതമായ രീതിയിലാണു സംസ്കരിച്ചതു്. ശൂദ്രന്റെ ശവത്തെ ബ്രാഹ്മണന്റേതുപോലെയുള്ള ശേഷക്രിയകളോടേ ബ്രാഹ്മണൻ മുന്നിട്ടുനിന്നു ദഹിപ്പിച്ചതിൽ യാഥാസ്ഥിതികന്മാർ ക്ഷോഭിച്ചു. ഇതിനെക്കുറിച്ചു ചോദ്യമുണ്ടായപ്പോൾ മഹാപൂൎണ്ണൻ പറഞ്ഞതാവിതു്:—

“വൎണ്ണാശ്രമധൎമ്മത്തെ സംരക്ഷിക്കുവാൻ ഇക്ഷ്വാകുവംശത്തിൽ ജനിച്ചു മാതൃകാഗൃഹസ്ഥനായി വൎത്തിച്ച സാക്ഷാൽ ശ്രീരാമചന്ദ്രന്റെ കാൽപ്പാടുകളെ ഭക്തിപൂൎവ്വം പിന്തുടരുക മാത്രമേ ഞാൻ ചെയ്യുന്നുള്ളു. വെറും കഴുകനായ ജടായുവിന്റെ ശവത്തെ ഉൽകൃഷ്ടകുലജാതന്റേതുപോലെ ക്ഷത്രിയോത്തമനായ രാമചന്ദ്രൻ ദഹിപ്പിക്കയുണ്ടായില്ലയോ? ധൎമ്മാത്മാവായ യുധിഷ്ഠിരൻ വിശിഷ്ടക്ഷത്രിയനായിരുന്നിട്ടും ശൂദ്രനായ വിദുരനുവേണ്ടി ശേഷക്രിയകൾ നടത്തിയില്ലയോ? ആ മഹാപുരുഷന്മാരെ ചടകോപന്റെ അനുശാസനംപോലെ ഈ എളിയവൻ അനുവൎത്തിച്ചതിൽ എന്താണു തെററു്?”

ഇതിന്നു മറുപടിയായി ആർക്കൊന്നും പറയുവാനുണ്ടായില്ല. എങ്കിലും മഹാപൂർണ്ണൻ ചെയ്തതു് അതിർകടന്നുപോയിയെന്ന അന്ധവിശ്വാസം അവരിൽ ഉറച്ചുനിന്നു. അവർ ഒളിവിലും അകലെയും നിന്നു മഹാപൂർണ്ണനെ ആക്ഷേപിച്ചുതുടങ്ങി. അത്തുളയുടെ ഭർത്തൃഗൃഹത്തിലാണു് ഈ ആക്ഷേപം അധികം പൊങ്ങിയതു്. അവിടെയുള്ളവർ മഹാപൂർണ്ണനെ ജാതിഭ്രഷ്ടനെന്നു് അടിക്കടി നിന്ദിച്ചു. അവർ അദ്ദേഹത്തെ പരുഷമായി ശകാരിച്ചുകൊണ്ടിരുന്നു. ഇതെല്ലാം അത്തുള എത്രതന്നെ കേട്ടു സഹിക്കും? വളരെയെല്ലാം അവൾ ക്ഷമിച്ചുനോക്കി. തന്റെ അപ്പനെ കഠിനമായി നിന്ദിക്കുന്നതു് അവിടെ പിന്നേയും പിന്നേയും വർദ്ധിച്ചതേയുള്ളൂ. അവൾക്കു് ഇനി ഇതു സഹിക്കുവാൻ കഴികയില്ലെന്നായി. പിതൃനിന്ദ കേട്ടുകൊണ്ടുള്ള ഭർത്തൃഗൃഹവാസത്തേക്കാൾ നരകവാസമാണു സുഖമെന്നു് അവൾക്കു തോന്നി. വരുന്നതു വരട്ടെ എന്നു് ഉറച്ചുകൊണ്ടു് അവൾ അവർക്കു ശരിക്കു മറുപടി കൊടുത്തു.

"എന്റെ അപ്പൻ ചെയ്തതു അധർമ്മമാണെങ്കിൽ, ഇനിമേൽ നിങ്ങളാരും രംഗനാഥസ്വാമിയെ പൂജിക്കരുതു്. രംഗനാഥന്റെ പ്രസാദത്തെ നിങ്ങളാരും തൊടുകയുമരുതു്. തിരുപ്പാണാഴ്‌വാർ എന്ന പറയനെ തന്നോടു ചേർക്കയാൽ, രംഗനാഥസ്വാമി നിങ്ങളുടെ മതപ്രകാരം അയിത്തക്കാരനാണു്. അങ്ങിനെ പറയന്റെ വീടായ ശ്രീരംഗക്ഷേത്രത്തിൽനിങ്ങൾ കടക്കരുതു്."

ഇത്രയുംപറഞ്ഞു അപ്പോൾതന്നെ അത്തുള ആ വീട്ടിൽ നിന്നിറങ്ങി, തന്റെ പിതൃഗൃഹത്തിലേക്കു പോന്നു.

ഇനി, രാമാനുജന്റെ ശിഷ്യനായ അനന്താഴ്വാനെ സംബന്ധിച്ചും പല ഐതിഹ്യങ്ങളുമുള്ളതിൽ ഒന്നുമാത്രം ഇവിടെ കാണിക്കാം. അദ്ദേഹം തിരുപ്പതിയിൽ രാമാനുജന്റെ പേരിൽ ഒരു പൂന്തോട്ടം ഉണ്ടാക്കീട്ടുണ്ടല്ലോ. അതിന്നു പുറമേ, രാമാനുജമെന്ന ഒരു തടാകവും നിൎമ്മിച്ചു. ആ തടാകം വെട്ടിക്കഴിക്കുമ്പോൾ, അതിലേക്കേല്പിച്ച തൊഴിലാളികളുടെ കൂട്ടത്തിൽ താനും ഒരുവനായിട്ടാണു അനന്താഴ്വാൻ പ്രവൎത്തിച്ചതു്. വെട്ടിനീക്കിയ മണ്ണു വലിയൊരു കുട്ടയിൽ കോരിയെടുത്തു അകലേ കൊണ്ടുചെന്നു കൊട്ടിക്കളയുന്ന ജോലി അദ്ദേഹം വളരെ കഷ്ടപ്പെട്ടു ചെയ്യുന്നതു കണ്ടപ്പോൾ ശിഷ്യന്മാൎക്കു സങ്കടമുണ്ടായി. ഉപവാസവ്രതത്താൽ മെലിഞ്ഞു തളൎന്നതാണു് അദ്ദേഹത്തിന്റെ ശരീരം. തുടൎച്ചയായി മൺചുമടേററുകയാൽ അദ്ദേഹം വിയൎത്തുവലഞ്ഞിട്ടും ജോലിയിൽ ഒട്ടും നിരുത്സാഹനായില്ലാ. അദ്ദേഹത്തിന്നു പകരം ആ ജോലി താൻ ചെയ്യേക്കാമെന്നുവെച്ചു് ഒരു ശിഷ്യൻ അടുത്തുചെന്നു ആ മൺകുട്ടയിൽ കൈവെച്ചു. "ഛീ! ഇതു തൊടരുതു്! ഈ കുട്ടയെ ഞാൻ കൈവിടുന്നതു എന്റെ ശരീരത്തെ വെടിയുകയെന്നതാണു്. എന്റെ ജീവിതത്തെ നശിപ്പിക്കേണമെങ്കിൽ മാത്രമേ നീ ഈ കുട്ടയിൽ കൈവെക്കാവൂ. എന്റെ പ്രീതിയാണു നിനക്കു വേണ്ടതെങ്കിൽ, വേറെയൊരു കുട്ടയെടുത്തു ഞാൻ ചെയ്യുന്നതു നീയും ചെയ്യേക്കുക"—എന്നു ആ ശിഷ്യനോടു അനന്താഴ്വാൻ ശാസിച്ചു.

വീട്ടുജോലിയിൽ ഒഴിവുള്ളപ്പോൾ മണ്ണുചുമക്കുവാൻ വരുന്നതിന്നു അദ്ദേഹം ഭാൎയ്യയെ ഏല്പിച്ചിരുന്നു. അപ്രകാരം ആ സാധ്വി അവിടെ വന്നു ഭൎത്താവു നിറച്ചുകൊടുക്കുന്ന മൺകുട്ടയെ വഹിച്ചുകൊണ്ടു് നടന്നുതുടങ്ങി. അ

ഘവും അപ്പോൾ ഗർഭിണിയാണ്. ഗർഭിണിയും കലീനയും സുഖാർഹയുമായ ഗൃഹിണിയെക്കൊണ്ട് മണ്ണെടുപ്പിച്ചു നടത്തുന്നതിൽ മററുള്ളവൎക്കു സങ്കടമുണ്ടായി. എന്നാൽ, അനന്താഴ്വാനോടു വിരോധമായി ഒരു വാക്കുപോലും പറയുവാൻ ആൎക്കും ധൈൎയ്യമുണ്ടായില്ലാ. സാക്ഷാൽ വേങ്കടേശനു ഈ കഠിനകൎമ്മം കണ്ടു് ആ സാധ്വിയിൽ കാരുണ്യമുണ്ടായി. അദ്ദേഹം അനന്താഴ്വാന്റെ ഒരു ശിഷ്യനെപ്പോലെ വന്നു് ആ സ്ത്രീയെ സഹായിച്ചുതുടങ്ങി. താൻ മണ്ണു നിറച്ചുകൊടുത്തതു എടുത്തുകൊണ്ടുപോകുന്ന ഭാൎയ്യ ഉടൻതന്നെ ഒഴിഞ്ഞ കുട്ടയോടെ തിരിച്ചെത്തുന്നതു കണ്ടപ്പോൾ ആരോ അവളെ ഇതിൽ സഹായിക്കുന്നുണ്ടെന്നു അനന്താഴ്വാൻ വിചാരിച്ചു് അങ്ങോട്ടു നോക്കി. ഭാൎയ്യ എടുത്തുകൊണ്ടുചെല്ലുന്ന മൺകുട്ടയെ അവൾ എതാനും അടികൾ മുന്നോട്ടു വെക്കുമ്പോഴെക്കും ഒരാൾ വന്നു വാങ്ങുന്നതും, ഒഴിഞ്ഞ കുട്ട അവളുടെ കൈയിൽകൊടുക്കുന്നതും അദ്ദേഹം കണ്ടു. താൻ ചെയ്യുന്ന സേവനത്തിന്നു, അതു എത്ര ദുഷ്കരമായിരുന്നാലും, ന്യൂനതവരുത്തുവാൻ തുനിയരുതെന്നു തന്റെ ശിഷ്യന്മാരോടു പല കുറി താക്കീതു ചെയ്തിരുന്നിട്ടും, അതു അവർ പരിഗണിച്ചിട്ടില്ലെന്നോൎത്തു അനന്താഴ്വാന്നു കലശലായ ദേഷ്യമുണ്ടായി. തന്റെ ഭാൎയ്യയുടെ സേവനത്തെ പാതിപ്പെടുത്തുന്ന ആ ശിഷ്യരൂപിയുടെ നേരെ അദ്ദേഹം വക്കാണിച്ചുകൊണ്ടു് കുതിച്ചുചാടി. പേടിച്ചിട്ടെന്നപോലെ ആയാൾ കുട്ടയെ എറിഞ്ഞുകളഞ്ഞു് പാഞ്ഞുതുടങ്ങി. ഒപ്പം പിന്തുടൎന്നുചെന്നു് ആയാളെ അനന്താഴ്വാൻ മൺവെട്ടിയാൽ മുഖത്തേക്കു ഓങ്ങിയടിച്ചു. ആ അടി ഏററുകൊണ്ടു് ആയാൾ ഒരു കുതിക്കു ക്ഷേത്രത്തിന്നുള്ളിൽ മറഞ്ഞു. ഒരുമിച്ചു അനന്താഴ്വാനും അവിടെ എത്തി. ആയാളെ കാ

ണന്നില്ലാ. ശ്രീമൂലസ്ഥാനത്തിൽ വിഗ്രഹത്തിന്റെ പിമ്പിൽ ഒളിച്ചിരിക്കയായിരിക്കാമെന്നു ശങ്കിച്ച് അദ്ദേഹം ആയാളെ അവിടെ തിരയുവാൻ ചെന്നു. അപ്പോൾ വെങ്കടേശസ്വാമിയുടെ കോർവായയ്ക്കരികേ മുറിവേററിരിന്നതു കണ്ടു. അതിൽനിന്നു രക്തം ഒഴുകുന്നു. അനന്താഴ്വാൻ സംഭ്രാന്തനായി. അപ്പോഴേക്കും ക്ഷേത്രത്തിലെ അർച്ചകന്മാരും പരിചാരകന്മാരുമെല്ലാം അവിടെ വന്നുകൂടി. വിഗ്രഹത്തിന്റെ മുഖത്തുനിന്നു ചോരയൊഴുകുന്നതു നിറുത്തുവാൻ കർപ്പൂരം പൊടിച്ച് തേച്ചമർത്തി.

ആ സംഭവത്തിന്റെ സ്മാരകമായി ഇപ്പോഴും വെങ്കടേശവിഗ്രഹത്തിന്റെ കോർവായയ്ക്കരികെ കർപ്പൂരപ്പൊടി ദിവസേന ചാർത്താറുണ്ട്.

മറെറാരുന്നാൾ അനന്താഴ്വാൻ ഉദ്യാനത്തിൽ ചെന്നു പൂവറുക്കുമ്പോൾ അദ്ദേഹത്തെ പാമ്പുകടിച്ചു. അതിൽ അല്പംപോലും സംഭ്രമം അദ്ദേഹത്തിനുണ്ടായില്ലാ. തന്റെ ജോലിയെല്ലാം മുറയ്ക്കു നടത്തിത്തുടങ്ങി. അതു വേറൊരാൾ കണ്ട് ഏററവും വിസ്മയിച്ചു. ആയാൾ അരികെ ചെന്ന്,—"ഘോരസർപ്പമാണല്ലോ അങ്ങയെ കടിച്ചതു്; ഉടൻ ചെന്നു ചികിത്സിപ്പിക്കാതെയിരുന്നാൽ ആപത്താകുമല്ലോ" എന്ന് അനന്താഴ്വാനോടു പറഞ്ഞു. "എന്ത് ആപത്താണ് ഇതിൽ ഉണ്ടാകുവാനുള്ളതു്? കടിച്ചവൻ ബലവാനാണെങ്കിൽ, ഞാൻ വിരജാനദിയിൽ സ്നാനംചെയ്തു വൈകുണ്ഠനാഥസന്നിധിയെ പ്രാപിക്കും; അഥവാ, കടിപെട്ടവനാണു ബലവാനെങ്കിൽ ഞാൻ ഈ തിരുപ്പതിയിൽ സ്നാനംചെയ്തു വെങ്കടേശസന്നിധിയിൽ വത്തിക്കും. രണ്ടുവിധത്തിലും എനിക്കു നന്മതന്നെ"—എന്നാണ് അനന്താഴ്വാന്റെ സമാധാനം.

മൈസൂരിൽ ശ്രീരംഗപട്ടണത്തിന്നരികെയുള്ള ചിറപ്പുത്തൂരാണ് അനന്താഴ്വന്റെ ജന്മദേശം. ഇദ്ദേഹത്തിന്നുള്ള ഭൂതാനുകമ്പയേയും, ജനസേവനവ്രതത്തേയും, ഈശ്വരസാക്ഷാത്കാരത്തേയുംകുറിച്ചു രസകരങ്ങളായ പല ഐതിഹ്യങ്ങളുമുണ്ട്.

പഞ്ചമഖണ്ഡം—പ്രവാഹം

രാമാനുജന്റെ കാലത്തിന്നുമുമ്പു രാജ്യമെങ്ങും ശൈവമയമായിരുന്നു. ചടകോപനിൽനിന്നു പതുക്കെ ചെറുതായുയർന്ന വൈഷ്ണവസിദ്ധാന്തം ദുർല്ലഭം ചിലേടത്തു ചിലർക്കിടയിൽ മാത്രം പ്രവർത്തിച്ചുകൊണ്ടുനിന്നതേയുള്ളൂ. ചടകോപൻ മരിച്ചതോടുകൂടി അതു് തീരെ മറഞ്ഞുപോയിരിക്കയായിരുന്നു. യമുനാചാര്യൻ അതിനെ വീണ്ടും ഊതിക്കത്തിച്ചുവിട്ടു. അതിനെ രാമാനുജൻ അതിവേഗം പല നാട്ടുകളിലും പരത്തിത്തുടങ്ങി.

ശ്രീരംഗവും കാഞ്ചീപുരവുമെല്ലാം അന്നു ചോഴമണ്ഡലത്തിൽ ഉൾപ്പെട്ട നാട്ടുകളായിരുന്നു. ചോഴരാജാക്കന്മാർ ശൈവന്മാരാണ്. രാമാനുജന്റെ ആരംഭകാലത്തു രാജാവായിരുന്ന ആളും, ജനങ്ങളുടെ മതാനുഷ്ഠാനകാര്യത്തിൽ സ്വബലം പ്രയോഗിച്ചിരുന്നില്ല. അതുകൊണ്ട്, രാജവിരോധം കൂടാതെ രാമാനുജനു തന്റെ നവ്യപ്രസ്ഥാനത്തെ സംബന്ധിച്ച് ഉത്സാഹത്തോടെ പ്രവർത്തിക്കുവാൻ കഴിഞ്ഞു. പിന്നീടു രാജാവായി വന്ന ആൾ മതപ്രിയനാണ്. സ്വമതത്തോടു പക്ഷപാതം കൂടും. പുതിയ ഈ മതംകൊണ്ടു ജനങ്ങളെ ഇളക്ക

ന്നതു് അദ്ദേഹത്തിന്നു സമ്മതമായില്ല. എങ്കിലും, അപ്പോഴെക്കും രാമാനുജന്നു് ഏററവും പ്രാബല്യം കൂടുകയാൽ എതിൎത്തുചെല്ലുന്നതിന്നു രാജാവിന്നു ശങ്കയുണ്ടായി. അങ്ങിനെയും കുറച്ചുകാലം അടങ്ങിക്കഴിഞ്ഞു.

രാമാനുജൻ വിശിഷ്ടാദ്വൈതമെന്ന നവീനപ്രസ്ഥാനത്തിൽ പ്രവൎത്തിച്ചുതുടങ്ങീട്ടു് അറുപതു വൎഷമായി. അപ്പോഴെക്കും എങ്ങുനോക്കിയാലും വൈഷ്ണവന്മാരെ കാണാമെന്നായി. അദ്ദേഹത്തിന്റെ ശിഷ്യന്മാർ നാനാദേശങ്ങളിലും ചെന്നു വൈഷ്ണവമതത്തെ പരത്തിത്തുടങ്ങി. ഇത്രയുമായപ്പോൾ, ആ പുതുമയോടു ശൈവന്മാൎക്കു് ഇടയാതിരിക്കുവാൻ കഴികയില്ലെന്നുവന്നു. ശാസ്ത്രവാദംകൊണ്ടു രാമാനുജനെ ജയിക്കുവാൻ അവർ ശക്തരായില്ല. ഉപായംകൊണ്ടോ ഭീഷണികൊണ്ടോ വൈഷ്ണവന്മാരെ അടക്കുന്നതിന്നും അവർ ആളായില്ല. സാമദാനഭേദങ്ങൾകൊണ്ടൊന്നും ഫലമില്ലെന്നു കണ്ടപ്പോൾ ദണ്ഡനീതിപ്രയോഗത്തിന്നു് അവർ രാജാവിനെ പ്രേരിപ്പിച്ചു.

“പൂൎവ്വികമായ ശൈവമതത്തെ മൂഢന്മാർ നശിപ്പിക്കുന്നതു കണ്ടുകൊണ്ടു് അങ്ങു് ഇങ്ങിനെ ഉദാസീനനായി വൎത്തിക്കുന്നതു് എന്താണു്? മതത്തെ രക്ഷിക്കേണ്ടതു് രാജധൎമ്മമല്ലയോ? പൂൎവ്വികമതത്തെ രാമാനുജനും ശിഷ്യന്മാരും താന്തോന്നികളായി അനാദരിച്ചുകൊണ്ടു ജനങ്ങളെ ഇളക്കി രാജ്യത്തിൽ സമാധാനമില്ലാതാക്കുന്നതു് അങ്ങു യഥാധൎമ്മം നിരോധിക്കയില്ലെങ്കിൽ ഞങ്ങൾ അനാഥരാണെന്നാണോ വിചാരിക്കേണ്ടതു്?”—എന്നിങ്ങിനെ ജനങ്ങൾ രാജസ്ഥാനത്തിൽ നിവേദനംചെയ്തു.

അധികം ജനങ്ങളും അന്നു ശൈവന്മാർ തന്നെയാണ്. അവരുടെ ബലം തനിക്കുണ്ടെന്ന് അറിഞ്ഞപ്പോൾ രാജാവിന്നു ധൈര്യംകൂടി. അദ്ദേഹം വൈഷ്ണവന്മാരെ നശിപ്പിക്കുവാൻ കാപ്പുകെട്ടി.

ശൈവമാണ 'സംസ്ഥാനമതം' എന്ന് ആദ്യം ചോഴമന്നൻ വിളംബരംചെയ്തു. ശൈവമതത്തിൽ ഉൾപ്പെടാത്തവരെ അന്യരായിക്കരുതുന്നതാണെന്ന വിധിയുണ്ടായി. ഇതു വൈഷ്ണവന്മാൎക്ക പീഡയായിത്തീൎന്നു. രാജാനുകൂല്യമുണ്ടായപ്പോൾ ശൈവന്മാർ പൊങ്ങി. അവർ വൈഷ്ണവന്മാരെ ആവുന്നതു ഉപദ്രവിക്കുവാൻ മുതിൎന്നു.

ശൈവമഹാജനസഭ ചെയ്തു തീർമാനത്തെ അനുസരിച്ച് "ശിവാൽ പരേതരം നാസ്തി (ശിവനെ കവിഞ്ഞു ആരുമില്ല") എന്ന് എഴുതിട്ടുള്ള ഓലകളിൽ രാജ്യത്തിലെ സർവ്വവിദ്വാന്മാരിൽനിന്നും കൈയൊപ്പു വാങ്ങുവാൻ രാജനിയോഗത്തോടെ നാനാ ഭാഗങ്ങളിലും ആൾക്കാർ നടന്നുതുടങ്ങി. ദണ്ഡഭീതിയാൽ പലരും അതിൽ ഒപ്പുകൊടുത്തു. അങ്ങിനെ ആ നാട്ടിലെ വിദ്വാന്മാരിൽ ഭൂരിപക്ഷം ശൈവമതത്തിന്ന് അനുകൂലികളാണെന്ന വരുത്തി.

പിന്നെയാണ രാമാനുജൻ്റെനേരെ തിരിഞ്ഞതു്. നല്ലൂരാൻ എന്നൊരു ശൈവനാണത്രേ അന്നു ചോഴൻ്റെ മന്ത്രിപ്രധാനൻ. അദ്ദേഹം മഹാക്രൂരനായിരുന്നുവെന്നും, തൻ്റെ അഭിമതത്തിന്ന് അടിപ്പെടാത്തവരെ നിർദ്ദയം ഹിംസിക്കുന്നതിൽ നിരതനായിരുന്നുവെന്നും അദ്ദേഹത്തിൻ്റെ പ്രേരണയാലാണ ചോഴൻ വൈഷ്ണവധ്വംസനത്തിന്നു കോപ്പുകൂട്ടിയതെന്നും പറഞ്ഞുകാണുന്നു.

രാമാനുജനെ തൻ്റെ സന്നിധിയിൽ ഹാജരാക്കുവാൻ ചോഴമന്നൻ കിങ്കരന്മാരെ അയച്ചു. ഈ വൎത്തമാനം ഉടൻതന്നെ വൈഷ്ണവന്മാർവഴിക്ക ശ്രീരംഗത്തെത്തി.

രാമാനുജനു കുളിക്കുന്നതിലേക്ക് ആഴ്‌വാൻ വെള്ളം ചൂടാക്കുകയായിരുന്നു. അപ്പോഴാണ് അദ്ദേഹം ഈ അപ്രിയോദന്തം കേട്ടത്. ആഴ്‌വാനിൽനിന്നു രാമാനുജൻ അറിഞ്ഞു. ദൃഢനിശ്ചയനായ അദ്ദേഹം മന്ദസ്മിതത്തോടേയാണ് അതു കേട്ടത്.

"രാജസന്നിധിയിലേക്ക് എന്നെ വിളിക്കുന്നുവെന്നോ? ഇതു ഞാൻ വളരെനാളായി പ്രതീക്ഷിക്കുന്നതു തന്നെയാണല്ലോ. ഞാൻ ഇതാ പോകയായി. ശൈവമതത്തെയും മായാവാദത്തെയും അടിയോടേ മുറിച്ചെറിയുവാൻ ഇതുതന്നെയാണു സന്ദർഭം"—എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പുറപ്പെടുവാൻ നോക്കി.

ഗുരുഭക്തനും ഉചിതജ്ഞനുമായ ആഴ്‌വാൻ വണക്കത്തോടേ രാമാനുജനെ തടഞ്ഞു.

"സ്വാമിൻ, താങ്കൾ കരുതുന്നതുപോലെയല്ലാ ഈ കാര്യം. തൽക്കാലം താങ്കൾ ക്ഷമിക്കണം. ശിഷ്യന്മാരായ ഞങ്ങൾ താങ്കൾക്കുണ്ടായിരിക്കുമ്പോൾ, അവരെക്കൊണ്ടു സാധിക്കാത്തതു മാത്രമല്ലേ താങ്കൾ ചെയ്യേണ്ടതുള്ളൂ. ആദ്യം ഞാൻ അവിടെ ചെന്ന് എന്താണു കാര്യമെന്നു നോക്കട്ടേ. എനിക്കു താങ്ങാവുന്നതല്ലെങ്കിൽ താങ്കളെ ഞാൻ അറിയിച്ചുകൊള്ളാം."

ഇങ്ങിനെ രാമാനുജനെ അടക്കിനിർത്തി, അതിനു മറുപടി കേൾക്കുവാൻ നില്ക്കാതെ ആഴ്‌വാൻ അകത്തു കടന്നു രാമാനുജന്റെ വസ്ത്രാഭരണങ്ങളെല്ലാം എടുത്തു ചാർത്തി രാമാനുജന്റെ ഭാവത്തിൽ, രാജകിങ്കരന്മാർക്കെതിരേ വെളിയിലേക്കിറങ്ങി. അദ്ദേഹമാണു രാമാനുജനെന്നു ധരിച്ച് ആ കിങ്കരന്മാർ അദ്ദേഹത്തെ രാജസന്നിധിയിലേക്കു കൊണ്ടുപോകയും ചെയ്തു.

ആഴ്വാന്റെ ഗതി കണ്ടപ്പോൾ ആ മഹാത്യാഗിയെ പൂജിച്ചുകൊണ്ട് ആയാളോടൊരുമിച്ച് രാജസന്നിധിയിലേക്കു മഹാപൂർണ്ണനും നടന്നു. നടാതൂർ വരദവിഷ്ണു ആചാര്യനാണ് ആഴ്വാനോടൊന്നിച്ചു പോയതെന്നും പറഞ്ഞുകാണുന്നുണ്ട്.

ഇവരെ ന്യായാസനസമക്ഷം ഹാജരാക്കിയപ്പോൾ ആഴ്വാനെ ചൂണ്ടിക്കൊണ്ട്, "ഇയ്യാളാണോ രാമാനുജൻ" എന്നു രാജാവു ചോദിച്ചു. "അല്ല, ഇയ്യാൾ രാമാനുജന്റെ ശിഷ്യനാണ്" എന്നു മന്ത്രിയിൽനിന്നു മറുപടിയുണ്ടായി. രാജാവ് ഉഗ്രരോഷത്തോടെ ചിറികൊണ്ടു കിങ്കരന്മാരെ നോക്കി. അവരൊക്കെ കരിഞ്ഞു മട്ടായി. ഉടനേ രാമാനുജനെ പിടിച്ചുകൊണ്ടുവരട്ടെ എന്നു വേറെ ആളുകൾക്ക് ഉത്തരവുകൊടുത്തു.

സാമത്തിലല്ല, ഭേദത്തിലാണു രാജാവു നില്ക്കുന്നതെന്നും ഈ അവസ്ഥയിൽ രാജാവിന്റെ മുമ്പിൽ ചെല്ലുന്നതു് ആപത്താണെന്നും രാമാനുജനെ ഗ്രഹിപ്പിക്കുവാൻ വൈഷ്ണവന്മാർ തിടുക്കിട്ടു. കാഞ്ചീപുരത്തിലെയും ശ്രീരംഗത്തിലെയും വൈഷ്ണവശ്രേഷ്ഠന്മാരെല്ലാം ഇതിൽ ഒരേ അഭിപ്രായക്കാരാണ്. തൽക്കാലം മാറിപ്പാർക്കുകയാണു നല്ലതെന്ന് അവർ രാമാനുജനെ നിർബ്ബന്ധിച്ചു. വൈഷ്ണവമതത്തെ പ്രചരിപ്പിക്കുന്നതിനു പല നാടുകളുമുള്ളതുകൊണ്ടു ചോഴനാട്ടിനെ വെടിയുന്നതിൽനിന്നു ജീവിതോദ്ദേശത്തിനു ഭംഗം വരുന്നതല്ലെന്ന് അദ്ദേഹത്തെ അവർ ആശ്വാസനാക്കുകയും ചെയ്തു. അപ്രകാരം രാമാനുജൻ ഏതാനും ശിഷ്യന്മാരോടുകൂടി കാവിരിനദീതീരത്തിൽകൂടി വടക്കുപടിഞ്ഞാറൻ നാട്ടുകളിലേക്കു യാത്രയായി. അദ്ദേഹത്തെ ബന്ധിക്കുന്നതിനു ചോഴന്റെ ആൾക്കാർ

കണ്ണും കൈയും എത്തിയില്ല. അദ്ദേഹവും ശിഷ്യന്മാരും നീലഗിരിപ്രദേശത്തു മറഞ്ഞു.

തിരുപ്പതിയിൽ രാമാനുജനു നല്ലാൻ എന്നു പേരായി മറ്റൊരു ശിഷ്യനുണ്ടു്. ഇയ്യാൾ ഒരിക്കൽ മധുരയിൽ ചെന്നിരുന്നു. ഏതോ ഒരു ചണ്ഡാലന്റെ പിണം വൈഗൈയാററിൽക്കൂടി ഒഴുകുന്നതു് ആയാൾ യദൃച്ഛയാ കണ്ടു. ആ പിണത്തിന്റെ നെററിയിൽ ത്രിപുണ്ഡ്രമുണ്ടു്. ഉടൻ നല്ലാൻ ആററിലേക്കിറങ്ങി ആ ശവത്തെ കരയിലേക്കു വലിച്ചുകൊണ്ടുവന്നു വിധിപോലെ ദഹനക്രിയയെല്ലാം നടത്തി. ചണ്ഡാലശവം തൊടുകയും, അതിനു ശേഷക്രിയ ആചരിക്കയും ചെയ്കയാൽ സ്വജനങ്ങൾ നല്ലാനെ ജാതിയിൽനിന്നു തള്ളി. ആയാൾക്കു് അതിൽ ഒട്ടും കൂസലുണ്ടായില്ല. ഹരിജനസേവനമാണു് ആയാൾ കൈക്കൊണ്ടിരിക്കുന്ന ജീവിതധർമ്മം. സ്വജനങ്ങൾക്കിടയിൽ അത്ര ദുഷ്ടരാണെന്നു കണ്ടപ്പോൾ ആയാൾ നീലഗിരിയിലേക്കു പോയി. അവിടെയുള്ള വേടന്മാരെ വൈഷ്ണവമതത്തിൽ ചേർത്തു് സദാചാരനിരതരാക്കുവാൻ ഉദ്യമിച്ചുകൊണ്ടു് അവിടെ പാർത്തു.

രാമാനുജൻ ചോഴനാട്ടിൽനിന്നു മറയുന്നകാലത്തു നല്ലാൻ നീലഗിരിയിൽ ഇല്ല. ആയാൾ രാമാനുജനെ അന്വേഷിച്ചു ചെന്നിരിക്കയായിരുന്നുവത്രേ. രാമാനുജൻ ശ്രീരംഗത്തുനിന്നു തിരോഭവിച്ചിരിക്കുന്നുവെന്ന വർത്തമാനം വൈഷ്ണവലോകം മുഴുവൻ ഉടനേ പരന്നു. എവിടെയാണെന്നു് അന്വേഷിച്ചുകൊണ്ടു പല ശിഷ്യന്മാരും പല വഴിക്കും പാഞ്ഞു. അവരിലൊരാൾ നീലഗിരിവഴിക്കു ചെല്ലുമ്പോൾ ആയാളിൽനിന്നു് അവിടത്തെ നിവാസികളും ഈ വർത്തമാനം അറിഞ്ഞു.

തങ്ങളുടെ ആചാര്യൻ പെട്ടെന്നെങ്ങിനെ മറഞ്ഞു പോയെന്നത്" അവർ ഉദ്വേഗത്തോടെയാണു കേട്ടത്". തങ്ങളുടെ തൊഴിലുകളിൽ അവക്കു മനസ്സുനില്ക്കാതെയായി. ആഹാരത്തിൽ രുചിയില്ലാതെയായി. ഉറക്കമില്ലാതെയുമായി. "ആചാര്യൻ എവിടെ"—ഇങ്ങിനെയൊരു ഉൽക്കണ്ഠമാത്രം മനസ്സിൽ നീറിത്തുടങ്ങി. അങ്ങിനെ ആറു നാളുകഠം കഴിഞ്ഞു. അത്രയും നാളുകഠം തുടർച്ചയായി അവരുടെ മനസ്സു ക്ഷുബ്ധിക്കൊണ്ടാണിരുന്നത്".

ആറാംനാഠം രാത്രി അതിഘോരമായ വർഷമായിരുന്നു. കാട്ടിൽക്കൂടിയുള്ള യാത്ര. ഇരുട്ടും മഴയും. ശ്രീരംഗത്തുനിന്നു പുറപ്പെട്ടതിൽപ്പിന്നെ എങ്ങും വിശ്രമിച്ചിട്ടില്ലായ്കു. ആകപ്പാടെ രാമാനുജനും ശിഷ്യന്മാരും വളരെയെല്ലാം കഷ്ടപ്പെട്ടു. വഴിതെററി എങ്ങോട്ടെന്നില്ലാതെയാണ്" അവർ നടക്കുന്നത്". അടുത്തെങ്ങാനും ഗ്രാമമുണ്ടെങ്കിൽ, ഏതുവഴിക്കാണു ചെല്ലേണ്ടതെന്നോ എത്ര ദൂരമുണ്ടെന്നോ അവക്ക്" അറിഞ്ഞുകൂടാ. ഏതോ കാട്ടിനുള്ളിലാണെന്നുമാത്രം അറിയാം. അമിതക്ലേശംകൊണ്ടും, ദീർഘമായ വിശപ്പുകൊണ്ടും അപ്പോഴത്തെ പേമഴയാലും രാമാനുജൻ തളർന്നുവീണുപോയ്"! ശിഷ്യന്മാർ അദ്ദേഹത്തെ താങ്ങിയെടുത്തു ദീനരായി നടന്നു.

അപ്പോഠം, അകലെയായി മങ്ങിമങ്ങിക്കാണുന്നൊരു വെളിച്ചം കണ്ടു. അതിന്നരികിലേക്കു അവർ ആശയോടെ നടന്നു. വേടന്മാരുടെ കുടിലുകളാണവിടെ. ആരോ ചിലർ വരുന്നതുകണ്ട്" അവർ പുറത്തുകടന്നു നോക്കി. വൈഷ്ണവന്മാരാണ്" അവരെന്ന്" ആ മങ്ങിയ വെളിച്ചത്തിൽ വേടന്മാർ കണ്ടു.

"അടുത്തെങ്ങാനും ഗ്രാമമുണ്ടോ? അവിടേക്ക് ഏതു വഴിയാകുന്നു ചെല്ലേണ്ടതു്" എന്നു രാമാനുജശിഷ്യന്മാർ ചോദിച്ചുകൊണ്ട് അരികെവന്നു.

മഴനനഞ്ഞു കഷ്ടപ്പെട്ടു തളൎന്നിരിക്കുന്ന ആ വൈഷ്ണവന്മാരെ കണ്ടപ്പോൾ വേടന്മാൎക്ക് അനുതാപമുണ്ടായി. അവർ ആ ആഗതന്മാൎക്കു പുതയ്ക്കുവാൻ വേണ്ടുന്ന വസ്ത്രങ്ങൾ ഉടൻ എടുത്തുകൊണ്ടുവന്നു കൊടുത്തു. കുളിർപോകുവാൻ തീ കത്തിക്കയും ചെയ്തു.

ഇത്രയുമായപ്പോൾ രാമാനുജന്ന് അല്പം ആശ്വാസമായി. ആ ഉദാരശീലന്മാരായ വനവാസികളുടെ സല്ക്കാരത്താൽ ശിഷ്യന്മാരും സമ്പ്രീതരായി.

അതിൽപ്പിന്നെ ആ വേടന്മാരും രാമാനുജശിഷ്യന്മാരും തമ്മിൽ സംവാദമുണ്ടായി.

വേടന്മാർ—"വൈഷ്ണവന്മാരായ നിങ്ങൾ അകാലത്തു് ഈ കാട്ടിനുള്ളിൽ അകപ്പെട്ടതെങ്ങിനെ? നിങ്ങളിൽ ഇതാ ഇദ്ദേഹം വളരെ തളൎന്നിരിക്കുന്നുവല്ലോ. നിങ്ങൾ എവിടെനിന്നാണു വരുന്നതു്?"

ശിഷ്യന്മാർ—"ഞങ്ങൾ ശ്രീരംഗത്തുനിന്നു പോന്നവരാണ്."

"എന്തു്! ശ്രീരംഗത്തുനിന്നോ? ഹാ, ഞങ്ങൾ അനുഗ്രഹീതരായി. എന്നാൽ, ഞങ്ങളുടെ ആചാൎയ്യന്റെ വൎത്തമാനമെല്ലാം നിങ്ങൾ അറിയുമല്ലോ. ഞങ്ങളുടെ സൎവ്വശോകാപഹനായ ഗുരുദേവൻ—സാക്ഷാൽ രാമാനുജാചാൎയ്യൻ ഇപ്പോൾ എവിടെയാണ്?"

"ആചാൎയ്യരെ നിങ്ങൾ അറിയുമോ?" എന്നു ശിഷ്യന്മാർ അത്ഭുതത്തോടെ ചോദിച്ചു.

"ഞങ്ങൾക്ക് അദ്ദേഹത്തെക്കുറിച്ച് അധികമൊന്നും അറിഞ്ഞുകൂടാ. ഞങ്ങളുടെ ഗുരുവായ തിരുപ്പതി

നല്ലാൻ ഞങ്ങളുടെ ഏകയോഗക്ഷേമത്തിനുവേണ്ടി സ
മാചാരങ്ങൾ ഏർപ്പെടുത്തിയതിൽ ഞങ്ങൾ രാമാനുജനെ
ആചാര്യനായി ആരാധിക്കേണമെന്നു വിധിച്ചിട്ടുണ്ട്. അ
ന്നുമുതൽ രാമാനുജനെ ശരണംപ്രാപിച്ചവരാണു ഞ
ങ്ങൾ. അദ്ദേഹത്തെ പൂർണ്ണമായി വിശ്വസിച്ചുകൊണ്ടാ
ണു ഞങ്ങളുടെ ജീവിതം. അദ്ദേഹമാണു ഞങ്ങളുടെ നാ
ഥൻ. ആറുദിവസങ്ങൾക്കുമുമ്പ് ഒരു വൈഷ്ണവൻ ഈ വ
ഴിക്കു ചെല്ലുമ്പോൾ, ഞങ്ങളുടെ ആചാര്യൻ ശ്രീരംഗത്തു
നിന്ന് എങ്ങിനെയോ മറഞ്ഞിരിക്കുന്നുവെന്നു പറയുകയു
ണ്ടായി. അതു കേട്ടപ്പോൾമുതൽ കഠിനശോകംകൊണ്ടു
ഞങ്ങൾക്ക് ഊണും ഉറക്കവും ഇല്ലാതായിരിക്കയാണ്.
രാവും പകലും ഞങ്ങൾ ദീനരായി രാമാനുജനുവേണ്ടി
പ്രാർത്ഥിക്കുന്നു.

"എന്നാൽ നിങ്ങളുടെ പ്രാർത്ഥനയെ ഭഗവാൻ കൈ
ക്കൊണ്ടിരിക്കുന്നു. നിങ്ങളുടെ ആചാര്യനെ ഭഗവാൻ
നിങ്ങളുടെ അടുക്കലേക്കുതന്നെ അയച്ചിട്ടുണ്ട്. ഇതാ,
ഇദ്ദേഹംതന്നെയാണു നിങ്ങളുടെ രാമാനുജാചാര്യൻ."
ആദ്യം അവർ അത്ഭുതംകൊണ്ട് നിശ്ചേഷ്ടരും, പി
ന്നെ ആനന്ദംകൊണ്ടു ആടുന്നവരുമായി. അവരേവരും
രാമാനുജപാദങ്ങളിൽ വീണു. അവരിൽനിന്നു അശ്രു
ധാരയുണ്ടായി.

"ഹാ, ഗുരുദേവാ, സർവ്വജീവദയാപരാ, ഞങ്ങൾക്ക്
അങ്ങയെ ഈ വിപത്തുകാലത്താണല്ലോ കാണേണ്ടിവന്ന
ത്. അഥവാ, ഇതും ദൈവാനുഗ്രഹമാണെന്നായിരിക്കാം
ഞങ്ങൾ കരുതേണ്ടത്. മഹായശസ്വിയായ അങ്ങയെ
ആപത്തുകാലത്തു ആശ്വസിപ്പിക്കുവാൻ ഞങ്ങൾക്കാണ

ല്ലോ യോഗമുണ്ടായതു്". ഭഗവൽഭക്തന്മാരിൽ സൎവ്വോത്തമനായ അങ്ങെയ്ക്കു ഈ ആപത്തു എങ്ങിനെയുണ്ടായി?"

രാമാനുജൻ—"നിങ്ങൾക്കാൎക്കും സങ്കടമുണ്ടാകരുതു്. ഈ വിപത്തുകളും കഷ്ടങ്ങളുമെല്ലാം അല്പകാലത്തേക്കു മാത്രമുള്ളതാണു്. ഉടനേ ഉദയം കാണും. ഈ വിപത്തുകൾകണ്ടു ആരും പേടിവേണ്ടാ. എല്ലാം നന്മയിൽത്തന്നെയാണു കലാശിക്കുക. ഭഗവാന്റെ തിരുവുള്ളം ആരുകണ്ടു? ഇങ്ങിനെയൊരു വിപത്തു എനിക്കു ഉണ്ടാകാതെയിരുന്നാൽ, ഞാൻ ഈ വനാന്തർഭാഗത്തു വരുന്നതാണോ? ഈ പ്രദേശത്തു ഏതോ ചിലതെല്ലാം എനിക്കു ചെയ്യുവാനുണ്ടെന്നു തോന്നുന്നു. അതിനായിരിക്കാം ഭഗവാൻ എന്നെ ഇങ്ങോട്ടു വിട്ടിരിക്കുന്നതു്".

ഈ വാക്കുകൾ കേട്ടു് വേടന്മാർ തെളിഞ്ഞു. രാമാനുജനും ശിഷ്യന്മാൎക്കുമായി അവർ തേനും തിനയും എടുത്തുകൊണ്ടുവന്നു കൊടുത്തു. അവൎക്കു അതോടുകൂടി വിശപ്പടങ്ങി. ആ രാത്രി അവർ സമാധാനത്തോടുകൂടി ഉറങ്ങുകയും ചെയ്തു.

പിറെറന്നാൾ രാവിലെ രാമാനുജനും കൂട്ടരും ആ കാട്ടിൽനിന്നു നാട്ടിലേക്കു പുറപ്പെട്ടു. തന്റെ ശിഷ്യന്മാരിൽ ഒരുവനേയും ഒരു വേടനേയും ശ്രീരംഗത്തേക്കയച്ചതിൽപ്പിന്നെ ബാക്കിയുള്ള നാല്പത്തിയഞ്ചു ശിഷ്യന്മാരോടുകൂടിയാണു് രാമാനുജൻ യാത്രയായതു്. വേടന്മാരിൽ ചിലർ അവരെ നാട്ടിന്പുറംവരെക്കും അനുഗമിച്ചു. അവൎക്കു ആ നാട്ടിലെ ഒരു വീട്ടിൽ വിശ്രമിക്കുവാൻ ഏൎപ്പാടുചെയ്തുകൊടുത്തതും വേടന്മാരാണു്.

ആ വീട്ടിൽ രാമാനുജനും കൂട്ടരും പ്രവേശിക്കുമ്പോൾ, ഗൃഹിണി മാത്രമേ അകത്തുണ്ടായിരുന്നുള്ളു. ഗൃഹനായകൻ വേട്ടക്കു പോയിരിക്കയായിരുന്നു. ഭർത്താവിന്റെ അനുജ്ഞകൂടാതെ യാതൊന്നും പ്രവർത്തിക്കാത്തവളാണു ആ ഗൃഹനായിക. അതുകൊണ്ടു്, നായകൻ വരുന്നതുവരെ അവർക്കു അവിടെ കാത്തിരിക്കേണ്ടിവന്നു.

വൈകുന്നേരം ഗൃഹനായകൻ വന്നു. രാമാനുജനും ശിഷ്യന്മാരും വന്നിരിക്കുന്നതറിഞ്ഞു. അവരെ ബ്രാഹ്മണരുടെ അഗ്രഹാരത്തിലേക്കു കൂട്ടിക്കൊണ്ടുചെല്ലുന്നതിനും, അവിടെ സത്രത്തിൽ ഭോജനത്തിനു ഏർപ്പാടുചെയ്യുന്നതിനും ആയാൾ ഭൃത്യനെ നിയോഗിച്ചു.

രാമാനുജനും ശിഷ്യന്മാരും സത്രത്തിലേക്കു പോയി. അവർ ആദ്യം ചെന്നിരുന്ന ആ വീട്ടിലെ നാഥനോടു്, വൈഷ്ണവൻ തരുന്ന അന്നം മാത്രമേ ഞങ്ങൾ ഭുജിക്കയുള്ളുവെന്നു പറകയുണ്ടായി. അതുകൊണ്ടാണു് ആയാൾ അവിടെ ഭോജനം തയ്യാറാക്കാതെ അവരെ സത്രത്തിലേക്കയച്ചതു്.

സത്രത്തിൽ ഭോജനപദാർത്ഥങ്ങളെല്ലാം തയ്യാറായി. ഒരു സ്ത്രീ അകത്തു നിന്നുകൊണ്ടു് അവരെ ഭോജനത്തിനു് വിളിച്ചു. ശിഷ്യന്മാർ സംശയിച്ചുകൊണ്ടിരിക്കയായി. അന്യസ്ത്രീയാരോ ചോറു വിളമ്പിത്തരുന്നതു അവർക്കു ഉണ്ണുവാൻ ഇഷ്ടമില്ലാ. അവർ ഒന്നും മിണ്ടാതെ അവിടെ തന്നെ ഇരുന്നു. അവരുടെ മനോഗതം ആ സ്ത്രീക്കു മനസ്സിലായി.

"നിങ്ങൾ എന്നെ സംശയിക്കേണ്ടാ. ഞാനും രാമാനുജപാദങ്ങളെ ആശ്രയിച്ചവൾ തന്നെയാണു്"—എന്നു അവൾ പറഞ്ഞു.

“അമ്മേ, ഞങ്ങൾ സംശയിക്കുന്നതു നിങ്ങൾ പൊറുക്കണം. നിങ്ങൾ വൈഷ്ണവിയാണെന്നു ഞങ്ങൾ എങ്ങിനെ വിശ്വസിക്കും? നിങ്ങളുടെ വാക്കു ഞങ്ങളിൽ അത്ഭുതത്തേയും സംശയത്തേയും അധികമായി വളർത്തുന്നു. നിങ്ങൾ ആചാര്യന്റെ ശിഷ്യയായതു എങ്ങിനെയെന്നു ഞങ്ങളോടു പറയാമോ?”

“പറയാം, കേൾക്കുവിൻ! ഈ സംഭവം കഴിഞ്ഞിട്ടു് പല വർഷങ്ങളായി. അന്നു ഈ രാജ്യത്തു ദാരുണമായി ക്ഷാമബാധയുണ്ടായി. നാട്ടുകാർ പലവഴിക്കും പാഞ്ഞു. ഞാനും എന്റെ ഭർത്താവും നിർഗ്ഗതികളായി പലേടത്തും ഉഴന്നുനടന്നു് ഒടുക്കം ശ്രീരംഗത്തെത്തി. അവിടെ രാമാനുജൻ വീടുതോറുംചെന്നു ഭിക്ഷവാങ്ങുന്നതു ഞാൻ കണ്ടിട്ടുണ്ടു്. അവിടത്തെ നാടുവാഴിയായ അകളങ്കനും പലേ പ്രഭുക്കന്മാരും രാമാനുജനെ നമസ്കരിക്കുന്നതും ഞാൻ കണ്ടിട്ടുണ്ടു്. ഒരുനാൾ ഞങ്ങൾപാർക്കുന്ന വീട്ടിലേക്കു രാമാനുജൻ ഭിക്ഷയ്ക്കായി വന്നു. ഞാൻ ഓടിച്ചെന്നു് അദ്ദേഹത്തിന്റെ മുമ്പിൽ കൈകൂപ്പിനിന്നു. അപ്പോൾ അദ്ദേഹം “കുഞ്ഞേ, നിനക്കെന്താണുവേണ്ടതു്.” എന്നു എന്നോടു വാത്സല്യത്തോടെ ചോദിച്ചു. “സ്വാമിൻ, താങ്കൾ വീടുവീടായിനടന്നു് പിച്ചയെടുക്കുന്നതു ഞാൻ കാണാറുണ്ടു്. നാടുവാഴിമുതൽ സർവ്വജനങ്ങളും താങ്കളെ പൂജിക്കുന്നതും ഞാൻ കാണുന്നു. ഇങ്ങിനെ പൂജിക്കുവാൻതക്കവണ്ണം താങ്കൾക്കുള്ള മഹത്വം എന്താണെന്നു എന്നോടു പറയാമോ” എന്നു ഞാൻ വണക്കത്തോടേ പ്രാർത്ഥിച്ചു.

“മകളേ, എനിക്കു വിശേഷിച്ചു മഹത്വമൊന്നുമില്ലാ. ഞാൻ ഇടയ്ക്കിടെ അവരുടെ അടുക്കൽ ചെന്നു ഭഗവാന്റെ കാരുണ്യാദിഗുണങ്ങളെക്കുറിച്ചു വർണ്ണിച്ചുകേൾ

പ്പിക്കാറുണ്ട്. അതുകൊണ്ടു അവൎക്ക എന്നിൽ അല്പം
പ്രിയമുണ്ടായിയെന്നമാത്രം."

"ആ വൎണ്ണന എന്നെയും കേൾപ്പിക്കാമോ.?"

"അതു് ആൎക്കും കേൾക്കാവുന്നതുതന്നെ. അതു കേൾ
ക്കുന്നതിന്ന ജാതിഭേദമോ സ്ഥിതിഭേദമോ പ്രതിബന്ധമ
ല്ലാ എന്ന ആരംഭിച്ചു രാമാനുജൻ ആഹ്ലാദപ്രദമായ പല
കീൎത്തനങ്ങളും എന്നെ കേൾപ്പിച്ചു. ഞാൻ ആനന്ദ
ത്തിൽ നിമഗ്നയായി.

കുറച്ചുകാലംകഴിഞ്ഞപ്പോൾ ക്ഷാമം നിശ്ശേഷം നീ
ങ്ങി ഈ രാജ്യം സുഭിക്ഷമായിയെന്നു് ഞങ്ങൾ കേട്ടു. ഉട
നെ ഞങ്ങൾക്ക ഇങ്ങോട്ടേക്കുള്ള പുറപ്പാടായി; എനി
ക്ക രാമാനുജനിൽനിന്ന ഒരിക്കൽക്കൂടിയും ഉപദേശം
കേൾക്കേണമെന്നു് ആഗ്രഹമുണ്ടായി. ഞാൻ പരാധീന
യായ സ്ത്രീയാകയാൽ തനിയേ പുറത്തെങ്ങും ചെല്ലുവാൻ
അനുജ്ഞയില്ലാ. രാമാനുജനെ ആവഴിക്കെങ്ങും കാണു
ന്നതുമില്ലാ. എന്റെ മനസ്സു് ഉഴറിത്തുടങ്ങി. ഞങ്ങൾ
ക്കു് പുറപ്പെടേണ്ടതിന്നുള്ള കാലമായി. രാമാനുജനെ ഒ
രിക്കൽക്കൂടിയും കണ്ടു് ഉപദേശം ഗ്രഹിക്കുന്നതിന്ന സാ
ധിക്കാഞ്ഞതിൽ ഞാൻ ശോകാവേഗത്താൽ ഉന്മത്തയെ
പ്പോലെയായി. അപ്പോഴുണ്ടതാ, എന്റെ ഭാഗ്യത്തിന്ന,
രാമാനുജൻ ആ വഴിക്കവരുന്നു. ഞാൻ ഓടിച്ചെന്നു കാ
ല്ക്കൽ വീണു. എനിക്ക ഒരിക്കൽക്കൂടിയും ഉപദേശം ത
ന്ന അനുഗ്രഹിക്കേണമെന്നു് ഞാൻ പ്രാൎത്ഥിച്ചു. അദ്ദേ
ഹം ദയാപൂൎവ്വം ദ്വാദശാക്ഷരമഹാമന്ത്രം എനിക്കുപദേ
ശിച്ചുതന്നു. അദ്ദേഹത്തിന്റെ ഓൎമ്മയ്ക്കായി വല്ലതുമൊരു
വസ്തു എനിക്ക തരേണമെന്ന ഞാൻ വീണ്ടും പ്രാൎത്ഥിച്ച
പ്പോൾ, തൽക്കാലം തന്റെ കൈവശം വേറെയൊന്നുമി
ല്ലെന്നുപറഞ്ഞു് മെതിയടികൾരണ്ടും കാലിൽനിന്നഴിച്ചു

എനിക്കു തന്നു് അദ്ദേഹം എന്നെ ആശീർവ്വദിക്കയും ചെയ്തു. അതുകഴിഞ്ഞിട്ടാണു ഞാൻ എൻെറ ഭത്താവോടുകൂടി ഇങ്ങോട്ടുപോന്നതു്. അന്നുമുതൽ നാൾതോറും കുളിച്ചു ശുചിയായി ആ മെതിയടികളെ പൂജിച്ചതിൽപ്പിന്നീടുമാത്രമേ ഞാൻ ഊണുകഴിക്കാറുള്ളു".

ഇങ്ങിനെ അവൾ പറഞ്ഞതെല്ലാം കേട്ടപ്പോൾ രാമാനുജശിഷ്യന്മാർക്കുണ്ടായ അത്ഭുതത്തിനു അതിരുണ്ടായില്ലാ. ദുർഗ്ഗമവനാന്തരത്തിലും വിദൂരഗ്രാമപ്രദേശത്തിലുമെല്ലാം രാമാനുജനാമം മാറ്റൊലിക്കൊള്ളുന്നുവല്ലോ. എങ്കിലും, ഒന്നുകൂടിയും അവർ പരീക്ഷിച്ചുനോക്കേണമെന്നുതോന്നി.

"അമ്മേ ആചാര്യരെ നിങ്ങൾ കണ്ടിട്ടുണ്ടല്ലോ. ഞങ്ങൾ ആരെല്ലാമാണെന്നു ആ വിളക്കെടുത്തുകൊണ്ടുവന്നു ഒന്നു നോക്കാമോ? ഞങ്ങളിൽ ആരെയെങ്കിലും ശ്രീരംഗത്തുവെച്ചു നിങ്ങൾ കണ്ടിട്ടുണ്ടോ എന്നു അറിയാമല്ലോ."

ഇതുകേട്ടു് ആ സ്ത്രീ വിളക്കെടുത്തു അടുത്തുചെന്നു് അവരെ ഓരോരുത്തരെയായി നോക്കി. ഒന്നും മിണ്ടാതെ രാമാനുജൻ അടങ്ങിയിരിക്കയാണു്. ആ സ്ത്രീ അദ്ദേഹത്തിൻെറ അടുക്കൽ വന്നു. ആപാദചൂഡം ഒന്നു നോക്കിയതിൽപ്പിന്നെ അവൾ തൊഴുതു കുമ്പിട്ടു.

"സ്വാമിൻ, ഈ പാദങ്ങൾ എൻെറ ഗുരുദേവൻേറതുതന്നെ. ഞാൻ അദ്ദേഹത്തിൻെറ മുഖത്തേക്കു അത്ര സൂക്ഷിച്ചുനോക്കിട്ടില്ലാ. അദ്ദേഹം എനിക്കായി മെതിയടികൾ അഴിച്ചുതരുമ്പോൾ ആ പാദങ്ങളെ ഞാൻ നല്ലവണ്ണം നോക്കീട്ടുണ്ടു്. അന്നുമുതൽ അതു എൻെറ മനസ്സിൽ പതിഞ്ഞുകിടക്കുന്നതുമുണ്ടു്. ആ പാദങ്ങളെ അലങ്കരിച്ചിരുന്ന മെതിയടികളെ ഞാൻ നാൾതോറും പൂജിക്കാറുമുണ്ടല്ലോ. അതുകൊണ്ടു് ഞാൻ കണ്ട ആ ഗുരുദേവപാദങ്ങൾ

തന്നെയാണ്" ഇതുമെന്ന വിശ്വാസത്തോടെ പറയുവാൻ എനിക്ക തോന്നുന്നുണ്ട്".

രാമാനുജൻ അപ്പോഴാണ്" മൌനത്തെ ലംഘിച്ചതു്:—"എന്റെ ശിഷ്യന്മാരെ, ഇപ്പോൾ നിങ്ങൾ എന്തു വിചാരിക്കുന്നു! ഇത്ര ഉൽകൃഷ്ടമായ ഭക്തി നിങ്ങൾ എവിടെ കണ്ടിട്ടുണ്ട്"? ഈ സുവ്രതയെ ഞാൻ മറന്നിട്ടില്ലാ. ഇവളുടെ വൃത്താന്തമെല്ലാം ഇവളിൽനിന്നുതന്നെ നിങ്ങൾ കേട്ടുകൊള്ളട്ടേ എന്നുവെച്ചാണു ഞാൻ അടങ്ങിയിരുന്നതു്. ഇന്നു നിങ്ങൾക്കു സുദിനമാണ്". ഈ പുണ്യശീലയെ ദർശിക്കുന്നതിന്നു ഭാഗ്യമുണ്ടായല്ലോ. വരുവിൻ, ഇവൾ തരുന്ന അമൃതാന്നം നമുക്ക്" തൃപ്തിയോടെ ഭുജിക്കാം."

അപ്രകാരം അവരെല്ലാവരും അകത്തുചെന്ന്" ഊൺ കഴിച്ചു. അവൎക്കുണ്ടായ സംപ്രീതിക്ക്" അളവില്ലാ. അവർ ആ സത്രത്തിൽതന്നെ കിടന്നുറങ്ങുകയും ചെയ്തു.

പിറെറന്നാൾ ആ സ്ത്രീയുടെ ഗൃഹത്തിലാണു രാമാനുജന്നും ശിഷ്യന്മാൎക്കും ഭോജനമുണ്ടായതു്. അന്ന്" അവളുടെ ഭൎത്താവും രാമാനുജന്റെ ശിഷ്യനായി. അവളുടെ പേർ ചോലാഞ്ചലാമ്മാൾ എന്നും, അവളുടെ ഭൎത്താവിന്റെ പേർ രംഗദാസനെന്നുമാണ്". അവളെ കൊണ്ടപ്പിരാട്ടിയാർ എന്നും വിളിക്കാറുണ്ട്".

ആ ദമ്പതികളുടെ സൽക്കാരങ്ങളാൽ സംപ്രീതനായി രാമാനുജൻ അവിടെ കുറച്ചുനാൾ പാൎത്തു. രംഗദാസൻ ഉദാരവൃത്തനായ ധനവാനാകകൊണ്ട്" അദ്ദേഹത്തിൽനിന്നു രാമാനുജന്നും ശിഷ്യന്മാൎക്കും പല സഹായങ്ങളുമുണ്ടായി. അവിടെവെച്ചാണു തന്റെ ഒളിവേഷത്തെ മാററി രാമാനുജൻ വീണ്ടും സന്യാസവേഷം ധരിച്ചു

ള്ളു്. ശ്രീരംഗവൎത്തമാനം അറിഞ്ഞുവരുന്നതിലേയ്ക്കു ശിഷ്യരിൽ രണ്ടുപേരെ അപ്പോഴും അയയ്ക്കുയുണ്ടായി.

രാമാനുജൻ ആ ഗൃഹത്തിൽ താമസിക്കുന്നതിന്നിടയ്ക്കു് അതിന്നടുത്തുള്ള ജലഗ്രാമത്തിൽ ആണ്ടാൻ ചെന്നു് അവിടെ പരമതസ്ഥരായുള്ളവരെയെല്ലാം രാമാനുജമതത്തിലേയ്ക്കു ചേൎത്തു. അതിൽപ്പിന്നെ രാമാനുജനും മററു ശിഷ്യന്മാരും ആ ഗ്രാമത്തിലേക്കു പോയി. അവിടെവെച്ചാണു വടുകനമ്പിയാർ രാമാനുജന്റെ ശിഷ്യനായതു്. ചിലനാൾ ജലഗ്രാമത്തിൽ പ്രവൎത്തിച്ചതിൽപ്പിന്നെ രാമാനുജൻ നരസിംഹപുരത്തിലേയ്ക്കു തിരിഞ്ഞു. രാമാനുജപാദങ്ങളെ പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ക്ഷേത്രവും, രാമാനുജസ്പൎശത്താൽ പരിപാവനമായതെന്നു കൊണ്ടാടുന്ന ഒരു അരുവിയും ജലഗ്രാമത്തിൽ ഇപ്പോഴുമുണ്ടു്.

രാമാനുജൻ നരസിംഹപുരത്തിൽ മേവുന്ന കാലത്താണു് അദ്ദേഹത്തിൽനിന്നു വടുകനമ്പിയാർ വിശിഷ്ടാദ്വൈതസിദ്ധാന്തമെല്ലാം പഠിച്ചതു്. നരസിംഹപുരവാസികൾ രാമാനുജശത്രുവായ ചോഴമന്നന്റെ നാശത്തിന്നു പല മന്ത്രതന്ത്രങ്ങളും പ്രയോഗിക്കയുണ്ടായത്രേ.

അനന്തരം രാമാനുജൻ തൊണ്ടനൂരിലേക്കു യാത്രയായി. ഇപ്പോൾ ആ നാട്ടിന്നു തൊന്നൂര എന്നാണു പേരു്. മൈസൂരിൽനിന്നു പതിനാറു നാഴിക വടക്കാണതു്. തൊണ്ടനൂർ നമ്പി രാമാനുജന്റെ ശിഷ്യനാണു്. ആ നമ്പിയുടെ വസതിയിലാണു രാമാനുജൻ പാൎത്തതു്. ഏററവും ദരിദ്രനാണു തൊണ്ടനൂർ നമ്പി. അതുകൊണ്ടു രാമാനുജനേയും ശിഷ്യന്മാരേയും യഥാൎഹം സൽക്കരിക്കുന്നതിലേയ്ക്കു ചോലാമ്പലാമ്മാളുടെ ഭൎത്താവായ രംഗദാസൻ ഓരായിരം പൊൻപണം നമ്പിക്കു കൊടുത്തു.

തൊണ്ടനൂർ ഉൾപ്പെടെയുള്ള ആ നാട്ടിലെ അപ്പോഴത്തെ രാജാവു വിട്ടൽദേവനാണ്. അദ്ദേഹത്തിന്നു രൂപയൌവനസമ്പന്നയായി ഒരു പുത്രിയുണ്ട്: അവളുടെ സൌന്ദര്യവും സൌശീല്യവും അന്യാദൃശമാണ്. എന്നാൽ ദുർവ്വിധിയാൽ അവൾക്കു പിശാചബാധയുണ്ടായി. വെറും പിശാചികയെപ്പോലെ അവൾ ബീഭത്സചേഷ്ടകൾ കാണിച്ചുതുടങ്ങി. ഇതിൽനിന്നു വിട്ടൽരാജാവിന്നും കുടുംബത്തിന്നും തീവ്രശോകമുണ്ടായി.

ഒരുനാൾ, തൊണ്ടനൂർനമ്പിയാർ കൊട്ടാരത്തിലെ അന്തഃപുരത്തിൽ ഭിക്ഷയ്ക്കു ചെന്നപ്പോൾ അവിടെയുള്ളവരെല്ലാം ശോകാധീനരായി വർത്തിക്കുന്നതു കണ്ടു സംശയിച്ചു. രാജ്ഞിയുടെ മുഖവും വാടി വിളർത്തിരിക്കുന്നു. "അമ്മേ, എന്തു് അമംഗളമാണ് ഇവിടെ ഉണ്ടായിരിക്കുന്നതു്? ബന്ധുമിത്രങ്ങളിൽ ആരെങ്കിലും മരിച്ചുവോ?" എന്നു നമ്പി ചോദിച്ചു.

"മരണമാണ് ഉണ്ടായിരിക്കുന്നതെങ്കിൽ പൊറുക്കാമായിരുന്നുവല്ലോ. അതിനേക്കാൾ കഠിനമാണ് ഞങ്ങളെ ബാധിച്ചിരിക്കുന്ന ആപത്തു്. ഞങ്ങൾക്കു് ഒരേ മകളേയുള്ളു. അവളുടെ ശീലഗുണങ്ങളേയും അവളുടെ രൂപസൌന്ദര്യത്തേയും എല്ലാവരും കൊണ്ടാടിയിരിക്കുന്നു. ഇപ്പോൾ അവളെ കാണുമ്പോൾ മനസ്സു പിളൎന്നുപോകുന്നു. അവളെ ഏതോ ദുർദ്ദേവത എങ്ങിനെയോ ബാധിച്ചു് ഭയങ്കരമായി വലയ്ക്കുന്നു. ആ ബാധയെ അകറ്റുവാൻ ഇനി ബാക്കിയൊന്നും ഞങ്ങൾക്കു ചെയ്തുനോക്കുവാൻ ഇല്ലെന്നായി. ഞങ്ങൾ എന്തു ചെയ്യട്ടേ"—എന്നിങ്ങിനേ രാജ്ഞി ഏററവും ദീനതയോടേ പറഞ്ഞു.

"കഷ്ടം! ഇതു ഞാൻ ഇന്നേവരെ അറിഞ്ഞില്ലല്ലോ. എന്റെ ഗുരുദേവനായ രാമാനുജാചാര്യർ നമ്മുടെ ഭാഗ്യ

ത്താൽ ഈ നാട്ടിൽ എഴുന്നള്ളീട്ടുണ്ടു്. അദ്ദേഹത്തിൻെറ ഒരേ നോട്ടംകൊണ്ടു് ഏതു ഘോരപിശാചവും ഒഴിഞ്ഞു പോകം"—എന്നു് ആരംഭിച്ചു കാഞ്ചീപുരത്തിൽവെച്ചു രാമാനുജൻ ബ്രഹ്മരക്ഷസ്സിനെ ഓടിക്കയുണ്ടായ ആ സംഭവം വടുകനമ്പിയാർ രാജ്ഞിയോടു പറഞ്ഞു.

രാജ്ഞി ഉടനേതന്നെ ഭർത്താവിനെ ചെന്നുകണ്ടു വടുകനമ്പിയിൽനിന്നു കേട്ടതെല്ലാം അറിയിച്ചു. അങ്ങിനെയാണെങ്കിൽ കൊട്ടാരത്തിലേയ്ക്കു രാമാനുജനെ ക്ഷണിച്ചു് ആഘോഷത്തോടേ സൽക്കരിക്കേണമെന്നു രാജ്ഞിയെ ധരിപ്പിച്ചു രാജാവു് അതിലേയ്ക്കൊരുങ്ങി. കേമമായ നിലയിൽ വിരുന്നിനു വട്ടംകൂട്ടി ആ നാട്ടിലെ വിദ്വാന്മാരെയെല്ലാം ക്ഷണിച്ചു.

വിട്ടലരാജാവിനെ മുമ്പൊരിക്കൽ ഢൽഹി ചക്രവർത്തി തൻെറ ബലത്താൽ ബന്ധിച്ചു കാരാഗാരത്തിൽ അടച്ചിട്ടുണ്ടു്. പിന്നീടു് അദ്ദേഹത്തെ വിട്ടയയ്ക്കുമാറായപ്പോഴും ബന്ധനസ്ഥനായിരുന്നതിനു് അടയാളമായി അദ്ദേഹത്തിൻെറ കൈവിരലുകളിലൊന്നു ചക്രവർത്തിയുടെ ആജ്ഞപ്രകാരം ഛേദിച്ചുകളഞ്ഞു. അങ്ങിനെയുള്ള ആളും വിരുന്നുനൽകിയാൽ അതു കൈക്കൊള്ളുന്നതു് ആചാരവിരോധമാണെന്നു് അവിടത്തെ ബ്രാഹ്മണരെല്ലാം പിന്മാറി. അങ്ങിനെയുള്ള മൂഢതയൊന്നും രാമാനുജന്നില്ലല്ലോ. സന്യാസിയായ തനിക്കു കൊട്ടാരത്തിൽചെന്നു രാജകീയമായ സല്ക്കാരങ്ങളിൽ പങ്കുകൊള്ളുന്നതിൽ മാത്രമേ അദ്ദേഹത്തിന്നു് അപ്രിയം തോന്നിയുള്ളു. ആതുരരക്ഷണത്തിന്നാകയാൽ രാജധാനിയിൽ പ്രവേശിക്കുന്നതു തെറ്റല്ലെന്നു തൊണ്ടനൂർനമ്പിയാർ വാദിച്ചു രാമാനുജനെ അങ്ങോട്ടു കൂട്ടിക്കൊണ്ടുപോയി. ആ നാട്ടിലെ ബ്രാ

ഷ്ണരാരും തന്റെ വിരുന്നിന്നു വരാതിരുന്നതുകൊണ്ടു് വിട്ടലരാജാവിന്നു രാമാനുജനിൽ അധികമായ ഭക്തിയുണ്ടായി. അദ്ദേഹം ഗംഭീരമായ ആഡംബരകോലാഹലങ്ങളോടെ രാമാനുജനെ സൽക്കരിച്ചു.

രാജാവും രാജ്ഞിയും ഭക്തിപൂൎവ്വം നമസ്കരിച്ചു പ്രാൎത്ഥിക്കയാൽ രാമാനുജൻ തന്റെ പാദതീൎത്ഥത്തെ എടുത്തു് ആ പിശാചഗ്രസ്തയായ രാജകുമാരിയിൽ യഥാവിധി തളിക്കുവാൻ ആജ്ഞാപിച്ചു. അങ്ങിനെ ചെയ്തതോടുകൂടി പിശാചബാധ നീങ്ങി ആ കുമാരി ഉറക്കത്തിൽനിന്നെന്നപോലെ ഉണൎന്നെഴുന്നേററു. യാതൊരു പീഡയും അവളിൽ ഇല്ലെന്നായി.

ഈ അത്ഭുതകൎമ്മംകൊണ്ടു് ആ രാജധാനിയിലെ സൎവ്വജനങ്ങളും അഭയപ്രാൎത്ഥനയോടെ രാമാനുജസന്നിധിയിൽ ചെന്നു നമസ്കരിച്ചു. അന്നുതന്നെ ആ രാജകുടുംബം രാമാനുജമതത്തെ അവലംബിക്കയും ചെയ്തു. അന്നുമുതൽ വിട്ടൽദേവന്റെ പേരു് വിഷ്ണുവൎദ്ധനനെന്നായി.

വിട്ടൽദേവൻ ആദ്യം ജൈനമതസ്ഥനായിരുന്നുവത്രെ. ആ മതത്തിന്റെ ഉൽക്കൎഷത്തിന്നുവേണ്ടി അദ്ദേഹം വളരെയെല്ലാം പ്രവൎത്തിച്ചിട്ടുണ്ടു്. വിശിഷ്ടാദ്വൈതസിദ്ധാന്തത്തെ അംഗീകരിച്ചപ്പോൾ അദ്ദേഹം ജൈനമതത്തെ വെറുത്തു. 790 ജൈനക്ഷേത്രങ്ങളെ അദ്ദേഹം വിഷ്ണുക്ഷേത്രങ്ങളാക്കി മാററി. അദ്ദേഹം ജൈനമതത്തിന്നു കൊടുത്തിരുന്ന ധനത്തെയെല്ലാം പിൻവലിച്ചു്, അതിനെക്കൊണ്ടു് അഞ്ചു വിഷ്ണുക്ഷേത്രങ്ങൾ വമ്പിച്ച നിലയിൽ വേറെയും നിൎമ്മിച്ചു. ജൈനക്ഷേത്രങ്ങളെ നശിപ്പിച്ചു അവയിലെ കല്ലുകൊണ്ടു് ഒരു തടാകമുണ്ടാക്കി. അതിന്നു തിരുമലസാഗരമെന്നാണു പേരു്. ശ്രീരംഗപ

ട്ടണത്തിൽ കാവിരിനദിയുടെ ഇരുതീരങ്ങളിലുമുള്ള ഭൂമിയെല്ലാം അദ്ദേഹം രാമാനുജനു ദാനംചെയ്തു. ആ പ്രദേശത്തെ നഗരമാക്കി അഷ്ടഗ്രാമമെന്നു പേർകൊടുത്തു്, അതിന്റെ രക്ഷയ്ക്കു് ഉദ്യോഗസ്ഥന്മാരെ നിയമിക്കയുമുണ്ടായി.

രാജാവു് അന്യമതത്തെ അവലംബിച്ചുവെന്നു മാത്രമല്ലാ, ജൈനമതത്തെ ദ്രോഹിക്കകൂടിയും ചെയ്യുന്നതു കണ്ടപ്പോൾ ജൈനന്മാർ കൂട്ടത്തോടെ ഇളകി. തങ്ങൾക്കുണ്ടായിരുന്ന അന്തസ്സും അധികാരവുമെല്ലാം വൈഷ്ണവന്മാരിലേക്കു മാറുന്നതുകണ്ടു് അവർക്കു രാമാനുജനോടാണു ദ്വേഷമുണ്ടായതു്. പന്തീരായിരത്തോളം ജൈനന്മാർ ഒരേകാലത്തു രാമാനുജനോടു് എതിർത്തുവന്നുവത്രെ. എന്നാൽ, ദുരാധർഷനായ ആ മഹാതേജസ്വിക്കു് എത്രയും ആളുകൾക്കെതിരെ മന്ദസ്മിതത്തോടേ നില്ക്കുന്നതിൽ കുസലുണ്ടായില്ലാ. എതിർത്തുവന്നവരെല്ലാം രാമാനുജന്റെ ഭഗവൽകീർത്തനം കേട്ടതോടുകൂടി ഇണങ്ങിച്ചേരുകയാണുണ്ടായതു്. അത്ഭുതകർമ്മാവും, അനുഗൃഹീതപുരുഷനുമാണു രാമാനുജനെന്നു് അവർ ഒടുവിൽ കൊണ്ടാടി. അവരേവരും ജൈനമതത്തിൽനിന്നു മാറി വൈഷ്ണവമതത്തെ സ്വീകരിക്കയും ചെയ്തു.

ഈ മഹത്തായ വിജയത്തിൽ അധികം ആഹ്ലാദമുണ്ടായതു വിഷ്ണുവർദ്ധനനാണു്. അദ്ദേഹം രാമാനുജനെ ഈശ്വരനായി ആരാധിച്ചു.

ഇങ്ങിനെ രാമാനുജൻ രാജാവിനാലും ജനങ്ങളാലും പൂജിതനായി ഏതാനും നാൾ തൊണ്ടനൂരിൽ വാണതിൽപ്പിന്നെ, പ്രശാന്തമായ ജീവിതത്തിനുവേണ്ടി നരസിംഹപുരത്തേക്കു പോന്നു.

വൈഷ്ണവന്മാൎക്കു കുറിയിടുവാനുള്ള തിരുമണ്ണ് ആ നാട്ടിലെങ്ങും കിട്ടാതെ രാമാനുജൻ വിഷമിച്ചു. കരുതിയിരുന്നതെല്ലാം കഴിയാറായി. അതില്ലാതെയായാൽ തന്റെ വൈഷ്ണവജീവിതം നിഷ്ഫലമായേക്കുമല്ലോ എന്ന് അദ്ദേഹം തീവ്രതരം പരിതപിച്ചു.

അന്നു രാവിൽ സ്വപ്നത്തിൽ ഭഗവാൻ അരികേ വന്ന്, "വത്സാ, അതാകാണുന്ന യദുഗിരിയിലേക്കു നീ വരുമെന്നു ഞാൻ കാത്തുകൊണ്ടിരിക്കയാണ്; അവിടെ വന്നാൽ നിനക്കുവേണ്ടുന്നതെല്ലാം ഞാൻ തരാം" എന്ന് അരുളിച്ചെയ്തു മറഞ്ഞതായി രാമാനുജൻ കണ്ടു. പ്രഭാതത്തിൽ ഈ സംഭവം ശിഷ്യന്മാരെ അറിയിച്ചു. രാജാവും അതുകേട്ടു. ഉടനേ ആൾക്കാരെ വിട്ടു യദുഗിരിയിലേക്കു വഴിയുണ്ടാക്കി. പരിവാരങ്ങളോടുകൂടി രാമാനുജൻ അങ്ങോട്ടു ചെല്ലുകയും ചെയ്തു.

അവിടെയുള്ള വേദസരസ്സ് എന്ന തടാകത്തിലാണ് സ്നാനം ചെയ്തത്. ദത്താത്രേയന്റെ ആശ്രമസ്ഥാനത്തിന്നരികെ നിന്നുകൊണ്ട് ഈറൻമാറി. പിന്നെ ആ മലയിലെല്ലാം തിരുമണ്ണ് അന്വേഷിച്ചു നടന്നു. ഒരിടത്തും കണ്ടില്ല. സൂൎയ്യൻ അസ്തമിച്ചു.

അന്നുരാത്രി ഉറങ്ങുമ്പോഴും രാമാനുജന്നു വീണ്ടും സ്വപ്നമുണ്ടായി. "കല്യാണസരസ്സിന്റെ തെക്കേപടിഞ്ഞാറായുള്ള ആ ചെമ്പകത്തോട്ടത്തിൽ നീ ചെല്ലണം. അവിടെ ഒരു ബകുളവൃക്ഷം ഒററയ്ക്കു നില്ക്കുന്നുണ്ട്. അതിന്റെ നേരെ തെക്കു തഴച്ചുവളൎന്നുനില്ക്കുന്ന ഒരു തുളസിച്ചെടി കാണാം. അതിന്റെ മൂലത്തിൽ എറുമ്പുപുററുണ്ട്. അതിൽനിന്ന് എന്നെ നിനക്കു കിട്ടും. പിന്നെ ആ കല്യാണസരസ്സിന്റെ വടക്കേപടിഞ്ഞാറായി

നോക്കിയാൽ അവിടെ തിരുമണ്ണു കാണും" എന്നിങ്ങിനെ ഭഗവാൻ വന്നു പറഞ്ഞു് അന്തർദ്ധാനം ചെയ്തു.

നേരം പുലൎന്നു. രാമാനുജൻ ആഹ്ലാദത്തോടെ എഴുന്നേററു. പൌൎവ്വാഹ്നികം കഴിഞ്ഞ ഉടനേ ആ തുളസീമൂലത്തിലേക്കു നേരേ ചെന്നു. അനേകായിരംപേർ അവിടെ കൂടി. എറുമ്പിൻപുറെറല്ലാം തട്ടിനീക്കി അവിടെ കുഴിച്ചുനോക്കിയപ്പോൾ ഭഗവാന്റെ വിഗ്രഹം കണ്ടു. സൎവ്വജനങ്ങളും അതു അത്ഭുതത്തോടേ നോക്കി. അവർ സന്തോഷംകൊണ്ടു് ആൎത്തുവിളിച്ചു.

അനന്തരം രാമാനുജൻ കല്യാണസരസ്സിന്റെ വടക്കുപടിഞ്ഞാറോട്ടായി നടന്നു. അവിടെ ഒരിടത്തു തന്റെ ദണ്ഡുകൊണ്ടു് തട്ടിക്കാണിച്ചു. ആളുകൾ അവിടെ വെട്ടിക്കഴിച്ചപ്പോൾ ധാരാളമായി തിരുമണ്ണുള്ളതു കണ്ടു. അതുമുഴുവൻ രാമാനുജൻ തന്റേതാക്കി.

തുളസിമൂലത്തിലെ എറുമ്പിൻപുററിന്നുള്ളിൽ കണ്ടുകിട്ടിയ വിഗ്രഹത്തിന്നു ശാസ്ത്രവിധിപോലെ മഹാക്ഷേത്രം നിൎമ്മിക്കുവാൻ വിഷ്ണുവർദ്ധനൻ തയ്യാറായിറങ്ങി. സ്വന്തം മേൽനോട്ടത്തിൽ ഒട്ടും ലോഭംകൂടാതെ പണികളെല്ലാം ഭംഗിയായി നടത്തി. രാമാനുജൻ ആ ക്ഷേത്രത്തിൽ പാഞ്ചരാത്രവിധിപോലെ പൂജാക്രമം ഏൎപ്പെടുത്തി, ആദ്യം മൂന്നു ദിവസത്തേക്കു താൻതന്നെ പൂജിക്കയും, പിന്നീടു അവിടത്തെ അൎച്ചകനായി തന്റെ ശിഷ്യനായ രംഗരാജഭട്ടനെ നിയമിക്കയും ചെയ്തു.

ആ ക്ഷേത്രത്തിൽ ഉത്സവത്തിന്നു എഴുന്നള്ളിക്കുവാൻ നല്ലൊരു വിഗ്രഹംവേണമെന്നു രാമാനുജന്നു തോന്നി. ഡൽഹി ചക്രവൎത്തിയുടെ രാജധാനിയിൽ രാമപ്രിയ വിഗ്രഹമുണ്ടെന്നറിഞ്ഞു്, അതു കിട്ടിയാൽ തന്റെ അഭിലാഷം പൂൎത്തിയാകുമെന്നു അദ്ദേഹം നിശ്ചയിച്ചു.

ഈ രാമപ്രിയവിഗ്രഹത്തെക്കുറിച്ചുള്ള ഐതിഹ്യം ചുരുക്കത്തിലിങ്ങിനെയാണ്:—

പ്രസ്തുത വിഗ്രഹം ആദികാലത്തു സാക്ഷാൽ രാമചന്ദ്രൻ പൂജിച്ചിരുന്നതാണ്. അങ്ങിനെയാണ അതിന്ന് രാമപ്രിയൻ എന്ന പേരുണ്ടായത്. രാമപ്രിയൻ അതിനെ ഹനുമാന്ന കൊടുത്തു. ഹനുമാനിൽനിന്ന അതു കുശന്ന കിട്ടി. കുശന്റെ പുത്രിയായ കനകമാലിനിയിൽനിന്ന അതു യാദവകുലത്തിലേക്ക പകൎന്നു. ബലരാമൻ അതിനെ നാരായണാദ്രിയിൽ കൊണ്ടുവന്ന പ്രതിഷ്ഠിച്ചു. അന്നുമുതൽ ആ പൎവ്വതത്തിന്ന യദുഗിരിയെന്ന പേരുണ്ടായി. പിൽക്കാലത്തുണ്ടായ രാജാക്കന്മാർ പരസ്പരം കലഹിച്ചുകൊണ്ടിരുന്നതിനാൽ, ഈ നാട്ടിലെ രാജാവു രാമപ്രിയക്ഷേത്രത്തെ ഉള്ളടക്കിക്കൊണ്ട് വലിയൊരു കോട്ടയുണ്ടാക്കി. മേൽക്കോട്ട എന്നാണ അതിനെ ജനങ്ങൾ ഇപ്പോഴും വിളിച്ചുവരുന്നത്. ഗജിനി മുഹമ്മദിന്റെ കാലത്തു മുസൽമാന്മാർ ഇന്ത്യയെ ആക്രമിച്ചുവന്നപ്പോൾ മേൽക്കോട്ടയേയും ധ്വംസിക്കയുണ്ടായി. അന്നു അവിടെയുണ്ടായിരുന്ന രാമപ്രിയവിഗ്രഹത്തെ അവർ അപഹരിച്ചുകൊണ്ടുപോയി. അങ്ങിനെ അതു മുഗൾ രാജധാനിയിലേക്ക കടന്നു.

ഡൽഹിയിൽചെന്ന ചക്രവൎത്തിയെ കണ്ട് ആ രാമപ്രിയവിഗ്രഹത്തിന്നായി അൎത്ഥിക്കുവാൻ നിശ്ചയിച്ചു രാമാനുജൻ പുറപ്പെട്ടു. മാൎഗ്ഗസുഖത്തിന്ന വേണ്ടുന്ന എല്ലാ ഏൎപ്പാടുകളും വിഷ്ണുവൎദ്ധനൻ ചെയ്തുകൊടുത്തു. ശിഷ്യന്മാരും പരിചാരകന്മാരും പടയാളികളും വാഹനങ്ങളും സാമാനങ്ങളുമായിട്ടാണ് ആ യാത്ര. അന്നു വിഷ്ണുവൎദ്ധനനും ഡൽഹിചക്രവൎത്തിയും തമ്മിൽ സഖ്യത്തിലായിരുന്നു.

ചക്രവൎത്തി യഥാൎഹം രാമാനുജനെ സല്ക്കരിച്ചു. ആഗമനോദ്ദേശം ധരിച്ചപ്പോൾ അതു സാധിപ്പിക്കുന്നതിനു ചക്രവൎത്തിക്കു വിരോധമൊട്ടും ഉണ്ടായില്ല. പല ക്ഷേത്രങ്ങളിൽനിന്നും കിട്ടീട്ടുള്ള അസംഖ്യം വിഗ്രഹങ്ങൾ അവിടെയൊരിടത്തു കൂട്ടിയിട്ടിട്ടുണ്ടു്. തനിക്കു വേണ്ടുന്ന വിഗ്രഹം അവിടെച്ചെന്നു തിരിഞ്ഞെടുക്കാമെന്നു രാമാനുജന്നു് ചക്രവൎത്തിയിൽനിന്നു അനുജ്ഞ കിട്ടി.

അപ്രകാരം ചെന്നുനോക്കിയതിൽ അവിടെ രാമപ്രിയവിഗ്രഹത്തെ കണ്ടില്ല. പുരാതനമായ ആ ദിവ്യമോഹനവിഗ്രഹം ഇങ്ങിനെയുള്ള ചപ്പുചവറുകൾക്കിടയിൽ കിടക്കുകയില്ലെന്നും, അതു അന്തഃപുരത്തിലെങ്ങാനും മഹാൎഹമായ സ്ഥാനത്തു ഉല്ലസിക്കുന്നുണ്ടാവാമെന്നും രാമാനുജന്നു തോന്നി. അതു അദ്ദേഹം ചക്രവൎത്തിയെ അറിയിച്ചു.

അന്തഃപുരത്തിലെങ്ങാനും വല്ല വിഗ്രഹവുമുണ്ടോ എന്നു് അന്വേഷിച്ചു് അതു് എടുത്തുകൊണ്ടുവരുവാൻ ചക്രവൎത്തി ആളെ അയച്ചു. ചക്രവൎത്തിയുടെ ഒരു പുത്രി ആ കമനീയവിഗ്രഹത്താൽ ആവൎജ്ജിതയായി അതിനെ തന്റെ ആലയത്തിൽ അലങ്കരിച്ചുവെച്ചിരിക്കയായിരുന്നു. ആജ്ഞപ്രകാരം അവിടെനിന്നു് എടുത്തു രാജസന്നിധിയിലേക്കു കൊണ്ടുപോയി. ചക്രവൎത്തി അതിനെ രാമാനുജന്നു നൽകുകയും ചെയ്തു.

കൃതാൎത്ഥനായ്ത്തീൎന്ന രാമാനുജൻ ആ രാമപ്രിയവിഗ്രഹത്തോടുകൂടി യദുഗിരിയിലേക്കു മടങ്ങി.

ഇതത്രയും കഴിഞ്ഞതിൽപ്പിന്നെയാണു വിഗ്രഹം നഷ്ടമായിയെന്നു രാജകുമാരി അറിഞ്ഞതു്. അതോടുകൂടി അവൾ സൎവ്വവിഷയങ്ങളിലും വിരക്തയായി. തന്റെ പ്രാണനാണു നഷ്ടമായതെന്നു് അവൾ വിലപിച്ചു. രാ-

മപ്രിയനോടുകൂടിയല്ലാതെ തനിക്കു ജീവിതമില്ലെന്നു് അവർ പ്രതിജ്ഞചെയ്തു.

ചക്രവർത്തി ധർമ്മസങ്കടത്തിലായി. ദത്താപഹാരം അരുതാത്തതാണ്. കൊടുത്തതിനെമടക്കിച്ചോദിക്കുന്നതു് തന്റെ സ്ഥിതിക്കു യുക്തമല്ലാ. എന്നാൽ, മകളെ രക്ഷിക്കേണ്ടതെങ്ങിനെ?

താൻതന്നെ ചെന്നു രാമാനുജനെ കണ്ടു കാര്യംനേടിക്കൊള്ളാമെന്നു അവർ അച്ഛനെ അറിയിച്ചു. അതിന്നു് അനുജ്ഞകൊടുക്കുകയേ ചക്രവർത്തിക്കു നിർവ്വാഹമുണ്ടായുള്ളു. മകളോടൊന്നിച്ചു്, തന്റെ മകനായ കബീരിനേയും അദ്ദേഹം അയച്ചു.

മാർഗ്ഗമദ്ധ്യേ രാജകുമാരിക്കു രാമാനുജനെ കാണുവാൻ കഴിഞ്ഞു. രാമപ്രിയവിയോഗം ഒരു നിമിഷത്തേക്കുപോലും താൻ സഹിക്കുന്നതല്ലെന്നും, എന്നാൽ ദത്താപഹാരമെന്ന പാപത്തിന്നു തന്റെ അച്ഛനെ താൻ ആളാക്കുന്നതല്ലെന്നും അറിയിച്ചു്, തന്റെ ഇനിയുള്ള കാലം ആ രാമപ്രിയവിഗ്രഹത്തോടുകൂടിത്തന്നെ കഴിയുവാൻ തക്കവണ്ണം അനുഗ്രഹിക്കേണമെന്നു് അവർ രാമാനുജനോടു് പ്രാർത്ഥിച്ചു. താനും യദുഗിരിയിലേക്കാണു വരുന്നതെന്നു പറകയാൽ അവളേയും രാമപ്രിയനേയും ഒരേ പല്ലക്കിൽത്തന്നെ ഇരുത്തി.

പിന്നേയും യാത്രതുടർന്നു. ഒരുനാൾ രാജകുമാരിയുടെ പല്ലക്കു്, അതു് എടുത്തുനടക്കുന്നവർക്കു പെട്ടെന്നു കനം കുറഞ്ഞതുപോലെ തോന്നി. രാജകുമാരി പല്ലക്കിലില്ലയോ? അവർക്കു് അത്ഭുതമുണ്ടായി. ഇതു രാമാനുജൻ അറിഞ്ഞു. അദ്ദേഹം പല്ലക്കു തുറന്നു നോക്കി. രാമപ്രിയൻ മാത്രമേ അവിടെ ഉള്ളു. രാജകുമാരി എവിടെ? സമ്പൂർണ്ണഭക്തിയാൽ അവർ രാമപ്രിയനിൽ ലയിച്ചുവത്രേ.

അവളോടൊന്നിച്ചുപോന്ന കബീറും ഈ അത്ഭുതം കണ്ടു. ഇങ്ങിനെയുള്ള ദിവ്യസംഭവങ്ങൾക്കു ഹേതുഭൂതനായ രാമാനുജനെ ആ രാജകുമാരൻ വന്ദിച്ചു. രാജകുമാരിയുടെ മഹത്വത്തെ സർവ്വരുംചേർന്നു കീർത്തനംചെയ്തുകൊണ്ടാണു പിന്നീട്ടുള്ള യാത്ര.

രാമാനുജൻ യദുഗിരിയിൽ തിരിച്ചെത്തി. നാടെങ്ങും മഹോത്സവമായി വർത്തിക്കവേ, ആ ക്ഷേത്രത്തിൽ രാമാനുജൻ രാമപ്രിയവിഗ്രഹത്തെ പ്രതിഷ്ഠിച്ചു. ആ ഭക്തശിരോമണിയായ രാജകുമാരിയുടെ സ്മാരകമായി സ്വർണ്ണംകൊണ്ടു ചെറിയൊരു വിഗ്രഹമുണ്ടാക്കി അതിനെ രാമപ്രിയവിഗ്രഹത്തിന്റെ ഇരുപാദങ്ങൾക്കും ഇടയിലായി സ്ഥാപിച്ചു. അങ്ങിനെ, രാമപ്രിയനും രാജകുമാരിക്കും കൂടിയാണ് അവിടെ ഇപ്പോഴും അർച്ചനകളെല്ലാം നടന്നുവരുന്നതു്.

രാജകുമാരനായ കബീർ ഈ സംഭവങ്ങളെല്ലാം അത്ഭുതാമോദങ്ങളോടെ കണ്ടു. തന്റെ സഹോദരിയുടെ ദിവ്യചരിതവും, അവളെ രാമാനുജനും അനുയായികളും ചെയ്യുന്ന പൂജയും അദ്ദേഹത്തെ ആഹ്ലാദവശഗനാക്കി. ഇതെല്ലാം ചക്രവർത്തിയെ അറിയിക്കുന്നതിന് അദ്ദേഹം ഡൽഹിയിലേക്കു പോകയും ചെയ്തു.

പ്രസ്തുതസംഭവത്തെ അധികരിച്ചു പ്രഭാകരനെന്നൊരാൾ യവനീപരിണയമെന്നൊരു കാവ്യം എഴുതീട്ടുണ്ട്. രാമപ്രിയനും രാജകുമാരിയും തമ്മിലുള്ള രാഗത്തെയാണ് അതിൽ വർണ്ണിച്ചിരിക്കുന്നതു്.

മകനിൽനിന്നു മകളുടെ അത്ഭുതഗതിയെക്കുറിച്ചു കേട്ട ചക്രവർത്തിതന്നെ സപരിവാരം യദുഗിരിയിലേക്കു വന്നു. പരമതസ്ഥനാണെങ്കിലും, തന്റെ ജാമാതാവിനെപ്പോലെയാണു രാമാനുജനെ ചക്രവർത്തി ആദരിച്ചതു്.

രത്നവും സ്വർണ്ണവും ഭൂമിയുമായി ധാരാളം ധനം ആ ക്ഷേത്രത്തിലേക്കു കൊടുത്തതിന്നു പുറമെ, തന്റെ പേരിൽ കൊല്ലംതോറും അവിടെ ഒരു മഹോത്സവം കൊണ്ടാടുന്നതിലേക്കു വകനീക്കുകയും ചക്രവർത്തി ചെയ്തു.

അച്ഛനോടൊന്നിച്ചു ഡൽഹിയിലേക്കു കബീർ മടങ്ങിയില്ല. രാമാനുജന്റെ വിശിഷ്ടാദ്വൈതപ്രസ്ഥാനത്തിൽ അദ്ദേഹത്തിന്നു ദൃഢവിശ്വാസമുണ്ടായി. അങ്ങിനെ രാമാനുജശിഷ്യനായിത്തീൎന്ന അദ്ദേഹം കുറേക്കാലം പുണ്യക്ഷേത്രങ്ങൾതോറും സന്ദർശിച്ചുകൊണ്ടു സഞ്ചരിച്ചു. ശ്രീരംഗത്തിലും കുറേനാൾ ഭജിക്കുകയുണ്ടായി. അപ്പോഴേക്കും ഭക്തിയൊന്നല്ലാതെ അദ്ദേഹത്തിൽ മറ്റൊന്നുമില്ലെന്നായി. അദ്ദേഹം ജഗന്നാഥത്തിൽ ചെന്നിരുന്നപ്പോൾ, ഒരുനാൾ അദ്ദേഹം അങ്ങൊരിടത്തു് ഏകാഗ്രമായി ധ്യാനനിഷ്ഠയോടെ സ്ഥിതിചെയ്യുകയായിരുന്നു. ആരോ കൊടുത്തിട്ടുള്ള അല്പം ഭക്ഷണവും അതിൽ ചേൎക്കുവാൻ അല്പം നെയ്യും അദ്ദേഹത്തിന്റെ അരികെ ഉണ്ടായിരുന്നു. കബീർ നിശ്ചേഷ്ടനായി അമരവേ, പെട്ടെന്നു ഒരു പട്ടി അടുത്തുവന്നു ആ ഭക്ഷണത്തെ കപ്പിക്കൊണ്ടു് പാഞ്ഞു. കബീർ ഉണരുമ്പോൾ പട്ടി ആ ഭക്ഷണത്തോടുകൂടി ഓടുന്നതാണു കണ്ടതു്. ഭക്ഷണത്തോടുകൂടി വേണ്ടുന്ന ഈ നെയ്യ് ആ പാവം എടുത്തില്ലല്ലോ എന്ന കാരുണ്യത്തോടെ നെയ്യോടുകൂടി അദ്ദേഹം പട്ടിയുടെ പിമ്പേ ഓടി. കടൽക്കരെ എത്തിയപ്പോൾ ആ പട്ടിയെ കണ്ടില്ല. അതോടുകൂടി അദ്ദേഹത്തിന്റെ ശരീരത്തിൽ പ്രാണനേയും കണ്ടില്ല. അദ്ദേഹം അവിടെ മരിച്ചുവീണു. ജഗന്നാഥത്തിലെ ഭക്തന്മാരാണു് കബീറിന്റെ ശേഷക്രിയകൾ നടത്തിയതു്.

രാമാനുജൻ മേൽക്കോട്ടയിൽ ക്ഷേത്രസ്ഥാപനം നടത്തിയതിൽപ്പിന്നെ അവിടെ പല ഉത്സവാഘോഷങ്ങളും ഏർപ്പെടുത്തി. വർഷോത്സവത്തിന്നു അദ്ദേഹം തൊണ്ടവൂർനമ്പിയെ ക്ഷണിച്ചു. തൊണ്ടവൂർമുതൽ യദുഗിരിവരെക്കും നമ്പിയെ വലിയ ആഘോഷങ്ങളോടെ കൂട്ടിക്കൊണ്ടുവരുവാൻ ആളുകളെ അയച്ചു. തൊണ്ടവൂർ ദേവനെ എഴുന്നള്ളിച്ചുകൊണ്ട് തന്റെ അമ്പത്തിരണ്ടു ശിഷ്യന്മാരോടുകൂടി നമ്പിയാർ മേൽക്കോട്ടയിൽ വന്നു. അദ്ദേഹത്തിന്നു മഹാർഹമായരീതിയിൽ അവിടെ സൽക്കാരമുണ്ടായി. പൂജകഴിഞ്ഞപ്പോൾ, നമ്പിയുടെ അമ്പത്തിരണ്ടു ശിഷ്യന്മാർക്കുമുള്ള നൈവേദ്യാംശം ഒന്നായിട്ടാണു കൊടുത്തതു്. അതു പങ്കിട്ടെടുക്കുന്നതിൽ അവർതമ്മിൽ വഴക്കുണ്ടായി. ആരാണു മററുള്ളവർക്കു പങ്കിട്ടുകൊടുക്കുവാൻ നായകനാവേണ്ടതു എന്നാണു അവരുടെ വാദം. ഇതിന്റെ തീർമാനത്തിന്നു അവർ രാമാനുജന്റെ മുമ്പിൽ വന്നു. "നിങ്ങളിൽ അധികം സമർത്ഥനാരോ ആയാൾതന്നെയാണു നായകൻ" എന്നുമാത്രം വിനോദാർത്ഥം രാമാനുജൻ വിധിച്ചു. സമർത്ഥൻ ഞാൻ ഞാൻ എന്നു അവർതമ്മിൽ കലഹമായി. അങ്ങിനെ അന്നുണ്ടായ സംഭവത്തെ ഇന്നും ആ ക്ഷേത്രത്തിൽ ആവർത്തിക്കാറുണ്ടു്.

രാമാനുജന്റെ പൂജാക്രമവിധിപ്രകാരം പറയന്മാർക്കുപോലും ക്ഷേത്രത്തിൽ കടന്നു് ആരാധിക്കാം. ജാതിഭേദം ഈശ്വരസന്നിധിയിൽ അരുതെന്നാണു് അദ്ദേഹത്തിന്റെ നിശ്ചയം. പറയനും പാപ്പാനും ക്ഷേത്രത്തിൽ ഒരുമിച്ചുനിന്നു പൂജിക്കയും പറയനെ തൊടുന്നതിൽ പാപ്പാന്നു് അയിത്തമില്ലാതിരിക്കയും ചെയ്തിരുന്നു. രാമാനുജന്റെ കാലംകഴിഞ്ഞപ്പോൾ ഈ നിശ്ചയത്തെ ജാത്യ

ഭിമാനികളായ ബലവാന്മാർ ഇളക്കിക്കളഞ്ഞു. എങ്കിലും, മേൽകോട്ട, ശ്രീരംഗം, വേലൂർ, തിരുനാരായണപുരം എന്നീ ക്ഷേത്രങ്ങളിൽ വൎഷോത്സവകാലത്തുമാത്രം പറയന്മാൎക്ക കടക്കാമെന്നാണ്. അന്ന് അയിത്തമില്ലാ.

യദുഗിരിയിൽ രാമാനുജൻ ക്ഷേത്രങ്ങൾക്കപ്പുറമെ ഒരു മഠവും സ്ഥാപിച്ചു. അവിടെ തന്റെ ശിഷ്യന്മാരിൽ അമ്പത്തിരണ്ടുപേൎക്ക സ്ഥിരമായി വസിക്കുന്നതിന്നു വേണ്ടുന്ന എല്ലാ സൌകൎയ്യങ്ങളും ചെയ്തുകൊടുത്തു.

പിന്നെ, അവിടെനിന്നു രാമാനുജൻ പത്മഗിരിയിലേക്ക പോയി. ആ നാട്ടിൽ അന്നു ജൈനമതത്തിന്നാണു പ്രാബല്യം. ആ മതത്തെ നിശ്ശേഷം നീക്കി, അവിടെ തന്റെ വൈഷ്ണവമതത്തെ ഉറപ്പിച്ചു. ഇങ്ങിനെ ഇരുപതു വൎഷത്തോളം രാമാനുജൻ ആ പ്രദേശങ്ങളിൽ മതാചാരപരിഷ്കാരവിഷയമായി പ്രവൎത്തിച്ചുകൊണ്ടു വാണു. ഇതിലകത്തു ചോഴനാട്ടിൽ നടന്ന മുഖ്യസംഭവങ്ങളെ ഇനി നോക്കാം. ആഴ്‌വാനേയും മഹാപൂൎണ്ണനേയും ചോഴരാജാവിന്റെ മുമ്പിൽ വിട്ടിട്ടാണല്ലൊ രാമാനുജനിലേക്ക തിരിഞ്ഞത്. അതുമുതല്ക്കുണ്ടായതെല്ലാം ഇവിടെ ചുരുക്കിപ്പറയാം.

രാമാനുജനെ പിടികിട്ടാതായപ്പോൾ ചോഴന്റെ ക്രോധം പതിന്മടങ്ങു വൎദ്ധിച്ചു. തന്റെ സന്നിധിയിലേക്ക രാമാനുജനെ ഹാജരാക്കുന്നതിന്നു രണ്ടാമതയച്ച ആളുകൾ നിഷ്ഫലം തിരിച്ചുവരുന്നതുവരേക്കും ആഴ്‌വാനും മഹാപൂൎണ്ണനും ബന്ധനത്തിലായിരുന്നു. രാമാനുജൻ നാടുവിട്ടുവെന്നറിഞ്ഞപ്പോൾ, ആ ബന്ധനസ്ഥരെ തന്റെ മുമ്പിലേക്ക കൊണ്ടുവരുവാൻ ചോഴരാജാവ് ആജ്ഞാപിച്ചു.

"ശിവാൽപരതരം നാസ്തി" എന്നു് എഴുതീട്ടുള്ള ഓലയിൽ ഒപ്പുവെക്കുവാൻ അവരെ നിർബ്ബന്ധിച്ചതിന്നു അവർ വഴിപ്പെട്ടില്ല. സ്വന്തം മതത്തിന്നായി ജീവിതനിരപേക്ഷയോടെ പ്രവർത്തിക്കുന്ന ധീരന്മാരാണു് ആഴ്വാനും മഹാപൂർണ്ണനും. അവർ പറഞ്ഞതാവിതു്:—

"ഞങ്ങൾ വിഷ്ണുമയമായിട്ടാണു് ഈ പ്രപഞ്ചത്തെ കാണുന്നതു്. പ്രപഞ്ചത്തിന്റെ ഉൽപ്പത്തിസ്ഥിതിലയമെല്ലാം വിഷ്ണുവിലാണെന്നാണു ഞങ്ങളുടെ നിശ്ചയം. ഇതിൽനിന്നു ഞങ്ങളെ ഇളക്കുവാൻ യാതൊരു ശക്തിക്കും കഴിവില്ല. ഞങ്ങൾ വൈഷ്ണവന്മാരാണെങ്കിലും ബ്രഹ്മാവിനെയോ ശിവനെയോ ധിക്കരിക്കുന്നവരല്ല. എന്നാൽ, വിഷ്ണുവിനെ വിട്ടു മറ്റൊരു ദേവനെ പൂജിക്കുകയെന്നതു് ഞങ്ങൾ ചെയ്യുകയില്ല."

ഈ ഉറപ്പോടുകൂടിത്തന്നെ അവർ നിന്നു. ആഴ്വാൻ യുക്തിപൂർവ്വം വളരെയെല്ലാം വാദിക്കയും ചെയ്തു. അതൊന്നും ക്രോധാന്ധനായ ചോഴൻ ഉൾക്കൊണ്ടില്ല. ശിവനെക്കഴിഞ്ഞു് ആരുമില്ല എന്നു് അവരെക്കൊണ്ടു സമ്മതിപ്പിക്കുവാൻ സാധിക്കയില്ലെന്നു നിശ്ചയമായപ്പോൾ, അവരുടെ കണ്ണുകൾ ചൂന്നെടുത്തുകളയുവാൻ ചോഴൻ നിർദ്ദയം വിധിച്ചു.

"ഘോരവ്രതനും പാപാത്മാവുമായ ഒരാളെ ഇത്രയുംനേരം വിഷയമാക്കേണ്ടിവരികയാൽ മലിനമായ്ത്തീർന്ന ഈ കണ്ണുകളെ എന്റെ പരിശുദ്ധജീവിതത്തിൽനിന്നു് അകറ്റേണ്ടതുതന്നെയാണു്" എന്നു പറഞ്ഞുകൊണ്ടു് ആഴ്വാൻതന്നെ തന്റെ കണ്ണുകളെ കുത്തിപ്പൊട്ടിച്ചു. വയോധികനും പുണ്യചരിതനുമായ മഹാപൂർണ്ണനെ രാജകിങ്കരന്മാർ അന്ധനാക്കിവിടുകയും ഉടൻ കഴിഞ്ഞു. പിന്നെ ആ ഇരുവരേയും പുറത്തേക്കു തള്ളുകയുംചെയ്തു.

കണ്ണില്ലാതെ അവർ തനിയേ നടക്കുന്നതെങ്ങിനേ? "വിശിഷ്ടാദ്വൈതസിദ്ധാന്തത്തെ അവലംബിച്ച് വൈഷ്ണവമതത്തിൽ വിശ്വാസമുള്ളവരായി ഇവിടെ ആരെങ്കിലുമുണ്ടോ?" എന്ന് ആഴ്‌വാൻ വിളിച്ചുചോദിച്ചു. ചോഴന്റെ ഖഡ്ഗധാരിണിയായ ഒരു പരിചാരിക ഇതു കേട്ട്, അവളുടെ കൈയിലുണ്ടായിരുന്ന രാജഖഡ്ഗത്തെ എറിഞ്ഞുകളഞ്ഞ്, "സ്വാമിൻ, ഇതാ ഞാനുണ്ട്; എന്തു വേണമെന്നു ആജ്ഞാപിച്ചാലും" എന്നു ആഴ്‌വാന്റെ മുമ്പിൽ ധൈര്യത്തോടെ ചെന്ന് അറിയിച്ചു. ആഴ്‌വാന്റെ ആഗ്രഹംപോലെ അദ്ദേഹത്തെ അവൾ രാജധാനിയിൽനിന്ന് അകലെയായുള്ള ഒരു തോട്ടത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. തന്റെ അച്ഛനുണ്ടായ ദുർവ്വിധി അത്തുള കേട്ടു. ആ രാജധാനിയിൽ അച്ഛനെ പിന്തുടൎന്ന് അവളും വന്നിരുന്നു. രാജാവു അച്ഛനെ കുരുടനാക്കി വിട്ടതറിഞ്ഞു അവൾ ഉടനെ അവിടെ ചെന്നു. അവളോടുകൂടി മഹാപൂർണ്ണനും ആഴ്‌വാനോടൊന്നിച്ച് ആ തോട്ടത്തിലേക്കു പോയി.

വയോധികനായ മഹാപൂർണ്ണനാണു അധികം ആപത്തിലായതു്. അദ്ദേഹത്തിന്റെ സർവ്വാംഗങ്ങളും തളൎന്നു. അല്പം വിശ്രമിക്കുവാൻ മാത്രമാണു ആ തോട്ടത്തിലേക്കു ആഴ്‌വാൻ ചെന്നതു്. എന്നാൽ, മഹാപൂർണ്ണൻ അവിടെ എത്തിയപ്പോഴേക്കും ആസന്നമരണനായിക്കഴിഞ്ഞു. ശിരസ്സ് ആഴ്‌വാന്റെ മടിയിലും, കാലുകൾ അത്തുളയുടെ മടിയിലും വെച്ചുകൊണ്ട് അദ്ദേഹം കിടന്നു. ആ പുണ്യാത്മാവിന്റെ ഐഹികജീവിതം അവസാനിക്കാറായി എന്നു അവരിരുവരും കണ്ടു. മരിക്കുംമുമ്പെ അച്ഛനെ ശ്രീരംഗത്തേക്കു കൊണ്ടുപോകുവാൻ കഴിഞ്ഞാൽ അത്രയും സമാധാനമായി എന്നു അത്തുളയ്ക്കു തോന്നി. അ

ത്തു് അവർ അച്ഛനെ അറിയിക്കുകയും ചെയ്തു. അതിന്നു് മഹാപൂൎണ്ണൻ പറഞ്ഞതു ഇങ്ങിനെയാണു്.

"മകളേ, നീ കരുതുന്നതു ശരിയല്ലാ. ഞാൻ അങ്ങിനെ ചെയ്താൽ എന്റെ ശിഷ്യന്മാൎക്ക് അതു അബദ്ധമായ മാതൃകയായേക്കാം. മരിക്കുന്നതു ശ്രീരംഗത്തു വെച്ചായിരിക്കേണമെന്നു അവർ നിശ്ചയിക്കും. അതു ദോഷമാണു്. അകലെയുള്ള നാടുകളിൽ പാൎത്തുകൊണ്ടു മഹാജനസേവനം ചെയ്യുന്നകാൎയ്യത്തിൽ അവൎക്കു ആ നിശ്ചയം പ്രതിബന്ധമാകും. ഭഗവൽധ്യാനത്തോടുകൂടി ഏതു നാട്ടിൽ ഏതിടത്തുവെച്ചു് മരിച്ചാലും പുണ്യം തന്നെയെന്നാണു് അവർ അറിയേണ്ടതു്. അതുകൊണ്ടു്, മരിക്കുവാൻ വേണ്ടിമാത്രം ഞാൻ ശ്രീരംഗത്തേക്കു വരുന്നില്ലാ."

ഇത്രമാത്രം പറയുവാനേ മഹാപൂൎണ്ണനു ശക്തിയുണ്ടായുള്ളു. അദ്ദേഹം ഭഗവാനേയും ഗുരുവിനേയും ദൃഢഭക്തിയോടെ ധ്യാനിച്ചുകൊണ്ടു ഐഹികജീവിതത്തെ വെടിഞ്ഞു.

അനന്തരം ചില വൈഷ്ണവന്മാർ ഗൂഢമായി ആ തോട്ടത്തിൽ ചെന്നു മഹാപൂൎണ്ണന്റെ ശവത്തെ വിധിപോലെ സംസ്കരിക്കുകയും, ആഴ്‌വാനെ ശ്രീരംഗത്തേക്കു കൂട്ടിക്കൊണ്ടുപോകുകയുംചെയ്തു. മഹാപൂൎണ്ണനെപ്പോലെ തനിക്കു ഈ ശരീരത്തെ ത്യജിക്കുവാൻ ഭാഗ്യമുണ്ടായില്ലല്ലോ എന്നു ആഴ്‌വാൻ ദുഃഖിച്ചു. തഞ്ചാവൂരിന്നരികേയുള്ള കണ്ടിയൂരിൽനിന്നു ഏഴുനാഴിക അകലേ പശുപതികോവിൽ എന്ന ഇടത്തിലാണത്രേ മഹാപൂൎണ്ണന്റെ ശരീരത്തെ സമാധിയിൽ വെച്ചിരിക്കുന്നതു്. മരിക്കുമ്പോൾ മഹാപൂൎണ്ണനു 105 വയസ്സായിരുന്നു.

ശ്രീരംഗത്തേക്കു പോന്ന ആഴ്‌വാനെ നഗരദ്വാരത്തിൽവെച്ചു് കാവലാളികൾ തടഞ്ഞു. രാമാനുജനോ

യോ അദ്ദേഹത്തിന്റെ ശിഷ്യന്മാരേയോ ശ്രീരംഗത്തു കടത്തിയാൽ അതു ആ നാട്ടിന്നു ആപത്തായിത്തീരുമെന്നാണു രാജവിധി. അതുകൊണ്ടു്, രക്ഷിജനങ്ങൾ ആഴ്‌വാന്നു അകത്തേക്കു കടക്കുവാൻ സമ്മതം കൊടുത്തില്ല. ഇതുകണ്ടു ജനങ്ങളിൽ ചിലർ അവിടെവന്നു് ആഴ്‌വാനെ അകത്തേക്കു കടത്തുവാൻ പ്രയത്നിച്ചു. രാമാനുജനോടാണു് രാജാവിന്നു ദ്വേഷമെന്നും, ആഴ്‌വാനോടു രാജാവിന്നുണ്ടായിരുന്ന കോപം ശമിച്ചിരിക്കുന്നുവെന്നും, രാമാനുജനുമായി ആഴ്‌വാന്നു ബന്ധമൊന്നുമില്ലെന്നും അവർ സത്യം മറച്ചുകൊണ്ടു വാദിക്കുന്നതു ആഴ്‌വാൻ കേട്ടു.

ഞാൻ രാമാനുജാചാര്യന്റെ ശിഷ്യനാണു്. അദ്ദേഹത്താലല്ലാതെ എനിക്കു ജീവിതമില്ല. ഈ സത്യം ഈ തുച്ഛജീവിതത്തിന്നുവേണ്ടി മറച്ചുവെക്കുന്ന പാപാത്മാവല്ലാ ഞാൻ. എന്റെ ഗുരുവിന്നു ഇവിടെ സ്ഥാനമില്ലെങ്കിൽ എനിക്കും വേണ്ടാ. ഞാൻ ശ്രീരംഗത്തേക്കു കടക്കുന്നില്ല. രാമാനുജാചാര്യനോടുകൂടി ഇവിടെ വരുവാൻ കഴിയുന്ന കാലത്തു എന്നെ നിങ്ങൾക്കു കാണാം"— എന്നിങ്ങിനെ പറഞ്ഞു ആഴ്‌വാൻ അവിടെനിന്നു പിന്മാറി.

തിരുമാലിരുഞ്ചോല എന്ന നാട്ടിലേയ്ക്കാണു് ആഴ്‌വാൻ പോയതു്. അവിടെയുള്ളവർ അദ്ദേഹത്തെ സാദരം സൽക്കരിച്ചു. രാമാനുജൻ ശ്രീരംഗത്തേയ്ക്കു മടങ്ങുന്നതുവരെയ്ക്കും ആഴ്‌വാൻ ആ നാട്ടിൽത്തന്നെ പാർത്തു. അക്കാലത്തു് അവിടെവെച്ചു പല വിശിഷ്ടഗ്രന്ഥങ്ങളും അദ്ദേഹം എഴുതിയുണ്ടാക്കി.

മഹാപൂർണ്ണനേയും ആഴ്‌വാനേയും കണ്ണുപൊട്ടിച്ചു കുരുടരാക്കിവിട്ടതോടുകൂടി ചോഴരാജാവു് അടങ്ങിയെന്നായില്ല. അദ്ദേഹം പരക്കെ വൈഷ്ണവവിധ്വംസന

തിന്നിറങ്ങി. വിഷ്ണുക്ഷേത്രങ്ങളെയെല്ലാം നശിപ്പിച്ചു. ഒടുവിൽ ശ്രീരംഗക്ഷേത്രത്തെ ആക്രമിക്കുവാൻ പുറപ്പെട്ടു. അപ്പോഴെയ്ക്കും ശ്രീരംഗത്തും കാഞ്ചീപുരത്തുമുള്ള വൈഷ്ണവന്മാരെല്ലാം ഒരുമിച്ചുചെന്നു് എതിൎത്തുവരികയാൽ രാജാവിനു പിന്മാറേണ്ടിവന്നു. ആ സംഭവം കഴിഞ്ഞു് അദ്ദേഹം രാജധാനിയിൽ മടങ്ങിയെത്തുമ്പോഴെയ്ക്കും കണ്ഠമാലയെന്ന ഘോരരോഗത്താൽ പീഡിതനായിപോൽ. വളരെനാളം ആ വ്യാധിയാൽ കഷ്ടപ്പെട്ടിട്ടാണു് അദ്ദേഹം മരിച്ചതു്. ശൈവന്മാർ അദ്ദേഹത്തെ തിരുനീറുച്ചോഴൻ എന്നു വിളിക്കുന്നു. ക്രമികണ്ഠചോഴൻ എന്നാണു വൈഷ്ണവന്മാർ അദ്ദേഹത്തെ പരിഹസിക്കുന്നതു്. വൈഷ്ണവന്മാരെ വളരെക്കാലം വളരെയെല്ലാം ദാരുണമായി ഉപദ്രവിച്ചതിൽപ്പിന്നെ ആ ചോഴരാജാവു മരിച്ചു. പിന്നീടു സിംഹാസനത്തെ പ്രാപിച്ച രാജാവു് ഒട്ടും ക്രൂരനല്ലാതിരുന്നതുകൊണ്ടു വീണ്ടും വൈഷ്ണവന്മാൎക്കു് ഉദയമുണ്ടായി. ഇതിലകത്തു മഹാപൂർണ്ണൻ മാത്രമല്ല, ശൈലപൂർണ്ണൻ, കാഞ്ചിപൂർണ്ണൻ, ഗോഷ്ഠിപൂർണ്ണൻ, മാലാധരൻ, വരരംഗനായകൻ മുതലായ വൈഷ്ണവപ്രധാനന്മാരും ദിവംഗതരായി.

ഈ സംഭവങ്ങളെല്ലാം അപ്പോഴപ്പോഴം രാമാനുജൻ ചാരന്മാർവഴിക്കു് അറിഞ്ഞുകൊണ്ടുതന്നെയാണിരുന്നതു്. മഹാപൂർണ്ണന്റേയും ആഴ്‌വാന്റേയും ദുൎഗ്ഗതിമൂലമു് ഓരോന്നിലും അദ്ദേഹത്തിന്നു ദുസ്സഹമായ ശോകം അനുഭവിക്കേണ്ടിവന്നു. ആഴ്‌വാനെ സാന്ത്വനംചെയ്യേണ്ടതിലേയ്ക്കു് അദ്ദേഹം രണ്ടു ശിഷ്യരെ ഗൂഢമായി നിയോഗിക്കയുമുണ്ടായി. രാമാനുജന്നു് എല്ലാ ദുഃഖത്തേയുംകാൾ കഠിനമായ്ത്തീൎന്നതു് ആഴ്‌വാന്റെ കണ്ണില്ലാതായതാണു്.

അതിൽ അദ്ദേഹം കരയുകതന്നെ ചെയ്തുപോയി. മഹാപൂർണ്ണനെയോർത്തും അദ്ദേഹം കണ്ണീർ ചൊരിഞ്ഞു.

ചോഴരാജാവിൻെറ മരണവർത്തമാനം തിരുനാരായണപുരത്തുവെച്ചാണു രാമാനുജൻ കേട്ടതു്. ഈ പ്രിയവർത്തമാനത്തെ വഹിച്ചുചെന്നവർ മാരുതിയും അമ്മങ്കിയമ്മാളുമാണത്രേ.

"സ്വാമിൻ, നമ്മുടെ ജന്മവിരോധിയായ ചോഴൻ മരിച്ചു; നമ്മെ ഘോരതരം കഷ്ടപ്പെടുത്തിയ ചോഴൻ മരിച്ചു. ആഴ്‌വാനേയും മഹാപൂർണ്ണനേയും ക്രൂരമായി ദ്രോഹിച്ച ചോഴൻ മരിച്ചു; ദയാദാക്ഷിണ്യമില്ലാത്ത ആ ശിലാഹൃദയനായ ചോഴൻ മരിച്ചു; ഹിംസാനിരതനായ ആ ക്രൂരചോഴൻ മരിച്ചു; അവൻ മരിച്ചു; മരിച്ചു"— എന്നിങ്ങിനെ വിളിച്ചുപറഞ്ഞുകൊണ്ടാണു് അവർ രാമാനുജസന്നിധിയിൽ ചെന്നതു്.

ഇനി രാമാനുജനു നിർബ്ബാധം ശ്രീരംഗത്തേയ്ക്കുചെല്ലാമെന്നായി. വിഷ്ണുവർദ്ധനൻെറ രാജ്യവും അതിന്നുചുററുമുള്ള നാട്ടുകളുമെല്ലാം രാമാനുജൻെറ ഇരുപതുകൊല്ലത്തെ പ്രയത്നംകൊണ്ടു വൈഷ്ണവമയമായ്ത്തീൎന്നുവെങ്കിലും അദ്ദേഹം ചോഴനാട്ടിലുംമററും അതിനുമുമ്പു പരിശ്രമിച്ചിരുന്നതെല്ലാം തകൎന്നുപോയിരിക്കയാണല്ലോ. അവിടെയുള്ള വൈഷ്ണവന്മാരെ ഒരുമിപ്പിച്ചു സനാഥരാക്കി രക്ഷിച്ചു് അവരുടെ ബലം പൂൎവ്വാധികം വൎദ്ധിപ്പിക്കുന്നതിന്നു് അദ്ദേഹം പുറപ്പെട്ടു.

ശ്രീരംഗം മുഴുവനും ഹൎഷകല്ലോലാകുലമായി. ആ നാട്ടുകാർ രാജകീയാഡംബരത്തോടേ കോലാഹലകുതൂഹലികളായി രാമാനുജനെ എതിരേററു സൽക്കരിച്ചു. അദ്ദേഹം രംഗനാഥദർശനം കഴിഞ്ഞ ഉടനെ ആഴ്‌വാനെ കാണ്മാനാണു ചെന്നതു്.

ധാരധാരയായൊഴുകുന്ന കണ്ണീരോടുകൂടിയാണ് അപ്പോഴത്തെ ആ ഗുരുശിഷ്യസമാഗമം. തന്റെ ഗുരുവിനെ തനിക്കു വീണ്ടും സേവിക്കുവാൻ കഴിഞ്ഞതിലുള്ള ആഹ്ലാദമല്ലാതെ തനിക്കു ദൃഷ്ടിയില്ലാതായതിലുള്ള സങ്കടമല്ലാ ആഴ്‌വാനപ്പോൾ. തനിക്കുവേണ്ടി ആഴ്‌വാൻ കണ്ണു കളഞ്ഞുവല്ലോ എന്ന് രാമാനുജൻ ദുഃഖിക്കുന്നു. തന്റെ പാപഫലമാണിതെന്നും ഇതിനു മററാരും ഹേതുവല്ലെന്നും ആഴ്‌വാൻ സമാധാനിക്കുന്നു.

അനന്തരം രാമാനുജൻ മഹാപൂർണ്ണന്റെ ഭവനത്തിലേക്കു പോയി അത്തുഴായേയും മററും സാന്ത്വനം ചെയ്തിട്ടാണ് തന്റെ മഠത്തിൽ പ്രവേശിച്ചത്. അദ്ദേഹത്തോടൊരുമിച്ചുതന്നെ ആഴ്‌വാൻ തന്റെ പ്രതിജ്ഞപോലെ ശ്രീരംഗത്തിൽ പ്രവേശിക്കയും ചെയ്തു.

ചോഴന്റെ മന്ത്രിയായ നാലൂരാൻ അപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്. ആഴ്‌വാനെ ദ്രോഹിച്ചതിനും മററുമായി ആയാളോടു വൈഷ്ണവന്മാർ പ്രതിക്രിയയ്ക്കൊരുങ്ങി. അതിനെ തടഞ്ഞതു് ആഴ്‌വാൻ തന്നെയാണ്. നാലൂരാനെ ദ്രോഹിച്ചാൽ അതു തനിക്കു ചെയ്യുന്നതാവുമെന്ന് അദ്ദേഹം പറഞ്ഞു. ആയാളുടെ പാപങ്ങളെയെല്ലാം ക്ഷമിച്ച് ആയാളെ അനുഗ്രഹിക്കേണമേ എന്നാണ് ആഴ്‌വാൻ മഹാജനസമക്ഷം ഈശ്വരനോടു പ്രാർത്ഥിച്ചത്.

രാമാനുജനാവട്ടെ, അത്യുത്സാഹത്തോടെ പ്രയത്നിച്ചു വൈഷ്ണവസമുദായത്തെ ബലവത്തരമായി പുനസ്സംഘടനംചെയ്തു. ക്ഷേത്രഭരണകാര്യമെല്ലാം അന്യൂനം സുവ്യവസ്ഥിതമാക്കി. അങ്ങിനെ വീണ്ടും വൈഷ്ണവപ്രാബല്യം ആ നാട്ടിലെങ്ങും വർദ്ധിച്ചു.

ചോഴരാജാവു നശിപ്പിച്ച വൈഷ്ണവക്ഷേത്രങ്ങളുടെ കൂട്ടത്തിൽ ചിദംബരത്തിലെ ഗോവിന്ദരാജക്ഷേത്രവും ഉൾപ്പെട്ടു. ആ ക്ഷേത്രത്തെ ഇടിച്ചു തകൎത്തു്, അവിടെയുള്ളതെല്ലാം കടലിലേയ്ക്കെറിയുകയാണു ചെയ്തതു്. അപ്പോൾ അവിടത്തെ അർച്ചകന്മാർ ഉത്സവവിഗ്രഹത്തെ ഉപായത്താൽ കൈക്കലാക്കി, ചോഴന്റെ ആൾക്കാർ കാണാതെ തിരുപ്പതിയിലേയ്ക്കു് ഓടി. തില്ലയെന്നുപേരായ ഒരു വൈഷ്ണവസ്ത്രീയുടെ തന്ത്രംകൊണ്ടു മൂലവിഗ്രഹത്തിന്നും നാശമുണ്ടായില്ല. അവൾ അഭിസാരികയുടെ വേഷത്തിൽ ചോഴരാജാവിനെ ചെന്നുകണ്ടു് അദ്ദേഹത്തെ പ്രലോഭിപ്പിച്ചു് ആ മൂലവിഗ്രഹം കൈക്കലാക്കുകയാണു ചെയ്തതു്. ഇങ്ങിനെ ചിദംബരത്തിലെ ആ രണ്ടു വിഗ്രഹങ്ങളും തിരുപ്പതിയിൽ ഉണ്ടെന്നറിഞ്ഞു രാമാനുജൻ അങ്ങോട്ടു പോയി. ആ വിഗ്രഹങ്ങളെ ഇനി ചിദംബരത്തിലേയ്ക്കു കൊണ്ടുപോകേണ്ടതില്ലെന്നും തിരുപ്പതിയിൽതന്നെ പ്രതിഷ്ഠിച്ചാൽ മതിയെന്നും നിശ്ചയിച്ചു. അപ്രകാരം ഉടനെ അവിടെ ക്ഷേത്രനിൎമ്മാണം നടന്നു. അങ്ങിനെയുണ്ടായതാണു തിരുപ്പതിമലയുടെ അടിവാരത്തിൽ ഇപ്പോഴുമുള്ള ഗോവിന്ദരാജക്ഷേത്രം. മൂലവിഗ്രഹം തില്ലയെന്ന വീരവനിതയാൽ സുരക്ഷിതമാകകൊണ്ടു അവിടത്തെ ദേവനെ "തില്ലഗോവിന്ദരാജൻ" എന്നാണു വിളിക്കുന്നതു്. ഇതെല്ലാം കഴിഞ്ഞതിൽപ്പിന്നെ രാമാനുജൻ ശ്രീരംഗത്തേയ്ക്കുതന്നെ പോന്നു.

രാമാനുജന്റെ ശിഷ്യനായി തിരുവരങ്കത്തമുതനാർ എന്നൊരു പണ്ഡിതനുണ്ടു്. അദ്ദേഹം കവിയുമാണു്. രാമാനുജനെ സംബന്ധിച്ചു നൂററന്താതി എന്നൊരു കാവ്യം അദ്ദേഹം ഉണ്ടാക്കി. ആ ഗാനശതകം ഇപ്പോഴും വൈഷ്ണവന്മാർ പഠിക്കാറുള്ളതാണു്. അതിന്നു പ്രചാ

ഗായത്രി എന്നും പേരുണ്ടു്. അതിനെ നിത്യം പാരായണംചെയ്യുന്നവർക്കു മോക്ഷമുണ്ടാകുമെന്നാണു വിശ്വാസം. ഗായത്രിമന്ത്രത്തെ നൂററിയെട്ടുരു ജപിക്കുന്നതിനു പകരം ആ രാമാനുജനൂററന്താതിയിലെ നൂറെറട്ടു ഗാനങ്ങളും പാടിയാൽ മതിയത്രേ. ഈ അന്താതിയിൽനിന്നു് അന്നത്തെ ജനങ്ങൾ രാമാനുജനെ എത്ര ഭക്തിയോടേയാണു് ആരാധിച്ചിരുന്നതെന്നു കാണാം. പ്രവാസംകഴിഞ്ഞു ശ്രീരംഗത്തു മടങ്ങിയെത്തിയതിൽപ്പിന്നെ രാമാനുജൻ അത്ഭുതാവഹമായ വേഗത്തോടെ ആ പ്രദേശം വൈഷ്ണവമയമാക്കിയതിൽനിന്നാണു് ഈ അന്താതിയുടെ ഉത്ഭവം.

തിരുപ്പതിയിലെ ഗോവിന്ദരാജക്ഷേത്രത്തെ രാമാനുജൻ വീണ്ടും പരിഷ്കരിച്ചു. അതിനു് അദ്ദേഹത്തിനു കാർത്തികേയദേവൻ എന്നൊരു രാജാവിന്റെ സഹായമുണ്ടായി. അദ്ദേഹമാണു് അന്നു യദുഗിരിയിലേയും ചുററുമുള്ള നാടുകളിലേയും അധിപതി. ഗോവിന്ദരാജക്ഷേത്രത്തിന്റെ ആധിപത്യം രാമാനുജൻ ആ രാജാവിനുതന്നെ നൽകി. അദ്ദേഹത്തിൽനിന്നു ദാനമായി തനിക്കു കിട്ടിയ ഇളമണ്ടയം എന്ന ഗ്രാമത്തെ രാമാനുജൻ തന്റെ ശിഷ്യന്മാരായ തിരുമലനമ്പി, നല്ലാൻ, ഈച്ചമ്പാടി ജീയർ മുതലായവർക്കു പങ്കിട്ടുകൊടുത്തു. അവർക്കായി ക്ഷേത്രത്തിന്നരികെ ഭവനങ്ങളുമുണ്ടാക്കി. അതിനെ തുടർന്നു് ആ ക്ഷേത്രത്തിനു ചുററും വീടുകളും വീഥികളും വർദ്ധിച്ചുതുടങ്ങി. ആ പ്രദേശത്തിനു "ഗോവിന്ദരാജപട്ടണം" എന്നു രാമാനുജൻതന്നെ പേർവിളിച്ചു.

രാമാനുജൻ സർവ്വജനാരാധ്യനായി വൈഷ്ണവപ്രാബല്യം നാടെങ്ങും വർദ്ധിച്ചപ്പോൾ, രാജാവിനു് അതിനോടിണങ്ങുകയേ നിർവ്വാഹമുണ്ടായുള്ളൂ. അന്നത്തെ ചോഴ

രാജാവു കലോത്തുംഗനാണ്. അദ്ദേഹം രാമാനുജനെ ചെന്നുകണ്ടു ഭക്തിപൂർവ്വം നമസ്കരിക്കയും ക്ഷേത്രാധിപത്യത്തെ സമ്പൂർണ്ണമായി രാമാനുജന്നു് ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. രാമാനുജന്റെ നിയോഗപ്രകാരം കുലോത്തുംഗചോഴനെ ആണ്ടാൻ വൈഷ്ണവസിദ്ധാന്തമെല്ലാം പഠിപ്പിച്ചു. ക്ഷേത്രഭരണത്തെ സംബന്ധിച്ചു രാജാവിൽനിന്നു തനിക്കുകിട്ടിയ സ്വാതന്ത്ര്യഭരണാധികാരത്തെ രാമാനുജൻ ആണ്ടാന്നും ആയാളുടെ വംശത്തിന്നുമായി വിട്ടുകൊടുക്കയാണു ചെയ്തതു്.

ഇക്കാലത്താണു പ്രസിദ്ധമായ വരദരാജസ്തവം ആഴ്വാൻ രചിച്ചതു്. അതു് അദ്ദേഹം വരദരാജസ്വാമിയുടെ സന്നിധിയിൽ ചെന്നു പാടി. ഭക്തിരസമയമായ ആ ഗാനങ്ങൾ രാമാനുജൻ കേട്ടുകൊണ്ടുനിന്നു. മുഴുവൻ പാടിക്കഴിഞ്ഞതിൽപ്പിന്നെ, "നിനക്കു വല്ല അനുഗ്രഹവുമുണ്ടെങ്കിൽ അതു് ഈശ്വരസന്നിധിയിൽ ഇപ്പോൾ അറിയിക്കുന്നതായാൽ, അതു് എന്തായാലും ഭഗവാൻ നിറവേററിത്തരും" എന്നു രാമാനുജൻ ആണ്ടാനോടു പറഞ്ഞു. അപ്പോൾ ആണ്ടാൻ പ്രാർത്ഥിച്ചതു്—"ഭഗവാനേ, എന്നേയും എനിക്കുള്ളവരേയും കഠിനമായി ദ്രോഹിച്ച നാലൂരാൻ, അങ്ങിനെ ചെയ്തതു ലോഭമോഹങ്ങളാൽ അന്ധനായിട്ടാകയാൽ, ആ പാപമെല്ലാം പൊറുത്തു് അങ്ങു് ആയാളെ അനുഗ്രഹിക്കേണമേ"—എന്നാണു്.

കുലപരമ്പരയായി ശ്രീരംഗക്ഷേത്രത്തിലെ പൌരോഹിത്യം തിരുവരങ്കത്തമുതനാരിലാണു ചാർന്നിരുന്നതു്. ആയാളെക്കൊണ്ടു രാമാനുജൻ ആ അധികാരം ആഴ്വാന്നു കൊടുപ്പിച്ചു. അങ്ങിനെ ആഴ്വാന്നു സുഖജീവിക കിട്ടി. ക്ഷേത്രത്തിൽ ചെന്നു വൈഷ്ണവസിദ്ധാന്തങ്ങളെപ്പററി അദ്ദേഹം ദിവസന്തോറും ഉപന്യസിച്ചുപോന്നു.

ആഴ്‌വാന്നും, മഹാപൂൎണ്ണന്റെ മക്കൾക്കും ഓരോ വീടു രാമാനുജൻ പണിയിച്ചുകൊടുക്കയും ചെയ്തു.

രാജാവിൽനിന്നു രാമാനുജനു ക്ഷേത്രാധികാരം കിട്ടിയപ്പോൾ അദ്ദേഹം ശ്രീരംഗം പട്ടണത്തിന്നു മുഴുവൻ നാഥനായിത്തീൎന്നു. അദ്ദേഹത്തെ അവിടത്തെ ജനങ്ങൾ ഉപരാജാവിന്റെ സ്ഥാനത്തു വിധിപോലെ മഹോത്സവമായി അഭിഷേകം ചെയ്യുകയുമുണ്ടായി. അതുതന്നെയാണു വിശിഷ്ടാദ്വൈതപ്രസ്ഥാനത്തിന്റെ വിജയധ്വജപ്രതിഷ്ഠ. അന്നു ബഹുസഹസ്രം വൈഷ്ണവന്മാർ വിജയഹർഷത്തോടെ ശ്രീരംഗത്തു നിറഞ്ഞിരുന്നു.

ദിവ്യപ്രബന്ധത്തിന്നു പുതിയൊരു വ്യാഖ്യാനം എഴുതിക്കുകയാണ്, പിന്നെ രാമാനുജൻ ചെയ്തതു്. പിള്ളാൻ ഗുരുനിയോഗംപോലെ ആ കൎമ്മം ഭംഗിയായി നിൎവ്വഹിച്ചു. ആറായിരം ഗ്രന്ഥങ്ങളെക്കൊണ്ടു ദിവ്യപ്രബന്ധം മുഴുവൻ അദ്ദേഹം ഒതുക്കി. ഒമ്പതിനായിരം ഗ്രന്ഥങ്ങളിൽക്കുറഞ്ഞു് അതിനുമുമ്പു് ദിവ്യപ്രബന്ധാനുവാദം ഉണ്ടായിട്ടില്ലാ. പിള്ളാന്റെ ഈ കൃതിക്കു രാമാനുജൻ 'ഭഗവദ്വിഷയം' എന്നു പേർകൊടുത്തു. അതു വൈഷ്ണവന്മാൎക്കു നിത്യപാരായണത്തിന്നുള്ള ദിവ്യപുസ്തകമായി.

ആഴ്‌വാനു തന്റെ ജഡശരീരം ദുൎവ്വഹമായ്ത്തീൎന്നിട്ടു കുറച്ചുകാലമായി. എങ്കിലും അതു ഭഗവാന്റെ അൎച്ചനയ്ക്കുള്ളതാകയാൽ, അതിനെ അദ്ദേഹം വിട്ടുകളയാതെ സൂക്ഷിച്ചുപോന്നുവെന്നേയുള്ളു. അതിനെ തന്നിൽനിന്നെടുത്തു് തന്റെ ആത്മാവിനെ തന്തിരുവടികളിൽ ചേൎക്കേണമേ എന്നു് അദ്ദേഹം സദാ പ്രാൎത്ഥിക്കാറുണ്ടു്. ആ പ്രാൎത്ഥനയെ യഥാകാലം ദൈവം കൈക്കൊണ്ടു. ആഴ്‌വാൻ ആസന്നമരണനായി. തന്റെ ഭാൎയ്യ

യെയും മക്കളെയും ആചാൎയ്യന്റെ പാദങ്ങളിൽ അദ്ദേഹം സമൎപ്പിച്ചു. പരാശരനെന്നും വ്യാസനെന്നും പേരായി രണ്ടു മക്കളാണ് അദ്ദേഹത്തിനുള്ളതു്. പിള്ളപിള്ളയാഴ്‌വാനാണ് അദ്ദേഹത്തിന്റെ ശിഷ്യപ്രധാനൻ. ഈ പിള്ളപിള്ളയാഴ്‌വാന്റെ മടിയിൽ ശിരസ്സും, ആണ്ടാളുടെ മടിയിൽ പാദങ്ങളും വെച്ചുകൊണ്ടാണ് അദ്ദേഹം പരമപദം പ്രാപിച്ചതു്. അപ്പോൾ അദ്ദേഹത്തിനു നൂററിയഞ്ചു വയസ്സായിരുന്നു. ആഴ്‌വാന്റെ കാലംകഴിഞ്ഞു കുറച്ചുനാൾ ചെന്നപ്പോൾ ധനുർദ്ദാസനും മരിച്ചു. ഭൎത്താവു മരിച്ചു അന്നുതന്നെ ഹേമാംബാളും ഐഹികവാസം വെടിഞ്ഞു.

ശ്രീരംഗക്ഷേത്രത്തിലെ പൌരോഹിത്യത്തിൽ ആഴ്‌വാനെ അദ്ദേഹത്തിന്റെ ജ്യേഷ്ഠപുത്രനായ പരാശരൻ രാമാനുജാജ്ഞയോടെ പിന്തുടൎന്നു. പരാശരൻ ഗോവിന്ദനിൽനിന്നു സൎവ്വശാസ്ത്രങ്ങളും അഭ്യസിച്ചു് അദ്വിതീയ പണ്ഡിതനായി. അദ്ദേഹത്തിനു രാമാനുജൻ വേദാന്താചാൎയ്യഭട്ടനെന്ന ബിരുദ നൽകി. തന്റെ പിൽക്കാലത്തു വൈഷ്ണവാചാൎയ്യസ്ഥാനം പരാശരനുള്ളതാണെന്നു രാമാനുജൻ നിശ്ചയിക്കയും ചെയ്തു. ശ്രീരംഗനാഥസന്നിധിയിൽ മഹാജനസമക്ഷം പരാശരനെ പുരസ്കരിച്ചുനിന്നുകൊണ്ടാണ് അദ്ദേഹം തന്റെ ഈ നിശ്ചയത്തെ വെളിപ്പെടുത്തിയതു്.

ആണ്ടാന്റെ പുത്രനു രാമാനുജൻ എന്നാണു പേരു്. ആയാൾ രാമാനുജാചാൎയ്യന്റെ ഒരു വിഗ്രഹമുണ്ടാക്കി അതിനെ രാമാനുജനെക്കൊണ്ടു ഹൃദയപൂൎവ്വം സ്പൎശിപ്പിച്ചതിൽപ്പിന്നെ പെരുമ്പുത്തൂരിൽ കൊണ്ടുചെന്നു പ്രതിഷ്ഠിച്ചു. പിന്നെ ആ ക്ഷേത്രത്തെ പാലിച്ചുകൊണ്ടാണ് ആ രാമാനുജൻ ജീവിതധാരണംചെയ്തതു്. രാമാനുജാചാൎയ്യ

ന്റെ കാലത്തുതന്നെ അദ്ദേഹത്തിന്റെ വിഗ്രഹം രണ്ടിടങ്ങളിൽ പ്രതിഷ്ഠിച്ചിട്ടുണ്ടു്. ഒന്നു പെരുമ്പുത്തൂരിൽ. മറേറതു തിരുനാരായണപുരത്താണു്.

ഷഷ്ഠഖണ്ഡം—വിശിഷ്ടാദ്വൈതം

രാമാനുജാചാര്യന്നു് നൂററിരുപതുവയസ്സു തികഞ്ഞു് അത്രയും പഴക്കംചെന്ന ശരീരത്തെ ഇനിയും താങ്ങുന്നതു് അദ്ദേഹത്തിനു സുഖമില്ലെന്നായി. അതുകൊണ്ടു അദ്ദേഹം പൂർണ്ണശാന്തിയോടെ മരണത്തെ അഭിമുഖീകരിച്ചു.

തന്റെ ശിഷ്യന്മാരെ അരികേ വിളിച്ചു അവർക്കു രാമാനുജൻ എഴുപത്തിരണ്ടു സൂക്തികൾ നൽകി. അവയാവിതു്:—

1. സ്വന്തം ആചാര്യനെപ്പോലെതന്നെ നിങ്ങൾ സർവ്വവൈഷ്ണവന്മാരെയും പൂജിക്കണം.

2. മഹർഷികളുടെ ഉപദേശങ്ങളെയെല്ലാം ഹൃദയപൂർവ്വം ദൃഢമായി വിശ്വസിക്കുവിൻ.

3. പഞ്ചേന്ദ്രിയങ്ങൾക്കു് അധീനരാകാതിരിക്കുവിൻ.

4. ലൌകികമായി അല്പം പരിജ്ഞാനം നേടുന്നതോടുകൂടി അഹംമതിയുണ്ടാവാതിരിക്കട്ടെ.

5. ഭഗവാന്റെയും, ഭഗവൽസൃഷ്ടികളുടെയും മഹത്വത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങളെ എപ്പോഴും പഠിക്കുവിൻ.

6. ആചാര്യനിൽനിന്നു ആത്മബോധത്തെപ്പററി ഉപദേശം കിട്ടിക്കഴിഞ്ഞാൽ, പിന്നെ നിങ്ങൾ ഇന്ദ്രിയങ്ങളാൽ ആവർജ്ജിതരാകരുതു്.

7. ഇന്ദ്രിയവികാരങ്ങളിലെല്ലാം ഉദാസീനതയോടെ വൎത്തിക്കുവാൻ അഭ്യസിക്കുവിൻ.

8. സുഗന്ധവസ്തുക്കളിലും ബാഹ്യാഡംബരഭംഗിയിലും അധികം ആസക്തി അരുതു്.

9. ഭഗവാന്റെനാമത്തെയും മഹാത്മ്യത്തെയുംഎന്നപോലെ ഭഗവൽഭക്തന്മാരുടെ ചരിത്രത്തെയും സങ്കീൎത്തനംചെയ്തു് ആനന്ദിക്കുവിൻ.

10 ഭഗവൽഭക്തന്മാരെ വിശ്വാസത്തോടെ സേവിക്കുന്നവനാണ ഭഗവൽപാദങ്ങളെ ശീഘ്രം പ്രാപിക്കുകയെന്നതു് എപ്പോഴും നിങ്ങൾ ഓൎക്കുവിൻ.

11. മനുഷ്യന്നു് എത്രവളരെ ജ്ഞാനമുണ്ടായിരുന്നാലും ഭഗവാനേയും ഭഗവൽഭക്തന്മാരേയും ആരാധിക്കുന്ന വിഷയത്തിൽ സ്വജീവിതത്തെ അൎപ്പിക്കാതിരുന്നാൽ വിമോചനമുണ്ടാകുന്നതല്ല.

12. വൈഷ്ണവജീവിതത്തെ ലൌകികമായ വല്ലകാൎയ്യത്തിന്നും വെറും ഉപായമാക്കി പ്രയോഗിക്കരുതു്.

13. നിങ്ങൾ എപ്പോഴും ഉദ്യമിക്കേണ്ടതു് ഏകാഗ്രചിത്തത്തോടെ ലക്ഷ്യത്തെ പ്രാപിക്കുവാനാണു്.

14. ഭഗവൽഭക്തന്മാരുടെ മുമ്പിൽ ഒരിക്കലും ആഭാസമായ വാക്കുകൾ ഉച്ചരിക്കരുതു്.

15. വൈഷ്ണവനെ എവിടെവെച്ചുകണ്ടാലും ആയാളെ അഭിവാദ്യംചെയ്യുവാൻ മറക്കരുതു്.

16. ഭഗവാന്റെ സന്നിധിയിലോ ഭക്തന്മാരുടെ മുമ്പിലോ, സാധുജനത്തിന്റെ സമക്ഷമോ കാലുകൾ നീട്ടിക്കൊണ്ടു് അലസനായി സ്ഥിതിചെയ്യരുതു്.

17. ക്ഷേത്രത്തിന്നോ, ഭഗവൽഭക്തന്മാൎക്കോ, വിശിഷ്ടപുരുഷന്മാൎക്കോ എതിരായി കാലുകൾ നീട്ടിക്കൊണ്ടു കിടന്നുറങ്ങരുതു്.

18. ഉണൎന്നെഴുനേറ്റാലുടനെ ആഴ്‌വാന്മാർ മുതലായവരുടെ വിശുദ്ധനാമങ്ങൾ ജപിക്കണം.

19. ഭഗവൽസന്നിധിയിൽ വൈഷ്ണവന്മാർ ഒരുമിച്ചുകൂടിനില്ക്കുമ്പോൾ അവിടെ ചെല്ലേണ്ടിവന്നാൽ സത്യദ്വയമഹാമന്ത്രത്തെ ഉച്ചരിച്ചുകൊണ്ട് അവരെ നമസ്കരിക്കുവിൻ.

20. വൈഷ്ണവന്മാർ ഭഗവാന്റേയോ ഭഗവൽഭക്തന്മാരുടേയോ നാമങ്ങളോ മഹിമകളോ സംകീൎത്തനം ചെയ്യുമ്പോൾ അതു കേട്ടുകൊണ്ടു അവരെ പൂജിക്കുകയല്ലാതെ, ഇടയ്ക്കുവെച്ചു അവിടെനിന്നു എഴുന്നേറ്റുപോകരുത്.

21. വൈഷ്ണവർ നിങ്ങളെ കാണ്മാൻവരുമ്പോൾ എതിരേറ്റുചെന്നു കൂട്ടിക്കൊണ്ടുവന്നു സൽക്കരിക്കുകയും, അയാൾ പോകുമ്പോൾ കുറച്ചുദൂരം അനുഗമിക്കുകയുംവേണം.

22. വൈഷ്ണവന്മാരിൽനിന്നു എളിയ ജോലിവല്ലതും കൈയേറ്റ് അതിനെക്കൊണ്ടു ഉപജീവിക്കുവിൻ. ഭഗവൽകൃപയ്ക്കു പാത്രമാവാത്ത ആളുകളുമായി സഹവസിക്കരുത്. അങ്ങിനെയുള്ളവരുടെ വസതിയെപ്പോലും അടുക്കരുത്.

23. ഭഗവൽക്ഷേത്രത്തേയോ ഗോപുരത്തെയോ എത്ര അകലെ നിന്നു കാണുന്നതായാലും ഭക്തിയോടെ കൈകൂപ്പേണ്ടതാണ്.

24. അന്യദൈവതങ്ങളുടെ ക്ഷേത്രങ്ങൾ എത്രയേറെ വിചിത്രങ്ങളായിരുന്നാലും, അവയെ നോക്കിക്കൊണ്ടു നില്ക്കരുത്.

25. അന്യദേവന്മാരുടെ അത്ഭുതകൎമ്മങ്ങളെക്കുറിച്ച് ആരെങ്കിലും പറയുന്നതുകേട്ടു നിങ്ങൾ സംഭ്രമിക്കരുത്.

26. വൈഷ്ണവന്മാർ ഭഗവാന്റെയോ, ആഴ്‌വാന്മാരുടേയോ, ആചാര്യന്മാരുടേയോ മഹത്വത്തെക്കുറിച്ച് സാനന്ദം സംഭാഷണം ചെയ്യുമ്പോൾ അതിന്നെതിരെ ചെന്നു വാദിക്കരുത്.

27. വൈഷ്ണവന്മാരുടെ നിഴലിനെപ്പോലും നിങ്ങൾ അതിക്രമിച്ചുചെല്ലരുത്.

28. നിങ്ങളുടെ നിഴൽ വൈഷ്ണവനെ ഗ്രസിക്കാത്തവണ്ണം നിങ്ങൾ നടക്കണം.

29. അവൈഷ്ണവനായ ആരെങ്കിലും നിങ്ങളെ സ്പർശിച്ചാൽ, സ്നാനംകഴിഞ്ഞ് ശുചിയായിട്ടല്ലാതെ വൈഷ്ണവനെ നിങ്ങൾ തൊടരുത്.

30. എളിയവനായ ഒരു വൈഷ്ണവൻ വന്ന് നിങ്ങളെ നമസ്കരിക്കുന്നതായാൽ അവനെ നിങ്ങൾ അനാദരിച്ചയയ്ക്കരുത്.

31. നിങ്ങളുടെ മുമ്പിൽ വന്നു കുമ്പിട്ടു, "ഞാൻ താങ്കളുടെ ദാസനാണ്" എന്ന് അറിയിച്ചാൽ അവനെ നിങ്ങൾ കൈവിടരുത്.

32. വല്ല വൈഷ്ണവനിലും ദുശ്ശീലങ്ങൾ കണ്ടാൽ അവയെ നിങ്ങൾ അന്യരോടാരോടും പറയരുത്.

33. പഞ്ചസംസ്കാരങ്ങൾ സിദ്ധിച്ചിട്ടില്ലാത്തവരുടെ മുമ്പിൽവെച്ച് ഭഗവാന്റെയോ ഭഗവൽഭക്തന്മാരുടേയോ പാദതീർത്ഥത്തെ ഗ്രഹിക്കരുത്.

34. തത്ത്വത്രയത്തെയും, രഹസ്യത്രയത്തേയും ധരിച്ചിട്ടില്ലാത്തവരുടെ പാദതീർത്ഥം വർജ്ജ്യമാണ്.

35. ജ്ഞാനമാർഗ്ഗത്തെ അവലംബിച്ച് പരിശുദ്ധജീവിതം ധരിക്കുന്നവരുടെ പാദതീർത്ഥത്തെ എങ്ങിനെയും നേടേണ്ടതാണ്.

36. ആഴ്‌വാന്മാരോടു തുല്യനെന്നു തന്നെത്താൻ ഒരിക്കലും ഉയർന്നുനില്ക്കരുത്.

37. വൈഷ്ണവവിശ്വാസഹീനൻ ദ്വേഷ്യയാ നിങ്ങളെ തീണ്ടുകയാണെങ്കിൽ, ഉടുത്തിരുന്ന വസ്ത്രങ്ങളോടുകൂടി മുങ്ങിക്കുളിക്കയും, വൈഷ്ണവരുടെ പാദതീൎത്ഥത്താൽ ശുചിത്വം കൊള്ളുകയും ചെയ്യേണ്ടതാണ്.

38. ജ്ഞാനവും ഭക്തിയും നിഷ്കാമകൎമ്മവുമുള്ള മഹാന്മാരെ കണ്ടാൽ അവരുടെ ആ ജന്മം ഒടുക്കത്തേതാണെന്നും അവരുടെ ശരീരം പരിശുദ്ധമാണെന്നും അറിഞ്ഞു് അവരെ സൎവ്വാത്മനാ സേവിക്കേണ്ടതാണ്.

39. മോക്ഷമാൎഗ്ഗത്തിൽ നിങ്ങൾക്ക അനുവൎത്തിക്കുവാൻ ഭഗവാൻ അയച്ചുതന്നിരിക്കുന്ന മഹാപുരുഷന്മാരാണവർ. അവർ ജനിച്ചതെവിടെയെന്നോ, അവർ വളൎന്നതെങ്ങിനെയെന്നോ നോക്കരുതു്.

40. വിശ്വാസമില്ലാത്തവരുടെ വീടുകളിൽചെന്നു് ഭഗവൽപാദതീൎത്ഥത്തെ ഗ്രഹിക്കരുതു്.

41. അങ്ങിനെയുള്ളവരുടെ വീടുകളിൽവെച്ചു് ഭഗവാന്റെ വിഗ്രഹത്തെ പൂജിക്കയുമരുതു്.

42. ഭഗവത്സാന്നിദ്ധ്യത്താൽ പ്രകാശമാനമായ വിശുദ്ധസ്ഥലങ്ങളിൽവെച്ചു്, അവിടെ വിശ്വാസഹീനന്മാർ ഉണ്ടായിരുന്നാലും, ഭഗവാന്റെ പ്രസാദത്തെ കൈക്കൊള്ളുന്നതിന്നു മടിക്കേണ്ടാ.

43. ഭഗവാന്റെ സന്നിധിയിൽവെച്ചു് ഒരു വൈഷ്ണവൻ ഭഗവൽപ്രസാദത്തെ എടുത്തുകൊള്ളുന്നതിന്നു നിങ്ങളോടു പറഞ്ഞാൽ അതിനെ, അന്നു നിങ്ങൾക്കു ഉപവാസമാണെങ്കിൽ കൂടിയും, നിരാകരിക്കുന്നതു പാപമാണ്.

44. ഭഗവൽപ്രസാദത്തെ അത്യന്തം പരിശുദ്ധമായിട്ടു കരുതണം. അതു നിങ്ങളുടെ പാപങ്ങളെയെല്ലാം ദഹിപ്പിക്കുന്നു. അതു ആരാണുണ്ടാക്കിയതെന്നോ, അ

തിൽ അശുചി വല്ലതുമുണ്ടോ എന്നോ നിങ്ങൾ നോക്കരുത്.

45. വൈഷ്ണവന്മാരുടെ മുമ്പിൽവെച്ച് തന്നെത്താൻ പുകഴ്ത്തിക്കൊണ്ട് യാതൊന്നും പറയരുത്.

46. ആരെയും പരിഹസിക്കരുത്.

47. ഭഗവൽഭക്തന്മാരുടെ മാഹാത്മ്യത്തെ കീൎത്തനം ചെയ്യുന്നതിലും, ആ ഭക്തന്മാരെ സേവിക്കുന്നതിലും നിങ്ങളുടെ ജീവിതകാലത്തിലെ ഓരോ നിമിഷത്തെയും ചെലുത്തണം.

48. നിങ്ങളുടെ ആചാൎയ്യന്റെ സൽഗുണങ്ങളെപ്പററി സ്തുതിക്കുന്നതിലേക്കു ദിവസേന കുറച്ചുനേരം—ചുരുങ്ങിയതു് ഒരു മുഹൂൎത്തമെങ്കിലും വിനിയോഗിക്കണം.

49. അപ്രകാരംതന്നെ, ആഴ്വാന്മാരുടേയും, നിങ്ങളുടെ ആചാൎയ്യന്റേയും ഉൽകൃഷ്ടകൃതികളെ പാരായണം ചെയ്യുന്നതിലേക്കും ഓരോ ദിവസത്തിലേയും ഓരോ അംശം ഉപയോഗിക്കണം.

50. സ്വാൎത്ഥബുദ്ധികളുമായി ഒരിക്കലും സഹവസിക്കരുത്.

51. ബാഹ്യവേഷംകൊണ്ടുമാത്രം വൈഷ്ണവന്മാരായി നടക്കുന്ന വഞ്ചകന്മാരെ അടുപ്പിക്കരുത്.

52. ധിക്കരിച്ചു വാദിക്കുന്നവനോടും, പരനിന്ദനം ചെയ്യുന്നവനോടും സംഭാഷണമരുത്.

53. അന്യമതാവലംബികളുമായി സംവാദം വേണ്ടിവന്നാൽ ആ പാപത്തെ പരിഹരിക്കുന്നതിന്നു് ഉടനേ വൈഷ്ണവന്മാരുമായി സംഭാഷണംചെയ്യണം.

54. ഭഗവൽഭക്തന്മാരെ ധിക്കരിച്ചു നിന്ദിക്കുന്ന മൂൎഖന്മാരെ തിരിഞ്ഞുനോക്കുകപോലും അരുത്. മന

ഷ്യരൂപംധരിച്ചു ആ ഗുരുദ്രോഹികളായ വ്യാഘ്രങ്ങളേയും ഭക്ഷിക്കരുതു്.

55. ഇരുപേരുണ്മകളുടെ രഹസ്യത്തെ ഗ്രഹിച്ചവരുമായി എപ്പോഴും സഹവസിക്കുവാൻ നോക്കണം.

56. മോക്ഷത്തിന്നു വേറെ മാൎഗ്ഗമുണ്ടെന്നു വാദിക്കുന്നവരെ അടുപ്പിക്കരുതു്. പ്രപത്തിയെ അനുഷ്ഠിക്കുന്നവരോടുമാത്രമേ ചേൎന്നിരിക്കാവൂ.

57. മൂന്നു രഹസ്യങ്ങളേയും, മൂന്നു സത്യങ്ങളേയും നല്ലവണ്ണം ഗ്രഹിച്ചു മനസ്സുതെളിഞ്ഞവരുമായി ഇടപെടണം.

58. എപ്പോഴും വിത്തത്തേയും ഭോഗത്തേയും കാമിച്ചുകൊണ്ടിരിക്കുന്നവരുമായി ഇടപെടരുതു്. കഴിയുന്നെടത്തോളം ഭഗവൽഭക്തന്മാൎക്കിടയിൽ മാത്രമേ വൎത്തിക്കാവൂ.

59. വൈഷ്ണവനായ ഒരുവൻ നിങ്ങൾക്കു വല്ല അപകാരവും ചെയ്താൽ അവനോടു് നിങ്ങൾ പ്രതിക്രിയ്യാനൊരുങ്ങരുതു്. എപ്പോഴും ആത്മദമനം ശീലിക്കണം.

60. പരമപദത്തിൽ പ്രവേശിക്കേണമെന്നു് ആഗ്രഹിക്കുന്നുണ്ടെങ്കിൽ എപ്പോഴും വൈഷ്ണവന്മാൎക്കു് ഉപകാരം ചെയ്യുന്നതിൽമാത്രം മനസ്സുചെലുത്തിക്കൊണ്ടിരിക്കണം.

61. ജ്ഞാനിയായി ഭഗവാനെ ശരണംപ്രാപിച്ചവൻ ഭഗവൽഭക്തന്മാരുടെ വിഷയത്തിൽ ആചരിക്കേണ്ടതായ യാതൊരു കൎമ്മത്തിൽനിന്നും ഒന്നുകൊണ്ടും ഭ്രംശിക്കരുതു്.

62. ആഹാരമായിരുന്നാലും അലങ്കാരമായിരുന്നാലും നിങ്ങൾ അനുഭവിക്കുന്ന ഏതൊരു പദാൎത്ഥവും ഭഗവാന്നു് അൎപ്പിച്ചുകഴിഞ്ഞതിൽപ്പിന്നീടുമാത്രമേ എടുക്കാവൂ.

63. വിത്തത്തെയും ഭോഗത്തെയും കാമിക്കുന്നവർ സ്വേച്ഛയാ നൽകുന്ന പദാൎത്ഥങ്ങൾപോലും നിങ്ങൾ സ്വീകരിക്കരുതു്.

64. പരിശുദ്ധകുലത്തിൽ പരിശുദ്ധജീവിതത്തോടെ വൎത്തിക്കുന്നവർ പാകംചെയ്ത അന്നത്തെയാണ നിങ്ങൾ ഭുജിക്കേണ്ടതു്.

65. കാഴ്ചയ്ക്കു ഭംഗിയുള്ളതാണെന്നുമാത്രംകരുതി വല്ല പദാൎത്ഥത്തെയും ഭഗവാന്നു അൎച്ചിക്കരുതു്.

66. ശാസ്ത്രവിധിപ്രകാരമുള്ള വസ്തുക്കളെ മാത്രമേ ഭഗവാന്നു അൎച്ചിക്കാവൂ.

67. ഭഗവൽസന്നിധിയിൽ സമൎപ്പിച്ച അന്നത്തെയും സുഗന്ധവസ്തുക്കളേയും, അവ ഭഗവൽസാന്നിദ്ധ്യത്താൽ പരിശുദ്ധമായവയാണെന്ന വിചാരത്തോടുകൂടിയല്ലാതെ, രസത്തിന്നും അഴകിന്നും വേണ്ടവയാണെന്ന മോഹത്തോടുകൂടി ഒരിക്കലും തൊടരുതു്.

68. ശാസ്ത്രവിധിപോലെയുള്ള ആചാരങ്ങൾ ഭഗവാന്നു ചെയ്യുന്ന സേവനമാണെന്നു കരുതണം.

69. മന്ത്രത്രയങ്ങളെ സൎവ്വദാ ധ്യാനിച്ചുകൊണ്ടിരിക്കുന്ന മഹാത്മാക്കളെ അവമാനിച്ചാൽ അവൻ അധഃപതിക്കും. ആ മഹാത്മാക്കളുടെ കാരുണ്യത്തിന്നു പാത്രമായാൽ അവന്നു നിത്യജീവിതത്തെ പ്രാപിക്കാം.

70. നിങ്ങളുടെ ജീവിതകാൎയ്യവും, ജീവിതോദ്ദേശവും, ജീവിതഫലവും ഭഗവൽഭക്തന്മാരെ സേവിക്കുകയെന്ന ഒന്നുമാത്രമാണു്. അവൎക്കു വല്ലമട്ടിലും അപ്രിയമുണ്ടാക്കിയാൽ അവന്നു നാശമാണു ഫലം.

71. ഭഗവാന്റെ വിഗ്രഹങ്ങളെ വെറും ശിലാഖണ്ഡങ്ങളായും, തന്റെ ആചാൎയ്യനെ സാധാരണ മനുഷ്യനായും, ഭക്തന്മാരെ അവരുടെ ജന്മത്തിന്നു തക്കവണ്ണം

താണവനോ ഉയൎന്നവനോ ആയും, സൎവ്വപാപാപഹമായ പാദതീൎത്ഥത്തെ വെറും വെള്ളമായും, പാവനമന്ത്രങ്ങളെ വെറും ശബ്ദമായും, ജഗന്നാഥനെ മറ്റുദേവന്മാരെക്കാൾ ഉൽകൃഷ്ടനല്ലാത്തവനായും കരുതുന്നവന് എന്നെന്നും നരകത്തിൽ കിടക്കേണ്ടിവരും.

72. ഭഗവാനെ പൂജിക്കുന്നതിനെക്കാൾ പ്രത്യക്ഷഫലം ഭഗവൽഭക്തന്മാരെ പൂജിക്കുന്നതിൽനിന്നു സിദ്ധിക്കും. ഭക്തന്മാരെ നിന്ദിച്ചാൽ ഭഗവാനെ നിന്ദിക്കുന്നതിനെക്കാൾ അധികം ഘോരതരമായ പാപത്തിന് ആളാകും. ഭക്തന്മാരുടെ പാദതീൎത്ഥം ഭഗവാന്റേതിനെക്കാൾ പരിശുദ്ധമാണ്. ഇതു ദൃഢമായി ധരിച്ചുകൊണ്ട്, എപ്പോഴും ഭഗവൽഭക്തന്മാരെ ആരാധിക്കുന്നതിൽ മനസ്സുറപ്പിക്കണം.

ഈ എഴുപതിരണ്ടു സൂക്തികൾക്കു പുറമേ രാമാനുജനിൽനിന്നു പതിനേഴ് ആജ്ഞകളും ശിഷ്യന്മാൎക്കു കിട്ടീട്ടുണ്ട്.

1. ഭഗവാനെ ശരണംപ്രാപിച്ചവൻ തന്റെ ഭാവിയെപ്പററി ഒരിക്കലും ചിന്തിക്കരുത്. അവന്റെ ഭാവിയെല്ലാം ഭഗവാന്റെ വശമാണ്. അതു ധരിക്കാതെ ഭാവിയെക്കുറിച്ചു പര്യാകുലനാകുന്നവൻ ഭഗവാന്റെ ശരണാഗതനല്ല.

2. തന്റെ അപ്പോഴത്തെ ജീവിതം താൻ ചെയ്ത പൂൎവ്വകൎമ്മങ്ങളുടെ ഫലമാണ്. അതു് അവൻ അനുഭവിക്കുകതന്നെ വേണം. അതുകൊണ്ടു വൎത്തമാനത്തെയോ ഭാവിയേയോ കുറിച്ചു വൈഷ്ണവൻ ആകുലനാവരുത്.

3. നിങ്ങളുടെ കൎത്തവ്യകൎമ്മങ്ങളെ വല്ലതുമൊരു ഫലത്തിനുവേണ്ടി അനുഷ്ഠിക്കുന്ന ഉപായങ്ങളായി നിങ്ങൾ കരുതരുത്.

4. ആ കർത്തവ്യകർമ്മങ്ങളെല്ലാം ഭഗവൽസേവനമെന്നാണു ധരിക്കേണ്ടതു്.

5. ശ്രീഭാഷ്യത്തെ പഠിച്ചു് അതിലെ ഉൽബോധനങ്ങളെ നാടെങ്ങും പരത്തുവിൻ. ഇതു ഭഗവാന്റെ സംപ്രീതിവർദ്ധകമായ സേവനമാണു്. നിങ്ങൾക്കു് ഇതു ചെയ്യുവാൻ ശക്തിയില്ലെങ്കിൽ—

6. ശഠകോപൻ മുതലായ പുണ്യാത്മാക്കളുടെ കൃതികളെ യോഗ്യന്മാരായ ശിഷ്യന്മാരെ പഠിപ്പിക്കുവിൻ. അഥവാ—

7. പാവനക്ഷേത്രങ്ങളിൽ ഭഗവാനെ ആരാധിച്ചുകൊണ്ടു കാലംകഴിക്കുവിൻ.

8. യദുഗിരിയിൽ ആശ്രമം നിർമ്മിച്ചു് അവിടെ നിശ്ചലമായ ശാന്തിയോടെ വർത്തിക്കുന്നതായാലും മതി.

9. ഇരിക്കേണ്ടിവന്ന അതേ ഇടത്തുതന്നെ ഇരിക്കുവിൻ. നിങ്ങളുടെ ജീവിതഭാരത്തെയെല്ലാം ഭഗവാനിലോ ഗുരുവിലോ സമർപ്പിക്കുവിൻ. എപ്പോഴും ഇരുപേതന്മകളുടെ പൊരുളിനെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുവിൻ.

10. ജ്ഞാനത്തിലും, ഭക്തിയിലും, യോഗത്തിലും ശ്രേഷ്ഠനായ വൈഷ്ണവനെ പ്രാപിച്ചു് അദ്ദേഹത്തിന്റെ പ്രീതിക്കും വാത്സല്യത്തിന്നും പാത്രമാകുവാൻ ശ്രമിക്കുവിൻ. അവനവനിലുള്ള അഹംകാരത്തെ നിർമ്മൂലമാക്കുവിൻ. ആ വൈഷ്ണവന്റെ ആജ്ഞപോലെ പ്രവർത്തിക്കുവിൻ. അതുതന്നെയാണു മുക്തിക്കുള്ള ഉപായം.

11. ഈ ജീവിതത്തിൽ ശത്രുക്കൾ ആരെന്നും, മിത്രങ്ങൾ ആരെന്നും ഉദാസീനന്മാർ ആരെന്നും വിവേകത്തോടെ അറിഞ്ഞുവെക്കേണ്ടതാണു്. വൈഷ്ണവന്മാർ തന്നെയാണു മിത്രങ്ങൾ. ഭഗവാനെ നിന്ദിക്കുന്നവർ ശത്രു

ഷികളുമാണു്. ഉദാസീനരായി ലൌകികന്മാരെയും കരുതണം. സുഗന്ധവസ്തുക്കളാൽ മൂക്കിന്നും, സുന്ദരരൂപങ്ങളാൽ കണ്ണിന്നുമുണ്ടാകുന്നതുപോലെ, ഉത്തമമിത്രങ്ങളാൽ മനസ്സിന്നു് ആഹ്ലാദമുണ്ടാകും.

12. ശത്രുക്കളെ ദർശിച്ചാൽ, സർപ്പം, വ്യാഘ്രം മുതലായ ഘോരജീവികളുടെ മുമ്പിലെന്നപോലെ മനസ്സിന്നു് ഉദ്വേഗമുണ്ടാകും.

13. ഉദാസീനന്മാരെ കണ്ടാൽ, കൽപ്പൊളിയെയോ മൺകട്ടയെയോ എന്നപോലെ അലക്ഷ്യമായിട്ടേ കരുതുകയുള്ളു.

14. ഭഗവാനെ ശരണംപ്രാപിച്ചവർ ഇങ്ങിനെയാണു വർത്തിക്കേണ്ടതു്.

15. വൈഷ്ണവന്മാരുമായി സഹവസിക്കുവിൻ. എന്നാൽ, നിങ്ങളുടെ ഹൃദയത്തിൽ ജ്ഞാനം പ്രകാശിക്കും; നിങ്ങൾ മുക്തരാകും.

16. ശത്രുക്കളുമായുള്ള സമ്പർക്കം ഒരിക്കലും അരുതു്. അവരോടു സംസാരിക്കയേ അരുതു്. നിങ്ങൾ മിത്രങ്ങളെ അനാദരിച്ചു്, ലൌകികഭോഗങ്ങളെ കാമിച്ചു ശത്രുക്കളെ ആദരിക്കുന്നതായാൽ ഭഗവാന്റെ മനസ്സിനെ വ്രണപ്പെടുത്തുന്നവരായ്ത്തീരും. അതുകൊണ്ടു ലൌകികമായ ഏതൊരു കാര്യലാഭത്തിന്നുവേണ്ടിയും ശത്രുക്കളെ ആദരിക്കരുതു്. ശത്രുക്കളിൽനിന്നു നിങ്ങൾക്കു കിട്ടുന്ന ധനം നിങ്ങളെ ഭഗവാനിൽനിന്നു വേർപെടുത്തുന്നതായിവരും.

17. സർവ്വലോകശരണനായ ഭഗവാൻ നിങ്ങൾ അർത്ഥിക്കുന്നതൊക്കെയും തരുവാനുള്ളപ്പോൾ നിങ്ങൾ എന്തിന്നു ശത്രുക്കളുടെ മുമ്പിൽച്ചെന്നു യാചിക്കുന്നു? ലൌ

കികമായ വല്ല ലാഭത്തേയും ഉദ്ദേശിച്ചു് ഉദാസീനന്മാർ യും ആശ്രയിക്കരുതു്.

ഈ ആജ്ഞകളും സൂക്തികളും നൽകിയതിൽപ്പിന്നെ തന്റെ ശിഷ്യപ്രധാനന്മാരെ രാമാനുജൻ പ്രത്യേകംപ്രത്യേകം അനുഗ്രഹിച്ചു. അനന്തരം തന്റേതാവക എഴുപത്തിനാലു ശംഖുകളേയും അത്രയും ചക്രങ്ങളേയും എഴുപത്തിനാലുശിഷ്യന്മാരെ ഏല്പിച്ചു് അവരെ സിംഹാസനാധിപതികളാക്കി. ആളവന്താരുടെ പുത്രനായ ചൊട്ടനമ്പി, മഹാപൂർണ്ണന്റെ പുത്രനായ പുണ്ഡരീകൻ, ഗോഷ്ഠിപൂർണ്ണന്റെ പുത്രനായ യാമുനൻ, മാലാധരന്റെ പുത്രനായ സുന്ദരബാഹു, ശൈലപൂർണ്ണന്റെ പുത്രനായ രാമാനുജൻ, ആഴ്‌വാന്റെ പുത്രനായ പരാശരൻ, ആണ്ടാന്റെ പുത്രനായ രാമാനുജൻ, നടുവിലാഴ്‌വാൻ, കോമടത്താഴ്‌വാൻ, തിരുക്കോവിലൂരാഴ്‌വാൻ, തിരുമോഹൂർ ആഴ്‌വാൻ, പിള്ളപിള്ള ആഴ്‌വാൻ, നടാതൂർ വരദവിഷ്ണു ആചാര്യൻ, എങ്കളാഴ്‌വാൻ, (വിഷ്ണുചിത്തൻ), മിളകാഴ്‌വാൻ, നെയ്യുണ്ടാഴ്‌വാൻ, പെട്ടലൂർ ചെറിയാഴ്‌വാൻ, അനന്താഴ്‌വാൻ, വേദാന്തി ആഴ്‌വാൻ, കോവിലാഴ്‌വാൻ, ഉക്കലാഴ്‌വാൻ, അരണപുരത്താഴ്‌വാൻ, എമ്പാർ (ഗോവിന്ദൻ), കിടാമ്പിയാച്ചാൻ, കണിയപ്പൂർ ചെറിയാഴ്‌വാൻ, ഈച്ചമ്പാടിയാച്ചാൻ, കൊണ്ടിലാച്ചാൻ, ഈച്ചമ്പാടിജീയർ, തിരുമലനല്ലാൻ, ചട്ടമ്പിള്ളജീയർ, തിരുവെള്ളറജീയർ, ആറംകൊണ്ടവല്ലിജീയർ, തിരുനഗരിപ്പിള്ള, കാരാഞ്ചിസോമയാജി, അലങ്കാരവെങ്കടവർ, നമ്പികരുന്തേവർ, ദേവരാജഭട്ടൻ, പിള്ളയുറന്തുടയാർ, തിരുക്കുരുകപ്പിരാൻ, പിള്ളാൻ പെരിയകോവിൽ വള്ളലാർ, ആസൂരിപ്പെരുമാൾ, കണ്ണപുരത്താച്ചാൻ, മുനിപ്പെരുമാൾ, അമ്മകിപ്പെരുമാൾ മാര

ത്തിയാണ്ടാൻ, മാരുതിചെറിയാണ്ടാൻ, സോമയാജിയാണ്ടാൻ, ജീയരാണ്ടാൻ, ഈശ്വരാണ്ടാൻ, ഈയുണ്ണിപ്പിള്ളയാണ്ടാൻ, പെരിയാണ്ടാൻ, ചെറിയാണ്ടാൻ, കുരുഞ്ചിപുരത്തു ചെറിയാണ്ടാൻ, അമ്മകിയാണ്ടാൻ, ആളവന്താരാണ്ടാൻ, അരുളാളപ്പെരുമാളെമ്പെരുമാനാർ (ദേവരാജമുനി), തൊണ്ടപ്പൂനമ്പി, മരുത്തൂർനമ്പി, മഴവൂർനമ്പി, തിരുക്കുരുങ്കുടിനമ്പി, കുരുവനമ്പി, മുട്ടമ്പനമ്പി, വട്ടകനമ്പി, വങ്കിപുരത്തുനമ്പി, പരാംകുശനമ്പി, അമ്മങ്കിയമ്മാരും, പരുത്തികൊല്ലയമ്മാരും, ഉക്കലമ്മാരും, മുട്ടമ്പയമ്മാരും, കൊമാണ്ടൂർപിള്ള, കൊമാണ്ടൂർ ഇളയവല്ലി കിടാമ്പിപ്പെരുമാരും, ആക്കാട്ടുപ്പിള്ളാൻ എന്നിവരാണ് എഴുപതിനാലു ശിഷ്യന്മാർ.

മേലിൽ വേണ്ടുന്ന കാര്യമെല്ലാം അതതുശിഷ്യനെ ഏല്പിച്ചുകഴിഞ്ഞു രാമാനുജൻ ഇനിയിങ്ങില്ലാതെ ഭഗവദ്ധ്യാനത്തിലേക്ക് മനസ്സിനെ വിട്ടു. അതോടുകൂടി അദ്ദേഹം പരമപദത്തെ പ്രാപിക്കയുംചെയ്തു.

രാമാനുജന്റെ ശിഷ്യന്മാരായി എഴുനൂറുസന്ന്യാസികളും പന്തീരായിരം ഏകാംഗികളും മുന്നൂറു സ്ത്രീകളുമുണ്ടായിരുന്നു. ഇവരിൽ അബ്രാഹ്മണരും ഉൾപ്പെടും.

വിശിഷ്ടാദ്വൈതസമ്പ്രദായം രണ്ടുവിധത്തിലുണ്ട്. ഒന്നു വൈഷ്ണവവും മറേറതു ശൈവവുമാണ്. എന്നാൽ, വിശിഷ്ടാദ്വൈതമെന്ന് പൊതുവെ പറയുമ്പോൾ അതു വൈഷ്ണവമായിട്ടേ വിചാരിക്കാറുള്ളു. ശൈവവിശിഷ്ടാദ്വൈതത്തിൽ സർവ്വമൂർത്തികളിലുംവെച്ച് ശിവനെയാണ് ഉൽകൃഷ്ടനായി ആരാധിക്കുന്നതു്. വൈഷ്ണവവിശിഷ്ടാദ്വൈതത്തിൽ വിഷ്ണുവിനേയും. ഇത്രമാത്രമാണ് അവയ്ക്കുതമ്മിലുള്ള മുഖ്യവ്യത്യാസം.

വിശേഷണത്തോടുകൂടിയ അദ്വൈതമാകയാൽ വിശിഷ്ടാദ്വൈതമെന്നു പേരുണ്ടായി. ഈശ്വരൻ ഏകനാണെന്നു് സിദ്ധാന്തിക്കുന്നതു് അദ്വൈതം. ആ ഏകനിൽ ചിത്തു് എന്നും അചിത്തു് എന്നും രണ്ടു ലക്ഷണങ്ങളുണ്ടെന്ന സിദ്ധാന്തത്തിൽനിന്നു് വിശിഷ്ടാദ്വൈതമുണ്ടായി.

ബ്രഹ്മം മാത്രമാണു് സത്യം. അതു് ഏകവും നിത്യവുമാണു്. ജ്ഞാനവും ആനന്ദവുമാണതു്. വിഭുത്വവും സർവ്വജ്ഞത്വവും സർവ്വശക്തിത്വവും അതിലുണ്ടു്. പ്രപഞ്ചത്തിനു് ഉപാദാനകാരണവും നിമിത്തകാരണവും സഹകാരികകാരണവും അതാണു്.

അതിനെ പല പേരുകളെക്കൊണ്ടും വിളിക്കുന്നു. സത്തു് എന്നും, ആത്മാവു് എന്നും, ബ്രഹ്മമെന്നും, ഈശനെന്നും, വിഷ്ണുവെന്നും വേദത്തിൽ അതിനു പേരുകളുണ്ടു്. ശാസ്ത്രങ്ങളിൽ പുരുഷോത്തമൻ, വാസുദേവൻ മുതലായ പേരുകളും കാണാം.

സത്യമാണു ചിത്തു്; അചിത്തും സത്യംതന്നെ. ഇവ രണ്ടിനോടും എന്നും പിരിയാതെ ബ്രഹ്മം കലർന്നിരിക്കുന്നു. ഈ അവസ്ഥയിലാണു ബ്രഹ്മത്തെ അറിയുന്നതു്. എന്നാൽ ഇതിൽനിന്നു് അതു ജഡമാണെന്നു വരികയില്ല. അതു് ചിത്തിൽനിന്നും അചിത്തിൽനിന്നും വ്യത്യസ്തമാണു്. ജ്ഞാനാത്മകമാണതു്. ബ്രഹ്മത്തിനൊന്നിനു മാത്രമേ സ്വാതന്ത്ര്യമുള്ളു. മററവ രണ്ടും അതിനോടു ചേർന്നിരിക്കയാണു്. എന്നാൽ, ഇവ ഭിന്നഭിന്നങ്ങളല്ലാ. ഒരു വസ്തുവും അതിന്റെ ലക്ഷണങ്ങളും പോലെ, ഒന്നിൽനിന്നു മററൊന്നിനെ വേർപെടുത്തുവാൻ കഴിയാത്തമട്ടിൽ അവ കലർന്നിരിക്കുന്നു.

ചിത്തും അചിത്തും ബ്രഹ്മത്തിന്ന ശരീരമാണ്. ശരീരിയായി ബ്രഹ്മം വൎത്തിക്കുന്നു. ഒന്ന് ഇല്ലാതായാൽ മററതും ഇല്ലാതാകും. ശരീരം എന്ന് ഇവിടെ പറഞ്ഞതു ജഡമായ ദേഹത്തെയല്ലാ; ലക്ഷണത്തെയാണ് ഉദ്ദേശിച്ചിരിക്കുന്നതു്. ശരീരത്തിനും ശരീരിക്കുമുള്ള ബന്ധം അപൃഥക് സിദ്ധമാണ്. ഈ ബന്ധം ഇടയ്ക്കുവെച്ചുണ്ടായതല്ലാ. ഇതിന്ന് അന്തവുമില്ലാ; എന്നാൽ, ഇവ മൂന്നിനും തമ്മിൽ വ്യത്യാസമുണ്ട്. ആ വ്യത്യാസം ഔപാധികമോ, മായാകൃതമോ അല്ലാ. മൂന്നും ഒന്നിനോടൊന്നു കലൎന്നുതന്നെ ഇരിക്കുന്നു. ബ്രഹ്മവും, ചിത്തും, അചിത്തും ഒരേ തത്വംതന്നെ. ചിത്തെന്നും അചിത്തെന്നുമുള്ള ലക്ഷണങ്ങളോടെ ബ്രഹ്മം വൎത്തിക്കുന്നു.

ബ്രഹ്മത്തെ വേദം നിൎഗ്ഗുണമെന്നു പറയുന്നു. നിൎഗ്ഗുണമെന്നതിന്നു ഗുണരഹിതമെന്നല്ലാ, ദുൎഗ്ഗുണരഹിതമെന്നാണ് അൎത്ഥം. ജീവനെപ്പോലെ പ്രകൃതിയാൽ ബദ്ധമല്ലാ ബ്രഹ്മം. എന്നാൽ, ബ്രഹ്മത്തിന്നു ജ്ഞാനം, ശക്തി, ബലം, ഐശ്വൎയ്യം, വീൎയ്യം, തേജസ്സ്, ക്ഷമ, കൃപ, വാത്സല്യം, ശീലം, ആൎജ്ജവം, സൌഹാൎദ്ദം എന്നീ ഗുണങ്ങളുണ്ട്.

അതിന്നു പ്രത്യേകിച്ചു പേരൊന്നുമില്ലാ. നാരായണൻ, വിഷ്ണു, വാസുദേവൻ എന്നിങ്ങിനെ പ്രത്യക്ഷമായും, അഗ്നി, ഇന്ദ്രൻ മുതലായ നാമങ്ങളാൽ പരോക്ഷമായും അതിനെ ഭക്തന്മാർ വിളിക്കുന്നു. സൎവ്വവ്യാപിയും സൎവ്വാന്തൎയ്യാമിയുമാണതു്. അതിന്നു രൂപമില്ലാ; എന്നാൽ ഏതുരൂപത്തിലും അതുണ്ട്. അതു മുഖ്യമായി അഞ്ചുതരത്തിൽ വെളിപ്പെടുന്നു.

1. പരവിഗ്രഹം:—തനിക്കുള്ള ആയുധങ്ങളോടും ആഭരണങ്ങളോടും വൈകുണ്ഠലോകത്തിൽ എഴുന്നരുള

ന്ന രൂപം, ശംഖചക്രഗദാപത്മപാണിയായി, കൌസ്തുഭധാരിയായി, ശ്രീവത്സലാഞ്ഛനനായ വാസുദേവൻ.

2. വ്യൂഹവിഗ്രഹം:—ജഗത്തിന്നുള്ളിൽ സത്യലോകത്തിലെ മൂന്നു വൈഷ്ണവലോകങ്ങളിലും ഭഗവാൻ ധരിക്കുന്ന ശരീരങ്ങൾ. ഈ മൂർത്തികൾ സംകർഷണൻ, പ്രദ്യുമ്നൻ, അനിരുദ്ധൻ എന്നിവരാണ്. പ്രാകൃതപ്രളയത്താൽ ലോകങ്ങൾ നശിക്കുന്നതുവരെക്കും ഇവരെ ദേവന്മാർ ഉപാസിക്കുന്നു. ഇവരാണു സൃഷ്ടിസ്ഥിതിലയകാൎയ്യം നടത്തുന്നവർ. ജീവജാലങ്ങളെ ആപത്തിൽനിന്നു രക്ഷിക്കുന്നതും ഭക്തന്മാരെ അനുഗ്രഹിക്കുന്നതും ഇവരാണ്. വാസുദേവന്നു ദിവ്യഗുണങ്ങൾ ആറുമുണ്ട്. മറ്റുള്ളവൎക്കും ഈരണ്ടു വീതമേയുള്ളൂ. സംകർഷണന്നു ജ്ഞാനവും ബലവുമുണ്ട്. അദ്ദേഹം ലോകത്തിന്നു സത്യത്തെ ഉപദേശിച്ചു, മഹാകല്പത്തിന്റെ അന്ത്യത്തിൽ പ്രളയത്തെ ഉണ്ടാക്കുന്നു. അദ്ദേഹമാണു ജീവാധിപതി. പ്രദ്യുമ്നന്റെ ഗുണങ്ങൾ ഐശ്വര്യവും വീര്യവുമാണ്. അദ്ദേഹം ധർമ്മത്തെ ഉപദേശിക്കയും, വിശുദ്ധവസ്തുക്കളെ സൃഷ്ടിക്കയും, ചാതുർവർണ്ണ്യത്തെ രക്ഷിക്കയും ചെയ്യുന്നു. മനസ്സിന്റെ അധിപതിയാണദ്ദേഹം. അനിരുദ്ധന്നാവട്ടെ, ശക്തിയും തേജസ്സുമാണു ഗുണങ്ങൾ. അദ്ദേഹം ലോകത്തിന്നു ജ്ഞാനത്തെ നൽകുന്നു. മിശ്രസൃഷ്ടിക്ക് അദ്ദേഹം അധിപതിയാണ്.

3. വിഭവവിഗ്രഹം:—രാമൻ, കൃഷ്ണൻ മുതലായ അവതാരങ്ങൾ, അതു് അംശാവതാരമെന്നും, പൂർണ്ണാവതാരമെന്നും രണ്ടുവിധമുണ്ട്.

4. അർച്ചാവിഗ്രഹം:—ധ്യാനശക്തിയാലും വേദമന്ത്രജപത്താലും വിഗ്രഹങ്ങൾക്കുള്ളിൽ പ്രവേശിക്കുന്ന സൂക്ഷ്മശരീരവിശേഷമാണിതു്. വിഗ്രഹം അശുദ്ധമാ

കയോ, അതിന്നുള്ള പൂജകൾ മുടങ്ങുകയോ ചെയ്താൽ ആ ആന്തരശക്തി അതിൽനിന്നു നശിച്ചുപോകും. ഈ വിഗ്രഹങ്ങൾക്കു രുചിജനകത്വം, അശേഷലോകശരണ്യത്വം ശുഭാശ്രയത്വം, അന്തരാവൃതത്വം, എന്നീ ഗുണങ്ങളുണ്ട്.

5. അന്തര്യാമിവിഗ്രഹം:—ധ്യാനനിഷ്ഠനായ ഭക്തന്നു പ്രത്യക്ഷമാകുന്ന രൂപം. അതു് ഹൃദയപത്മത്തിൽ വാണു ബുദ്ധിയെ ഭരിക്കുന്നു.

ഭഗവാൻ ഈ ശരീരങ്ങളിൽ ഏതിനെയെങ്കിലും ധരിക്കുമ്പോൾ ജഗന്മാതാവായ ലക്ഷ്മീദേവിയും ഒരുമിച്ച് ഉചിതരൂപത്തിൽ ആവിർഭവിക്കുന്നു. ഈ ജന്മങ്ങൾക്കു കാരണം കർമ്മമല്ല, ജന്മകല്പിതമല്ല ഈ ശരീരങ്ങൾ. ശുദ്ധസത്വങ്ങളാണ്. നിർഗ്ഗുണബ്രഹ്മം ധ്യാനവിഷയമല്ലായ്കയാൽ, കൃപാനിധിയായ ഭഗവാൻ യോഗികൾക്കു ഇഷ്ടസിദ്ധിക്കായി ഈ വിഗ്രഹങ്ങളിൽ പ്രവേശിക്കുകയാണ്.

അചിത്തു തന്നെയാണു കാലമെന്നതു്. വികാരങ്ങൾക്കെല്ലാം അതാണു കാരണം. അതു നിത്യവും അഖണ്ഡവുമായുള്ളതാണ്. എങ്കിലും, ഖണ്ഡവും അനിത്യവുമായി അതു ആവിർഭവിക്കും. നിമിഷം, മുഹൂർത്തം, യാമം, ദിനം, മാസം, വർഷം, യുഗം എന്നിവയെല്ലാം അതിൽനിന്നുണ്ടാകുന്നവയാണ്. ആ അചിത്തു തന്നെയാണു പ്രകൃതി. കുടങ്ങൾക്കു മണ്ണെന്നപോലെ അചിത്താണു പ്രബന്ധത്തിന്നു ഉപാദാനകാരണം. അതു ജീവികൾക്കു ശരീരമായി വർത്തിക്കുന്നു. പ്രപഞ്ചത്തിലെ ഒന്നൊന്നും അതുതന്നെയാണ്. അതിന്നു് ആദിയില്ല. അതു സ്വയംഭൂവാണ്. അതു ഏകവുമാണ്. എന്നാൽ, ബ്രഹ്മത്തെക്കാൾ താഴെയാണ് അതിന്റെ നില. ആറിന്നു് ശാസ്ത്രങ്ങളിൽ പ്രകൃതി, പ്രധാനം, മൂലപ്രകൃതി, അവ്യക്തം, മായ, തമസ്സ്, അക്ഷരം, ബ്രഹ്മം എന്നെല്ലാം പേ

തകളുണ്ടു്. അതിൽ ഗുണങ്ങൾ മൂന്നും സമമായിട്ടാണു് നില്ക്കുന്നതു്. ഒന്നിനേക്കാൾ മറ്റൊന്നു അധികമെന്നില്ലാ. ആ ത്രിഗുണങ്ങൾക്കു കാരണവും അതുതന്നെ. അവയെക്കൊണ്ടാണു് അതു രൂപങ്ങളെല്ലാം ധരിക്കുന്നതു്.

മഹത്താണു പ്രഥമസൃഷ്ടി. മഹത്തിൽ ത്രിഗുണങ്ങൾ സമമായിട്ടല്ലാ നില്ക്കുന്നതു്. സാത്വികം, താമസം, രാജസം എന്നിങ്ങനെ മഹത്തു മൂന്നു തരമായുണ്ടു്. മഹത്തിനെ സാംഖ്യത്തിൽ ബുദ്ധി എന്നു പറയുന്നു. അതു ശരിയല്ലാ. മഹത്തു എന്നതു ജഡത്തിന്റെ ആവിർഭാവമാണു്. ജ്ഞാനമാവട്ടെ ജീവാത്മാവിന്റെ ലക്ഷണമാണു്. ത്രിഗുണാത്മകമായ മഹത്തു ത്രിഗുണാഹങ്കാരങ്ങളെ സൃഷ്ടിക്കുന്നു. സാത്വികാഹങ്കാരത്തിൽനിന്നു മനസ്സും ജ്ഞാനേന്ദ്രിയങ്ങളും കർമ്മേന്ദ്രിയങ്ങളും ജനിക്കുന്നു. താമസാഹങ്കാരത്തിൽനിന്നാണു് പഞ്ചതന്മാത്രകളുടെ ഉദയം. ശബ്ദസ്പർശരൂപരസഗന്ധങ്ങളാണവ. ഇവയിൽനിന്നു മഹാഭൂതങ്ങൾ ആവിർഭവിച്ചു. രാജസാഹങ്കാരമാവട്ടെ ഈശ്വരേച്ഛപോലെ സർവ്വവും ഭവിക്കുന്നതിലേക്കു ജഡത്തിനേയും മഹത്തിനേയും സഹായിച്ചുകൊണ്ടു വർത്തിക്കുന്നു.

ജഡത്തിൽനിന്നു ഭിന്നമായ ശുദ്ധസത്വമാണു് അചിത്തു്. അതു ഗുണങ്ങൾക്കധീനമല്ലാ. സ്വച്ഛദ്രവ്യവും നിത്യവിഭൂതിയുമാണതു്. ഈ ശുദ്ധസത്വത്താലാണു് വൈകുണ്ഠമുണ്ടായതു്. വിഷ്ണുവിന്റേയും മുക്തന്മാരുടേയും ശരീരവും അതിൽനിന്നു് ഭവിച്ചിരിക്കുന്നു. അതു സ്വാഭാവികമായി ജ്ഞാനപൂർണ്ണമാണു്. ജീവനല്ലായ്കകൊണ്ടു് അചിത്തായിയെന്നേയുള്ളു. ജഡത്തിനു ഉപാദാനകാരണം ധ്രുവമാണു്. അതു സൂക്ഷ്മാവസ്ഥയിലും അതിൽനിന്നു ഭിന്നമായും രണ്ടു തരത്തിലുണ്ടു്. കാരണ

മായി അതും, കാൎയ്യമായി ഭിന്നമായ സ്ഥൂലവും നില്ക്കുന്നു. അങ്ങിനെ ജഗത്തായുള്ള സൎവ്വരൂപങ്ങളേയും അതു സൃഷ്ടിക്കുന്നു.

സാധാരണമായി ഉപാദാനകാരണവും, നിമിത്തകാരണവും, സഹകാരികകാരണവും, മണ്ണും കുശവനും കലവുമെന്നപോലെ വേറെവേറെയായിട്ടാണ് കാണുക. എന്നാൽ ബ്രഹ്മം ജഗത്തിന്നു ഉപാദാനകാരണമെന്നപോലെ നിമിത്തകാരണവും സഹകാരികകാരണവുമാണ്. അതു സ്വന്തം സങ്കല്പത്താൽ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു. അതു കാലത്തിന്റെ ശരീരിയുമാണ്.

സമഷ്ടിയെന്നും വ്യഷ്ടിയെന്നും സൃഷ്ടി രണ്ടു വിധമുണ്ട്. മഹത്തും അഹങ്കാരവും സമഷ്ടിസൃഷ്ടിയാണ്. പഞ്ചഭൂതങ്ങളെക്കൊണ്ടുള്ള സുരൻ, നരൻ, തിൎയ്യൿ, സ്ഥാവരം എന്നീ നാലുവക സൃഷ്ടികളാണ് വ്യഷ്ടി. ഓരോ മഹാകല്പത്തിലും സൃഷ്ടിയും, ഓരോ ബ്രഹ്മകല്പത്തിലും വിശേഷസൃഷ്ടിയും ആരംഭിക്കുന്നു. കൎമ്മങ്ങളുടെ ഫലത്തിന്നു തക്കവണ്ണം എപ്പോഴും പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതായി നിത്യസൃഷ്ടിയെന്ന് വേറെയുമൊന്നുണ്ട്. പ്രപഞ്ചം തൽക്കാലാവസ്ഥയിൽനിന്നു സൂക്ഷ്മാവസ്ഥയിലേക്കു മാറുന്നതിന്നു പ്രളയമെന്നു പറയുന്നു. പ്രളയം നാലുവിധമാണ്.

പ്രാകൃതപ്രളയം—പ്രപഞ്ചത്തെ മുഴുവൻ ബാധിക്കും. ത്രിഗുണങ്ങൾ സമാവസ്ഥയിലാകും. മഹാകല്പാന്തത്തിലാണ് ഇതു്.

നൈമിത്തികപ്രളയം—ഇതിൽ സൂൎയ്യാദിഗോളങ്ങളെല്ലാം വിലീനങ്ങളാകും. ബ്രഹ്മകല്പാന്തത്തിലാണ് ഇതു സംഭവിക്കുന്നതു്.

നിത്യപ്രളയം—ഇതു് ഓരോ നിമിഷത്തിലും ഉണ്ടാകുന്നുണ്ടു്.

ആത്യന്തികപ്രളയം:—ഒരു ജീവൻ മുക്തിയെ പ്രാപിച്ചു ജന്മബന്ധം അററുപോകുമ്പോൾ സംഭവിക്കുന്നതാണിതു്.

ഭൂലോകം, ഭൂമിമുതൽ സൂൎയ്യൻവരെയ്ക്കുള്ള ഭുവർല്ലോകം, സൂൎയ്യൻ മുതൽ ധ്രുവനക്ഷത്രംവരെയ്ക്കുള്ള സ്വർല്ലോകം, ധ്രുവനക്ഷത്രംമുതല്ക്കു ബ്രഹ്മാണ്ഡംവരെയ്ക്കു് ഊൎദ്ധ്വലോകങ്ങളായുള്ള മഹർലോകം, ജനലോകം, തപോലോകം, സത്യലോകം എന്നിങ്ങനെ ഏഴുണ്ടു്. പിതൃലോകവും, വിഷ്ണുലോകവും, ശിവലോകവും ഊൎദ്ധ്വലോകങ്ങളിലെ ചില പ്രദേശങ്ങളാണു്. ബ്രഹ്മാണ്ഡങ്ങൾ അസംഖ്യമുണ്ടു്. ഓരോ ബ്രഹ്മാണ്ഡത്തിലും പതിന്നാലു ലോകങ്ങളും സൂൎയ്യചന്ദ്രാദികളും വെവ്വേറെ അടങ്ങിയിരിക്കുന്നു. ഓരോന്നിനേയും ഓരോ ബ്രഹ്മാവാണു ഭരിക്കുന്നതു്. ബ്രഹ്മാവിന്റെ ജീവകാലം അവസാനിക്കുമ്പോൾ പ്രളയം ഭവിക്കുന്നു. ഇവയെല്ലാം ഒരേ മൂലപ്രകൃതിയിൽനിന്നാണു് ഉണ്ടായിരിക്കുന്നതെങ്കിലും ഒന്നിനൊന്നു വ്യത്യസ്തമാണു്. ഭിന്നഭിന്നകാലങ്ങളിലാണു് അവയുടെ പ്രളയം. എല്ലാററിലും ഒരേ ഈശ്വരൻതന്നെയാണു വ്യാപിച്ചിരിക്കുന്നതു്. പ്രപഞ്ചത്തിന്റെ കീഴേ എല്ലാ ഭാഗങ്ങളും അതിരില്ലാത്തവയാണു്. മേലേമാത്രം ശുദ്ധസത്വപ്രദേശം.

ജീവാത്മാവാണു് ചിത്തു്. അതു ജഡമല്ലാ. അതു നിത്യമാണു്. യാതൊന്നിനെക്കൊണ്ടും ഉണ്ടാക്കിയതല്ലാ അതു്. അതു ചിത്തിൽനിന്നും ഈശ്വരനിൽനിന്നും ഭിന്നമാണു്. ജീവനും ജീവനും തമ്മിൽ ഭേദമുണ്ടു്. ചിത്തു് എന്നതിനു ജ്ഞാനം എന്നു് അൎത്ഥമാകയാൽ ആ

വാക്ക ജീവാത്മാവിനും പരമാത്മാവിനും ഭേദം. എന്നാൽ, ഈശ്വരൻെറ ജ്ഞാനം നിത്യമായുള്ളതാണ്; അഖണ്ഡവുമാണ്. ജീവൻെറ ജ്ഞാനം ജഡത്താലും കൎമ്മത്താലും ബദ്ധമായിരിക്കുന്നു. അതുകൊണ്ടു ചിത്ത് എന്നു സാധാരണമായി ജീവാത്മാവിനെ സംബന്ധിച്ചാണു പറയുന്നത്. അത് അണുപ്രായമാണ്. എന്നാൽ മോക്ഷത്തിൽ അത് അഖണ്ഡജ്ഞാനത്തോടെ ശോഭിക്കുന്നു. അതു പരിശുദ്ധവും ആനന്ദമയവുമാണ്. മോക്ഷത്തെ പ്രാപിക്കുന്നതുവരെക്കും അതു കൎമ്മത്തിൽ ഉൾപ്പെട്ടുനില്ക്കുന്നു. അത്രയുംകാലം പ്രകൃതിയിൽത്തന്നെയാണു നില. പ്രകൃതിയിലെ ഓരോ അണുവിലും ജീവനുണ്ട്. ഓരോ ജീവനിലും അന്തൎയ്യാമിയായി പരമാത്മാവുമുണ്ട്. ബ്രഹ്മത്തിൻെറ ശരീരമാണു ചിത്ത്.

ശരീരത്തിൽ ജീവാത്മാവിൻെറ സ്ഥാനം ഹൃദയമാണ്. അണോരണുവിൽ അതു ബദ്ധമായി നില്ക്കുന്നു. എന്നാൽ അതിൻെറ ലക്ഷണമായ ജ്ഞാനം അഖണ്ഡമാണ്. ഒരു വസ്തുവിനെക്കുറിച്ച് അതിന് അറിയേണമെന്നു വരുമ്പോൾ, അടുത്തോ അകലെയോ ഉള്ള ആ വസ്തുവിലേയ്ക്ക് അതു ചെല്ലുന്നു. അതു കാലത്താലോ, ദേശത്താലോ ബദ്ധമല്ലാ. ജ്ഞാനവും സത്യവും നിത്യവുമാണു ചിത്ത്.

നിത്യൻ, മുക്തൻ, ബദ്ധൻ എന്നിങ്ങനെ മൂന്നു തരത്തിലാണു ജീവൻ.

നിത്യൻ:—ഇവൻ ഒരിക്കലും കൎമ്മത്തിന് ഉൾപ്പെടുകയില്ലാ. എപ്പോഴും പരമാനന്ദത്തിൽ വൎത്തിക്കുന്ന സൎവ്വജ്ഞനാണ്. വൈകുണ്ഠത്തിലാണ് ഇവൻെറ വാസം. അനന്തൻ, ഗരുഡൻ മുതലായവരെല്ലാം ഈ നിത്യന്മാരിൽ ഉൾപ്പെട്ടവരാണ്.

മുക്തൻ:—ഈ ജന്മത്തിൽതന്നെ മോക്ഷത്തെ പ്രാപിച്ചു സർവ്വജ്ഞനായി പ്രശോഭിക്കുന്നവൻ.

ബദ്ധൻ:—കർമ്മബന്ധത്തിൽ അകപ്പെട്ട് അജ്ഞാനത്തിന്ന് അധീനരായവർ. ഇക്കൂട്ടരിൽ മനുഷ്യരും മൃഗങ്ങളും മാത്രമല്ല ദേവന്മാരും ഉൾപ്പെടും.

ജീവാത്മാവു ശരീരത്തെ പ്രാപിക്കുന്നതിന്നു ജനനമെന്നും, അതു ശരീരത്തെ ത്യജിക്കുന്നതിന്നു മരണമെന്നും പറയുന്നു. അതു മറെറാരു ശരീരത്തിൽ പ്രവേശിക്കുന്നതാണു പുനർജ്ജന്മം. ജനനമരണപുനർജ്ജനനങ്ങൾ ശരീരത്തെ മാത്രമേ സംബന്ധിക്കയുള്ളു. ജീവന്ന് അതിലൊന്നിലും മാററമില്ല.

നിത്യവും സചേതനവും പരിശുദ്ധവുമാണ് ജീവാത്മാവ്. ജഡത്തോടു ചേരുന്നതുകൊണ്ടാണ് അതിന്നു ശരീരത്തെ ധരിക്കേണ്ടിവരുന്നത്. അപ്പോൾ അതിന്നു സുഖദുഃഖങ്ങളും വേണ്ടിവരുന്നു. ഈ അവസ്ഥയിലേക്കു ജീവനെ വലിക്കുന്നതു കർമ്മമാണ്.

ജീവാത്മാവു തന്നെത്താൻ അറിഞ്ഞുകൊണ്ടു ചേഷ്ടിക്കുന്നതാണു കർമ്മം. ഈ ചേഷ്ട അതിന്ന് അവിദ്യയാലുണ്ടാകുന്നതാണ്. ഈശ്വരന്നു ഹിതമായുള്ളതു സൽക്കർമ്മമെന്നും, അഹിതമായുള്ളത് ദുഷ്കർമ്മമെന്നും പറയുന്നു.

ഒരു വസ്തുവിൻെറ ലക്ഷണങ്ങളെ മറെറാന്നിൽ ആരോപിക്കുന്നതായ അന്യഥാജ്ഞാനവും, ഒരു വസ്തുവിനെ മറെറാന്നായി അറിയുന്നതായ വിപരീതജ്ഞാനവും അവിദ്യയുടെ രണ്ടു ഭാവങ്ങളാണ്.

ശരീരം താൻതന്നെയാണെന്നു ജീവാത്മാവു കരുതുന്നു. ശരീരത്തിൻെറ ലക്ഷണങ്ങളായ ജനനമരണാദികൾ തനിക്കുതന്നെയുള്ളവയാണെന്ന് അതു ധരിക്കുന്നു. ഈ അജ്ഞാനമാണു കാമക്രോധാദി വികാരങ്ങൾക്കു കാരണ

മാകുന്നതു്. വാസനയാലും അജ്ഞാനത്താലും ജീവാത്മാവു വീണ്ടുംവീണ്ടും കർമ്മത്തെ വളർത്തുന്നു. ഈ കർമ്മം അനാദിയാണു്. ജീവാത്മാവു സൂക്ഷ്മശരീരത്തെ പ്രാപിച്ചപ്പോൾതന്നെ കർമ്മവും ആരംഭിച്ചിട്ടുണ്ടു്. പ്രളയകാലത്തുപോലും ജീവാത്മാവു കർമ്മവാസനയോടുകൂടിയാണു് അടങ്ങിക്കിടക്കുന്നതു്. സൃഷ്ടി തുടങ്ങുമ്പോൾ വീണ്ടും അതു ശരീരത്തെ ധരിക്കുന്നു.

സ്വർഗ്ഗമെന്നതു ജീവാത്മാവു ചെയ്ത പുണ്യകർമ്മങ്ങളുടെ ഫലങ്ങൾ സൂക്ഷ്മശരീരിയായി അനുഭവിക്കുന്നതിലേയ്ക്കുള്ള ഊർദ്ധ്വലോകത്തിലെ ഒരു പ്രദേശമാണു്. ജീവാത്മാവിനു പാപകർമ്മഫലങ്ങൾ അനുഭവിക്കുവാൻ ഊർദ്ധ്വലോകത്തിലെ മറ്റൊരു പ്രദേശമാണു നരകം. ഈ ലോകത്തിൽ അനുഭവിക്കുന്ന സർവ്വസുഖദുഃഖങ്ങളും കർമ്മഫലങ്ങളാണു്.

ഈശ്വരൻ സർവ്വശക്തനാണെങ്കിലും ഓരോ മനുഷ്യന്റേയും കർമ്മത്തിൽ അധികാരിയായി നില്ക്കുന്നില്ല. വ്യഷ്ടികാരണമല്ല, സമഷ്ടികാരണമാണു് ഈശ്വരൻ. ഓരോ ജീവാത്മാവും വ്യഷ്ടിയാണു്. അതുകൊണ്ടു ജീവാത്മാവു ചെയ്യുന്ന കർമ്മത്തിനു് അതുതന്നെയാണു് അധികാരി. അവനവനുള്ള അറിവും അനുഭവവുംപോലെ ഓരോ മനുഷ്യനും വളരുന്നു. ഇതിലൊന്നിലും സർവ്വേശ്വരൻ പ്രവേശിക്കുന്നില്ല. ജീവാത്മാവു ജനനമരണചക്രത്തിൽ കിടന്നു തിരിഞ്ഞു് അറിവു വളർന്നു പരിപൂർത്തിയെ പ്രാപിക്കുമ്പോൾ അതാണു മോക്ഷമെന്നു പറയുന്നതു്.

ദേവന്മാർ ഊർദ്ധ്വലോകവാസികളാണു്. പല ഗണങ്ങളുമായി അവർ പിരിഞ്ഞിരിക്കുന്നു. ഈശ്വരന്റെ ആജ്ഞയെ അനുവർത്തിച്ചുകൊണ്ടാണു് അവരുടെ ജീവി

തം. ഓരോ ദേവനും പ്രത്യേകമോരോ ലോകമുണ്ട്. ബ്രഹ്മാവിന്റെ ആയുഷ്കാലം അവസാനിക്കുന്നതുവരെയാണ് ഇവരുടെ ജീവിതദൈർഘ്യം. വേറെ ബ്രഹ്മാവുണ്ടാകുമ്പോൾ വേറെ ദേവന്മാർ ജനിക്കും.

മോക്ഷം രണ്ടുതരമുണ്ട്. ജീവാത്മാവ് ആ നിലയിൽ തന്നെ പരമാനന്ദം ഭുജിക്കുന്നതിനു കൈവല്യമെന്നും, ബ്രഹ്മഭാവത്തിൽ ആനന്ദിക്കുന്നതിനു സായൂജ്യം, അഥവാ ബ്രഹ്മാനന്ദമെന്നും പറയുന്നു. പരമപദത്തെ പ്രാപിക്കുകയെന്നതുതന്നെയാണു മോക്ഷം. എന്നാൽ, മോക്ഷാനുഭവത്തിനു സ്ഥിതിഭേദംപോലെ വ്യത്യാസമുണ്ട്. സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നിവയാണ് ആ അവസ്ഥാഭേദങ്ങൾ. മോക്ഷത്തിൽ ജീവാത്മാവ് ഒരിക്കലും പരമാത്മാവിൽ ലയിക്കുന്നില്ല. ജീവാത്മാവിന്റെ സർവ്വകർമ്മനാശവും, ജഡബന്ധനിവൃത്തിയുമാണു മോക്ഷംകൊണ്ടുള്ള ലാഭം. ഇതു് ഏതൊരു ജീവനും സാദ്ധ്യംതന്നെ. മുക്തിയെ പ്രാപിക്കുന്ന ജീവാത്മാവു സൂക്ഷ്മശരീരത്തിലെ ഹൃദയത്തിൽനിന്നു സുഷുമ്നാനാഡിവഴിയായി മൂർദ്ധാവിലെ ബ്രഹ്മരന്ധ്രത്തിൽ പ്രവേശിക്കുന്നു. അവിടെനിന്നു സൂര്യകിരണങ്ങളിൽക്കൂടി സൂര്യമണ്ഡലത്തിൽ ചെല്ലുന്നു. പിന്നെയാണു പരമപദത്തിൽ എത്തുന്നതു്. യോഗത്താലുണ്ടായ ജ്ഞാനമാണു ജീവാത്മാവിനു് ഈ യാത്രയിൽ വഴികാണിച്ചുകൊടുക്കുന്നതു്. മോക്ഷത്തെ പ്രാപിച്ചവൻ പിന്നീടു കർമ്മബദ്ധനാകുന്നതല്ല. അവൻ എന്നും മുക്തൻതന്നെ. അവനു വേണമെങ്കിൽ ജന്മം ധരിക്കാം. അപ്പോഴും അവൻ സ്വതന്ത്രനാണ്.

ഊർദ്ധ്വലോകത്തേക്കു യോഗികൾക്കുള്ളതാണ് അർച്ചിരാദിമാർഗ്ഗം. സാമാന്യന്മാർക്കുള്ളതു ധൂമാദിമാർഗ്ഗ

മാണ്. ഈ വഴിക്ക ചെല്ലുന്നവർ പിതൃലോകത്തിൽ വാണു കർമ്മഫലമെല്ലാം അനുഭവിച്ചു വീണ്ടും ജനിക്കുന്നു.

മോക്ഷത്തിലേക്ക് ഈ ലോകത്തിൽ നാലുമാർഗ്ഗങ്ങളുണ്ടു്. കർമ്മയോഗം, ഭക്തിയോഗം, ജ്ഞാനയോഗം, ധ്യാനയോഗം എന്നിവയാണവ. ഇവയിൽ ഭക്തിയോഗമാണ് അത്യുൽകൃഷ്ടം. കർമ്മത്താൽ വിശുദ്ധിയും, ജ്ഞാനത്താൽ പരിപാകതയും ഭക്തിക്കുണ്ടാകുന്നു. ഭക്തിയിൽ തന്നെയാണു ധ്യാനം. ഏഴു ലക്ഷണങ്ങൾ ഭക്തനിൽ തികഞ്ഞിരിക്കേണമെന്നു വിധിച്ചിരിക്കുന്നു:—

1. ഭഗവൽഗീതയിലും യോഗസൂത്രങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതുപോലെ മനുഷ്യൻ സാത്വികമായ ആഹാരങ്ങളെ ഉൾക്കൊണ്ട് ശരീരത്തെ വിശുദ്ധമാക്കണം. അങ്ങിനെയുള്ള ശരീരത്തിൽ മാത്രമേ മനസ്സിന്നു ശുദ്ധിയും ബലവും കിട്ടുകയുള്ളൂ. മനസ്സിനെ ഏകാഗ്രധ്യാനത്തിൽ ലയിപ്പിക്കേണമെങ്കിൽ, ഉൾക്കൊള്ളുന്ന ഏതൊന്നും ശുചിയായിരിക്കണം.

2. തന്റെ വിചാരങ്ങളെ മനുഷ്യൻ എപ്പോഴും വകതിരിച്ചുനോക്കണം. അശുദ്ധമായതെല്ലാം തള്ളിക്കളയണം. വിശുദ്ധവിചാരങ്ങളെ ഉയർത്തുന്നതിലേക്ക് അഭ്യസിച്ചുകൊണ്ടിരിക്കണം.

3. നിരന്തരമായ അഭ്യാസത്താലും, പ്രതിബന്ധങ്ങളെ അതിക്രമിക്കുന്നതിനാലും മനുഷ്യന്നു ധ്യാനത്തിൽ ഉറപ്പുകിട്ടും. അപ്പോൾ, ഏതൊരവസ്ഥയിലും ഏതൊരു കാര്യത്തിലും മനസ്സിനെ എത്രകാലത്തേക്ക വേണമെങ്കിലും ഊന്നിനിറുത്തുവാൻ അവന്നു കഴിയും.

4. ഇങ്ങിനെ ധ്യാനത്തിലാണ് അവന്റെ മനോവ്യാപാരമെങ്കിലും ലൌകികകർമ്മങ്ങളിൽ അവൻ നിത

ത്സാഹനല്ലാ. ലോകത്തിൽ അവനുള്ള കർത്തവ്യകർമ്മങ്ങളെല്ലാം അവൻ അനുഷ്ഠിക്കണം. എന്നാൽ, ഫലത്തിൽ അവന്നു് ആസക്തി അരുതു്.

5. തന്റെ മാർഗ്ഗത്തിന്നു് അനുകൂലമായ സൽഗുണങ്ങളെ—സത്യം, ധർമ്മംമുതലായവയെ—എപ്പോഴും ശരിയായി ആചരിക്കണം.

6. അപ്പോൾ അവന്റെ ഹൃദയം പരിപൂർണ്ണമായ നിത്യശാന്തിയോടെ ശോഭിക്കും.

7. പൂർവ്വകർമ്മഫലംപോലെ തനിക്കു കിട്ടിയ ജന്മത്തിൽ വർത്തിച്ചുകൊണ്ടു മേലോട്ടുയരുവാൻ അവൻ ഉത്സാഹിക്കണം.

ഇത്രയുമാണു് വിശിഷ്ടാദ്വൈതസിദ്ധാന്തത്തിന്റെ ചുരുക്കം. പ്രപത്തിയാണു് അതിലെ ജീവൻ. ഈശ്വരനെ ശരണംപ്രാപിക്കുകയെന്നതുതന്നെ പ്രപത്തി. തന്റെ സർവ്വകർമ്മങ്ങളും സർവ്വവിചാരങ്ങളും സർവ്വാനുഭവങ്ങളും ഭഗവാനുള്ള അർച്ചയാണെന്ന ധാരണയോടെ വിതത്തിൽ വർത്തിച്ചാൽ അവനു പരമപദംപ്രാപിക്കാം

VIDYA VILASAM PRESS, TRIVANDRUM. 1935.

കേരളസാഹിത്യ
അക്കാദമി